(2) 2001-2002 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. പി. ജെ. ഫ്രാൻസിസ് : ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. എനിക്ക് കൂടുതൽ പരിചയമില്ലെങ്കിലും, ഇതൊരു ബഡ്ജറ്റ് പ്രസംഗമാണോ ? അടുത്ത വർഷം ചെയ്യാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; ഈ വികസന പ്രവർത്തനങ്ങൾക്ക് എങ്ങനെയാണ് പണം സ്വരൂപിക്കുന്നത് ; ഇതൊക്കെ സംബന്ധിച്ച് യാതൊന്നും പ്രതിപാദിക്കാത്ത ഒരു ബഡ്ജറ്റ് പ്രസംഗമാണ് പരിയസമ്പന്നനായ, പരിണത പ്രജ്ഞനായ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അച്ചടിച്ച പ്രസംഗത്തിൽ സബ്ഹെഡ്ഡിംഗുകളുടെ ഒരു പൂരമായിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ച, ദേശീയമായ സാമ്പത്തിക സ്ഥിതി, കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ, സംസ്ഥാനത്തിന്റെ ധനകാര്യമാനേജ്മെന്റ്, വികസനവും പദ്ധതി അടങ്കലും, 11-ാം ധനകാര്യ കമ്മിഷന്റെ അവാർഡും കേരളവും ഇതൊക്കെയാണ് ഈ ബഡ്ജറ്റ് പ്രസംഗത്തിൽ അവതരിപ്പിച്ചിരിക്കുന്നത് അതുതന്നെയല്ല ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയേയും ധനകാര്യ മാനേജ്മെന്റിനേയും സംബന്ധിച്ച് ഇത്ര പരിചയ സമ്പന്നനായ നമ്മുടെ ധനകാര്യമന്ത്രി വസ്തുതകൾക്ക് നിരക്കാത്ത രീതിയിലുള്ള പ്രസ്താവനകൾ നടത്തിയതും ശരിയാണോ ? അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ, പാരഗ്രാഫ് നാലിൽ, ഒരു സംസ്ഥാനത്തിന്റെ പുരോഗതി വിലയിരുത്തുന്നത് ആ സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക വളർച്ചയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളെ ആധാരമാക്കിയായിരിക്കും എന്നു പറഞ്ഞിട്ടുണ്ട്. ഞാൻ അതിനോടുയോജിക്കുന്നു. പക്ഷേ, യഥാർത്ഥമായ സ്ഥിതി വിവരക്കണക്കുകളെ ആയിരിക്കണം ആശ്രയിക്കേണ്ടത്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആശ്രയിക്കുന്ന സ്ഥിതി വിവരക്കണക്കുകൾ യാഥാർത്ഥ്യമല്ല. അദ്ദേഹം അടുത്ത സെന്റൻസിൽ പറയുന്നത് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം തുടർച്ചയായി വർദ്ധിച്ചു എന്നാണ്. "1999-2000-ൽ 1998-1999-നേക്കാൾ 16.81 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി എന്ന വസ്തുത ഈ സഭയെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്" എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ലജ്ജാവഹമാണ്. 16.81 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടോ ? നിങ്ങൾ 1999-ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ (ഒന്ന്) ആന്റിസിപ്പേറ്റഡ് എസ്റ്റിമേറ്റ് ഉണ്ട് ; (രണ്ട്) കറിക്ക് എസ്റ്റിമേറ്റുണ്ട് (മൂന്ന്) പ്രൊവിഷണൽ എസ്റ്റിമേറ്റ്. (നാല്) ആക്ച്വൽസ്. ആക്ച്വൽസിലേക്കെത്തിയോ ? 1999-2000 ത്തിലെ ബഡ്ജറ്റിൽ ആന്റിസിപ്പേറ്റഡ് ആഭ്യന്തര വളർച്ച കാണിച്ചിരിക്കുന്നത് എത്ര ? 17.81. അത് കഴിഞ്ഞ് കറിക്ക് എസ്റ്റിമേറ്റ് എത്ര വന്നു ? 16.81 അപ്പോൾ ഒരു ശതമാനം കുറഞ്ഞു. ഇനി പ്രൊവിഷണൽ എസ്റ്റിമേറ്റ് എടുക്കുമ്പോൾ അതിനേക്കാൾ കുറയും. ആക്ച്വൽസ് വരുമ്പോൾ വീണ്ടും കുറയും. കാരണം 1998-1999 ലെ കറിക്ക് എസ്റ്റിമേറ്റ് എത്രയായിരുന്നു ? ആഭ്യന്തര വളർച്ച പറഞ്ഞത് 18.03, പ്രൊവിഷണൽ എസ്റ്റിമേറ്റ് വന്നപ്പോൾ എത്രയായി ? 15.97 ഇനി ആക്ച്വൽസ് വരാനിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തേയുള്ളൂ. അപ്പോൾ ഇല്ലാത്ത ഈ കാര്യം ഭാവനചെയ്തുകൊണ്ട് വളർച്ച വന്നു എന്ന് പറയുകയാണ്. ഈ സ്റ്റേറ്റിൽ സാമ്പത്തിക വളർച്ച കാണുന്നത് എവിടെയാണ് ? പ്രൈമറി സെക്ടറിൽ വളർച്ചയുണ്ടോ ? സെക്കന്ററി സെക്ടറിൽ വളർച്ചയുണ്ടോ ? എക്കണോമിക് റിവ്യൂ 2000-ൽ പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ....ന്റെ കൈയിൽ ഇരിക്കുന്നത്... അതിലെ ടേബിൾ 2.6-ൽ പറഞ്ഞിരിക്കുന്നത്..... പ്രൈമറി സെക്ടറിൽ അതിന്റെ വളർച്ചയെത്ര ? 1997-98-ൽ പ്രൊവിഷണൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന 29.45 ശതമാനം. പക്ഷേ അത് 1998-99-ൽ പ്രൊവിഷണൽ എസ്റ്റിമേറ്റ് എടുത്തപ്പോൾ എത്ര വന്നു ? 29.18 ശതമാനം 1999-2000 വന്നപ്പോൾ 28.72 ശതമാനം. ഈ വളർച്ച എത്ര താഴോട്ടു പോകുന്നു ? ഇനി ആക്ച്വൽസിലേക്ക് വരുമ്പോൾ, പ്രൈമറി സെക്ടറിൽ കൃഷി മേഖലയിലെ വളർച്ച കാണിക്കുന്നത് എത്ര ? വളർച്ചയെല്ലാം താഴോട്ടു പോയിരിക്കുകയാണ്. ഇത് പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ കണക്കാണ്. കൃഷിവകുപ്പിലേക്ക് പോയാലോ? സെക്കന്ററി സെക്ടറിൽ വ്യാവസായിക വളർച്ച ഇവിടെ കാണിക്കുന്നുണ്ടോ ? വ്യാവസായിക വളർച്ചയെ സംബന്ധിച്ച് 1997-98-ൽ പ്രൊവിഷണൽ എസ്റ്റിമേറ്റിൽ എന്താണ് പറയുന്നത് ? 22.02 ശതമാനം 1998-99 ആയപ്പോൾ പ്രൊവിഷണൽ എസ്റ്റിമേറ്റ് വന്നപ്പോൾ അത് വീണ്ടും കുറഞ്ഞു. 21.40 ശതമാനം ഇപ്പോൾ 1999-2000-ൽ നിങ്ങൾ ഉണ്ടാക്കിയിരിക്കുന്ന കിക്ക് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത് 20.64 ശതമാനം അത് പ്രൊവിഷണൽ എസ്റ്റിമേറ്റിൽ വരുമ്പോൾ എത്ര കുറയും ; ആക്ച്വൽസിലേയ്ക്കു വരുമ്പോൾ എത്ര കുറയും? ഇതാണോ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച കാണിക്കുന്നത് ? എവിടെയാണ് വളർച്ച ഉണ്ടായത് ? സർവ്വീസ് സെക്ടറിൽ വളർച്ച ഉണ്ടായി എന്ന് അങ്ങ് പറയുന്നത്, സർവ്വീസ് സെക്ടറിന്റെ വളർച്ചയാണോ ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയായി കാണിക്കുന്നത് ? ശമ്പളം കൊടുക്കുന്നതും പിടിക്കുന്നതും... അവിടെ 50.64 ശതമാനം വളർച്ച കാണിച്ചിരിക്കുന്നു. ഇതാണോ സാമ്പത്തിക വളർച്ച ? ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക ഗതികേട് എവിടംവരെ പോയിരിക്കുന്നു! സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിനെപ്പറ്റി പറയുന്നുണ്ട്. എന്താണ് സംസ്ഥാനത്തിന്റെ ധനകാര്യമാനേജ്മെന്റ്? ധനകാര്യമാനേജ്മെന്റ് നന്നായി നടത്തുകയാണെങ്കിൽ വെയ്സ് ആന്റ് മീൻസിൽ നിന്നും കടമെടുക്കേണ്ട ഗതികേട് വരുമായിരുന്നോ ; സ്പെഷ്യൽ അഡ്വാൻസ് എടുക്കേണ്ട ഗതികേട് വരുമായിരുന്നോ ; ഓവർഡ്രാഫ്റ്റ് എടുക്കേണ്ട ഗതികേട് വരുമായിരുന്നോ ? അദ്ദേഹം ഇപ്പോഴും എതിർക്കുന്നു. ഞങ്ങളുടെ ഭരണകാലത്ത് 381 കോടി രൂപ ഏൽപ്പിച്ചു കൊടുത്തിട്ടില്ല എന്ന് ഇപ്പോഴും പറയുന്നു. ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം സംബന്ധിച്ച് പറഞ്ഞു. വേയ്സ് ആന്റ് മീൻസിന്റെ ഗതികേട് എന്തായിരുന്നു എന്ന്. അങ്ങ് ഭരണമേറ്റ 1996-97-ൽ നിർദ്ദിഷ്ട എമൗണ്ട്.... നമ്മുടെ റിസർവ് ബാങ്കുമായിട്ടുള്ള കരാറനുസരിച്ച് ഓരോ ദിവസവും ഉണ്ടാകുന്ന..... അതു കുറഞ്ഞു കഴിഞ്ഞാൽ റിസർവ് ബാങ്കിനെ അറിയിക്കണം. അതു പരിഹരിക്കുന്നതിനു വേണ്ടിയാണ് നമ്മൾ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കുന്നത്. അതുകൊണ്ടും പറ്റിയില്ലെങ്കിൽ സ്പെഷ്യൽ അഡ്വാൻസ്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കും. അതുകൊണ്ടും പറ്റിയില്ലെങ്കിൽ ഓവർഡ്രാഫ്റ്റ് എടുക്കും. അതിലല്ലേ ധനകാര്യ മാനേജ്മെന്റിന്റെ മഹത്വം കാണുന്നത് ? 1996-97-ൽ എത്ര ദിവസം അഡ്വാൻസ് എടുക്കാതെ ഭരണം നടത്താൻ കഴിഞ്ഞു ? 355 ദിവസം. 1996-97-ൽ ട്രഷറി പ്രവർത്തിപ്പിക്കുന്നതിന് വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കേണ്ടി വരാതിരുന്നതിന് എന്താണ് കാരണം ? ശ്രീ. എ. കെ. ആന്റണി ഭരണം വിട്ടൊഴിഞ്ഞപ്പോൾ ഖജനാവിന് ശക്തി ഉണ്ടാക്കിത്തന്നിരുന്നു. അതുകൊണ്ടാണ് വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കാതെ 355 ദിവസം ട്രഷറി പ്രവർത്തിപ്പിച്ചത്. വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് 1996-97-ൽ എത്ര ദിവസം എടുത്തു ? വെറും അഞ്ചു ദിവസം മാത്രമാണ് വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തത്. ഓവർഡ്രാഫ്റ്റ് എടുത്തത് വെറും രണ്ടു ദിവസം. 1997-98 ആയപ്പോൾ 324 ദിവസം മാത്രമേ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കാതെ ഭരണം നടത്തുവാൻ നിങ്ങൾക്കു കഴിഞ്ഞുള്ളൂ. വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തത് 1996-97-ൽ അഞ്ചു ദിവസം ആയിരുന്നു എങ്കിൽ 1997-98-ൽ 41 ദിവസമായി. 1998-99 ആയപ്പോൾ വെയ്സ് ആന്റ് മീൻസിൽ നിന്നും അഡ്വാൻസ് എടുക്കാതെ ട്രഷറി നടത്തുവാൻ കഴിഞ്ഞത് വെറും 158 ദിവസം മാത്രം. 1999-2000 ആയപ്പോൾ അതു കുറഞ്ഞ് 77 ദിവസമായി. ഇതാണോ കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റ്? 1998-99-ൽ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തത് 166 ദിവസം ആണ്. 1998-99-ൽ 183 ദിവസം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തു. അതു കഴിഞ്ഞ് സ്പെഷ്യൽ അഡ്വാൻസ് എടുത്തത് 1998-99-ൽ 7 ദിവസം. 1999-2000 വന്നപ്പോൾ സ്പെഷ്യൽ അഡ്വാൻസ് 18 ദിവസമെടുത്തു. ഓവർ ഡ്രാഫ്റ്റ് 33 ദിവസം. അപ്പോൾ ഇതാണോ ധനകാര്യ മാനേജ്മെന്റിന്റെ മഹത്വം? ഇന്നിപ്പോൾ എന്താണ് അവസ്ഥ?

സർ, പത്രവാർത്തയെ ഞാൻ കൂടുതൽ ആശ്രയിക്കുന്നില്ല. ഞങ്ങളുടെ പ്രദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് 35,000 രൂപ വീതമാണ് വീടുവയ്ക്കാൻ കൊടുക്കുന്നത്. അതു ഗഡുക്കളായിട്ടല്ല കൊടുത്തത്. മത്സ്യഫെഡ് ഓഫീസിൽ നിന്നും കഴിഞ്ഞ ആറു മാസമായി നൽകിയിട്ടുള്ള ചെക്കുകൾ മാറിക്കിട്ടാത്തതിന്റെ പേരിൽ മത്സ്യത്തൊഴിലാളികൾ ട്രഷറിക്കു മുന്നിൽ പ്രതിഷേധിച്ചു. എന്നിട്ട് സർക്കാർ 100 കോടി രൂപ വായ്പ എടുത്തു. ട്രഷറിയിൽ നിക്ഷേപിച്ചു. 2001 ഫെബ്രുവരി രണ്ടാം തീയതിയിലെ മാതൃഭൂമി വാർത്ത "100 കോടി രൂപ വായ്പ എടുത്തു ട്രഷറിയിൽ നിക്ഷേപിച്ചു. 'കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് തൽക്കാലം സർക്കാരിനെ രക്ഷിച്ചു". പിന്നെ കരാർ കൂടിശ്ശികയുണ്ട്. മറ്റൊരു വാർത്ത "സി.പി.എം. സംഘടന സംഘട്ടനത്തിലേക്ക്". നിങ്ങളുടെ വിശ്വാസ്യതയെ ഇലക്ട്രിസിറ്റി ബോർഡ് ചോദ്യം ചെയ്തില്ലേ? വൈദ്യുതി ബോർഡ് സർക്കാരിന്റെ വിശ്വാസ്യത തകർത്തു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ചോർച്ചയുണ്ടാകുമെന്ന സംശയം മൂലം ഒരു കോടി രൂപയുടെ ചെക്ക് വൈദ്യുതി ബോർഡ് അധികൃതർ ഗുജറാത്ത് സർക്കാരിന് നേരിട്ട് അയച്ചുകൊടുത്തു. ആഗോളവത്ക്കരണത്തേയും ഉദാരവൽക്കരണത്തേയും സ്വകാര്യവൽക്കരണത്തേയും നിങ്ങൾ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പാതിരാമണൽ ദ്വീപ് ഞാൻ പ്രതിനിധീകരിക്കുന്ന നിയോജക മണ്ഡലത്തിലുള്ളതാണ്. അത് പാട്ടത്തിനു നൽകുന്നു. ടെണ്ടറുകളൊന്നും വിളിച്ചിട്ടില്ല. ഒബ്റോയ് ഗ്രൂപ്പിനാണ് കൊടുക്കുന്നത്. പാതിരാമണൽ ദ്വീപിന്റെ പ്രത്യേകതയെന്താണ് ? ആ ദ്വീപിന്റെ പ്രകൃതി ദത്തമായ സൗന്ദര്യം നിലനിർത്തണം. ആ തുരുത്തിന്റെ നാലു വശവും മത്സ്യത്തിന്റെ പ്രജനനം നടക്കുന്ന സ്ഥലമാണ്. അതൊരു പക്ഷി സങ്കേതമാണ് ; അപൂർവ്വ വൃക്ഷങ്ങളുള്ളതാണ്. അതിന്റെ പവിത്രത നിങ്ങൾ നഷ്ടപ്പെടുത്തരുത്. 1971-ൽ പാതിരാമണലിന്റെ ഉടമയായിരുന്ന എം. ജെ. അന്ത്രോപോൾ ദ്വീപിലൊരു റിസോർട്ടു സ്ഥാപിക്കാൻ അനുവാദം ചോദിച്ചപ്പോൾ അന്നത്തെ സർക്കാർ അത് തടഞ്ഞിരുന്നു. ഇപ്പോൾ ഇവിടെ എന്താണ് സാർ ? ആ ദ്വീപ് ഒബ്റോയ് ഗ്രൂപ്പിന് കൊടുത്തിരിക്കുന്നു. ആഗോളവത്കരണവും ഉദാരവത്ക്കരണവും ഞങ്ങൾ നടത്തിയതാണോ ? 1991-നു ശേഷമല്ലേ ഇത് വന്നത്? മുൻപ് നിങ്ങൾ അത് നടത്തിയില്ലേ ? 1989-ൽ മുഖ്യമന്ത്രി ആരായിരുന്നു? ശ്രീ. നായനാർ തന്നെ. എറണാകുളത്ത് ബോൾഗാട്ടി പാലസ് ടാജ് ഗ്രൂപ്പിന് വിറ്റതാരാണ് ? നിങ്ങളല്ലായിരുന്നോ ? വർക്കലയിലെ ടൂറിസം റിസോർട്ട്, കുമരകത്തെ റിസോർട്ട് ഇതൊക്കെ കൈമാറ്റം ചെയ്യുവാൻ നിങ്ങൾ നടപടി എടുത്തില്ലേ ? എന്നിട്ട് ആഗോളവൽക്കരണത്തെ നിങ്ങൾ എതിർക്കുകയാണ്! മേജർ പോർട്ട് കേന്ദ്ര ഗവൺമെന്റിന്റേതാണ്. മൈനർ പോർട്ട് സംസ്ഥാനത്തിന്റേതാണ്. മേജർ പോർട്ട് അഞ്ചെണ്ണമാണ്. തൂത്തുക്കുടി സഹിതം മാറ്റാൻ പോകുന്നു. അതിനെ എതിർക്കുന്നില്ല. നിങ്ങൾ വിഴിഞ്ഞം പോർട്ട് കുമാർ കമ്പനിക്ക് കൈമാറ്റം ചെയ്തില്ലേ ? എത്ര വർഷത്തേയ്ക്കാണ് ? 30 വർഷത്തേയ്ക്കാണ്. അതിനകത്ത് വേറൊരു വ്യവസ്ഥ കൂടിയുണ്ട്. ഇനിയും 30 വർഷത്തേയ്ക്കു കൂടി എക്സ്റ്റന്റ് ചെയ്തു കൊടുക്കാമെന്നാണ് വ്യവസ്ഥ. എന്നിട്ടാണ് ഇവിടെ വന്ന് ആഗോളവൽക്കരണത്തേയും ഉദാരവൽക്കരണത്തേയും എതിർക്കുന്നത്. അമർത്യാസെന്നിനെ കൊണ്ടുവന്നില്ലേ? അമർത്യാസെൻ വന്നില്ലേ? അദ്ദേഹം പറഞ്ഞല്ലോ എന്താണ് കേരളാ മോഡൽ എന്ന്. എന്നിട്ട് നിങ്ങൾ പറഞ്ഞില്ലേ; നിഴൽയുദ്ധം അവസാനിപ്പിക്കുമെന്ന്. ആ നിഴൽയുദ്ധം അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ നിങ്ങളിൽനിന്നുണ്ടാകണം. അതിന്റെ ശുഭ സൂചന ഞാൻ കണ്ടു. കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അസോസിയേഷന്റെ സർവ്വകലാശാലാ യോഗത്തിൽ ശ്രീ. ഇക്ബാലും ശ്രീ. ജി. സുധാകരനും പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞത് സംബന്ധിച്ച് പത്രത്തിൽ വാർത്ത വന്നു. ആഗോളവത്ക്കരണത്തിന്റെ നല്ല വശങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ നാം ശ്രമിക്കണം ; മാറ്റം ഉൾക്കൊള്ളണം. ഈ ലോകം അതിരുകളില്ലാത്തതാണ്. ആ അതിരുകളില്ലാത്ത ലോകത്തിൽ ചൈനയും കയറുന്നു, വിയറ്റ്നാമും കയറുന്നു. അപ്പോൾ ആഗോളവത്ക്കരണത്തേയും ഉദാരവത്ക്കരണത്തേയും പ്രൈവറ്റൈസേഷനേയും കണ്ണടച്ച് എതിർക്കുകയല്ല ചെയ്യേണ്ടത്. അതിന്റെ ഗുണഫലങ്ങൾ നോക്കണം. നല്ല വശങ്ങൾ ഉൾക്കൊള്ളണം. അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റിയൊന്നും ചിന്തിക്കാതെ, അതിനെപ്പറ്റി പറയാതെ വെറും വാചകക്കസർത്ത് നടത്തിക്കൊണ്ട് കേന്ദ്ര ഗവൺമെന്റിനേയും ആഗോളവത്ക്കരണത്തേയും ഉദാരവൽക്കരണത്തേയും പ്രൈവറ്റൈസേഷനേയുമൊക്കെ എതിർത്ത് പ്രസംഗിച്ച് പുകമറ സൃഷ്ടിക്കുന്ന ഇടതുപക്ഷമുന്നണിയുടെ ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി ശിവദാസമേനോൻ സഭയിൽ അവതരിപ്പിച്ച, തുടർച്ചയായ അദ്ദേഹത്തിന്റെ ആറാമത്തെ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിൻതുണയ്ക്കുന്നു. ആദ്യത്തെ ബഡ്ജറ്റ് 1996-97-ൽ അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം അവിടെ പ്രസംഗിച്ചതിനുശേഷം ഈ സഭയിൽ അന്ന് ബഡ്ജറ്റിനെ സപ്പോർട്ടു ചെയ്തുകൊണ്ട് പ്രസംഗിക്കാൻ അവസരം കിട്ടിയവരിൽ ഒരാളായിരുന്നു ഞാൻ. അദ്ദേഹത്തിന്റെ ആദ്യ ബഡ്ജറ്റ് റിവൈസ്ഡ് ബഡ്ജറ്റ് ആണെങ്കിലും ഒരു പ്രഥമ ബഡ്ജറ്റ് എന്നുള്ള മട്ടിൽ അതിനെ മാറ്റിത്തീർത്തുകൊണ്ട് കേരളത്തിലെ സമസ്ത ജനവിഭാഗങ്ങൾക്കും സാമ്പത്തിക വളർച്ചയുടെ പൂക്കുടകൾ സമ്മാനിച്ച് അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. കേരളത്തിലെ വർത്തമാന പത്രങ്ങൾ അടുത്ത ദിവസം റിപ്പോർട്ടു ചെയ്തു. "സഭയിൽ പൂക്കൾ വിടർന്നു" എന്ന് പ്രതിപക്ഷത്തെ സപ്പോർട്ടു ചെയ്യുന്ന പത്രങ്ങളടക്കം ഇത് പറയുകയുണ്ടായി. അന്ന് അദ്ദേഹം ഇവിടെ നട്ടുവളർത്തിയ സാമ്പത്തിക പൂക്കൾ ഇപ്പോൾ ഫലങ്ങളായി വലിയ പ്രയോജനം കേരള സംസ്ഥാനത്തിന് നൽകിക്കൊണ്ടിരിക്കുമ്പോഴാണ്, ആ ഫലങ്ങൾ ശേഖരിച്ച് കേരളീയ സമൂഹത്തിന് അനുഭവിക്കാനുള്ള സുവർണ്ണാവസരങ്ങൾ ഉണ്ടാക്കുകയും ഫലങ്ങളിൽ ഏറ്റവും ഫലപ്രദമായത് ഭാവി തലമുറയ്ക്കു വേണ്ടി വിത്തുകളായി സൂക്ഷിക്കുവാനും ഒപ്പം പുതിയ പൂക്കൾ ഇവിടെ സംഭാവന ചെയ്യാനും അദ്ദേഹം ഈ ബഡ്ജറ്റിൽകൂടി തയ്യാറായിരിക്കുകയാണ്. രാഷ്ട്രീയമായി വളരെ ടെൻഷനുള്ള ഒരു സമയത്താണ്...

മി. സ്പീക്കർ : ഫലങ്ങളിൽ നിയമസഭയും പെടില്ലേ?

ശ്രീ. ജി. സുധാകരൻ : യെസ് സർ, രാഷ്ട്രീയമായി വളരെ ടെൻഷനുള്ള സമയത്താണ് ഈ ബഡ്ജറ്റ് ചർച്ച നടക്കുന്നതെങ്കിലും നാടിന്റെ ഭാവിയെ കേവല രാഷ്ട്രീയത്തിന് അടിയറ വയ്ക്കാതെ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, ഭാവി സുരക്ഷിതമാക്കാൻ പോന്ന കേരള നിയമസഭ കണ്ട ഏറ്റവും ഉജ്ജ്വലമായ ബഡ്ജറ്റ് പ്രസംഗവും അവതരണവുമാണ് ഇപ്പോൾ നടന്നതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. എനിക്ക് അങ്ങനെ പറയുന്നതിൽ യാതൊരു ആശങ്കയുമില്ല. ഞാൻ വസ്തു നിഷ്ഠമായി പറയുകയാണ്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുൻപ് ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തിന്മേൽ നടന്ന ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ പറഞ്ഞു, അഞ്ചു വർഷങ്ങൾ അഞ്ചു വസന്തങ്ങളായിരുന്നു എന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. ജി. കാർത്തികേയന്റെ വളരെ സംഹാരാത്മകമായിട്ടുള്ള ഒരു പരാമർശത്തിന് മറുപടി ആയിട്ടു കൂടിയായിരിക്കണം അദ്ദേഹം അത് പറഞ്ഞത്. ശ്രീ. കാർത്തികേയൻ പറഞ്ഞു ഇവിടെ ശ്മശാനഭൂമി ആയിരുന്നു എന്ന്. പ്രേതങ്ങളെപ്പറ്റിയും ഭൂതങ്ങളെപ്പറ്റിയും യക്ഷികളെപ്പറ്റിയും ഗതകാലത്തെ ജീർണ്ണ സംസ്ക്കാരത്തെപ്പറ്റിയും ഇപ്പോഴും സ്വപ്നം കാണുന്ന വലതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനമായി കോൺഗ്രസ്സിന്റെ

ഉപനേതാവ് അങ്ങനെ പറഞ്ഞതിൽ എനിക്ക് അത്ഭുതം തോന്നുന്നു, നിരാശ തോന്നുന്നു. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. അഞ്ചു വസന്തങ്ങളായിരുന്നു ഇവിടെ. യാതൊരു സംശയവുമില്ല. രാമായണത്തെ ഉദ്ധരിച്ചുകൊണ്ട് ഞാൻ പറയട്ടെ, രാമായണത്തിൽ ശ്രീരാമന്റെ കഥകൾ കേട്ടാലും കേട്ടാലും മതിവരില്ലായെന്ന് കിളി പറയുന്നു.

'കഥയ മമ കഥയ മമ
കഥകളതി സാദരം
കാകുൽസ്ഥ ലീലകൾ
ചൊന്നാൽ മതിവരാ' എന്ന് ശ്രീ. ടി. ശിവദാസമേനോന്റെ അഞ്ചു വർഷക്കാലത്തെ സാമ്പത്തിക മാനേജുമെന്റിനെപ്പറ്റി, അദ്ദേഹത്തിന്റെ സാമ്പത്തിക രംഗത്തുള്ള പ്രവർത്തനങ്ങളെപ്പറ്റി, കേരളത്തിൽ ശ്രീ. നായനാർ നയിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി എത്ര പറഞ്ഞാലും മതിയാവുകയില്ല. അതുകൊണ്ടാണ് വീണ്ടും വീണ്ടും പറയാൻ അങ്ങ് എനിക്ക് അനുമതി തന്നത്. പക്ഷെ വീണ്ടും വീണ്ടും പറയാൻ അവസരമില്ലാത്തതു കൊണ്ട് ജനകീയ കോടതിയിൽ ഞങ്ങൾ പറഞ്ഞു കൊണ്ടിരിക്കുകയാണ്, ഇനിയും പറയാൻ പോവുകയാണ് എന്ന്. എത്ര കേട്ടാലും മതിവരുന്നില്ല എന്നു പറയുന്ന കർഷകലക്ഷങ്ങളോടും. തൊഴിലാളി ലക്ഷങ്ങളോടും യുവലക്ഷങ്ങളോടും വിദ്യാർത്ഥി ലക്ഷങ്ങളോടും അതുപോലെ ബുദ്ധിജീവികളോടും സ്ത്രീകളോടും ഈ കഥ ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതിന്റെ ഒരു ചെറിയ രൂപം മാത്രമേ ഞങ്ങൾക്ക് ഇവിടെ പറയുവാൻ അവസരമുള്ളൂ. പാലായിലെ മഹത്തായ ക്രൈസ്തവ സ്ഥാപനങ്ങളുടെ മുൻപിൽ പലയിടത്തും എഴുതിവച്ചിട്ടുള്ള ഒരു വാചകം ബഹുമാനപ്പെട്ട ആന്റണിസാറിനേയും ശ്രീ. പി. പി. തങ്കച്ചൻ അവർകളേയും ഞാൻ ഓർമ്മിപ്പിക്കുകയാണ്. "പാപത്തിന്റെ ശമ്പളം മരണമത്രേ" എന്നാണ് അവിടെ എഴുതി വച്ചിരിക്കുന്നത്. നിങ്ങൾ രാഷ്ട്രീയ പാപം ചെയ്തിരിക്കുകയാണ്. ശ്രീ. ആന്റണിയും ശ്രീ. മാണിസാറുമൊക്കെ രാഷ്ട്രീയ പാപം ചെയ്യുകയാണ്. ഈ രാജ്യത്തെ ഏറ്റവും വലിയ വർഗ്ഗീയ ഫാസിസ്റ്റ് പ്രസ്ഥാനമായ ബി. ജെ. പി. യും ആർ. എസ്. എസും കൂട്ടു ചേർന്ന്, ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യമുള്ള കോൺഗ്രസ്സും കോൺഗ്രസ്സിൽനിന്നും ഭിന്നിച്ചു പോയി ഒരു സ്വതന്ത്രകേരളാ കോൺഗ്രസ്സുണ്ടാക്കിയ മാണിസാറും രാഷ്ട്രീയ പാപം ചെയ്യുകയാണ്. നിങ്ങൾക്ക് രാഷ്ട്രീയ ദുർമരണമുണ്ടാകുമെന്ന് ഞാൻ ഈ മഹത്തായ ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ട് പറയുകയാണ്; രാഷ്ട്രീയ പാപത്തിന്റെ ശമ്പളം രാഷ്ട്രീയ മരണമായിരിക്കുമെന്ന് നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

അങ്കമാലിയിലെ ഒരു ക്രൈസ്തവ ദേവാലയത്തിനു മുന്നിൽ ഒരു മഹത്തായ ബാനർ ഉണ്ട്. ആ ബാനറിൽ പറയുന്നത് 'വിശുദ്ധ സെബസ്ത്യാനോസേ പാപങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ എന്നാണ്.' മറ്റ് പല

LIBRARY ARCHIVES Kerala Legislative Assembly

ദേവാലയങ്ങൾക്ക് മുന്നിലും ഇതുപോലുള്ള ബാനറുകൾ ഉണ്ട്. ശ്രീമാൻ എ. കെ. ആന്റണിയും ശ്രീമാൻ കെ. എം. മാണിയും പുതിയ കൂട്ടുകെട്ട് ഉണ്ടാക്കിയിരിക്കുന്ന സാഹചര്യത്തിൽ നിങ്ങൾക്ക് വേണ്ടി എങ്ങനെ പ്രാർത്ഥിക്കണമെന്ന് എനിക്കറിയില്ല. പക്ഷേ നിങ്ങൾക്കുവേണ്ടി കേരളത്തിലെ ജനസമൂഹം, നിങ്ങളെ പാപത്തിൽ നിന്നും രക്ഷിക്കണമേ എന്ന് പ്രാർത്ഥിക്കുകയാണ്. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻചാണ്ടിയും, ശ്രീ. ആര്യാടൻ മുഹമ്മദും, ശ്രീ. പി. പി. തങ്കച്ചനും നയിക്കുന്ന യു. ഡി. എഫ് ബി. ജെ. പി എന്ന വർഗ്ഗീയ പിശാചിന്റെ ദുർമന്ത്രസ്പർശത്താൽ രാഷ്ട്രീയ പാപത്തിന്റെ പാതാളത്തിലേയ്ക്ക് സ്വയം ചാടുകയാണ്. ഈ രാഷ്ട്രീയ മഹാപാപികൾ അധഃപതനത്തിന്റെ പാതാളക്കുട്ടിൽ കിടക്കുമ്പോഴും "വിശുദ്ധസെബസ്ത്യാനോസേ അങ്ങ് എപ്പോഴും അവരുടെ ആത്മാവിനെ രക്ഷിക്കാൻ ശ്രമിക്കേണമേ" എന്ന് പ്രാർത്ഥിക്കാൻ ഞങ്ങൾ ശ്രമിക്കുകയാണ്. എൽ. ഡി. എഫ്.-ന് ദൈവവിശ്വാസമില്ല എന്ന് നിങ്ങൾ പറയും. പക്ഷേ ദൈവീകഗുണം ഉള്ളത് എൽ. ഡി. എഫ്-നാണ്. വിശ്വാസികളുടെ ഭാഷയിൽ പറഞ്ഞാൽ "സ്വർഗ്ഗസ്ഥനായ പിതാവേ ഇവരെ രക്ഷിച്ചുകൊള്ളേണമേ എന്ന് ഞങ്ങൾ, എൽ. ഡി. എഫ്. പറയുകയാണ്. വിശ്വാസികളുടെ ഭാഷയിൽ ആണെങ്കിൽ മഹാനായ കാറൽ മാർക്സ് ഇപ്പോൾ സ്വർഗ്ഗത്തിലായിരിക്കും. കാറൽ മാർക്സിന്റെ അടുത്തിരിക്കുന്ന മഹാനായ ഇ. എം. എസ്. അടക്കം അവിടെയിരുന്നുകൊണ്ട് നിങ്ങളുടെ ഈ മഹാപാപങ്ങൾ കാണുന്നുണ്ട്. നിങ്ങളെ രക്ഷിക്കാൻ തീർച്ചയായും പ്രാർത്ഥിക്കാം. പക്ഷേ നിങ്ങൾകൂടി വിചാരിച്ചാൽ മാത്രമേ നിങ്ങൾ രക്ഷപ്പെടൂ. ഈ ബഡ്ജറ്റിനെപ്പറ്റി പറയുമ്പോൾ ഈ ബഡ്ജറ്റ് ഈ നാടിന്റെ പുരോഗതിക്കു വേണ്ടിയുള്ളതാണ്. ആ പുരോഗതികൊണ്ടുദ്ദേശിക്കുന്നത് കുറെ ചാപ്പാടുമടിച്ച് സുഖലോലുപരായി ജീവിക്കുക എന്നതല്ല. വളരെ സമുദായ സൗഹാർദ്ദത്തിൽ ഒരു സാമൂഹ്യ ജീവിതം കെട്ടിപ്പടുക്കാനുള്ള ഒരു സാമ്പത്തിക അടിത്തറയാണ് ഇവിടെ ബഹുമാനപ്പെട്ട ടി. ശിവദാസ മേനോൻ അവതരിപ്പിച്ചിരിക്കുന്നത്. സമുദായ സൗഹാർദ്ദം ഇവിടെ പാലിച്ചല്ലോ. ഇവിടെ കാര്യമായ ലഹളകളൊന്നും പ്രചരിക്കുന്നില്ല. ഇന്നലെ ഇവിടെ ലഹളയുണ്ടായി. അതിനുത്തരവാദി സാമൂഹ്യവിരുദ്ധരാണെന്ന് പറഞ്ഞുകഴിഞ്ഞു. അത് അവസാനിപ്പിക്കാൻ എല്ലാവരും സഹകരിച്ചു. ആ കാര്യത്തിൽ ഞാൻ പ്രതിപക്ഷത്തെ അഭിനന്ദിക്കുകയാണ്. പക്ഷേ നിങ്ങളുടെ കാലത്ത് 48 വർഗ്ഗീയ ലഹളകൾ ഉണ്ടായില്ലേ? മരണങ്ങൾ ഉണ്ടായില്ലേ? ഇപ്പോൾ കേരളത്തിലെ സ്ഥിതി എന്താണ്? പത്ത്, നാൽപ്പത്തെട്ട് ആളുകൾ മരിച്ചില്ലേ? ക്രൈസ്തവ ദേവാലയങ്ങളിലെ പ്രാർത്ഥന ഇങ്ങനെയാണ്. 'സ്വർഗ്ഗസ്ഥനായ പിതാവേ അങ്ങേയ്ക്ക് എപ്പോഴും സ്തുതിയായിരിക്കേണമേ.' എപ്പോഴും എപ്പോഴും സ്തുതിയായിരിക്കേണമേ എന്ന് ഇസ്ലാമിക ദേവാലയങ്ങളിൽനിന്നും പ്രാർത്ഥന വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അള്ളാഹു അക്ബർ അള്ളാഹു അക്ബർ
അള്ളാഹു അക്ബർ അള്ളാഹു അക്ബർ
അഷ്ഹതു അല്ലായിലാഹ ഇല്ലാള്ളാ.....
അഷ്ഹതു അല്ലായിലാഹ ഇല്ലാള്ളാ.....
അഷ്ഹതു അന്നമുഹമ്മദ് റസൂലുള്ളാ
അഷ്ഹതു അന്നമുഹമ്മദ് റസൂലുള്ളാ
അയ്യ അലൽസലാ..... അയ്യ അലൽസലാ.....
അയ്യ അലൽസലാ..... അയ്യ അലൽസലാ.....
അല്ലാഹു അക്ബർ അല്ലാഹു അക്ബർ

ഗുരുവായൂരിൽ നിന്നും കേൾക്കുന്നത് എന്താണ്? 'ചെത്തിമന്താരം തുളസി, പിച്ചകമാലകൾ ചാർത്തി ഗുരുവായൂരപ്പാ നിന്നെ കണികാണേണം.' വിശ്വാസികൾ പാടുന്നതാണ്. ഞാൻ പാടുന്നതല്ല. ഞാൻ അത് ഏറ്റു പാടുകയാണ്. ക്രൈസ്തവ ദേവാലയങ്ങളിലും ഹൈന്ദവ ദേവാലയങ്ങളിലും ഗുരുവായൂരിലുമടക്കമുള്ള വിശ്വാസികൾക്ക് അവരുടെ ഇഷ്ടപ്രകാരം പ്രാർത്ഥിക്കാം. ഇവിടെ സമാധാനപൂർണ്ണമായ ഒരന്തരീക്ഷം ഉള്ളതുകൊണ്ടാണ്. വർഗ്ഗീയ കലാപം ഇല്ലാത്തതുകൊണ്ടാണ് അത് നടക്കുന്നത് എന്ന പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങളുടെ കാലത്ത് അത് നടന്നിരുന്നില്ല എന്ന് പറയാനാണ് ഞാൻ ഇത് പറഞ്ഞത്. ഇൻഡ്യയുടെ പാരമ്പര്യം അതാണ്. 19-ാം നൂറ്റാണ്ടിൽപ്പോലും മതേതര പ്രസ്ഥാനം ഈ രാജ്യത്ത് ഉയർന്നുവന്നപ്പോൾ ഗുരുനാനാക്കും തുളസീദാസും കബീർ ദാസും മീരാഭായിയുമൊക്കെ ഇത്തരം സംസ്കാരമാണ് ഊട്ടി വളർത്തിയത്. നിങ്ങൾ ആർ. എസ്. എസും ആയി ച്ചേർന്ന് അതിനെ തകർത്തപ്പോൾ, കബീർദാസിന്റേയും തുളസീദാസിന്റേയും മഹത്തായ മതേതര ഭക്തിപ്രസ്ഥാനത്തെ പുനഃസ്ഥാപിക്കാൻ വിശ്വാസികളെ ഞങ്ങൾ സഹായിച്ചിരിക്കുകയാണ്. എന്തിനാണ് ഈ ബഡ്ജറ്റ്? ഈ രാജ്യത്ത് ജീവിക്കാൻ വേണ്ടിയാണ്. ബഹുമാന്യനായ ആര്യാടൻ മുഹമ്മദിനോടും ശ്രീ. എ. കെ. ആന്റണിയോടും ഞാൻ പറയുന്നു; നിങ്ങൾകൂടി പ്രതിനിധാനം ചെയ്ത ദേശീയ കോൺഗ്രസിന്റെ ഒരു ഭാഗമായിവന്ന നമ്മുടെ ദേശീയ പതാകയിലെ അശോക ചക്രമുണ്ടല്ലോ, ആ അശോക ചക്രത്തിന്റെ അർത്ഥമെന്താണ്? നിങ്ങൾ അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ? വെറുതെ അവിടെ വച്ചതാണോ? നെഹ്റുവിനും അംബേദ്ക്കറിനും വെറുതെ തോന്നിയതുകൊണ്ടാണോ? അല്ല. പക്ഷെ ശ്രീ. ഇ. കെ. നായനാർ മഹാനാണെന്ന് ചരിത്രം തെളിയിക്കാൻ പോകുകയാണ്. നിങ്ങൾക്ക് ഇഷ്ടപ്പെടില്ല. ബഹുമാനപ്പെട്ട നായനാരുടെ 5 വർഷക്കാലത്തെ മുഖ്യമന്ത്രിപദം എന്നുള്ള റിക്കാർഡ് സ്ഥാപിച്ചുകൊണ്ട്, ഒരു കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടിനകത്ത് 5 വർഷം ഭരിച്ച, ആദ്യത്തെ റിക്കാർഡ് സ്ഥാപിച്ചതിനുശേഷം വരാനിരിക്കുന്ന ഇലക്ഷൻ യുദ്ധത്തിലേയ്ക്കിറങ്ങുമ്പോൾ നായനാർ ആരാണെന്ന് നിങ്ങൾക്ക് കൂടുതലായി മനസ്സിലാക്കാൻ പോകുകയാണ്. ആ മഹാനായ നായനാർ കഴിഞ്ഞ നിയമസഭയിൽ,

LIBRARY ARCHIVES Kerala Legislative Assembly

വെടിവയ്ക്കാത്ത ഗവൺമെന്റാണ് എന്റെ ഗവൺമെന്റ് എന്നുപറഞ്ഞപ്പോൾ, പ്രിയങ്കരനായ, നിയമസഭാ നടപടിക്രമങ്ങളിൽ നല്ല വിവരമുള്ള ശ്രീ. ആര്യാടൻ മുഹമ്മദ് "നായനാരേ, വെടിവയ്ക്കാത്ത ഭരണം എന്തു ഭരണമാണ്, തോക്കിന്റെ അർത്ഥം നിങ്ങൾക്കറിയാമോ" എന്നു ചോദിച്ചു. ഞാൻ അതുകൊണ്ടാണ് പറയുന്നത്, അശോക ചക്രം എന്താണെന്ന് കോൺഗ്രസ് നേതൃത്വം അറിയണ്ടേ? അശോക ചക്രവർത്തി നിരവധി യുദ്ധങ്ങൾ നടത്തി, ഒടുവിൽ കലിംഗയുദ്ധം നടത്തി. ആ കലിംഗയുദ്ധത്തിലുണ്ടായ ധനനഷ്ടവും മനുഷ്യ നഷ്ടവും കണ്ട് ഹൃദയം നൊന്ത അശോക ചക്രവർത്തി യുദ്ധം എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ചു. സമാധാനത്തിന്റെ പ്രതീകമായി ബുദ്ധമതത്തിൽ ചേർന്ന് രാജ്യഭരണം നടത്തിയ അശോക ചക്രവർത്തിയുടെ സമാധാനത്തിന്റെ ആ കാഴ്ചപ്പാടിന്റെ പ്രതീകമാണ് പതാകയിലെ അശോകചക്രം. ആ അശോക ചക്രം ദേശീയപതാകയിലുള്ളതിനെ ഉയർത്തിപ്പിടിച്ചുകൊണ്ട്, വെടിവയ്പു നടത്തി ഒരു മനുഷ്യനെപ്പോലും കൊന്നില്ല എന്നു മാത്രമല്ല മനുഷ്യ ശരീരത്തിന് ഒരു പോറൽ പോലുമേൽപ്പിക്കാത്ത കേരള സംസ്ഥാനത്തെ ആദ്യത്തെ ഭരണം, ഇൻഡ്യയിലെ ആദ്യത്തെ ഭരണം സങ്കീർണ്ണമായ കാലഘട്ടത്തിൽ ലോകത്താദ്യമായി സ്ഥാപിക്കപ്പെട്ട, വെടിവച്ച് ആരേയും കൊല്ലുകയോ, പരിക്കേൽപ്പിക്കുകയോ ചെയ്യാത്ത ഭരണം. ആ ഭരണമാണ് സഖാവ് നായനാരുടേത്. 'ബുദ്ധം ശരണം ഗച്ചാമി' എന്നും 'സംഘം ശരണം ഗച്ചാമി' എന്നും പറഞ്ഞു പോയ മഹാനായ അശോകന്റെ പാരമ്പര്യം ഇവിടെ സഖാവ് നായനാർ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ തുടരുകയാണ്. അതിനാൽ നിങ്ങൾ ആക്ഷേപിക്കുന്നത് ശരിയല്ല. ഞാൻ മുസ്ലീം ലീഗിനോട് പറയുകയാണ്. ഇവിടെ കുഞ്ഞാലി കുട്ടിയില്ല ചെർക്കളം അബ്ദുള്ളയൊക്കെയുണ്ട്. ഞാൻ മാണിസാറിനോട് പറയുകയാണ്. അടുത്ത തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നിങ്ങൾക്ക് അധികാരത്തിന്റെ മധുരനാരങ്ങയ്ക്കു പകരം ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ വിഴുങ്ങേണ്ടിവരും. നിങ്ങൾക്ക് ഒരിക്കലും അധികാരം കിട്ടുകയില്ലെന്ന് മാത്രമല്ല, ക്രോധത്തിന്റെ മുന്തിരിപ്പഴം വിഴുങ്ങേണ്ടിയും വരും. ഈ കേരളീയ സമൂഹത്തെ മാറ്റത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന ഒരു ബഡ്ജറ്റാണിത്. ആകാശത്തെ താരാപഥം (മിൽക്കിവേ) എന്നു നാം പഠിച്ചിട്ടുണ്ട്. നമ്മുടെ ഗവൺമെന്റ് ഈ കേരളത്തിൽ ക്ഷീരപഥങ്ങൾ സൃഷ്ടിച്ചു. പാലുത്പാദനം വളരെയേറെ വർദ്ധിച്ചിരിക്കുന്നു. ഭഗീരഥൻ തപസ്സു ചെയ്ത്, അസാധ്യമെന്നു കരുതിയിരുന്ന ഗംഗയെ ഹിമാലയത്തിലൂടെ ഒഴുക്കി. കേരളത്തിൽ അസാധ്യമെന്നു കരുതിയിരുന്ന ജനകീയാസൂത്രണം, കായംകുളം താപനിലയം, വെടിവയ്പില്ലാത്ത ഭരണം, ഭരണസ്ഥിരത, ദേശീയ വിദ്യാഭ്യാസ നയം തുടങ്ങിയവയൊക്കെ നടപ്പിലാക്കിയത് ഈ ഗവൺമെന്റാണ്. കേരളത്തിൽ അസാധ്യമെന്നു കരുതിയിരുന്ന കാര്യങ്ങൾ ഭരണരംഗത്ത് നടപ്പിലാക്കിയത് നായനാർ ഗവൺമെന്റാണ്. ഈ ബഡ്ജറ്റ് വഴി ജനാധിപത്യം ഇനിയും വികസിക്കാൻ പോകുകയാണ്. 1400 കോടിയോളം രൂപ ലോക്കൽ ബോഡീസിനു കൊടുത്തു. 9-ാം പഞ്ചവത്സര പദ്ധതിയുടെ 5 വർഷം പൂർത്തിയാകുമ്പോൾ ഏതാണ്ട് 7000 കോടിയോളം രൂപ ലോക്കൽ ബോഡിസിന് ലഭിക്കും. ജനാധിപത്യത്തെ അടിസ്ഥാനപരമായി വളർത്തുന്ന ഒരു ബഡ്ജറ്റാണിത്. ഗ്രീസിലെ, സിറ്റി സ്റ്റേറ്റിലെ,

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യത്തക്കുറിച്ച് നമുക്കറിയാമല്ലോ. റോമിലെ ജാനാധിപത്യത്തെക്കുറിച്ച് നമുക്കറിയാമല്ലോ. സോക്രട്ടീസിന്റേയും പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റേയും എബ്രഹാം ലിങ്കന്റേയും വോൾട്ടയറിന്റേയും റൂസോയുടേയും മോണ്ടസ്ക്യൂവിന്റേയും നേൽസൻ മണ്ടേലയുടേയും ഇ. എം. എസ്. ന്റേയും നെഹ്റുവിന്റേയുമൊക്കെ വൈവിദ്ധ്യമാർന്ന ജനാധിപത്യ സങ്കൽപ്പങ്ങളിലൂടെ നാം പുഷ്ടിപ്പെടുത്തിയ ജനാധിപത്യത്തെ ഗവൺമെന്റ് ഗ്രാമതലങ്ങളിൽ എത്തിച്ചു. ജനാധിപത്യത്തെ നാട്ടിൻപുറത്ത് എത്തിച്ചു. അങ്ങനെയുള്ള ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന് ഭരണം നടത്താൻ വേണ്ടിയുള്ള ബഡ്ജറ്റാണിത്. കേരള രാഷ്ട്രീയത്തിന്റെ, വികസനത്തിന്റെ ഭാവഗായകനാണ് ശ്രീ. ടി. ശിവദാസ മേനോൻ. അദ്ദേഹം വികസനത്തിന്റെ ഭാവഗായകനാണ്. നിങ്ങൾ ടാർസനെപ്പറ്റി കേട്ടിട്ടുണ്ടോ? മരുഭൂമിയിൽ പാടിയ, മരുഭൂമിയിലെ ക്രൂരമൃഗങ്ങളുടെ മുൻപിൽ വച്ച് പാടിയാൽ ആ മൃഗങ്ങളൊക്കെ നല്ലവരായി മാറും എന്നുപറഞ്ഞതുപോലെ നിങ്ങൾ മരുഭൂമിയാക്കി മാറ്റിയ കേരളത്തെ, ചൂഷകന്മാരുടെ ക്രൂരവിഹാരരംഗമായി മാറ്റിയ ഈ കേരളത്തെ ക്രൂരന്മാരായ അഴിമതിക്കാരുടെ വിഹാരരംഗമാക്കി മാറ്റിയ ഈ കേരളത്തെ ടാർസൻ എന്ന ഗായകനെപ്പോലെ തന്റെ ബഡ്ജറ്റിലൂടെ സാമ്പത്തികമായി, വികസനപരമായി മുന്നോട്ടു കൊണ്ടുവന്ന ബഹുമാനപ്പെട്ട ശിവദാസ മേനോനെ കേരളത്തിന്റെ വികസനരംഗത്തെ ഭാവിഗായകനായ ടാർസൻ എന്നു വിളിച്ചാൽ നിങ്ങൾക്ക് എതിർക്കാൻ കഴിയുമോ? ഇവിടെ ബഹുമാനപ്പെട്ട പി. ജെ. ഫ്രാൻസിസ് യൂണിവേഴ്സിറ്റിയിൽ പ്രസംഗിച്ച കാര്യം പറഞ്ഞു. സാർവ്വദേശീയ മൂലധനത്തോടുള്ള നിങ്ങളുടെ കാഴ്ചപ്പാട്. മൂലധനത്തെക്കുറിച്ച് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്നത്, അത് എങ്ങും അടങ്ങിയിരിക്കില്ല. എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നതാണ് എന്നാണ്. കാണുന്നിടത്തൊക്കെ കൂടുകെട്ടും. കിട്ടുന്നിടത്തെല്ലാം കൂടുകെട്ടും. അതാണ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഫൈനാൻസ്, മൂലധനം എന്നുപറയുന്നത്. അത് എല്ലായിടത്തും കൂടുകെട്ടാൻ ശ്രമിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് കൂടുകെട്ടാൻ പാടില്ലാത്ത മേഖലകളിൽ കൂടുകെട്ടുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. അല്ലാതെ ഇവിടെയെങ്ങും കടന്നുവരരുത് എന്നല്ല. അമർത്യാസെന്നും ഇതാണ് പറഞ്ഞത്. അമർത്യാസെൻ പറഞ്ഞതിനോടെല്ലാം നമ്മൾ യോജിക്കുന്നോ, ഇല്ലയോ എന്നുള്ളതല്ല. ആഗോളവത്ക്കരണത്തിന്റെ ദൂഷ്യഫലങ്ങളെ എതിർക്കാൻ ദേശീയ ഗവൺമെന്റിന് ചുമതലയുണ്ടെന്നു പറയുമ്പോൾ ബി. ജെ. പി. ഗവൺമെന്റിനെ അങ്ങനെ എതിർക്കണ്ട, ഞങ്ങൾ പിന്തുണച്ചുകൊള്ളാം ആഗോളവത്ക്കരണത്തിന്റെ ദൂഷ്യ ഫലങ്ങളെ ഞങ്ങൾ നടപ്പിലാക്കൂ എന്നുപറയുന്ന കോൺഗ്രസിനെപ്പറ്റി എന്തു പറയാനാണ്? ആഡംസ്മിത്തിൽ തുടങ്ങി എഡ്ബൻ ബർഗ്ഗിലൂടെ മാൽത്തൂസിലൂടെ ഗുന്നാർ മിർദാലിലൂടെ, അമർത്യാസെന്നിലൂടെ വളർന്ന് മാർക്സും, ഏങ്കൽസും ശാസ്ത്രീയമായി വിശകലനം ചെയ്ത അർത്ഥശാസ്ത്രത്തിന്റെ ജനകീയ വശങ്ങളെ ഉൾക്കൊണ്ടുകൊണ്ടാണ് ബഹുമാന്യനായ ശിവദാസ മേനോൻ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിനെപ്പറ്റി ചില കാര്യങ്ങൾകൂടി പറയട്ടെ. എഡ്ബൻ ബർഗ്ഗ് പറഞ്ഞ ഒരു പ്രധാനപ്പെട്ട വാചകമുണ്ട്. Those who carry public schemes must be proof against judgements of ignorants.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാരായ, അറിവില്ലാത്ത ജനങ്ങളുടെ തീരുമാനങ്ങൾ, അവരുടെ വിധികളെ കണക്കിലെടുത്തുകൊണ്ടായിരിക്കണം പൊതുപ്രവർത്തകന്മാർ പൊതുധനം കൈകാര്യം ചെയ്യേണ്ടത്. ശ്രീ. ടി. ശിവദാസമേനോൻ എഡ്ബൻ ബർഗ്ഗിന്റെ ഈ പ്രഖ്യാപനത്തെ സാധൂകരിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗം നിങ്ങൾ വായിച്ചുനോക്കൂ. അദ്ദേഹത്തിന്റെ ഒരു വാചകം ഇങ്ങനെയാണ് 'കേരളം മഹത് രാജ്യത്തിന്റെ ഭാഗമാണ്'. ബഹുമാനപ്പെട്ട എ.കെ. ആന്റണി നയിച്ച കേരള വിമോചന യാത്ര , കേരളത്തെ ഇൻഡ്യയിൽ നിന്ന് വിമോചിപ്പിക്കാൻ വേണ്ടി നടത്തിയ യാത്രയെന്നാണ് ബുദ്ധിജീവികൾ പറയുന്നത്. എവിടെനിന്ന് വിമോചിപ്പിക്കാൻ? ഇൻഡ്യയിൽ നിന്ന് വിമോചിപ്പിക്കാൻ. സർ, സി. പി. രാമസ്വാമി അയ്യരുടെ കമ്മ്യൂണിറ്റ് വിരോധവും സ്വതന്ത്ര തിരുവിതാംകൂർ വാദവുമാണ് ചേർത്തലയിൽ നിന്ന്, പുന്നപ്ര വയലാറിന്റെ നാട്ടിൽനിന്നു വരുന്ന ശ്രീ. എ. കെ. ആന്റണിയുടെ വിമോചന യാത്ര. ശ്രീ. ശിവദാസമേനോന്റെ വാചകം അതല്ല. കേരളം ഇൻഡ്യയുടെ ഭാഗമാണ്. അജയ്യമായിരുന്ന ജലാശയങ്ങളെ ഞങ്ങൾ നീന്തിക്കടന്നു. സാധാരണക്കാരന്റെ അന്തസ്സ് പുനഃസ്ഥാപിച്ചു. ആത്മാഭിമാനം വീണ്ടെടുത്തു. 16.81 ശതമാനമാണ് ആഭ്യന്തര വളർച്ച. പ്രതിശീർഷവരുമാനം 15.76 ശതമാനം വർദ്ധിച്ചു. സാമ്പത്തികത്തകർച്ചയ്ക്ക് കാരണം കേന്ദ്രത്തിന്റെ വൈകല്യ നയങ്ങളും ഉദാരവൽക്കരണവുമാണ്. ഇൻഡ്യയുടെ 1.3 ശതമാനം വിസ്തീർണ്ണം മാത്രമുള്ള കേരളത്തിന് സൂചികുത്താനുള്ള സ്ഥലം മാത്രമാണ് നമ്മുടെ കേന്ദ്ര ബഡ്ജറ്റിൽ നൽകിയിരിക്കുന്നത്. ഗ്രോസ്സ് പ്ലാൻ ഔട്ട്ലേ ഇപ്പോൾ കേരളത്തിന് 41,000 കോടിയിൽപ്പരം രൂപയാണ്. ഇതിൽ 1431 കോടിയോളം രൂപ ലോക്കൽ ബോഡീസിന് കൊടുത്തിരിക്കുകയല്ലേ; ഇവിടെ ചെലവഴിക്കുന്ന വികസനത്തിന്റെ തുക tangible asset ക്രിയേറ്റു ചെയ്യാൻ വേണ്ടിയുള്ളതാണ്. നിങ്ങളും ഞങ്ങളും തമ്മിലുള്ള ബഡ്ജറ്റ് സമീപനത്തിന്റെ കാതലായ വ്യത്യാസം അതാണ്; tangible asset ആണ്. ഞങ്ങൾ ഒരു പാലം പണിഞ്ഞാൽ, ഞങ്ങൾ ഒരു സ്കൂൾ പണിഞ്ഞാൽ, ഒരു പോളിടെക്നിക്ക് ആരംഭിച്ചാൽ, ഒരു നിർമ്മാണ പ്രവർത്തനം നടത്തിയാൽ, ഒരു യൂണിവേഴ്സിറ്റി സ്ഥാപിച്ചാൽ അത് ഇന്നത്തേയ്ക്കു മാത്രമല്ല, നൂറുനൂറു വർഷത്തേയ്ക്കുള്ള tangible asset- ആണ്. ആകെ ചെലവഴിക്കുന്ന തുകയുടെ 70 ശതമാനവും വികസനത്തിനു ചെലവഴിച്ചുകൊണ്ട്, ഭാവിതലമുറയ്ക്കുവേണ്ടി, tangible asset ഉണ്ടാക്കാൻ ഈ ഗവൺമെന്റ് അൽപം കടം വരുത്തി വച്ചാൽ.... നിങ്ങൾ കടം വരുത്തിയതുപോലെയല്ല. സാമ്പത്തികമായി രണ്ടു തരത്തിലുള്ള സമീപനമെടുക്കാം. പഴയകഥയിലെ സൈലാസിനെപ്പോലെ കിട്ടുന്ന പണമെല്ലാം വീടിന്റെ അടിയിലുള്ള കുഴിയിൽ കൊണ്ടുവച്ചു അർദ്ധരാത്രി അവിടെ ഇറങ്ങിയിരുന്ന് എണ്ണി സംതൃപ്തനായി വീണ്ടും അത് ചാക്കിൽ കെട്ടിവച്ച് പണത്തെ ഉപയോഗിക്കാതെ ചലനാത്മകത നിഷേധിക്കുന്ന സൈലാസുമാരാവില്ല ഞങ്ങൾ. ഹർഷദ് മേത്തയുടെ കുംഭകോണത്തെയും അഴിമതിയെയും, നരസിംഹറാവുവിന്റെ കുംഭകോണത്തെയും അനുസ്മരിപ്പിക്കുന്ന തരത്തിൽ കിട്ടുന്ന പൈസ പുട്ടടിച്ച്, സ്വകാര്യ ആവശ്യത്തിന് ഉപയോഗിച്ച്, ഖജനാവ് കാലിയാക്കുന്ന അഴിമതി സംസ്കാരവുമല്ല ഞങ്ങളുടേത്. ഇവിടെ tangible asset create ചെയ്യുകയാണ്, നിലവിലുള്ള തലമുറയ്ക്കും,

LIBRARY ARCHIVES Kerala Legislative Assembly

ഭാവിതലമുറയ്ക്കും വേണ്ടി. കേരളം വികസനത്തിന്റെ പാതയിലാണ്. മറ്റു സംസ്ഥാനങ്ങൾ 53 ശതമാനംവരെ പ്ലാൻ വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. 131 ശതമാനം കടബാദ്ധ്യതയുണ്ടായി. ആർട്ടിക്കിൾ (293) പ്രകാരം ശ്രീ. ശിവദാസമേനോൻ പറഞ്ഞു, സംസ്ഥാന കടത്തിനുമേൽ കേന്ദ്രത്തിന് അധികാരമില്ലെങ്കിലും കേന്ദ്രം ഭരണഘടനയെ അട്ടിമറിച്ചുകൊണ്ട് അധികാരം സ്ഥാപിക്കാൻ ശ്രമിക്കുകയാണെന്ന്. കടം വാങ്ങുന്നതിൽ യാതൊരു തെറ്റുമില്ല കടം വാങ്ങുന്നത് tangible asset create ചെയ്യാനും മാനവവിഭവശേഷിയ്ക്കും വേണ്ടിയാണെങ്കിൽ ആ കടം വാങ്ങിയതിനേക്കാൾ നൂറിരട്ടി അസറ്റ് ക്രിയേറ്റു ചെയ്യാൻ സാധിക്കും. ധാരാളം പ്രധാനപ്പെട്ട കാര്യങ്ങൾ ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതിനെ ഞാൻ ആവർത്തിക്കുന്നില്ല. പക്ഷെ ഒരു പ്രധാനപ്പെട്ട കാര്യം, ഒരുകാലത്ത് നിങ്ങൾ പേ റിവിഷനായി വെറും 24 ശതമാനം കൊടുത്തപ്പോൾ, ഇപ്പോൾ 36.3 ശതമാനമാണ് ഈ ഗവൺമെന്റ് കൊടുത്തത്. പെൻഷൻ വർദ്ധനവ് 40 ശതമാനമായി. ശ്രീ. ശിവദാസമേനോൻ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ നിങ്ങൾ മറച്ചുവയ്ക്കുന്നതെന്തിനാണ് ? കടം കടമെന്നു പറയുമ്പോൾ ലോക്കൽ ബോഡീസിനു കൊടുക്കുന്ന ഗ്രാന്റ് റവന്യൂ വരുമാനമായും റവന്യൂ ഡെഫിസിറ്റായും സി. എ. ജി. എഴുതുന്നതിൽ സാങ്കേതികത്വമില്ലായിരുന്നുവെങ്കിൽ 7000 കോടിരൂപകൂടി റവന്യൂ കടത്തിൽ കുറയുമായിരുന്നു. എന്നിട്ടും നിങ്ങളുണ്ടാക്കിയ അവസാന വർഷത്തെ 4000 കോടി രൂപയുടെ റവന്യൂ കമ്മി 2500 കോടി രൂപയായി ചുരുക്കിയിരിക്കുകയാണ്. 7 ശതമാനം പ്ലാൻ ഫണ്ട് 1992-96 കാലത്ത് ഓരോ വർഷവും വെട്ടിക്കുറച്ചു. ഇതുപോലെ എത്രയെത്ര കാര്യങ്ങൾ പറയാനുണ്ട്. പദ്ധതി വിഹിതത്തിൽ 535 കോടിരൂപ കേന്ദ്രം വെട്ടിക്കുറച്ചിട്ട് നിങ്ങൾ ഒരക്ഷരം കേന്ദ്രത്തിനെതിരെ സംസാരിക്കുന്നില്ല. അതുപോലെ 11-ാം ധനകാര്യ കമ്മിഷൻ നമുക്ക് 3664 കോടിരൂപ വെട്ടിക്കുറച്ചു. ഒരു മാസം 60 കോടിരൂപ വീതം കുറച്ചു. എന്നിട്ട് കഴിഞ്ഞ 5 വർഷക്കാലം നിങ്ങൾ എന്തെങ്കിലും മിണ്ടിയോ? ശ്രീ. മാണി ഒന്നും മിണ്ടുന്നില്ലല്ലോ. അങ്ങയുടെ 'ബാധ്യതയും സാധ്യതയും' എന്ന പുസ്തകത്തിൽ ഇതു സംബന്ധിച്ച് ഒരു അക്ഷരമെങ്കിലും പറഞ്ഞോ? പുസ്തകം എന്റെ കൈയിലുണ്ട്. വായിക്കാൻ സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. തിരുവനന്തപുരത്ത് ജനസേവന കേന്ദ്രമില്ലേ ? തിരുവനന്തപുരം വിമാനത്താവളം ഇപ്പോൾ സാർവ്വദേശീയ വിമാനത്താവളമാണ്. അത് മെച്ചപ്പെടുത്താനുള്ള ശ്രമമല്ലേ? കയർ, കശുവണ്ടി, മത്സ്യം തുടങ്ങിയമേഖലകളിൽ ക്ഷേമപദ്ധതികളില്ലേ? പാവപ്പെട്ടവനു വീടുവയ്ക്കാൻ 500 കോടിരൂപയല്ലേ കൊടുത്തത്? 50 ലക്ഷം ടൂറിസ്റ്റുകൾ ഈ ഗവൺമെന്റിന്റെ കാലത്ത് ഇവിടെ വന്നു. അത് സാമാധാനാന്തരീക്ഷമുണ്ടായിട്ടല്ലേ? മര്യാദയുള്ള സംസ്ഥാനമായതുകൊണ്ടല്ലേ? 'God's own country' എന്നല്ലേ അവർ പറയുന്നത്? ലോക മുതലാളിത്ത രാജ്യങ്ങളിലെ തീർത്ഥാടകന്മാർ ഇതിനെ അങ്ങനെ കാണുമ്പോൾ ശ്രീ. മാണി എന്തിനാണ് അതിനെതിരെ സംസാരിക്കുന്നത്? ലോകകാര്യങ്ങളിൽ കുറച്ച് വിവരമുള്ള ആളല്ലേ അങ്ങ്? എന്തിനാണ് ആവശ്യമില്ലാതെ എതിർക്കുന്നത്? വിദ്യാഭ്യാസത്തിൽ പരിവർത്തനമാരംഭിച്ചു. ഈ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ വിദ്യാഭ്യാസത്തിൽ പരിവർത്തനമാരംഭിച്ചത്. തുടങ്ങിയിട്ടേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അതാണ് ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ വിദ്യാഭ്യാസത്തിൽ പരിവർത്തനമാരംഭിച്ചത്. തുടങ്ങിയിട്ടേയുള്ളൂ. അതാണ് ദേശീയവിഭ്യാഭ്യാസ നയം. അതുപോലെ എത്രയെത്ര കാര്യങ്ങളാണ് പറയാനുള്ളത്! എ. ജി. ഗാർഡ്നറുടെ ഒരു വാചകം ഞാൻ ഉദ്ധരിക്കുകയാണ്. അത് നമ്മൾ പഠിച്ചിട്ടുണ്ട്. There are laws and laws അതിന്റെ സ്ട്രെസ്സിലാണ് അർത്ഥം. നിയമങ്ങളും നിയമങ്ങളുമുണ്ട്. ഭരണവും ഭരണവുമുണ്ട്. യു.ഡി.എഫ് ന്റെ ഭരണവും ഉണ്ട്. എൽ.ഡി.എഫ്-ന്റെ ഭരണവുമുണ്ട്. മനസ്സിലായോ? രണ്ടും ഭരണമാണ്. പക്ഷെ എ.ജി. ഗാർഡനർ പറഞ്ഞതുപോലെ സ്ട്രെസ്സിലാണ് അതിന്റെ പ്രാധാന്യം. കടവുമുണ്ട്, കടവുമുണ്ട്. ആദ്യത്തെ കടം വെട്ടിപ്പ്, തട്ടിപ്പ്, ധൂർത്ത്, രണ്ടാമത്തെ കടം tangible asset create ചെയ്യുകയാണ്. 399 കോടിരൂപ കമ്മി വലിയ കാര്യമല്ല. 500 കോടിരൂപയിൽ താഴെ മിച്ചമായി അടുത്ത സാമ്പത്തിക വർഷം ഇത് പരിണമിക്കുവാനുള്ള പരിപാടികൾ അദ്ദേഹം ഇവിടെ എഴുതിവച്ചിട്ടുണ്ട്. ശ്രീ. പി. ജെ. ഫ്രാൻസിസും ശ്രീ. ആര്യാടൻ മുഹമ്മദും പ്രസംഗിച്ചല്ലോ. 1,200 കോടിരൂപ ബാദ്ധ്യതയുണ്ടാക്കിയിട്ടാണ് നിങ്ങൾ ഭരണം വിട്ടിറങ്ങിപ്പോയത്. 4,62,00,000 രൂപ മാത്രമേ മിച്ചമുണ്ടായിരുന്നുള്ളൂ. 1995-96-ലെ ക്ലോസിംഗ് ബാലൻസും 1996-97-ലെ ഓപ്പണിംഗ് ബാലൻസും ഇതുതന്നെയാണെന്ന്. 4.62 കോടിരൂപ മാത്രമാണെന്ന് അക്കൗണ്ടന്റ് ജനറൽ ക്ലാരിഫൈ ചെയ്തതിനു ശേഷവും ഈ പ്രസംഗിക്കുന്നത് ആരോടാണ്? കള്ളക്കണക്കു പറഞ്ഞാലൊക്കുമോ? ഞാൻ വളരെ ബഹുമാനപൂർവ്വം പറയട്ടെ, ബഹുമാനപ്പെട്ട എ. കെ. ആന്റണിയോട് എനിക്ക് ഒന്നേ പറയാനുള്ളൂ. ആദ്ദേഹം ഇപ്പോൾ ആണിപ്രയോഗം നടത്തുകയാണ്. ഞങ്ങളുടെ ജാഥയിൽ ആണി പ്രയോഗം. അതിനെ ആണി പുരാണമെന്നോ, ആണി വ്യാഖ്യാനമെന്നോ ആണി മാഹാത്മ്യമെന്നോ പറയാം. അവസാനത്തെ ആണിയടി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരെയുള്ള അവസാനത്തെ ആണിയടി. അതാണ് ആന്റണിസാറിന്റെ ആണിവ്യാഖ്യാനം. അടുത്തകാലത്ത് വന്നിരിക്കുന്ന രാഷ്ട്രീയ മതിഭ്രമത്തിന്റെ ഫലമായുണ്ടായ സ്വയം നിരാശയല്ലേ ഇതു വെളിപ്പെടുത്തുന്നത്? അവസാനത്തെ ആണി മാത്രമേ അദ്ദേഹത്തിന്റെ കൈയിൽ അവശേഷിക്കുന്നുള്ളൂ എന്ന് പരസ്യമായി കേരളത്തിൽ പറഞ്ഞിരിക്കുകയാണ്. അതിനുമുമ്പുള്ള എല്ലാ ആണികളും അടിച്ചുകഴിഞ്ഞു. ആണികളൊന്നും ഏറ്റിട്ടില്ല. എല്ലാ ആണികളും ഇപ്പോൾ ഇളകിക്കിടക്കുകയാണ്. അവസാനത്തെ ആണികൂടി അടിച്ചുകഴിഞ്ഞാൽ ആന്റണിസാറിന്റെ കൈയിൽ ആണിയില്ല. തലയിലെ ആണി ഇളകുകയും ചെയ്യും. അതാണ് സംഭവിക്കാൻ പോകുന്നത്. ഞാൻ പ്രതിപക്ഷത്തുള്ളവരോട് ചോദിക്കുകയാണ്, ശ്രീ. ആന്റണി ആരെയാണ് ആണി ഏൽപ്പിച്ചിരിക്കുന്നത്? നിങ്ങൾ 60 പേരിൽ ആരാണ് ഈ ആണിയടിക്കുന്നത്? ശ്രീ. കരുണാകരന്റെ ആസനത്തിൽ ആണിയടിക്കാൻ വേണ്ടി ഈ ആണി ആരുടെ കൈയിലാണ് വച്ചിരിക്കുന്നത്? പക്ഷെ ശ്രീ. കരുണാകരൻ ബുദ്ധിമാനാണ്. അദ്ദേഹം ഇരുന്നിടത്തു നിന്ന് എഴുന്നേൽക്കുകയില്ല. എന്നിട്ടല്ലേ ആണിയടിക്കുക. ഈ ആണി രാഷ്ട്രീയം, നിങ്ങൾ തമ്മിലുള്ള കുതികാൽവെട്ട്, ഓരോരുത്തരുടേയും ഭദ്രാസനത്തിലടിക്കുന്ന ആണിയാകാതിരിക്കാൻ ഓരോരുത്തരും സൂക്ഷിക്കുക. ശ്രീ. ജേക്കബ് സൂക്ഷിക്കുക, മാണിസാറും

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷിക്കുക. അങ്ങോട്ടും ഇങ്ങോട്ടും സൂക്ഷിക്കുക. ആ രാഷ്ട്രീയം അവിടെയിരിക്കട്ടെ. ആരാണ് എൽ. ഡി. എഫ്. നെ നയിക്കുന്നത്? സാക്ഷാൽ ഏറമ്പാല കൃഷ്ണൻ നായനാർ, ശ്രീകൃഷ്ണൻ ഇവിടെയാണ്. നിങ്ങൾക്ക് മഹാഭാരതം വ്യാഖ്യാനിക്കാൻ അറിയില്ല. അറിയാത്തതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറോട് പറയുന്നു, പ്രതിപക്ഷത്തിലെ ഓരോ- എം.എൽ.എ.യ്ക്കും കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനത്തിന്റെ ഓരോ കോപ്പി വാങ്ങിക്കൊടുക്കണം എന്ന്. അതിൽ ഭംഗിയായി വ്യാഖ്യാനിച്ചിട്ടുണ്ട്. ശ്രീ. ഏറമ്പാല കൃഷ്ണൻ നായനാരാണ് ഇവിടെ ഇരിക്കുന്നത്. ശ്രീകൃഷ്ണൻ ഇവിടെയാണ്. അതുകൊണ്ട് ഭാരതപുരാണമാണ് പറയുന്നതെങ്കിൽ, ഞങ്ങളാണ് ഭാരതപുരാണത്തിൽ ജയിക്കാൻ പോകുന്ന ശക്തി എന്നുള്ളതുകൊണ്ട്, അദ്ദേഹത്തിന്റെ പേരും അങ്ങെനെയായതുകൊണ്ട് പറഞ്ഞുവെന്നുമാത്രമേയുള്ളൂ. കോൺഗ്രസ്സിന് എവിടെയാണ് ഭരണമുള്ളത് ? ബഹുമാനപ്പെട്ട ആന്റണി, അങ്ങയുടെ സ്വപ്നങ്ങളെല്ലാം കൊള്ളാം. പക്ഷേ തെരഞ്ഞെടുപ്പുകഴിയുമ്പോൾ അങ്ങേയ്ക്ക് പാടുപെടേണ്ടിവരും. ഒരു സിനിമാപാട്ടിന്റെ പാരടി ഞാൻ പാടുകയാണ്.

'കർണ്ണികാരം പൂത്തുതളിർത്തു
കല്പനകൾ താലമെടുത്തു
കണ്മണിയെ കണ്ടില്ലല്ലോ; എന്റെ സഖി വന്നില്ലല്ലോ
കണ്ടവരുണ്ടോ' എന്ന ഗാനം രാഷ്ട്രീയമായി ഇങ്ങനെ മാറ്റിയാൽ
'തെരഞ്ഞെടുപ്പു കഴിഞ്ഞിട്ടും, സർക്കാരുണ്ടായിട്ടും എന്നിട്ടും വന്നില്ലല്ലോ,
എന്റെ സഖി വന്നില്ലല്ലോ
നമ്മുടെ സർക്കാർ, യു.ഡി.എഫ്. സർക്കാർ'

ആരാണ് സഖി? ബി. ജെ. പി. ബി. ജെ. പിയോട് പറയുകയാണ്, നോക്കിക്കോളൂ, ഈ പാട്ടുപോലായിരിക്കും നടക്കാൻ പോകുന്നത്. ഇംഗ്ലീഷ് സാഹിത്യത്തിൽ എപ്പിക്കും ഉണ്ട് മോക്ക് എപ്പിക്കുമുണ്ട്. ഇലിയഡിന്റെ ഓഡീസി, രാമായണം, ഇതൊക്കെ ഇതിഹാസങ്ങളാണ്. എപ്പിക്കിനെ അനുകരിച്ചുകൊണ്ട് അലക്സാണ്ടർ മോക്ക്, ഒരു പെണ്ണിന്റെ തലമുടി ഒരു ക്ലബിൽവച്ച് നായകൻ മുറിച്ചു കളഞ്ഞപ്പോൾ ലോകമാകെ കുലുങ്ങിയതായും, തകർന്നതായും കാണിച്ചുകൊണ്ട് വലിയ മഹാസംഭവം നടക്കുന്നതുപോലെ ഇവളുടെ തലമുടി മുറിഞ്ഞപ്പോൾ ലോകത്ത് എന്തോ ഒക്കെ സംഭവിച്ചു എന്നു പറഞ്ഞത് ഒരു മോക്ക് എപ്പിക്ക് എഴുതിയിട്ടുണ്ട്. അതുപോലെയാണ് കേരള വിമോചനയാത്ര. ആ ജാഥ കഴിഞ്ഞപ്പോൾ 'അതൊരു മഹായുദ്ധമായിരുന്നു, നിങ്ങളുമായുള്ള ആശയപരവും സാമ്പത്തികവും രാഷ്ട്രീയവുമായ യുദ്ധമായിരുന്നു എന്നാണ് പറഞ്ഞത്. അതുകഴിഞ്ഞാണ് നിങ്ങളുടെ മോചനയാത്ര. അത് ഇസബെല്ല എന്ന നായികയുടെ മുടി ക്ലബിൽവച്ച് നായകൻ മുറിച്ചപ്പോഴുണ്ടായതുപോലെ ചെറിയ ശബ്ദം മാത്രമേ ഉണ്ടാക്കിയിട്ടുള്ളൂ. അല്ലാതെ ഇവിടെ ഒന്നും കുലുങ്ങിയിട്ടില്ല. കുലുങ്ങിയത് നിങ്ങളുടെ ചില ആളുകളുടെ ഭദ്രാസനങ്ങളാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയന്റെ യക്ഷി സങ്കല്പംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം യക്ഷികളെപ്പറ്റി പറഞ്ഞു. അദ്ദേഹം വിവരമുള്ള ആളാണ്. പരസ്യമായി സർട്ടിഫൈ ചെയ്യുകയാണ്. പ്രതിപക്ഷത്താണെങ്കിലും പുസ്തകം വായിക്കും. അദ്ദേഹം യക്ഷിയെ തൊട്ടുപോയതുതന്നെ കോൺഗ്രസ് (ഐ)യുടെ അധഃപതനമാണ്. ഗവർണ്ണറുടെ പ്രസംഗത്തിൻമേലുള്ള ചർച്ചയിൽ യക്ഷിയെപ്പറ്റി പറഞ്ഞു. ഒരു യക്ഷിവന്ന് ഞങ്ങളെ ആവശ്യപ്പെടുവാൻ പോകുന്നു എന്നാണ് പറഞ്ഞത്. ഞങ്ങൾക്ക് യക്ഷിയെ വിശ്വാസമില്ല. ഇടതു പക്ഷക്കാരായ സോഷ്യലിസ്റ്റുകാർക്ക് യക്ഷിയെ വിശ്വാസമില്ല. നെഹ്റുവിനു പോലും വിശ്വാസമില്ലായിരുന്നു. എത്ര നല്ല കാര്യങ്ങൾ കോൺഗ്രസ്സ് എന്ന ഒരു മധുമോഹിനി കോൺഗ്രസിനെ പകൽ നോക്കുമ്പോൾ സുന്ദരിയാണ്. പക്ഷെ രാത്രിയാകുമ്പോൾ ആർ.എസ്.എസ്. എന്ന രൂപം കൈക്കൊള്ളുന്ന മായാരൂപിണിയാണ് കോൺഗ്രസ്സ്. ആർ.എസ്. എസ്. ആണ് രാത്രിയിൽ. പകൽ മധുമോഹിനി, രാത്രിയിൽ യക്ഷി. മധുകൊണ്ട് അങ്ങോട്ടുപോകുന്ന ഓരോ ആളും ആർ.എസ്.എസ്. എന്ന യക്ഷിയുടെ കൈയ്യാൽ ചോരകുടിക്കപ്പെടും എന്ന കാര്യം ലീഗിനെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ലീഗ് യക്ഷിപ്പാലകളിലും യക്ഷികളിലും വിശ്വസിക്കുന്നില്ല. ഐക്യകക്ഷികളുടെ, പ്രത്യേകിച്ച് ഘടകക്ഷികളുടെ മാണിസാറിന്റെ പാർട്ടിയുടെയും ലീഗിന്റെയും രക്തം ഊറ്റിക്കുടിക്കുന്ന കോൺഗ്രസ്സാകുന്ന ആർ.എസ്. എസ്. എന്ന യക്ഷിയുടെ പിന്നാലെ പോകുകയാണ് കെ. പി. സി. സി. നേതൃത്വം. ശ്രീ. ജി കാർത്തികേയൻ അങ്ങനെ പറയുവാൻ പാടില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ ഗവൺമെന്റ് ഭരണസ്ഥിരതയുള്ള ഗവൺമെന്റാണ്. നിങ്ങൾ പ്രസംഗിക്കുമായിരുന്നല്ലോ പണ്ട് എവിടെ ഉണ്ട് സി.പി.ഐ (എം) എവിടെ ഉണ്ട് കമ്മ്യൂണിസ്റ്റുകാർ എവിടെ ഉണ്ട് ചെങ്കൊടി എന്ന്. കേരളം കഴിഞ്ഞാൽ ബംഗാളിൽ പോകുന്നതിനിടയ്ക്ക് ചെങ്കൊടി കാണണമെങ്കിൽ റെയിൽവേ സ്റ്റേഷനിൽ നോക്കണം എന്ന്. ഇതാണ് ഉത്തരവാദിത്വമുള്ള യു.ഡി.എഫ് നേതാക്കന്മാരുടെയെല്ലാം പ്രസംഗം. എവിടെ ഉണ്ട് സർ, കോൺഗ്രസ്സിന്റെ കൊടി? ഞങ്ങൾക്ക് കേരളം കഴിഞ്ഞാൽ ബംഗാളിലുണ്ട്. നിങ്ങൾക്ക് കേരളത്തിലും തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ഒറീസയിലും പശ്ചിമ ബംഗാളിലും ഒന്നുമില്ല. നിങ്ങളുടെ കൊടി എങ്ങും ഇല്ല. റെയിൽവേ സ്റ്റേഷനിലുള്ളത് നിങ്ങളുടെ കൊടി അല്ലല്ലോ; അവിടെയുള്ളത് ചുവപ്പുകൊടിയല്ലേ? അതു നിങ്ങൾ സമ്മതിച്ചല്ലോ; അവിടെ പച്ചക്കൊടിയുണ്ട്. നിങ്ങളുടെ കോൺഗ്രസ്സ് കൊടിയില്ല. ഭരണസ്ഥിരതയുള്ള ഒരേയൊരു പ്രസ്ഥാനം ഇടതുപക്ഷ പ്രസ്ഥാനമാണ്. ഇൻഡ്യയിൽ കാൽനൂറ്റാണ്ടുകാലം ഒരു സംസ്ഥാനം ഭരിച്ച പാർട്ടി സി. പി. ഐ (എം) ആണ്. ഒരേയൊരു മുന്നണി ഇടതുപക്ഷ മുന്നണി. സഖാവ് ജ്യോതി ബസു, ഏറ്റവും മഹാനായ കാമരാജൻ നാടാർ പോലും 15 വർഷം ഭരിച്ചില്ല. ഏറ്റവും മഹാനായ കോൺഗ്രസ് മുഖ്യമന്ത്രി ബി. സി. റോയി പോലും 15 വർഷം ഭരിച്ചില്ല. ഏറ്റവും മഹാനായ പഞ്ചാബിന്റെ സിംഹം എന്നറിഞ്ഞിരുന്ന പ്രതാപ്സിങ് ഗെയ്റോൺ പോലും

LIBRARY ARCHIVES Kerala Legislative Assembly

15 വർഷം ഭരിച്ചില്ല. 25 വർഷം ഭരിച്ച് സി. പി. ഐ (എം) പോളിറ്റ് ബ്യൂറോ മെമ്പർ. ഇടതുപക്ഷ മുന്നണി ബംഗാളിൽ 25 വർഷം ഭരണം നടത്തിയിട്ടും, ഭരണ സ്ഥിരതയിത്രയും ഭരിക്കുവാൻ കഴിവില്ലാത്ത കോൺഗ്രസ്സിനാണെന്ന് പറയുന്ന നിങ്ങളെപ്പറ്റി നിങ്ങൾതന്നെ ലജ്ജിക്കുകയാണ് വേണ്ടത്. നിങ്ങൾക്ക് കഴിയുകയില്ല. ഈ കേരളത്തിൽ അഞ്ചുവർഷക്കാലം കാലാവധി പൂർത്തിയാക്കിയ മുഖ്യമന്ത്രി ആരാണ്? സഖാവ് നായനാർ. അതിനവകാശിയായി ഇതിനുമുൻപ് കേരളം ഭരിച്ച ഒരു മുഖ്യമന്ത്രിയേയുള്ളൂ. അതൊരു കമ്മ്യൂണിസ്റ്റുകാരൻ ആയിരുന്ന അച്യുതമേനോൻ ആണ്. രാഷ്ട്രീയ മുന്നണിയുടെ വ്യത്യാസം കൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ശ്രീ. കെ. കരുണാകരൻ എപ്പോഴെങ്കിലും അഞ്ചുവർഷം തികച്ചു ഭരിച്ചോ? ശ്രീ. എ. കെ. ആന്റണി എപ്പോഴെങ്കിലും അഞ്ചുവർഷം തികച്ചു ഭരിച്ചോ? കേട്ടാൽതോന്നും ഇവർ പത്തു പതിനഞ്ചുവർഷം തുടർച്ചയായി ഭരിച്ചു എന്ന്. ശ്രീ. കെ. കരുണാകരൻ ഒരിക്കലും തുടർച്ചയായി അഞ്ചുവർഷക്കാലം കേരളം ഭരിച്ചിട്ടില്ല. അദ്ദേഹത്തെ അടിച്ചുപുറത്താക്കി പ്രതിച്ഛായ നന്നാക്കി. രാജൻകേസ് സംബന്ധിച്ച് കള്ളം പറഞ്ഞതുകൊണ്ട് അധികാരം പോയി. ആന്റണി സാർ അഞ്ചുവർഷം ഭരിച്ചിട്ടില്ല. അഞ്ചുവർഷം കേരള സംസ്ഥാനം ഭരിക്കുവാൻ കഴിഞ്ഞത് ശ്രീ. കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും നേതൃത്വം നൽകിയിരുന്ന യു. ഡി. എഫ്നാണോ? വർഗ്ഗീയ ലഹള ഇല്ലാതെ, വെടിവയ്പ്പില്ലാതെ ജനകീയാസൂത്രണം നടപ്പാക്കി, ഭാവി തലമുറയ്ക്കുവേണ്ടി മഹത്തായ ഒരു പൈതൃകം വളർത്തിയെടുക്കുവാൻ, കഴിഞ്ഞ അഞ്ചുവർഷമായി ജനങ്ങളുടെ ഊർജ്ജം നേടി പ്രകാശിക്കുന്ന ചന്ദ്രനാകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ കണ്ട് ഭൂമിയിൽ നിന്ന് കുരയ്ക്കുന്ന ശ്വാനന്മാരെപ്പോലെ വിഡ്ഢികളാകാതെ നിങ്ങൾ ഈ കുര അവസാനിപ്പിച്ച് ദയവായി ഈ ബഡ്ജറ്റിനെ അംഗീകരിക്കുക. ഞാൻ ഇതിനെ പിന്താങ്ങുന്നു, ജനങ്ങൾ ഇതിനെ പിന്താങ്ങുന്നു എന്നുപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നമസ്ക്കാരം.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഞാൻ ഈ ബഡ്ജറ്റ് പ്രസംഗത്തെ എതിർക്കുകയാണ്. ബഹുമാന്യനായ സുധാകരൻ വേദം ഓതിയ മിമിക്രിയടക്കം നടത്തിയ, പ്രസംഗം വളരെ നന്നായി. നിയമസഭയിൽ പുതുതായി ഗ്യാലറിയിൽ വരുന്ന ആളുകൾക്കൊക്കെ അത് വളരെ രസകരമായിരുന്നിരിക്കും. പക്ഷെ വേറൊന്നും ഉണ്ടായില്ല എന്നത് ശ്രീ. സുധാകരനും അറിയാം. ഒരുകാര്യം എനിക്ക് വളരെ ക്ലിയറായി. ഇന്നലെ രാവിലെ മുതൽ ഈ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിച്ച എല്ലാപേരുടെയും പ്രസംഗങ്ങൾ ഞാൻ കേൾക്കുകയായിരുന്നു. അപ്പുറത്തുനിന്നുള്ളവരുടെ പ്രസംഗങ്ങൾ പ്രത്യേകം ശ്രദ്ധിച്ചു. എല്ലാപേർക്കും ഒരു ഭയമാണ്. വലിയ ഭയം, നിയമസഭാ തെരഞ്ഞെടുപ്പിനെ സമീപിക്കുമ്പോൾ അതിനു മുമ്പായി.....

ശ്രീ. ജി. സുധാകരൻ : മഞ്ചേശ്വരത്താണ് തുടക്കം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : മഞ്ചേശ്വരത്തെക്കുറിച്ച് പറയാം. നിയമസഭാ തെരഞ്ഞെടുപ്പിനു മുൻപായി ഐക്യ ജനാധിപത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ ശ്രീ. എ. കെ. ആന്റണി മഞ്ചേശ്വരത്തുനിന്നും ആരംഭിച്ച മോചന യാത്രയെക്കുറിച്ച് അപ്പുറത്ത് ട്രഷറിബഞ്ചിൽ നിന്നും പ്രസംഗിച്ച ആരും തന്നെ പറയാതിരുന്നില്ല എന്നുള്ളതിൽ നിന്നാണ് നിങ്ങളുടെ ഭയത്തെക്കുറിച്ച് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്. നിങ്ങൾക്ക് ഏറെ ഭയമുണ്ട് എന്നുള്ളതു ആ യാത്ര പര്യവസാനിച്ചപ്പോൾ മനസ്സിലായി. യാത്ര തുടങ്ങിയതു മുതൽ പര്യവസാനിക്കുന്നതുവരെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ചൊക്കെ ഇവിടെ വളരെ ഗൗരവമായിത്തന്നെ പറഞ്ഞു. ഇൻഡ്യയിൽ നിന്നു മോചനം ഉണ്ടാക്കുന്നതിനുവേണ്ടിയല്ല ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ മോചനയാത്ര നടത്തിയത്, ദുരിതം അനുഭവിക്കുന്ന കേരളത്തെ നിങ്ങളിൽനിന്നും രക്ഷിക്കുവാൻവേണ്ടിയാണ്. ആകാര്യം ബോദ്ധ്യമായതു കൊണ്ടാണല്ലോ അപ്പുറത്തുനിന്നും പ്രസംഗിച്ച മുഴുവൻ ആളുകളും ആ മോചനയാത്രയെക്കുറിച്ച് പറഞ്ഞത്. ഇനിയും പറയും, നിങ്ങൾ പറഞ്ഞു കൊണ്ടേയിരിക്കും. ഈ നാടിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിയും പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ടിരിക്കുമ്പോൾ അതിനു കടകവിരുദ്ധമായി കഴിഞ്ഞ അഞ്ചു വർഷക്കാലം നിങ്ങൾ ഭരിച്ച് നാട്ടിൽ തെറ്റായ സമീപനം സ്വീകരിച്ച് ഈ കേരളത്തിലെ ജനജീവിതം ദുരിതപൂർണ്ണമാക്കിയത് എല്ലാപേരും മനസ്സിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ പുനർനിർമ്മാണമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. കേരള മോചന യാത്രയിലുടനീളം ഞങ്ങൾ അത് പറഞ്ഞിട്ടുണ്ട്. വരുന്ന പൊതു തെരഞ്ഞെടുപ്പിൽ വിജയം വരിച്ച് ഞങ്ങൾ അധികാരത്തിൽവരും. ഇവിടെ ഭരണത്തിന്റെ കാര്യത്തെക്കുറിച്ച് ശ്രീ. ജി. സുധാകരൻ സൂചിപ്പിച്ചു. ഭരണം ഉണ്ടാകും. പക്ഷെ അത് ഞങ്ങളുടേത് ആയിരിക്കും. ജനങ്ങളെ ദുരിതത്തിലാക്കിയ, പട്ടിണിയിലാക്കിയ നിങ്ങളുടെ ഭരണത്തിന് മരണം ഉണ്ടാകുമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. എല്ലാ ആണികളും അടിച്ചു. പക്ഷെ ഒന്നും തറച്ചില്ല എല്ലാ ആണികളും ഒന്നിച്ചു തറച്ചാൽ നിങ്ങൾക്കുണ്ടാകുന്ന അനുഭവത്തെക്കുറിച്ച് എന്താണ് മനസ്സിലാക്കുക എന്ന് എനിക്ക് അറിയില്ല. ഒരു വലിയ ആണികൂടിയുണ്ട്. ഇതെല്ലാം ഒന്നിച്ച് തറയ്ക്കാൻ പോവുകയാണ്. എപ്പോൾ? തറയ്ക്കുവാൻ അവസരം വരുന്നു. നിയമസഭാ തെരഞ്ഞെടുപ്പ്. ഇവിടെ ബി. ജെ. പി. യെക്കുറിച്ചൊക്കെ പ്രസംഗിച്ചു. ഗവർണ്ണറുടെ പ്രസംഗത്തിനു നന്ദി പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചതു മുഴുവൻ ബി. ജെ. പി. യെക്കുറിച്ചും അതുപോലെത്തന്നെ മുസ്ലീംലീഗിൽ ഗ്രൂപ്പുണ്ടെന്നും മറ്റുമാണ്. മുസ്ലീംലീഗിൽ ഗ്രൂപ്പില്ലെന്ന് കേരളത്തിൽ എല്ലാപേർക്കും അറിയാം. മുസ്ലീംലീഗിനെ മഹാനായ പാണക്കാട് സെയ്ത് മുഹമ്മദലി ഷിഹാബ് തങ്ങളാണ് നയിക്കുന്നത്. ആ മുസ്ലീംലീഗിൽ ഗ്രൂപ്പുണ്ടാവുകയില്ല. ഗ്രൂപ്പ് ഉണ്ടായാൽ ആ ഗ്രൂപ്പിനെ സെക്കന്റുകൊണ്ട് എടുത്തുകളയും. ഇവിടെ പലരും ഇതിനുമുൻപ് പറഞ്ഞതുപോലെയല്ല. മുസ്ലീംലീഗിന്റെ പ്രവർത്തനവും അതുതന്നെയാണ്. ഞങ്ങളിൽ ഗ്രൂപ്പുണ്ടെന്ന് വരുത്തിത്തീർക്കുവാനുള്ള നിങ്ങളുടെ പ്രസംഗമൊന്നും ജനങ്ങളിൽ ഏശില്ല എന്ന കാര്യം വളരെ വ്യക്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ : ഇവിടെ അങ്ങനെ ആരും പറഞ്ഞില്ല,

ശ്രീ. പെർക്കളം അബ്ദുള്ള : നിങ്ങൾ പറഞ്ഞല്ലോ; ഗവർണ്ണറുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തിന്റെ ചർച്ചയ്ക്കിടയിൽ മൂന്നുപ്രസംഗത്തിൽ പറഞ്ഞു. ഞങ്ങളിൽ ഗ്രൂപ്പുണ്ടെന്ന് പറഞ്ഞു. ഇപ്പോൾ പറഞ്ഞല്ലോ ലീഗിന്റെ ചോരകുടിക്കുവാനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്ന്. ലീഗിന്റെ ചോരകുടിക്കുവാൻ കോൺഗ്രസ്സിനു കഴിയില്ല. നിങ്ങൾക്കും കഴിയില്ല. ആർക്കും കഴിയില്ല. രാഷ്ട്രീയത്തിൽ സ്ഥിരതയുള്ള മഹത്തായ ഒരു പ്രസ്ഥാനമാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്, ഒരു കാരണവശാലും ഞങ്ങളുടെ ചോര കുടിക്കുവാൻ ആരെയും അനുവദിക്കുകയില്ല എന്നുള്ളകാര്യം വളരെ വ്യക്തമാണ്. ഇവിടെ വികസനത്തെ സംബന്ധിച്ച് ധാരാളം കാര്യങ്ങൾ പറഞ്ഞു. ഗ്രാമതലത്തിലുള്ള വികസനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഞാൻ ചോദിക്കട്ടെ, ജനകീയാസൂത്രണ പദ്ധതികളുടെ പദ്ധതിവിഹിതം ഒക്കെ ചെലവാക്കിയിട്ട് പറഞ്ഞല്ലോ രണ്ടാം ഗഡു കൊടുത്തു. മൂന്നാം ഗഡുകൊടുത്തില്ല എന്ന്. രണ്ട് ഗഡുകൊടുത്തതിന്റെ ചെക്ക് ബാങ്കുകളിൽനിന്നും തിരിച്ചുവരുന്ന കാര്യം ഇന്നലെയും ടി.വിയിൽ കണ്ടു. ആയിരത്തിൽ ചിലാനം രൂപയുടെ ചെക്ക് കൊണ്ടുവന്ന ആളിന്റെ കഥ കേട്ടു. നാലാം ഗഡു കിട്ടില്ല എന്നത് ഉറപ്പാണ്.

സർ, ഇപ്പോൾ നമ്മുടെ ഒരു വർഷത്തെ വികസനപ്രവർത്തനങ്ങൾക്കുള്ള പണമെന്നു പറയുന്നത് പദ്ധതി വിഹിതത്തിന്റെ 25 ശതമാനം മാത്രമാണ് എന്ന് വളരെ വ്യക്തമായി പറയാൻ കഴിയും. ഗ്രാമങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല. ബെനിഫിഷ്യറി കമ്മിറ്റികൾ ഒന്നുംതന്നെ വർക്കുകൾ എടുക്കാൻ തയ്യാറാകുന്നില്ല എന്നുള്ളതാണ് സത്യം. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ പുതിയതായി ഒന്നുമില്ല. അദ്ദേഹം പറഞ്ഞു. സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ പലകാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന്. ഉൾപ്പെടുത്താൻ വേണ്ടിയാണല്ലോ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും ഗവൺമെന്റുമൊക്കെ ഇവിടെ നിൽക്കുന്നത്. ഈ സംസ്ഥാനത്തിന്റെ വികസനവും സംസ്ഥാനത്തെ ജനങ്ങളുടെ പുരോഗതിയും അവരുടെ ക്ഷേമവുമൊക്കെ ആവശ്യമാണ്. പക്ഷെ ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിക്കുന്നതിന് മുൻപ് ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞത്, 'ഭാവിതലമുറയ്ക്ക് കാലുറപ്പിച്ചു നിൽക്കാനുള്ള അടിത്തറ നാം പാകിക്കഴഞ്ഞു. വസ്തുതാപരമായി പറഞ്ഞാൽ, ഞങ്ങൾക്കു പ്രിയപ്പെട്ടവയും പ്രതിബദ്ധതയുള്ളതുമായ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ഞങ്ങൾ ഈ കാലത്ത് ആത്മാർത്ഥമായി പ്രയത്നിച്ചിട്ടുണ്ട്' എന്നാണ്. ഏതു കാലത്ത്? അഞ്ചു വർഷക്കാലത്ത്. എന്തിനു വേണ്ടി, ആർക്കുവേണ്ടി എന്നുള്ളത് എല്ലാവർക്കുമറിയാം. നേരത്തെയുണ്ടായിരുന്ന നിങ്ങളുടെ മുദ്രാവാക്യം 'ഞങ്ങൾക്ക് നഷ്ടപ്പെടുവാനൊന്നുമില്ല, ചങ്ങലകൾ മാത്രം' എന്നായിരുന്നു. ഇപ്പോൾ പുതിയ മുദ്രാവാക്യം എന്താണ്? 'നഷ്ടപ്പെടുവാൻ പലതുമുണ്ട്, ചാനലടക്കം' എന്നാണ്. അതു ഞാൻ ആവർത്തിക്കുന്നില്ല. ധനകാര്യ മാനേജ്മെന്റും മറ്റു കാര്യങ്ങളുമൊക്കെ ഇവിടെ പറഞ്ഞു. ഇവിടെ വേദം പറഞ്ഞതുകൊണ്ട് കാര്യമില്ല. ബി. ജെ. പി.-യെക്കുറിച്ച് ബഹുമാനപ്പെട്ട പി. രാഘവൻ പറയുകയുണ്ടായി, മഞ്ചേശ്വരത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറഞ്ഞു. മഞ്ചേശ്വരത്ത് അക്കൗണ്ട് തുറക്കാൻവേണ്ടി ബി. ജെ. പി. ശ്രമം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. നിങ്ങളിവിടെ വേദമോതി പ്രസംഗിച്ചതുകൊണ്ട് കാര്യമില്ല. അങ്ങനെയുള്ള സ്ഥലത്ത് മതേതര ജനാധിപത്യ കക്ഷികൾ ഒന്നിച്ചുനിൽക്കണമെന്ന് ഞങ്ങൾ പറഞ്ഞിട്ടുള്ളതാണ്. യു.ഡി.എഫ്.-ന്റെ നയം അതാണ്. ആ മതേതര ജനാധിപത്യ കക്ഷികൾ ഒന്നിച്ചുനിന്ന് ഫാസിസ്റ്റ് ശക്തികളെ തകർക്കാൻവേണ്ടി നടത്തുന്ന ശ്രമങ്ങളിൽ നിങ്ങളുടെ പങ്കാളിത്തവും വേണം. നിങ്ങളുടെ പങ്കാളിത്തം ഇപ്പോൾ ഉണ്ടാകണമെന്നുള്ളതാണ്....

ശ്രീ. പി. രാഘവൻ : സർ, ബഹുമാനപ്പെട്ട ചെർക്കളം അബ്ദുള്ള ബി.ജെ.പി.-ക്കെതിരായി പറയുകയാണ്. നല്ല കാര്യം. പക്ഷെ അവിടെ, മംഗൽപാടി പഞ്ചായത്തിൽ രണ്ടു സീറ്റുള്ള ബി. ജെ. പി. യ്ക്ക് മൂന്നു സീറ്റുള്ള ലീഗ് മൂന്നു വോട്ട് കൊടുത്ത്, അഞ്ചു വോട്ടു കിട്ടി ബി. ജെ. പി.-യുടെ ആളിനെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനാക്കിയത് അങ്ങയുടെ മണ്ഡലത്തിലല്ലേ?

ശ്രീ. ചെർക്കളം അബ്ദുള്ള : പഞ്ചായത്തിന്റെ പൊതുവിലുള്ള സ്ഥിതി ശ്രീ. രാഘവന് അറിയാമല്ലോ. മുസ്ലീം ലീഗിന് 10 സീറ്റ്. 9 സീറ്റുകൾ പ്രതിപക്ഷത്തിനാണ്. അപ്പോൾ സ്റ്റാൻഡിംഗ് കമ്മിറ്റിയൊക്കെ എങ്ങനെ കിട്ടുമെന്നുള്ളതു സംബന്ധിച്ച് ആലോചിച്ചാൽ മതി. ഞങ്ങൾ ഒരു കാരണവശാലും അറിഞ്ഞുകൊണ്ട് ബി. ജെ. പി.യ്ക്ക് ഏതെങ്കിലും സ്ഥാനം കൊടുക്കുന്നതിന് അനുകൂലമല്ല, പൂർണ്ണമായും എതിരാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ഏറ്റവും വലിയ ശത്രു തന്നെയാണ് ബി. ജെ. പി. എന്ന് ഒരാവർത്തികൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബി. ജെ. പി. ഈ രാജ്യത്ത് കടന്നുവരുന്നതിലുള്ള ശക്തമായ എതിർപ്പ് ഞങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്; മതേതര ജനാധിപത്യ വിശ്വാസികളുടെ സഹകരണത്തോടുകൂടി കഴിഞ്ഞ കാലങ്ങളിലെല്ലാം അതു തുടർന്നിട്ടുമുണ്ട്. അതിനിയും ആവർത്തിക്കും. അക്കാര്യത്തിൽ നിങ്ങളുടെ സഹകരണംകൂടി ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. പി. ബാലൻവൈദ്യർ : സർ, ബഹുമാനപ്പെട്ട ചെർക്കളം അബ്ദുള്ള അദ്ദേഹത്തിന്റെ പാർട്ടിയുടെ നിലപാട് വ്യക്തമാക്കി. അങ്ങയുടെ പാർട്ടിയുടെ മുഖ്യശത്രു ബി. ജെ. പി. ആണ്. അവരുമായി ഒരിക്കലും കൂട്ടുകൂടില്ല എന്നു പറഞ്ഞു. ബി. ജെ. പി.-യുമായി കൂട്ടുകെട്ടുണ്ടാക്കാൻ ശ്രമിക്കുന്ന കോൺഗ്രസ്സിന്റെ നടപടിയോടും, കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പിന്റെ നടപടിയോടും, അത്തരമൊരു ധാരണ അവരുണ്ടാക്കിയാൽ, അങ്ങും അങ്ങയുടെ പാർട്ടിയുമെടുക്കുന്ന നിലപാട് എന്തായിരിക്കുമെന്നു പറയാമോ?

ശ്രീ. ചെർക്കളം അബ്ദുള്ള : കേരളത്തിലെ യു.ഡി.എഫ്. ഒരു കാരണവശാലും അത്തരത്തിലുള്ള കൂട്ടുകെട്ടിൽ ഏർപ്പെടില്ല എന്നുള്ളത് വ്യക്തമാണ്. അത് യു. ഡി. എഫ്-ന്റെ നേതാക്കൻമാർ അസന്നിഗ്ദ്ധമായ ഭാഷയിൽ പറഞ്ഞിട്ടുണ്ട്. യു. ഡി. എഫ്-ന്റെ ഏതെങ്കിലും ഘടകകക്ഷി പാർട്ടി.... അങ്ങനെ പല കാര്യങ്ങളും കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നത് സംബന്ധിച്ച് നിങ്ങൾ സ്വീകരിച്ച നയം എന്തായിരുന്നു? ആ നയങ്ങളൊക്കെ എങ്ങനെ നടപ്പിലാക്കിക്കഴിഞ്ഞു എന്നുള്ളത് നിങ്ങൾക്കൊക്കെ അറിയാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം അതു ഞാൻ പറയേണ്ട ആവശ്യമുണ്ടോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ : 1991-ലെ, തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ബി. ജെ. പി. തന്നെ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അതിൽ മഞ്ചേശ്വരത്ത് കെ. ജി. മാരാർക്ക് ലീഗ് ഇത്ര വോട്ട് കൊടുക്കും. പകരം കോഴിക്കോട് ഇന്നയിന്നമണ്ഡലങ്ങളിൽ ബി. ജെ. പി. ഇത്രയിത്ര വോട്ട് കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചിട്ടുള്ളതാണ്. അത് ഇന്ന് രേഖയായി പരസ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അത്തരം ഒരു സാഹചര്യത്തിൽ 1991 ആവർത്തിക്കാതിരിക്കാൻ എന്തു നടപടിയെടുക്കും?

ശ്രീ. ചെർക്കളം അബ്ദുള്ള : ജീവിച്ചിരിപ്പില്ലാത്ത ഒരാളിന്റെ കഥ, മരണത്തിനുശേഷം ആരോ ഉണ്ടാക്കിയ കഥ എന്നതിൽക്കവിഞ്ഞ് ഇതുസംബന്ധിച്ച് മറ്റൊന്നും പറയുന്നില്ല. നിങ്ങൾ ബി. ജെ. പി. വരുന്നതിനെ തടയിടുന്നതിന് പ്രധാന പങ്കു വഹിക്കുന്നുവെന്നുള്ളത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ്.....

ശ്രീ. എം. വി. ജയരാജൻ : ജീവിച്ചിരിപ്പുള്ള ആളുടെ കാര്യം പറഞ്ഞാൽ അങ്ങു വിശ്വസിക്കുമോ? എന്റെ കയ്യിലിരിക്കുന്ന റിപ്പോർട്ട് ഞാൻ മേശപ്പുറത്തു വയ്ക്കാം. അയ്യപ്പൻപിള്ള, ഡോ. സേവ്യർ പോൾ, പള്ളിയറ രാമൻ എന്നിവർ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ നിങ്ങളെപ്പറ്റി പറഞ്ഞിട്ടുള്ള വ്യക്തമായ കാര്യമാണ് ഇവിടെ പരാമർശിച്ചത്. He further said that BJP- we should give 2000 votes to League candidate Dr. Muneer in Kozhikode - II and he said Mararji will be given 2000 votes of IUML. എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആ മുന്നണി 1991-ൽ ഉണ്ടാക്കി എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. അതുകൊണ്ട് ജീവിച്ചിരിക്കുന്ന ആളുടെ കാര്യമെങ്കിലും അങ്ങു വിശ്വസിച്ച്, 1991-ൽ നിങ്ങളെ അപകടത്തിലാക്കിയതുകൂടി കണക്കിലെടുത്ത്, 2001-ൽ അത്തരമൊരു അവിശുദ്ധ കൂട്ടുകെട്ട് ഉണ്ടാക്കുന്ന ശ്രീ. കെ. എം. മാണിയെ അതിൽനിന്നും പിൻതിരിപ്പിക്കാൻ നിങ്ങൾ തയ്യാറാകുമോ? അല്ലെങ്കിൽ ശ്രീ. കെ. എം. മാണിയെ മുന്നണിയിൽ നിന്ന് പുറത്താക്കുമോ ?

ശ്രീ. ചെർക്കളം അബ്ദുള്ള : ഐക്യജനാധിപത്യമുന്നണിയുടെ ഘടക പാർട്ടികൾ ഒന്നും തന്നെ ബി.ജെ.പി.-യുമായി തെരഞ്ഞെടുപ്പു സഖ്യത്തിലില്ല എന്നുള്ളത് വ്യക്തമാക്കിക്കഴിഞ്ഞിരിക്കുകയാണ്. പിന്നെ രേഖ മേശപ്പുറത്തു വയ്ക്കാൻ എന്താണുള്ളത്? അത് സർക്കാരിന്റെ ഔദ്യോഗികരേഖയാണോ? ആരോ കമ്മിഷനെ നിയമിച്ചു. ആരോ അന്വേഷിച്ചു. ആരോ എന്തോ എഴുതി എന്നു മാത്രമേയുള്ളൂ. അല്ലാതെ മറ്റൊന്നുമില്ലെന്നുള്ള കാര്യം വളരെ വ്യക്തമാണ്. ഞങ്ങൾ ബി. ജെ. പി.-യെ എതിർത്തുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി.-യെ എതിർക്കുന്നതിൽ നിങ്ങളുടെ ഭാഗത്തുനിന്നുള്ള പൂർണ്ണമായ സഹകരണം ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾ കേന്ദ്രത്തിനെതിരെ സമരം നടത്തിയില്ല എന്നു പറഞ്ഞു. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം നിരവധി സമരങ്ങൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ നമ്മളെല്ലാവരും ദുരിതമനുഭവിക്കുന്ന, നമുക്കെല്ലാം ഏറ്റവും ഷോക്ക് ഏറ്റ കാര്യം നിങ്ങൾക്കറിയാം. അടയ്ക്കയുടെയും തേങ്ങയുടെയും റബ്ബറിന്റെയും വിലയിടിവ്. കാസർകോട്, മഞ്ചേശ്വരം നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചിടത്തോളം അടയ്ക്ക .വാങ്ങാൻ ആളില്ലാത്ത ഒരു സ്ഥിതി വിശേഷമുണ്ട്. ആ സ്ഥിതിവിശേഷം ബി. ജെ. പി.-യെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ദോഷമാണ്. ബി. ജെ. പി.-യെ അടിച്ചമർത്താൻ ആ ഒരൊറ്റ കാര്യം മതി. അവരുടെ ആളുകൾ തന്നെ അതിന് നേതൃത്വം വഹിച്ചു കൊള്ളുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. 'ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ല, കേന്ദ്രമാണ് ഉത്തരവാദി എന്ന് നിങ്ങൾ പല സന്ദർഭങ്ങളിലും പറഞ്ഞു. അതൊരു പ്രചരണമാക്കിക്കൊണ്ട്, അവർക്കെതിരെയുള്ള പ്രചരണമായി മാറ്റിയെടുക്കാൻ അപ്പുറത്തിരിക്കുന്ന ആളുകൾ ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഞങ്ങൾ ഇറക്കുമതി നയത്തിനെതിരായി സമരം ചെയ്തു. കാർഷികമേഖലയുടെ തകർച്ചയ്ക്കെതിരായി സമരം ചെയ്തു. യൂസേഴ്സ് ഫീസിനെതിരായി സമരം ചെയ്തു. കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി, അവരുടെ പ്രവർത്തനങ്ങൾക്കെതിരായി മുസ്ലീം ലീഗ് നിരവധി സമരങ്ങൾ നടത്തിയിട്ടുണ്ട്. ഇനിയും ആവശ്യമായി വരുന്ന സന്ദർഭങ്ങളിലെല്ലാം കേന്ദ്ര ഗവൺമെന്റിനെതിരായി വേണ്ട വിധത്തിൽ വളരെ ശക്തമായി സമരം നടത്തുമെന്നുള്ള കാര്യം ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അടയ്ക്കയുടെ വിലയിടിവിനെപ്പറ്റി ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ബി. ജെ. പി. യുടെ നേതാവ്, ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. അടൽ ബിഹാരി വാജ്പേയി കഴിഞ്ഞ വർഷം മംഗലാപുരത്ത് സെൻട്രൽ മൈതാനിയിൽ പ്രസംഗിക്കവേ അടയ്ക്ക എടുത്തിട്ട് ചോദിച്ചു, ഇതെന്താണ്? സുപാരി. സുപാരിക്ക് ഇപ്പോൾ എന്തു വിലയാണ്? 165 രൂപ. ഒരു കിലോയ്ക്ക് 165 രൂപ. ഇതാരുണ്ടാക്കിയതാണ്- ഞങ്ങളുണ്ടാക്കിയ വിലയാണ് എന്നു പറഞ്ഞു. 165 രൂപ ബി. ജെ. പി. ഉണ്ടാക്കിയ വിലയാണെന്ന് പ്രസംഗിച്ചു പോയ ശ്രീ. വാജ്പേയി മഞ്ചേശ്വരത്ത് തിരിച്ചുവരാൻ ഇപ്പോൾ ഷെഡ്യൂൾ ഇട്ടിരിക്കുന്നു. അദ്ദേഹം മംഗലാപുരത്തുകൂടിയാണ് കടന്നുവരുന്നത്. അടയ്ക്കാ കർഷകരുടെ മദ്ധ്യത്തിലൂടെയാണ് കടന്നുവരുന്നത്. ഇപ്പോൾ അടയ്ക്ക വാങ്ങാൻ മംഗലാപുരത്ത് ആളില്ല. ഇൻഡ്യയിലെവിടെയും അടയ്ക്ക വാങ്ങാനാളില്ലാത്ത സ്ഥിതിയുണ്ട്. അതുപോലെ തേങ്ങയ്ക്കും റബ്ബറിനുമൊക്കെ വിലയില്ലാത്ത സ്ഥിതിയുണ്ട്. ഈ കാര്യത്തിലൊക്കെ വളരെ വ്യക്തമായ അഭിപ്രായങ്ങൾ ജനങ്ങൾക്കുണ്ട്. ജനങ്ങൾ അതു രേഖപ്പെടുത്തുമെന്നുമാത്രം ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഫാസിസ്റ്റുകളെ തകർക്കുന്നതിനുവേണ്ടി, അവരുടെ പ്രവർത്തനം ജനങ്ങൾക്ക് ദോഷകരമായിരിക്കുന്നു എന്ന കാര്യത്തെ സംബന്ധിച്ചുമൊക്കെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഈ തെരഞ്ഞെടുപ്പിൽ അവർക്കെതിരെയുള്ള ശക്തമായ നീക്കം നടത്തുന്നതിന് നിങ്ങളൊക്കെ തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. വിമർശകരെ ഉത്തരം മുട്ടിച്ച ഒരു ബഡ്ജറ്റാണ് നമ്മുടെ ധനകാര്യ മന്ത്രി

12 NOON] കഴിഞ്ഞ ദിവസം ഇവിടെ അവതരിപ്പിച്ചത്. ഇതൊരു ഭംഗിവാക്കല്ല. 1996-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ആദ്യത്തെ ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ആനകയറിയ കരിമ്പിൻ തോട്ടം പോലെയായിരുന്നു. സകലമാന മേഖലകളിലും മുരടിപ്പും തകർച്ചയും അഴിമതിയും കൊടുകാര്യസ്ഥതയും എല്ലാ വിധത്തിലുള്ള പെൻഷനുകളും കുടിശ്ശിക, കരാറുകൾക്കുള്ള സംഖ്യയും കുടിശ്ശിക ഇങ്ങനെ ആകമാനം ഒരു തകർന്ന അവസ്ഥയിലായിരുന്നു സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി. അതാണ് ഞാൻ പറഞ്ഞത്, ആനകയറിയ കരിമ്പിൻ തോട്ടത്തിന്റെ അവസ്ഥയിലായിരുന്നുവെന്ന്. അതിൽനിന്നും പടിപടിയായി ഈ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തിക്കൊണ്ടു വരുന്നതിൽ, വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിൽ, മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിൽ ഒക്കെ ഗവൺമെന്റ് കാണിച്ച അതീവമായ സാമർത്ഥ്യവും, സംസ്ഥാനത്തെ ജനങ്ങളോടുള്ള പ്രതിബദ്ധതയുമൊക്കെയാണ് ഈ ബഡ്ജറ്റിൽ, അദ്ദേഹം പ്രകടിപ്പിച്ച ഓരോ അഭിപ്രായത്തിലും മുഴച്ചു നിൽക്കുന്നത്. അതിനെക്കുറിച്ച് കൂടുതൽ വിശദീകരണങ്ങളിലേയ്ക്ക് പോകുന്നില്ല. കഴിഞ്ഞ 5 വർഷക്കാലത്ത് മറ്റെങ്ങുമില്ലാത്ത സാമ്പത്തിക വികസനം കൈവരിച്ചത് പ്രധാനമായും അദ്ദേഹം മൂന്നു കാര്യങ്ങൾക്ക് കൂടുതൽ ശ്രദ്ധ കൊടുത്തതുകൊണ്ടാണ്. ഈ സമയംതന്നെ മറ്റു സംസ്ഥാനങ്ങളുടെ സ്ഥിതി നോക്കണം. കടത്തിന്റെ കാര്യത്തിലായാലും സാമ്പത്തിക വളർച്ച നേടുന്ന കാര്യത്തിലായാലും വ്യവസായ മേഖലയിലെ വളർച്ചയുടെ കാര്യത്തിലായാലും അതെല്ലാമെടുത്ത് താരതമ്യം ചെയ്തുനോക്കണം. ഇപ്പോൾ ഗവൺമെന്റ് കൊടുക്കുന്ന ശമ്പളത്തിന്റെ കാര്യംതന്നെ പറഞ്ഞു. കേരളത്തിലെ ഗവൺമെന്റ് ജീവനക്കാർക്കായാലും പൊതുമേഖലയിലെ തൊഴിലാളികൾക്കായാലും പെൻഷൻകാർക്കായാലും ഒരു മുടക്കവും കൂടാതെ ശമ്പളം കൊടുക്കുന്നുവെന്ന് ചങ്കൂറ്റത്തോടെ പറയാനുള്ള ആർജ്ജവം ധനകാര്യവകുപ്പുമന്ത്രിക്കുണ്ട്. മറ്റു പല സംസ്ഥാനങ്ങളിലും, ഏഴെട്ട് സംസ്ഥാനങ്ങളിലെങ്കിലും മാസങ്ങളായി അതെല്ലാം മുടങ്ങിക്കിടക്കുകയാണ്. ഡി. എ. മരവിപ്പിക്കുന്നു. ശമ്പളം കൃത്യമായി കൊടുക്കുന്നില്ല, പുതിയ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല, തസ്തികകൾ വെട്ടിക്കുറയ്ക്കുകയല്ലേ? പബ്ലിക് സെക്ടറിൽത്തന്നെ ഈ കാലയളവിൽ വെട്ടിക്കുറച്ച തസ്തികകൾ എത്രയാണ്? എല്ലാമേഖലയിലും പത്ത് ശതമാനത്തോളം തസ്തികകൾ വെട്ടിക്കുറയ്ക്കുന്നുവെന്ന് പ്രധാനമന്ത്രി പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നു. ഇപ്പോൾ ബഡ്ജറ്റ് പ്രസംഗം വന്നുകൊണ്ടിരിക്കുകയാണല്ലോ. അതിലൊക്കെ കാണുന്നത്, വ്യക്തമായ വിവരങ്ങൾ കിട്ടിയില്ല നമുക്ക് കിട്ടുന്ന സൂചനകളെന്താണ്? കേന്ദ്രഗവൺമെന്റ് അവതരിപ്പിച്ച സാമ്പത്തിക സർവ്വേതന്നെ അതിലേയ്ക്ക് വിരൽ ചൂണ്ടിയിട്ടുണ്ടല്ലോ. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ സന്ദർഭത്തിൽ നമ്മുടെ ജീവനക്കാർക്ക് വേതന വർദ്ധനവും സാധാരണക്കാർക്ക് വില നിയന്ത്രണം പോലെയുള്ള ആനുകൂല്യങ്ങളും പല സൗജന്യങ്ങളും കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നിഷേധിച്ചപ്പോൾ കേരള സംസ്ഥാനത്തിൽ അത് നിലനിർത്തുകയും വർദ്ധിപ്പിക്കുകയുമാണ് ചെയ്തത്. ഇതൊക്കെ മറച്ചുവച്ചുകൊണ്ട് കേരളം കടക്കെണിയിലാണെന്ന് കല്ലുവച്ച നുണ പ്രചരിപ്പിക്കുകയാണ് യു. ഡി. എഫ്. നേതൃത്വം. അതിന് അവരുടെ കൈയിൽ കുറെ പ്രചരണ മാധ്യമങ്ങളുമുണ്ട്. ഇടതുപക്ഷത്തെ അനുകൂലിക്കാനോ അല്ലെങ്കിൽ വസ്തുതകൾ എഴുതാനോ പത്രങ്ങളും പ്രചരണ മാധ്യമങ്ങളും തയ്യാറാകുന്നില്ല. അതുകൊണ്ട് കുറെ ജനങ്ങൾ കബളിപ്പിക്കപ്പെടുകയാണ്. അങ്ങനെ കബളിപ്പിക്കാനുള്ള കല്ലുവച്ച നുണ നിങ്ങൾ പ്രചരിപ്പിക്കുകയാണ്. അത് പ്രചരിപ്പിച്ചതുകൊണ്ട് കാര്യമുണ്ടോ? നിങ്ങൾ പിരിഞ്ഞുപോകുമ്പോൾ കർഷകത്തൊഴിലാളി പെൻഷൻ, മത്സ്യത്തൊഴിലാളി പെൻഷൻ, പാവപ്പെട്ട തൊഴിലാളികളുടെ പെൻഷൻ തുടങ്ങിയവ എത്രമാസത്തേത് കുടിശ്ശിക വച്ചു?

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ കല്ലുവച്ച നുണകളെന്നുപറഞ്ഞു. ഈ ബഡ്ജറ്റ് ഇൻ -ബ്രീഫും ഇക്കണോമിക് റിവ്യൂവുമൊക്കെ ഞങ്ങളുണ്ടാക്കിയതാണ്. അതിൽ ആളോഹരി കടം എത്രയാണെന്നുപറയാമോ ? ശമ്പളം കൊടുക്കുന്നത് ഒരു നേട്ടമായി ഈ നിയമസഭയിൽ പറയേണ്ട ഒരു ഗതികേടിലാണ് നിങ്ങളിപ്പോൾ.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശമ്പളം കൊടുക്കുന്നതുമാത്രമല്ല, ഞാൻ പറഞ്ഞത് നിങ്ങൾ ഒരു താരതമ്യപഠനം നടത്തണം. പഞ്ചായത്തിന് കൊടുത്തതുൾപ്പെടെ ഈ സംസ്ഥാന ഗവൺമെന്റിന്റെ ചിലവുകളുമായി ബന്ധപ്പെട്ട് ശ്രീ. ജി. സുധാകരൻ വളരെ വിശദമായി ഇവിടെ സംസാരിക്കുകയുണ്ടായല്ലോ. മറ്റു പല സംസ്ഥാനങ്ങളിലും, കേന്ദ്രത്തിലുൾപ്പെടെ, തസ്തികകൾ വെട്ടിക്കുറയ്ക്കുകയും ശമ്പളംപോലും കൊടുക്കാൻ കഴിയാതിരിക്കുകയും പബ്ലിക് സെക്ടറിലെ തൊഴിലാളികളുടെ വേതനം മരവിപ്പിക്കുകയുമെല്ലാം ചെയ്യുന്ന ഒരവസ്ഥ വച്ചുകൊണ്ട് നമുക്കൊന്ന് കംപെയർ ചെയ്യണ്ടേ? മൂലധന നിക്ഷേപങ്ങളുടെ കാര്യത്തിൽ കേരളം നേടിയ ഈ നേട്ടം കണ്ടില്ലെന്നുവയ്ക്കാൻ കഴിയുമോ? അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച കാര്യം, റോഡുകൾ, പാലങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ ഇങ്ങനെ നിരവധി കാര്യങ്ങൾ നമ്മുടെയെല്ലാം നിയോജകമണ്ഡലങ്ങളിലും ഉള്ളതല്ലേ? നമ്മുടെയെല്ലാം നിയോജക മണ്ഡലങ്ങളിൽ ഈ കാലയളവിൽ വികസന രംഗത്തുണ്ടായ നേട്ടം, നിങ്ങൾ യു. ഡി. എഫ് ഭരിക്കുന്ന ഗ്രാമ പഞ്ചായത്തുകളിലുൾപ്പെടെ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ടായ മാറ്റം ഇതിനൊക്കെ പണം ചെലവഴിക്കുകയല്ലേ? അങ്ങനെ കേരളത്തിൽ ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കാൻ, സാമൂഹ്യക്ഷേമ പദ്ധതികൾ തുടർന്നുകൊണ്ടുപോകാൻ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകാൻ കഴിയുന്ന വിധത്തിൽ ഈ ഗവൺമെന്റ് പണം ചെലവഴിക്കുന്നുണ്ട്. അങ്ങനെ പണം ചെലവഴിക്കുമ്പോൾ കേന്ദ്രഗവൺമെന്റിന്റെ പുതിയ നിർദ്ദേശം എന്താണ് വന്നിരിക്കുന്നത്? ഭരണഘടനയിൽപ്പോലും നൽകുന്ന സംരക്ഷണം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതാകുകയല്ലേ? കടംപോലും വാങ്ങാൻ ഇനി അനുവദിക്കില്ല എന്ന സ്ഥിതിയിലേയ്ക്ക് വരികയാണ്. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതുകൊണ്ട് മറ്റേത് സംസ്ഥാനത്തെ അപേക്ഷിച്ചും കേന്ദ്രത്തിൽ മൊത്തമുണ്ടാകുന്ന ഈ തകർച്ചയിൽ പിടിച്ചുനിന്നുകൊണ്ട് ജനങ്ങളോട് പ്രതിബദ്ധതയുള്ള കേരള സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രിയും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും മുന്നോട്ടു പോവുകയാണ്. അത് ഇനിയും തുടരും. പാർലമെന്റിൽ നടക്കുന്ന ഒരു പ്രധാനപ്പെട്ട ഡിബേറ്റ് എന്താണ്? ഭാരത് അലുമിനിയം കമ്പനി തുടങ്ങി എത്രയെത്ര കാര്യങ്ങൾ! കോൺഗ്രസ് പാർട്ടി അവിടെയെടുത്ത തീരുമാനത്തിൽ ഉറച്ചുനിൽക്കുമോ എന്നറിയില്ല. ശാസനാ പ്രമേയം പാർലമെന്റിൽ കൊണ്ടുവരുന്നുണ്ട്. അതിൽ കേന്ദ്രഗവൺമെന്റിന് എതിരായി വോട്ടുചെയ്യുവാൻ കോൺഗ്രസ്സ് പറയുന്നുണ്ട്. നിങ്ങൾ അവസാനം എന്തു തീരുമാനമാണ് എടുക്കുക എന്നറിയില്ല. അങ്ങനെയാണെങ്കിൽ കേന്ദ്രത്തിൽ ബി. ജെ. പി.ക്ക് എതിരായി ആ പ്രമേയം പാസ്സാക്കിയെടുക്കാൻ കഴിയുമെന്ന് തോന്നുന്നു. പക്ഷേ അവസാനം വരെ കോൺഗ്രസ് അങ്ങനെ നിൽക്കുമോ എന്നറിയില്ല. ഇപ്പോൾ വ്യാപാരി വ്യവസായികളുടെ .....(ബഹളം)..... നിങ്ങളൊക്കെ പാർലമെന്റിൽ ബാങ്ക് ദേശസാൽക്കരിക്കുന്ന കാര്യത്തിൽ, എൽ.ഐ.സി.യുടെ ബിൽ വന്നപ്പോൾ പാർലമെന്റിൽ നിങ്ങളെടുത്ത ഓരോ നിലപാടും. ഈ സഭയിൽ ഞങ്ങൾ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. നിങ്ങൾ ഞങ്ങളോടൊപ്പം ഉറച്ചു നിന്നിരുന്നുവെങ്കിൽ ആ ഇൻഷ്വറൻസ് ബില്ലൊന്നും പാസ്സാക്കില്ലായിരുന്നു. ബാങ്കുകളുടെ ദേശസാൽക്കരണം ഇല്ലാതാകുന്ന സ്വകാര്യവൽക്കരണത്തിൽ പാസ്സാക്കിയില്ലായിരുന്നു. നിങ്ങൾ ഇവിടെ ഒന്നുപറയും; അവസാനം പാർലമെന്റിനകത്തു ചെന്നാൽ ബി. ജെ. പി. ഗവൺമെന്റിന്റെ ബില്ലുകളെല്ലാം ഒരു കൈ അല്ല, രണ്ടു കൈയും പൊക്കിപിന്താങ്ങാനുള്ള വിപ് കൊടുത്തു കൊണ്ടിരിക്കുകയാണ്. ഡിസംബർ 16-ാം തീയതി നടത്തിയ ഫിക്കിയുടെ സമ്മേളനത്തിൽ, പ്രധാനമന്ത്രി ശ്രീ. എ. ബി. വാജ്പേയി കൂടിയുണ്ടായിരുന്ന ആ സമ്മേളനത്തിൽ സ്ഥാനമൊഴിഞ്ഞ അതിന്റെ പ്രസിഡന്റ് ശ്രീ. ജി. പി. ഗോയങ്കെ പറഞ്ഞ കാര്യമെന്താണ്? ഞങ്ങളെ രക്ഷിക്കുക എന്നു വ്യവസായികൾ, വ്യാപാരികൾ ഒക്കെ ഇത് പറയുകയാണ്. നമ്മുടെ നാട്ടിൻപുറങ്ങളിൽനിന്നും തുടങ്ങി, തലസ്ഥാന നഗരിയിൽ മാത്രമല്ല, രാജ്യത്തിലെ മുഴുവൻ ചെറുകിട വ്യവസായികൾ, കച്ചവടക്കാർ, വ്യാപാര സ്ഥാപനങ്ങൾ എല്ലാം തകർച്ചയിലല്ലേ? അദ്ദേഹം പറഞ്ഞു, ഞങ്ങളെ രക്ഷിക്കൂ, "മൂർച്ചയേറിയ കത്തിയുടെ വായ്ത്തലയിൽപ്പെട്ട പാക്കിന്റെ അവസ്ഥയിലാണ് ഞങ്ങൾ" എന്ന് പറയുന്നതാരാണ്? വ്യാപാരി വ്യവസായികളുടെ അഖിലേന്ത്യാ സമ്മേളനത്തിൽ, അതിന്റെ പ്രസിഡന്റ് പറയുന്ന വാക്കുകളാണിത്. മൂർച്ചയേറിയ കത്തിയുടെ വായ്ത്തലയിൽപ്പെട്ട പാക്കിന്റെ അവസ്ഥയാണ്; അരിഞ്ഞരിഞ്ഞ് വീഴ്ത്തിക്കൊണ്ടിരിക്കുകയല്ലേ? അദ്ദേഹം ഇങ്ങനെ തുടരുകയാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ, ഏറ്റവും ഒടുവിൽ ജനുവരി 29-ന് പ്രസിദ്ധീകരിച്ച കറൻസി ആൻഡ് ഫിനാൻസ് റിപ്പോർട്ടിൽ വളരെ വ്യക്തമായി ഈ കാര്യങ്ങളൊക്കെ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹിന്ദു ദിനപ്പത്രത്തിലും ഇത് വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ യഥാർത്ഥത്തിലുള്ള മൊത്തം ദേശീയോല്പന്നത്തിന്റെ വളർച്ച 2000-2001-ൽ ആദ്യത്തെ മൂന്നുമാസക്കാലം തൊട്ടുമുൻപുള്ള വർഷത്തിലുണ്ടായിരുന്നതിനേക്കാൾ വളരെ താണുപോയി എന്നാണ് അതിൽ പറയുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരുമിച്ചുനിന്ന് ഇതു തിരുത്താൻ വേണ്ടിയുള്ള ശക്തമായ നിലപാടാണ് നമ്മൾ ഈ സന്ദർഭത്തിൽ എടുക്കേണ്ടത്. അതിനുള്ള കൂട്ടായ ഒരു പരിശ്രമത്തിനു പകരം ഞങ്ങളെ എതിർക്കാൻ ജാഥകൾ നടത്തിയതു കൊണ്ടു കാര്യമില്ല. ഞങ്ങളുടെ ആറു ജാഥകൾ ഇന്ന് ആരംഭിക്കുകയാണ്. അതു തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യണമെന്നു പറയാനോ മേയ് മാസത്തിൽ പായസം വയ്ക്കണമെന്നു പറയാനോ അല്ല. ഈ നയങ്ങൾക്ക് എതിരായിട്ട് ജനങ്ങളെ അണിനിരത്തണ്ടേ? ഈ നയങ്ങൾക്കെതിരായി ജനങ്ങളെ അണിനിരത്തി വൻപിച്ച ബഹുജന പ്രക്ഷോഭണം വളർത്തിക്കൊണ്ടുവരാനുള്ള ജാഥകൾ ഇന്നു കേരളത്തിൽ സഖാവ് പിണറായി വിജയന്റെയും പി. കെ. വി. യുടെയും നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കുകയാണ്. രാജ്യത്തു വളർന്നുവരുന്ന ദേശീയാടിസ്ഥാനത്തിലുള്ള സമരത്തിൽ നിങ്ങളെ പങ്കാളികളാക്കാൻ വേണ്ടിയാണ് വീണ്ടും വീണ്ടും ഇതൊക്കെ പറയുന്നത്. ഒന്നിച്ചു നിന്നു പട പൊരുതണം. എന്നാലേ രാജ്യത്തിന് നിലനിൽപ്പുണ്ടാവുകയുള്ളൂ. അതിനുപകരം കോൺഗ്രസ്സിന്റെ രാഷ്ട്രീയ പാപ്പരത്വം, ഞാൻ വിശദാംശങ്ങളിലേയ്ക്കു പോകുന്നില്ല. വെന്റിലേറ്ററിൽ കിടക്കുന്ന ഒരു അവസ്ഥയിലല്ലേ കോൺഗ്രസ്സ്? വെന്റിലേറ്ററിൽ കുറെക്കാലം കിടക്കാം. ഈ മേയ് മാസം വന്നാലുടനെ, തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അധികാരം കിട്ടും. പായസം വയ്ക്കാം. ശ്രീ. എ. കെ. ആന്റണി വർക്കലയിൽ വച്ചു പറഞ്ഞത് പായസം വയ്ക്കുന്നതിന് കാത്തിരുന്നുകൊള്ളാനാണ്. പായസം വയ്ക്കുന്നതു നല്ലതാണ്. പായസം പല സ്ഥലത്തും വയ്ക്കും. പായസം പല തരത്തിലുണ്ട്. ഇന്ദിരാഗാന്ധിയുടേയും രാജീവ് ഗാന്ധിയുടേയും ചരമ വാർഷികത്തിന് പായസം വച്ച് കൊടുത്തു. 1984-ലും 1991-ലും പായസം വച്ചു കൊടുത്തു. മുക്കിലും മൂലയിലും പായസവിതരണമുണ്ടായി. ഞങ്ങൾക്കറിയാം, അത് ഏതു പായസമാണെന്ന്. അത് കേരളത്തിൽ അധികാരത്തിൽ വന്ന് മുഖ്യമന്ത്രിയായിട്ട് പായസം വയ്ക്കാനാണ്. മനഃപായസം ഉണ്ണാം. പായസം ഞങ്ങൾ വച്ചുകൊള്ളാം. പായസം ഞങ്ങൾ വിതരണം ചെയ്തുകൊള്ളാം. കേരളത്തിലെ ജനങ്ങൾ ഇതൊക്കെ നോക്കിക്കാണുന്നവരാണ്. ഉദ്യോഗസ്ഥന്മാരോട് ഒന്നും ചെയ്യരുതെന്ന് തൃശ്ശൂരിൽ വന്നപ്പോൾ പ്രസ്താവിച്ചിരിക്കുകയാണ്. 91 ദിവസം കഴിഞ്ഞാൽ അധികാരത്തിൽ ഏറും. അതുകൊണ്ട് ഇപ്പോഴേ ഒരു കല്പനയും. ഈ രാജ്യത്തെ പാവപ്പെട്ടവരെ സഹായിക്കാൻ അരി കൊടുക്കാൻ അല്ലെങ്കിൽ കഞ്ഞികുടിമുട്ടാതിരിക്കാൻ അങ്ങനെ എത്രയെത്ര കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തു! ഒന്നും ചെയ്യരുതെന്നല്ലേ നിങ്ങൾ പറഞ്ഞത്? ഭീഷണിപ്പെടുത്തുകയാണ്. അതുകൊണ്ടൊന്നും കോൺഗ്രസ് രക്ഷപ്പെടാൻ പോകുന്നില്ല. ഒന്നുരണ്ടു നിർദ്ദേശങ്ങൾ കൂടി എനിക്കു വയ്ക്കാനുണ്ട്. പെൻഷൻ പദ്ധതിയുടെ കാര്യങ്ങൾ - പ്രത്യേകിച്ച് കർഷകത്തൊഴിലാളി പെൻഷൻ. ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്, അത് 36-ഉം 38-ഉം മാസങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വരെ കൂടിശ്ശികയായിട്ടുണ്ട്. യു. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത്. കർഷകത്തൊഴിലാളി പെൻഷൻ, അതുപോലെയുള്ള മേഖലകളിൽ പാവപ്പെട്ട തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ച് കൊടുത്തിട്ടുള്ള ഒരു ഗവൺമെന്റാണു ഇത്. വളരെ പ്രതീക്ഷയോടുകൂടിയാണ് ജനങ്ങൾ ഈ ഗവൺമെന്റിനെ കാണുന്നത്. അതുകൊണ്ട് ആ പെൻഷൻ പൂർണ്ണമായും കൂടിശ്ശിക കൊടുത്തു തീർക്കാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ പണം അതിനു നീക്കി വയ്ക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആഭ്യർത്ഥിക്കുകയാണ്. അടച്ചു പൂട്ടിക്കിടന്നിരുന്ന പല വ്യവസായ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ഒരു പ്രതിമാസ വേതനം ഞങ്ങൾ ഇവിടെ പല തവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്, ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുമുണ്ട്. സാമ്പത്തികമായ ചില ബുദ്ധിമുട്ടുകൾ കൊണ്ട് അതിൽ തീരുമാനമെടുത്തിട്ടില്ല എന്ന് കഴിഞ്ഞ ദിവസം ലേബർ മിനിസ്റ്റർ ഇവിടെ പറഞ്ഞു. പാവപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസം കൊടുക്കാൻ കഴിയുന്ന വിധത്തിൽ ഈ ബുദ്ധിമുട്ടുകൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ അതിനുള്ള നടപടികളുണ്ടാകണം. അതുപോലെ തൊഴിലാളികളുടെ ക്ഷാമബത്ത. കേരളത്തിലെ തൊഴിലാളികളുടെ അന്നത്തെ ജീവിത സൂചികയുടെ അടിസ്ഥാനത്തിലാണ് നമ്മൾ ഇന്ന് ക്ഷാമബത്ത കൊടുക്കുന്നത്. അതിന്റെ ഫലമായി കേരളത്തിലെ ഇൻഡസ്ട്രിയൽ വർക്കേഴ്സിന് നാന്നൂറ് രൂപയുടെ കുറവ് ഡി. എ. യിൽ ഉണ്ട്. പലരും ഈ സഭയിൽ തന്നെ ശക്തിയായി അതിനുവേണ്ടി ആവശ്യപ്പെട്ടു. നാലോ അഞ്ചോ പ്രാവശ്യം ബഹുമാനപ്പെട്ട ബാബു ദിവാകരനും തോമസ് ചാഴികാടനും ഞങ്ങളുമൊക്കെ ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. അതിന് ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി ഏകകണ്ഠമായി അതിന്റെ റിപ്പോർട്ട് കേരളാ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ക്ഷാമബത്തയിലെ കുറവ് പരിഹരിച്ചും കേരളത്തിലെ തൊഴിലാളികൾക്ക് അർഹമായി കിട്ടേണ്ട ആനുകൂല്യങ്ങൾ കൊടുക്കാനുമുള്ള നടപടിയുണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ അംഗനവാടി വർക്കർമാർ, ഹെൽപ്പർമാർ, അവർക്കുവേണ്ടി സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്നത് ഈ ഗവൺമെന്റ് ചെയ്തു. കർണ്ണാടക ഹൈക്കോടതിയിൽ ഉണ്ടായ വിധിയിൽ, മഹാരാഷ്ട്ര ഹൈക്കോടതിയിൽ ഉണ്ടായ വിധിയിൽ സംസ്ഥാന ഗവൺമെന്റിന് കുറച്ചുകൂടി കാര്യങ്ങൾ ചെയ്യാം എന്നു പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ചില സ്ഥാപനങ്ങളിൽ അത്തരത്തിലുള്ള ചില ആലോചനകൾ നടത്തിയിട്ടുണ്ട്, ചില തീരുമാനങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് അംഗനവാടി വർക്കേഴ്സിനും ഹെൽപ്പർമാർക്കും, കേരളത്തിൽ വളരെ പ്രധാനപ്പെട്ട ഈ മേഖലയിൽ ജോലിചെയ്യുന്ന പാവപ്പെട്ട സഹോദരിമാർക്കുള്ള വേതനം വർദ്ധിപ്പിക്കാനുള്ള ഒരു നടപടി കൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന് തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ ചോദ്യോത്തര വേളയിൽ പറഞ്ഞു, ജ്യോതിപ്രകാശിന്റെ കേസ് ഹൈക്കോടതിയിൽ വന്നതിന്റെ ഫലമായി സ്റ്റേകൾ ഉള്ളതുകൊണ്ട് നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടുപോകാൻ കഴിയുന്നില്ല എന്ന്. കോടതിയിൽ കോൺസ്റ്റിറ്റ്യൂഷന്റെ ചില പ്രശ്നങ്ങൾ ഉന്നയിച്ചു. ആ കേസ് ഇപ്പോൾ ഡിവിഷൻ ബഞ്ചിന്റെ മുൻപാകെ വന്നിട്ടുണ്ട്. ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി അസ്ഥിരപ്പെടുത്തി. 2001 ഫെബ്രുവരി 2-ന് ഗവൺമെന്റ് കൊടുത്ത അപ്പീലിൽ ഗവൺമെന്റിന് അനുകൂലമായി സിംഗിൾ ബഞ്ചിന്റെ നേരത്തേയുള്ള വിധിയെ അസ്ഥിരപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ പല മേഖലകളിലായി പത്ത് ഇരുപത്തിയഞ്ചു വർഷമായി ഏതാണ്ട് 50 വയസ്സു കഴിഞ്ഞവരുൾപ്പെടെ നിരവധി തൊഴിലാളികൾ ഈ രീതിയിൽ പണിയെടുക്കുന്നുണ്ട്. ഞാൻ പല തവണ ആവർത്തിച്ച കാര്യമാണ്. ഞാൻ ഒന്നുകൂടി പറയുകയാണ്. സ്ഥിരമായി ജോലി ചെയ്യുന്ന തൊഴിലാളികളെ ഈ രീതിയിൽ വർഷങ്ങളായി മാറ്റാനുകൂല്യങ്ങൾ നൽകാതെ, ഇങ്ങനെ ജോലി ചെയ്യിക്കാൻ പാടില്ല. അത് അൺഫെയർ ലേബർ പ്രാക്ടീസ് ആണ്. അതുകൊണ്ട് ഈ കോടതി വിധി കേരളാ ഗവൺമെന്റിന് അനുകൂല്യമായിവന്ന സാഹചര്യത്തിൽ അതിന് അനുകൂലമായ ഒരു തീരുമാനമെടുക്കണമെന്നു കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ തോട്ടം തൊഴിലാളികളുടെ ക്ഷേമപദ്ധതി, അതുപോലെ ആട്ടോമൊബൈൽ [illegible] തൊഴിലാളികളുടെ ക്ഷേമ പദ്ധതി, ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ [illegible] തൊഴിലാളികളുടെ ക്ഷേമപദ്ധതി അങ്ങനെ നിരവധി ക്ഷേമ പദ്ധതികളെ [illegible] ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. മുരളി തന്നെയാണ് ഇവിടെ പല ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് പല സ്വകാര്യ ബില്ലുകളും കൊണ്ടു വന്നിട്ടുള്ളത്. അതിൽപലതും ഇവിടെ തത്വത്തിൽ അംഗീകരിച്ചു. ഗവൺമെന്റും തന്നെ ഒഫിഷ്യലായിട്ടുള്ള ബില്ലുകളിൽ നിയമനിർമ്മാണം നടത്തി. അത്തരം ദുർബല വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ ഇനിയും കൂടുതലായി സഹായിക്കാൻ, സംരക്ഷിക്കാൻ, അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ പാവപ്പെട്ടവരോടും ദുർബലരായവരോടും അവശതയനുഭവിക്കുന്നവരോടുമുള്ള ഉദാരമായ സമീപനം ഈ ഗവൺമെന്റ് തുടരും. ഒരു പ്രധാനപ്പെട്ട വിഷയംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. 1991-1996 കാലഘട്ടത്തിൽ ആശുപത്രികളുടെ സ്ഥിതിയെന്തായിരുന്നു? ഗവൺമെന്റാശുപത്രികളിൽ മരുന്നൊന്നുമുണ്ടായിരുന്നില്ല. ഇന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിലായാലും ജില്ലാ ആശുപത്രികളിലായാലും പ്രൈമറി ഹെൽത്ത് സെന്ററുകളിലായാലും വരുന്ന സാധുക്കളായ രോഗികളുടെ എണ്ണം കൂടി. രോഗികളുടെ എണ്ണം വർദ്ധിച്ചു എന്നല്ല ഈ പറഞ്ഞതിന്റെയർത്ഥം. സ്വകാര്യ ആശുപത്രികളിൽ പോയി കഷ്ടപ്പെട്ടിരുന്നവർ ഇപ്പോൾ ഗവൺമെന്റാശുപത്രികളിൽ പോയിത്തുടങ്ങി. കാരണം ഗവൺമെന്റ് ആശുപത്രികളിൽ മരുന്നുണ്ടായി, ഡോക്ടർമാരുണ്ടായി, ആവശ്യത്തിന് സ്റ്റാഫായി സൗകര്യങ്ങൾ കൂടിയപ്പോൾ ജനങ്ങൾ ഗവൺമെന്റ് ആശുപത്രികളെ ആശ്രയിച്ചു തുടങ്ങി. മരുന്നിന്റെ അലോക്കേഷൻ എല്ലായിടത്തും വർദ്ധിപ്പിച്ചു. ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പത്തോ പതിനഞ്ചോ പേരാണ് മുൻപ് ഒ. പി. യിൽ വന്നിരുന്നത്. ഇന്ന് ആ സ്ഥാനത്ത് 250 [illegible]ാക്കെയാണ് വരുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ [illegible]ളുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ഉണ്ടാകുന്ന ഒരു പ്രശ്നം, പി.എസ്.സി. യിൽ നിന്ന് ഡോക്ടർമാരെ പോസ്റ്റു ചെയ്താൽ, ഈ ഡോക്ടർമാരിൽ നല്ലൊരു ശതമാനവും ഒന്നുകിൽ ജോയിൻ ചെയ്യുകയില്ല, അല്ലെങ്കിൽ വന്നു ജോയിൻ ചെയ്തിട്ട് പെട്ടിയും കിടക്കയുമെടുത്ത് സ്ഥലം വിടുകയാണ് പതിവ്. പി.എസ്.സി. റാങ്കു ലിസ്റ്റിലുള്ളവർ വന്നു ജോയിൻ ചെയ്യാത്തതിന്റെയും ജോയിൻ ചെയ്താലുടനെതന്നെ തിരിച്ചു പോകുന്നതിന്റെയും ഒക്കെ ഫലമായി പല ആശുപത്രികളിലും ഡോക്ടർമാരില്ലാത്ത അവസ്ഥയുണ്ട്. തൃശ്ശൂർ ജില്ലയിൽ ഏതാണ്ട് 32 സ്ഥലങ്ങളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതൊന്നുകൂടി ശ്രദ്ധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ വർഷങ്ങളായി പട്ടയം ലഭിക്കാതിരുന്ന മലയോര കർഷകർക്ക് അടുത്ത ആഴ്ച പട്ടയം കൊടുക്കാൻ പോകുകയാണ്. ശനിയാഴ്ച ആ കർമ്മം ബഹുമാനപ്പെട്ട മന്ത്രി നിർവ്വഹിക്കുന്നതാണ്. നിങ്ങൾക്ക് അതിനുള്ള ക്ഷണമുണ്ടാകും. അത്തരത്തിലുള്ള പ്രധാനപ്പെട്ട ഒരു തീരുമാനം ഈ ഗവൺമെന്റ് സ്വീകരിച്ചതിന് ഞാൻ ഗവൺമെന്റിനോട് നന്ദി പറയാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. തൃശ്ശൂർ രൂപതയുടെ കീഴിലുള്ള പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളായ പ്രശസ്തമായ സെന്റ് തോമസ് കോളേജും സെന്റ് മേരീസ് കോളേജും നിരവധി വർഷങ്ങളായി ഗവൺമെന്റിന്റെ ഭൂമി പാട്ടത്തിനെടുത്താണ് ക്ലാസ്സും ഹോസ്റ്റലുകളുമൊക്കെ നടത്തിക്കൊണ്ടിരിക്കുന്നത്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുന്നവർക്ക് കമ്പോള വില നിശ്ചയിക്കാതെതന്നെ പാട്ടസംഖ്യ കുറച്ചുകൊണ്ട്,- കുറച്ചുകൊണ്ട് എന്നു മാത്രമല്ല അവർക്ക് പാട്ട ഭൂമി പതിച്ചു കൊടുക്കുകയാണ് വേണ്ടിയിരുന്നത്. സൗജന്യങ്ങൾ നൽകണം. തൃശ്ശൂർ രൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളായ സെന്റ് തോമസ് കോളേജും സെന്റ് മേരീസ് കോളേജും സ്ഥിതിചെയ്യുന്നതുൾപ്പെടെയുള്ള സ്ഥലം സൗജന്യമായി പതിച്ചു കൊടുക്കാൻ തീരുമാനിച്ചതിന് ഞാൻ തൃശ്ശൂർ രൂപതയിലെ വിശ്വാസികളുടെ പേരിലും തൃശ്ശൂരിലെ ജനങ്ങളുടെ പേരിലും ഒന്നുകൂടി ഗവൺമെന്റിന് നന്ദി രേഖപ്പെടുത്തുന്നു. ഇതുപോലെയുള്ള ജനക്ഷേമകരങ്ങളായ പദ്ധതികളും പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ് ഈ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ്. ഒരു സംശയവും വേണ്ട, ഞങ്ങൾ അഭിമാനത്തോടുകൂടി, ആത്മവിശ്വാസത്തോടുകൂടി ജനങ്ങളുടെ മുൻപിലേയ്ക്കു പോകുകയാണ്. ഈ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് വർദ്ധിതമായ ജനപിന്തുണയോടുകൂടി തിരിച്ചുവരും. വീണ്ടും അധികാരത്തിലേറുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ ബഡ്ജറ്റിനെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ഫൈനൽ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് 2000-2001 ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. 2000-2001-ൽ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ ലോൺസ് ആന്റ് അഡ്വാൻസിൽ 1131 കോടി രൂപ മാത്രമാണ് വർദ്ധനവ്. എന്നാൽ സപ്ലിമെന്ററി ഡിമാന്റിൽ ഈ ഇനങ്ങളിൽ വരുത്തിയിരിക്കുന്ന വർദ്ധനവ് 2154 കോടി രൂപയാണ്. അതായത് 1022 കോടി രൂപ അധികം. ആ നിലയ്ക്ക്, ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് ബേസ് ചെയ്യുന്നതെങ്കിൽ ഇതിലേയ്ക്ക് ആൾട്ടർനേറ്റീവ് മെമ്മോറാണ്ടം ആവശ്യമാണ്. സപ്ലിമെന്ററി ഡിമാന്റിൽ ഇതിനേക്കാൾ കൂടുതൽ തുക ആവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ആൾട്ടർനേറ്റീവ് മെമ്മോറാണ്ടം ഗവൺമെന്റ് കൊണ്ടുവരണമെന്ന് ഞാൻ പ്രത്യേകിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രനും ശ്രീ. ജി. സുധാകരനുമൊക്കെ പ്രസംഗിക്കുകയുണ്ടായി. ശ്രീ. കെ. പി. രാജേന്ദ്രൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ആറ് ജാഥകൾ നടത്താൻ പോകുന്നുവെന്നൊക്കെ പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ അവസാനത്തെ രണ്ട് മൂന്ന് വാചകമൊഴിച്ചാൽ ജാഥയിൽ നടത്തേണ്ട പ്രസംഗമാണ് അദ്ദേഹം ഇവിടെ നടത്തിയത്. ശ്രീ. ജി. സുധാകരൻ ഖുറാനും, ബൈബിളും, ഭഗവത് ഗീതയുമൊക്കെ ഉദ്ധരിച്ച് രാഷ്ട്രീയ പാപികളെക്കുറിച്ച് പറയുകയുണ്ടായി. അതിനെക്കുറിച്ച് എനിക്ക് ഒരുകാര്യമേ പറയുവാനുള്ളൂ. അദ്ദേഹത്തിന്റെ പ്രസംഗത്തിന് മറുപടി പറഞ്ഞില്ലെങ്കിൽ റിക്കാർഡിൽ കിടക്കുമല്ലോ എന്നുകരുതിയാണ്. അദ്ദേഹം പറഞ്ഞത് എന്തെന്ന് അദ്ദേഹത്തിന് അറിഞ്ഞുകൂടാ. കർത്താവേ, അദ്ദേഹത്തോട് ക്ഷമിക്കേണമേ എന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. ബഡ്ജറ്റ് എന്താണ് വരച്ചുകാട്ടുന്നതെന്ന് ശ്രീ. ജി. സുധാകരൻ മനസ്സിലാക്കിയിട്ടുണ്ടോ? ഇവിടെ തകർന്നതറവാടിന്റെ ചിത്രമല്ലേ? കെടുകാര്യസ്ഥതയുടെ ഫലമായി റവന്യൂ കമ്മി ഉയർന്നു. വികസന പ്രക്രിയ തകർന്നു, സംസ്ഥാനം കടക്കെണിയിലായി, ട്രഷറി പ്രവർത്തനം സ്തംഭിച്ചു. വൻപിച്ച കെടുതികളിൽപ്പെട്ട് നമ്മൾ നട്ടം തിരിയുകയാണ്. 2000-2001-ലെ ആർ. ഇ. പ്രകാരം (റിവൈസ്ഡ് എസ്റ്റിമേറ്റ്) ഈ മാർച്ച് 31-ന് 3131 കോടി രൂപ റവന്യൂ കമ്മിയുണ്ടാകുന്നതായിട്ട് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചിട്ടുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പ്രതീക്ഷിച്ചത് 1951 കോടി രൂപ റവന്യൂ കമ്മി വരുമെന്നായിരുന്നു; എന്നാൽ ഈ മാർച്ച് 31-ന് വരുന്ന റവന്യൂ കമ്മി, 3231 കോടി രൂപയായി ഉയർന്നിരിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ ഞാൻ നടത്തിയ പ്രസംഗം ഓർക്കുകയാണ്. ആ പ്രസംഗത്തിന്റെ കോപ്പി ഞാൻ കൊണ്ടുവന്നിട്ടുണ്ട്. ഇത് 20-3-2000-ത്തിൽ ഞാൻ നടത്തിയ പ്രസംഗമാണ്. ആ പ്രസംഗത്തിൽ വളരെ വ്യക്തമായി പറഞ്ഞു, ധനകാര്യ വകുപ്പുമന്ത്രി ഈ പറഞ്ഞിരിക്കുന്ന കമ്മി 1951 കോടിയിൽ നിൽക്കുകയില്ല എന്ന്. 1011 കോടി രൂപയുടെ അധിക കമ്മിറ്റ്മെന്റുകൂടി കൂട്ടിയാൽ 3052 കോടി രൂപ അടുത്ത വർഷം റവന്യൂ കമ്മി വരുമെന്ന് ഞാൻ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അതിനെ പുച്ഛിക്കുകയുണ്ടായി. 3052 കോടി രൂപ റവന്യൂ കമ്മി വരുമെന്ന് ഞാൻ നിയമസഭയിൽ നടത്തിയ പ്രസംഗത്തിൽ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞുവെങ്കിൽ അത് യാഥാർത്ഥ്യമായി എന്നുമാത്രമല്ല ബഹുമാനപ്പെട്ട മന്ത്രി 3231 കോടി രൂപയുടെ റവന്യൂ കമ്മി വരുമെന്ന് സമ്മതിച്ചിരിക്കുകയാണ്. ഇതേ അനുഭവം തന്നെയാണ് 2001-2002-ലെ ബഡ്ജറ്റിലും വരുന്നത്. 2002 മാർച്ച് 31-ലെ റവന്യൂ കമ്മി ബി. ഇ. 2532 കോടിയായി കുറച്ചുവച്ചിരിക്കുകയാണ്. ഞാൻ വീണ്ടും പറയുകയാണ് ഇതൊരു നാലായിരം കോടി രൂപയിലേയ്ക്ക് അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

വർഷം 2001 മാർച്ച് 31-ൽ എത്ര കുറച്ചാലും 3700 കോടി രൂപയ്ക്ക് മുകളിലോട്ട് റവന്യൂ കമ്മി ഉയരും. അടുത്ത നിയമസഭയിൽ നമ്മൾ രണ്ടുപേരുമുണ്ടെങ്കിൽ 3700 കോടിയിൽപ്പരം രൂപ റവന്യൂ കമ്മിയുണ്ടാകുന്നത് കാണാം. ഇതൊക്കെ കാണിക്കുന്നത് നമ്മുടെ ധനകാര്യ രംഗത്തെ കെടുകാര്യസ്ഥതയാണ്. ഒരുപാട് കമ്മിറ്റ്മെന്റുമുണ്ട്. ഇവിടെ ശ്രീ. രാജേന്ദ്രൻ തന്നെ കർഷക തൊഴിലാളികളുടെ കുടിശ്ശിക പെൻഷൻ കൊടുക്കാനുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞു. നിയമസഭയിൽ തന്നിരിക്കുന്ന ഉത്തരമനുസരിച്ചാണെങ്കിൽ 154 കോടി രൂപ ക്ഷേമ പദ്ധതികൾക്ക് കൊടുക്കണം. 853 കോടി രൂപ കോൺട്രാക്ടേഴ്സിന് കൊടുക്കണം. ഡി. എ. യ്ക്ക് 64 കോടി രൂപ വേണം. ഈ മൂന്നിനത്തിലും കൂടി ത്തന്നെ ആയിരത്തി എഴുപത്തിയൊന്ന് കോടി രൂപ അധികമായി വേണം. അതിനും പുറമെ എത്രയോ എത്രയോ കമ്മിറ്റ്മെന്റുകളുണ്ട്. കഴിഞ്ഞ വർഷം അങ്ങ് അവതരിപ്പിച്ചതുപോലെതന്നെ ബി. ഇ. യിൽ റവന്യൂ കമ്മി കുറച്ചുവച്ചുകൊണ്ട് വീണ്ടും ഒരു അഭ്യാസം നടത്തുകയാണ്. നിയമസഭയെ വിശ്വാസത്തിലെടുക്കാതെ, നിയമസഭയെ കാര്യങ്ങൾ മറച്ചുവച്ചുകൊണ്ട് ഒരിക്കലും പോകാൻ പാടില്ല. ഇതൊക്കെ നമ്മുടെ ക്രെഡിബിലിറ്റി നഷ്ടപ്പെടുത്തുമെന്ന് മാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളൂ.

കടബാദ്ധ്യതയുടെ കാര്യമെടുക്കാം. 2000-2001-ൽ എത്തിയപ്പോൾ കടബാദ്ധ്യത ഇരുപത്തിയാറായിരത്തി തൊള്ളായിരത്തി നാല്പത്തിയഞ്ച് കോടി രൂപയായി. അടുത്ത വർഷത്തെ ബി. ഇ. നോക്കുമ്പോൾ ഇരുപത്തിയൊൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തിയൊന്ന് കോടി, ഏതാണ്ട് 30,000 കോടി രൂപയാകും. ഇതിന്റെ അവസ്ഥ എന്താണ്? കടക്കെണി വീണ്ടും കൂടുകയാണ്. പലിശ കൊടുക്കാൻ നിവൃത്തിയില്ല. പലിശ കൊടുക്കണമെങ്കിൽ വീണ്ടും കടമെടുക്കണം. അപ്പോൾ പ്രിൻസിപ്പൽ എമൗണ്ടിന്റെ പലിശ കൊടുക്കണമെന്നുണ്ടെങ്കിൽ വീണ്ടും കടമെടുക്കണം എന്നുള്ള രീതിയിൽ ഈ സംസ്ഥാനം പോയിയെങ്കിൽ അത് വളരെ ദുഃഖകരമായ ഒരു സ്ഥിതി വിശേഷമാണ്. അതുപോലെതന്നെ ട്രഷറി ട്രാൻസാക്ഷന്റെ കാര്യം. ഇവിടെ ട്രഷറി ട്രാൻസാക്ഷൻ നിലച്ചിരിക്കുകയാണ്. പേമെന്റുകൾക്ക് കടുത്ത നിയന്ത്രണമേർപ്പെടുത്തി. അങ്ങയോട് ഞാൻ ചോദിക്കട്ടെ 22-2-2001-ലെ 394-ാം നമ്പർ അൺസ്റ്റാർഡ് ക്വസ്റ്റ്യന് അങ്ങ് ഉത്തരം നൽകിയത് "payment കൺട്രോൾ ഓർഡർ ഇറക്കിയിട്ടില്ല, പഴയ ഒരു ഉത്തരവ് നിലനിൽക്കുന്നതേയുള്ളൂ" എന്നാണ്. അതു ശരിയാണോ ; അസത്യമല്ലേ? അങ്ങേയ്ക്കെതിരെ ബ്രീച്ച് ഓഫ് പ്രിവിലേജ് ഈ നിയമസഭയിൽ കൊണ്ടുവരേണ്ടതായിരുന്നു. ഇനി ദിവസങ്ങളില്ല. അങ്ങ് വെറും നുണപറഞ്ഞ്, ഈ നിയമസഭയിൽ സത്യവിരുദ്ധമായ ഉത്തരം തരികയെന്നുപറഞ്ഞാൽ എന്താണ് സർ? 16-12-2000-ൽ ഫിനാൻസ് സെക്രട്ടറി ട്രഷറി ഡയറക്ടർക്ക് ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നിർദ്ദേശത്തിൽ പറഞ്ഞിരിക്കുന്നത് പേമെന്റുകൾ റെസ്ട്രിക്ട് ചെയ്യണമെന്നാണ്. സെക്രട്ടറി ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം കൊടുക്കും എന്നിട്ട് ട്രഷറി ഡയറക്ടർ, ഈ ഗവൺമെന്റിൽനിന്നും കൊടുത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഗവൺമെന്റിൽ നിന്നും കൊടുത്ത ഓർഡറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ പ്രത്യേകിച്ച് ട്രഷറി കൺട്രോൾ ഉത്തരവുകൾ പുറപ്പെടുവിക്കുകയാണ്. ട്രഷറി ഡയറക്ടർ മൂന്ന് കൺട്രോൾ ഓർഡറുകൾ പുറപ്പെടുവിച്ചു. അതിൽ ആദ്യത്തേത് 18-12-2000-ൽ, 3-2-2001-ൽ രണ്ടാമത്തേത്, 8-2-2001-ൽ മൂന്നാമത്തേത്. സർക്കാർ കൊടുത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് റെസ്ട്രിക്ഷൻ ഓർഡറുകൾ ഇവിടെ ഇറക്കി. ഇതിൽ വളരെ വളരെ പ്രതിപാദിക്കേണ്ടത് 8-2-2001-ലെ ഉത്തരവിനെ സംബന്ധിച്ചാണ്. അതിൽ 9-2-2001 മുതൽ 28-2-2001 വരെ ആയത് ഇന്നേദിവസം വരെ സാലറി ഒഴിച്ചുള്ള മുഴുവൻ പേമെന്റുകളും ബാൻ ചെയ്തിരിക്കുകയാണ്. ട്രഷറിയെ സംബന്ധിച്ചിടത്തോളം ഒരു തമാശയുള്ളത് വാസ്തവത്തിൽ പറഞ്ഞാൽ ട്രഷറി പേമെന്റുവരെ തടഞ്ഞുവച്ചിരിക്കുകയാണ്. ട്രഷറി പേമെന്റിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ട്രഷറിയിൽ പ്ലാൻകട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ കട്ട് ഏർപ്പെടുത്തിയതിന്റെ റി-അലോക്കേഷൻ വരുന്നതുവരെ, സർ, ഞാനത് വായിക്കുകയാണ് മൂന്നാമത്തെ clause-ൽ പറഞ്ഞിരിക്കുന്നു, payment on any Head of Account under plan shall be made only after certificate of re-allocation for the Head of Account is issued by the Government. അപ്പോൾ 8-ാം തീയതി ഇറക്കിയ ട്രഷറി കൺട്രോൾ ഓർഡറിനകത്ത് പറഞ്ഞിരിക്കുന്നത് പ്ലാൻ ഫണ്ടുകൾ പോലും ഡിപ്പാർട്ടുമെന്റൽ മേധാവികൾക്ക് റിലീസ് ചെയ്യാൻ അവകാശമില്ല എന്നാണ്, അവർക്ക് വിത്ത്ഡ്രാ ചെയ്യാൻ അവകാശമില്ല, തടഞ്ഞുവച്ചിരിക്കുന്ന ഉത്തരവാണ് വന്നിരിക്കുന്നത്. അങ്ങ് പറയും ഈ ഉത്തരവ് ഇന്ന് പിൻവലിക്കുമെന്ന്. ഇന്ന് ഈ ഉത്തരവ് പിൻവലിച്ചാലും ആദ്യം കിടക്കുന്നത് ഒരു ലക്ഷം വരെയുള്ളത് on all days after 9th, ഒരു ലക്ഷത്തിൽ കൂടുതലുള്ളത് after 15th of the month ആ ഒരു റെസ്ട്രിക്ഷൻ ഇതിന് മുൻപ് കിടക്കുകയാണ്. അതിലൊട്ടൊന്നും ഞാൻ കൂടുതലായി കടക്കുന്നില്ല. അങ്ങേയ്ക്ക് റെസ്ട്രിക്ഷൻ ഏർപ്പെടുത്താം, പക്ഷെ നിയമസഭയോട് സത്യം പറയണ്ടേ? അങ്ങ് നിയമസഭയോട് സത്യം പറയാതെ റെസ്ട്രിക്ഷൻസ് ഏർപ്പെടുത്തിയിട്ടില്ല. മുൻപത്തെ ഒരു ഓർഡറേയുള്ളൂ, 1990-ലെ ഒരു ഓർഡറേയുള്ളൂ എന്നുപറഞ്ഞുകൊണ്ട് അങ്ങ് 1991 ലെ ഓർഡർ എന്തിന് മറച്ചുവച്ചുവെന്ന് ഞാൻ അങ്ങയോട് ചോദിക്കുകയാണ്. അതുകൊണ്ട് വാസ്തവത്തിൽ നിയമസഭയോട് ഉത്തരം പറയേണ്ടതായിരുന്നു. പതിനേഴ് തവണ ഈ ഗവൺമെന്റ് ഓവർഡ്രാഫ്റ്റിലായി, 2136 കോടി രൂപയുടെ ഓവർഡ്രാഫ്റ്റാണ്. അതിനുപരിയായി ഗുരുതരമായ ഒരു സാമ്പത്തിക ആരോപണം ഈ ഗവൺമെന്റിനെതിരെ വയ്ക്കുകയാണ്. ആ സാമ്പത്തിക ആരോപണമെന്നു പറയുന്നത് വ്യക്തിപരമല്ല. അത് എഴുതിക്കൊടുക്കേണ്ട കാര്യമില്ല. പ്ലാൻ അലോട്ട്മെന്റിന്റെ ഭാഗമായി കിട്ടിയ നെഗോഷ്യേറ്റഡ് ലോണുകൾ ദുരുപയോഗിച്ചു എന്നുള്ളതാണ് ആ സാമ്പത്തിക ആരോപണം. കേന്ദ്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പദ്ധതിവിഹിതമായി കിട്ടിയ തുക അങ്ങ് വകമാറ്റിച്ചെലവഴിച്ചു. ഉദാഹരണമായി പറഞ്ഞാൽ, ബഹുമാനപ്പെട്ട പി.ജെ. ജോസഫിന്റെ വകുപ്പിലാണ് കൂടുതലും അങ്ങനെ മാറ്റി ചെലവഴിച്ചിട്ടുള്ളത്. ജി. ഐ. സി., എൽ. ഐ. സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് സോഷ്യൽ ഹൗസിംഗ് പ്രോജക്ടിനുവേണ്ടി 1996-97 മുതൽ 1999-2000 വരെ 882 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചു. അത് നെഗോഷ്യേറ്റഡ് ലോണാണ്. കേന്ദ്ര പ്ലാനിംഗ് കമ്മിഷൻ റിസോഴ്സായി അലോട്ട് ചെയ്യുന്നതാണ്. കേന്ദ്ര പ്ലാനിംഗ് കമ്മിഷൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ജി.ഐ.സി., എൽ.ഐ. സി എന്നീ സ്ഥാപനങ്ങളിൽനിന്നും പ്ലാൻ റിസോഴ്സായി 882 കോടി രൂപയുടെ നെഗോഷ്യേറ്റഡ് ലോൺ എടുത്തിട്ട് നിങ്ങൾ എത്ര ചെലവഴിച്ചു? ഈ വർഷങ്ങളിൽ ചെലവഴിച്ചത് 207 കോടി രൂപ മാത്രമാണ്. ബാക്കി 674 കോടി രൂപ എന്ത് പർപ്പസ്സിനുവേണ്ടി എടുത്തോ അതിനുവേണ്ടി ചെലവഴിച്ചിട്ടില്ല. ഇത് ഞാൻ വെറുതെ പറയുന്നതല്ല. Detailed estimates of Receipts and Disbursements under Debt head- ഓരോ വർഷത്തേയും ഡെറ്റ് ഹെഡ്ഡിൽ നിന്നും ഞാൻ പകർത്തിയെടുത്തതാണ്. അത് ചെലവഴിക്കാതെ എവിടെ പോയി? ആ രൂപ മുഴുവൻ ഭരണച്ചെലവുകൾക്കു വേണ്ടി, നോൺ ഡവലപ്മെന്റിൽ റവന്യൂ എക്സ്പെൻഡിച്ചറിനുവേണ്ടി അങ്ങ് എടുത്ത് ചെലവഴിച്ചുവെങ്കിൽ അങ്ങ് ഈ നിയമസഭയോട് ഉത്തരം പറയണം. ബഡ്ജറ്റ് എന്നു പറയുന്നത്, it consists of plan and non-plan. അതിലെ പ്ലാൻ എമൗണ്ട് ഞങ്ങൾ പാസ്സാക്കിത്തന്നുവെങ്കിൽ, അത് അവിടെ നിങ്ങൾ ചെലവഴിച്ചിട്ടില്ലെങ്കിൽ അത് ഗുരുതരമായ തെറ്റാണ്. ഇക്കൊല്ലത്തെ ബഡ്ജറ്റ് ഡോക്കുമെന്റ് എടുത്ത് നോക്കണം. 2001-2002-ലേയ്ക്ക് അവതരിപ്പിച്ചിരിക്കുന്ന പ്ലാൻ ഡോക്കുമെന്റ് ഞാൻ വായിച്ചു. അതിൽ ജി. ഐ. സി. യിൽനിന്നും എൽ.ഐ.സി.-യിൽനിന്നുമായി ആകെ 306 കോടി രൂപ കിട്ടിയിട്ടുണ്ട്. അതിൽ എത്ര രൂപയാണ് യൂട്ടിലൈസ് ചെയ്തതെന്ന് പറയാമോ? ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന, ബഡ്ജറ്റിൽ നിങ്ങൾ വിഭാവനം ചെയ്തിരിക്കുന്ന യൂട്ടിലൈസേഷൻ 45 കോടി രൂപയാണ്. ജി. ഐ. സി., എൽ. ഐ. സി. എന്നീ സ്ഥാപനങ്ങളിൽ നിന്ന് സോഷ്യൽ ഹൗസിംഗിനു വേണ്ടി അടുത്ത വർഷം 306 കോടി രൂപയിൽ നിങ്ങൾ വിഭാവനം ചെയ്തിരിക്കുന്ന യൂട്ടിലൈസേഷൻ 45 കോടി രൂപയാണ്. ബാക്കി 260 കോടി രൂപ എന്തിനുവേണ്ടിയാണ് നിയമസഭയോട് നിങ്ങൾചോദിക്കുന്നത്? നിങ്ങൾ എന്തിനാണ് നിയമസഭയെ സമീപിക്കുന്നത്? ബാക്കി 260 കോടി രൂപ നിയമസഭയിൽ വന്ന് അംഗീകാരം വാങ്ങിയതിനുശേഷം വകമാറ്റി ചെലവഴിക്കാൻവേണ്ടി നിങ്ങൾ പൂഴ്ത്തിവച്ചിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഇത് തെറ്റാണ്; കേരള സംസ്ഥാനത്തെ ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ പാതകമാണ്. ഇങ്ങനെയുള്ള ഫിനാൻസിംഗ്, ഇങ്ങനെയൊരു ബഡ്ജറ്റിംഗ് ഒരിക്കലും നമുക്ക് അനുകൂലമായിട്ടുള്ള കാര്യമല്ല. ഞാൻ ബഡ്ജറ്റ് പ്ലാനിലേയ്ക്ക് വരികയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെക്കുറിച്ച് ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. ജി. സുധാകരനുമൊക്കെ വാതോരാതെ സംസാരിക്കുന്നതുകേട്ടു. നിങ്ങളുടെ ഏറ്റവും ഒടുവിലത്തെ അജണ്ടയാണ് വികസനം. വികസനരംഗം മുഴുവൻ നിങ്ങൾ തകർത്തു. നിങ്ങളുടെ പ്ലാൻ പെർഫോമൻസ് എന്താണ്? നിങ്ങൾ പ്ലാൻ പെർഫോമൻസിനെ സംബന്ധിച്ച് നിയമസഭയിൽ തെറ്റായി ഉത്തരം തരികയാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനെ സംബന്ധിച്ച് ഞാനും ഒരു അൺസ്റ്റാർഡ് ചോദ്യം ചോദിക്കുകയുണ്ടായി. ഞാൻ ഒരു വാക്കുപോലും നുണ പറയുകയില്ല. I will base on questions and answers given on the floor of the House. എന്റെ ആർഗുമെന്റ്സ് എന്നു പറയുന്നത്, മുഴുവനും ബെയ്സ് ചെയ്തിരിക്കുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

ഫ്ളോറിൽ തന്നിരിക്കുന്ന ചോദ്യോത്തരങ്ങളിൽ നിന്നാണ്. 19-2-2000-ത്തിലെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ നമ്പർ 43-ന് തന്നിരിക്കുന്ന ഉത്തരം, "പദ്ധതി തുക മുഴുവൻ ചെലവഴിച്ചു" എന്നാണ്. അങ്ങനെ പറഞ്ഞത് തെറ്റല്ലേ സാർ, അങ്ങനെ ഒരു മന്ത്രിക്ക് പറയാമോ? പദ്ധതി തുക മുഴുവൻ ചെലവഴിച്ചു, ഒരു തുകയും ലാപ്സാക്കിയിട്ടില്ല. വേറൊരാൾ പറഞ്ഞുവെങ്കിൽ ഞാൻ അതിനെക്കുറിച്ച് സംസാരിക്കുകയില്ല. ഇനി 19-2-2001-ന് പ്രൊഫ. എ. വി. താമരാക്ഷൻ ചോദിച്ച ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന ഉത്തരമെന്താണെന്ന് നോക്കാം. ഈ വർഷം പദ്ധതിയേതര ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിന് സെക്രട്ടറി തലത്തിലോ മറ്റ് തലത്തിലോ ശുപാർശ ലഭിച്ചിട്ടുണ്ടോ ; ഉത്തരം : ഇല്ല. നടപ്പു വർഷത്തെ പദ്ധതി വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; ഉത്തരം : ഇല്ല. ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; "ആവശ്യമില്ല" അങ്ങ് നൽകിയ ഉത്തരമാണ്. ഞാൻ അങ്ങയോട് വളരെ വിനീതനായി ചോദിക്കുകയാണ്. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ നാലാംവർഷ പരിപാടികളിൽ പറഞ്ഞ ഒരു കാര്യമുണ്ട്. അതാണ് എന്റെ കയ്യിലിരിക്കുന്ന പുസ്തകം. ആ പുസ്തകത്തിന്റെ ആറാമത്തെ പേജിൽ പറഞ്ഞിരിക്കുന്നത് ഒരു ഫിഗർ, നിങ്ങൾ നിയമസഭയിൽ പറഞ്ഞിരിക്കുന്നത് വേറൊരു ഫിഗർ. ഞാൻ വായിക്കാം. 1997-98-ൽ പ്ലാൻ ഔട്ട്ലേ- 2855 കോടി. ചെലവഴിച്ചത് 2125 കോടി പെർഫോമൻസ് 74 ശതമാനം. ബാക്കി മുഴുവൻ ലാപ്സായി. 1998-99-ലെ ഔട്ട്ലേ 3100 കോടി, ചെലവഴിച്ചത് 2226 കോടി, പ്ലാൻ പെർഫോമൻസ് 72 ശതമാനം. 1999-2000-ലെ ഔട്ട്ലേ 3250 കോടി, ചെലവഴിച്ചത് 2371 കോടി, പെർഫോമൻസ് 73 ശതമാനം. 2000-2001 ജനുവരി വരെ 3535 കോടി, ചെലവഴിച്ചത് 1849 കോടി, പെർഫോമൻസ് 52 ശതമാനം. 75 ശതമാനത്തിൽ താഴെ പ്ലാൻ പെർഫോമൻസ് നിന്നിട്ട് 25 ശതമാനത്തോളം കഴിഞ്ഞ കാലങ്ങളിൽ ലാപ്സാക്കിക്കളഞ്ഞിട്ട് നിങ്ങൾ നിയമസഭയിൽ വന്ന് പ്ലാൻ ലക്ഷ്യം കൈവരിച്ചുവെന്ന് ഉത്തരം നൽകുകയാണ്. ലാപ്സായിട്ടില്ലായെന്ന് പറഞ്ഞാൽ ബ്രീച്ച് ഓഫ് പ്രിവിലേജാണ്. അത് നിങ്ങൾക്കെതിരെ രണ്ടാം തവണ കൊണ്ടുവരേണ്ടതാണ്. നിയമസഭയോട് ഒരു ഉത്തരവാദിത്വവുമില്ലാത്ത നിലയിൽ നിയമസഭയിൽ നിന്ന് വസ്തുതകൾ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത് വളരെ തെറ്റാണ്. ഞാൻ അങ്ങയോട് ഒരു കാര്യം സൂചിപ്പിക്കുകയാണ്. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതൊക്കെ റിക്കോർഡാണ്. യു.ഡി.എഫ്. ഭരണകാലത്ത് എട്ടാം പഞ്ചവത്സര പദ്ധതിയുടെ 1992-97 കാല ഘട്ടത്തിൽ, 1992-93-ൽ പ്ലാൻ ഔട്ട്ലേ 913 കോടി രൂപ, ചെവഴിച്ചത് 825 കോടി രൂപ, പ്ലാൻ പെർഫോമൻസ് 90 ശതമാനം. 1993-94-ൽ ഔട്ട്ലേ 1000 കോടിരൂപ, ചെലവഴിച്ചത് 1091 കോടി രൂപ, പ്ലാൻ പെർഫോമൻസ് 109 ശതമാനം. 1994-95-ൽ ഔട്ട്ലേ 1260 കോടിരൂപ, ചെലവഴിച്ചത് 1415 കോടി രൂപ, പെർഫോമൻസ് 118 ശതമാനം. 1995-96-ൽ ഔട്ട്ലേ 1550 കോടി രൂപ, ചെലവഴിച്ചത് 1763 കോടി രൂപ, പെർഫോർമൻസ് 114 ശതമാനം. 114 ശതമാനം വരെ പ്ലാൻ പെർഫോർമൻസ് നടത്തിയ ഗവൺമെന്റാണ് യു. ഡി. എഫ്. ഗവൺമെന്റ് അതേസമയം പ്ലാനിനുവേണ്ടി കിട്ടിയ പണം മുഴുവൻ ദുരുപയോഗം നടത്തി, വികസനേതര പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ച ഇടതുപക്ഷജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി ഗവൺമെന്റ് എവിടെയാണ് നിൽക്കുന്നത്? നിങ്ങൾ ബഡ്ജറ്റിനകത്ത് ആഴത്തിൽ കടന്ന് വിലയിരുത്താതെ ഗവൺമെന്റിനേയും ധനകാര്യവകുപ്പിനേയും വാനോളം പ്രകീർത്തിക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ?

മി. ചെയർമാൻ (ശ്രീ. എം. മുരളി) : ബഹുമാനപ്പെട്ട മെമ്പർ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കെതിരെ പ്രിവിലേജ് നോട്ടീസ് നമ്പർ 3, ഇത് കാതുള്ളവർ കേൾക്കണം. നക്ഷത്ര ചിഹ്നമിട്ട 7-ാം നമ്പർ ചോദ്യം 2000- 2001-ലെ ആന്വൽ പ്ലാനിനെപ്പറ്റിയുള്ള എന്റെ ചോദ്യമാണ്. ചോദ്യം പദ്ധതി ഫണ്ടിന്റെ വിശദാംശം വെളിപ്പെടുത്താമോ? ഉത്തരം - വെട്ടിക്കുറയ്ക്കാൻ തീരുമാനമെടുത്തിട്ടില്ല. ഓർഡർ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. എന്താണ് സാർ? ഈ ഓർഡർ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. ഈ ഓർഡർ ഫസ്റ്റ് ഫെബ്രുവരിയിലാണ് ഇറക്കിയത്. എന്റെ തന്നെ ചോദ്യത്തിനുള്ള ഉത്തരം ഫെബ്രുവരി 19-ൽ ആണ്. ഫെബ്രുവരി 19-ന് ശ്രീ. ശിവദാസമേനോൻ പറയുന്നു, പ്ലാൻ വെട്ടിക്കുറയ്ക്കാൻ ഉത്തരവ് കൊടുത്തിട്ടില്ലെന്ന്. ഫെബ്രുവരി 1-ാം തീയതി ശ്രീ. ശിവദാസമേനോൻ ഒപ്പിട്ട ഓർഡർ പുറത്തിറങ്ങുന്നു. ഓർഡർ ഞാൻ വായിക്കാം. From the Principal Secretary (Finance), Government of Kerala - No. 3397/W&M II (3)/2001/Fin. To the secretary to Government, Planning Department, Government of Kerala dated, 1st February, 2001. Government have now decided to restrict the Plan expenditure to 75% of the budgeted outlay as part of measures to tide over the present liquidity problems in the treasuries.... ഈ ഉത്തരവ് കൊടുത്തതിനുശേഷം 19-ാം തീയതി നിങ്ങൾ ഈ നിയമസഭയ്ക്കു നൽകിയ ഉത്തരത്തിൽ ഔട്ട്ലേ കട്ട് ചെയ്യാൻ ഓർഡർ കൊടുത്തിട്ടില്ല എന്ന് പറയുന്ന വസ്തുതാവിരുദ്ധമായ പ്രസ്താവന ചെയ്തുകൊണ്ട്, സംസ്ഥാനത്തെ തകർത്ത ധനകാര്യസ്ഥിതി മറച്ചുവയ്ക്കാൻ കഴിയുമെന്നാണോ ധനകാര്യമന്ത്രി പറയുന്നത്? അവസാനം ഒരു സെന്റൻസ് കൂടിയുണ്ട്. In view of the urgent need to regulate outflows from the state Treasuries further plan releases from the treasuries for each department will be made only after the receipt of the revised proforma.

പ്ലാനിന് വേണ്ടിയിട്ടുള്ള ചെലവുകളും ഇനിവരെ റിവൈസ്ഡ് പ്രൊഫോർമാ കിട്ടിയിട്ട് റിലീസ് ചെയ്താൽ മതി എന്നാണ് ഞാൻ ഈ ഉത്തരവ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു. ഇത് ഫെബ്രുവരി 1-ാം തീയതി പുറപ്പെടുവിച്ച ഉത്തരവാണ്. ഇത് വളരെ മോശമായ ഒരു വിഷയമാണ്. അപ്പോൾ എന്താണ് ഈ വികസന രംഗത്ത് കാണുന്നത്? വികസനമാകെ തകർത്ത് തരിപ്പണമാക്കിയ ഗവൺമെന്റല്ലേ ഇത്? അൺസ്റ്റാർഡ് ക്വസ്റ്റ്യൻ നമ്പർ 385, തീയതി 22-2-2001 അതിന് നൽകിയ ഉത്തരം പദ്ധതി അടങ്കൽ ആസൂത്രണ കമ്മീഷൻ 3317 കോടി രൂപയായി വെട്ടിക്കുറച്ചു. വേറൊരു

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യത്തിന് നൽകിയ ഉത്തരം "അപ്രൂവ്ഡ് പ്ലാൻ 6.17 ശതമാനമാണ്". ആദ്യം 6.17 ശതമാനം കട്ട് ചെയ്ത് ചെറിയ പ്ലാൻ ആക്കി നടപ്പുവർഷത്തിൽ വീണ്ടും അതിൽ നിന്നും 25 ശതമാനം വീണ്ടും കട്ട് ചെയ്ത് മൊത്തം 31 ശതമാനം നിങ്ങൾ കട്ട് ചെയ്തിരിക്കുന്നു. പ്രഖ്യാപിത പദ്ധതി, എത്ര മനോഹരം : അത് നടപ്പിലാക്കുന്നതിനെപ്പറ്റി ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഇത് വളരെ മോശമായിപ്പോയി. എനിക്ക് അതിനെപ്പറ്റി പറയാനുള്ളത് ഇത് വളരെ തെറ്റായ ഒരു പോക്കാണ് എന്നാണ്. വികസനത്തെ സംബന്ധിച്ചിടത്തോളം വികസനം വളരെ വളരെ താഴ്ന്നു പോയ്ക്കൊണ്ടിരിക്കുന്നു. തെറ്റായ ഒരു കാര്യമായി ഞാൻ ഇതിനെ കാണുകയാണ്. അതുപോലെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ നമ്പർ 407, തീയതി 22-2-2000 ആളോഹരി വികസനച്ചെലവ് 1999-2000 ത്തിൽ 64. ഇത് നിങ്ങളുടെ ഉത്തരമാണ്, കേരളാ കോൺഗ്രസ്സിന്റേതല്ല. അത് അങ്ങേയ്ക്ക് ഭൂഷണമാണോ ? എന്നിട്ട് അഞ്ചാമത്തെ വർഷത്തിൽ ബഡ്ജറ്റ് പ്രസംഗം അയ്യോ മനോഹരം : ഞങ്ങൾ ജാഥയിലേക്ക് പോവുകയാണ്. ജനങ്ങളെ ഉത്ബുദ്ധരാക്കുവാൻ പോവുകയാണ്. ഇതൊക്കെ ഇവിടെ നടത്താവുന്ന പ്രസംഗങ്ങളാണോ? അതുപോലെ അങ്ങ് സംസ്ഥാനത്തിന്റെ ഗ്രോത്ത് റേറ്റ് എത്രയാണ് പറഞ്ഞത്? എന്റെ ദൈവമേ ഇങ്ങനെ പറ്റിക്കാൻ പറ്റുമോ? ശ്രീ. ഉമ്മൻചാണ്ടി കേട്ടോ. പഴയ ധനകാര്യമന്ത്രിയാണല്ലോ. ഞാൻ എട്ട് ബഡ്ജറ്റുകൾ അവതരിപ്പിച്ച ആളാണ്. ഇത്രയും വൈഭവം കിട്ടിയിട്ടില്ല. 'സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച, ബഡ്ജറ്റ് സ്പീച്ചിൽ, സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പ്പാദനം തുടർച്ചയായി വർദ്ധിച്ച് 1999-2000-ൽ 1998-99 നേക്കാൾ 16.8 ശതമാനം രേഖപ്പെടുത്തി എന്ന വസ്തുത ഈ സഭയെ ഞാൻ അറിയിക്കട്ടെ, എന്താണ് ഉണ്ടായതെന്ന് അറിയാമോ സ്നേഹിതരേ. എവിടെ നിന്നാണെന്ന് അറിയാമോ? ഇത് കറണ്ട് പ്രൈസിൽ നിന്നാണ്. അടിസ്ഥാന വർഷത്തെ കോൺസ്റ്റന്റ് പ്രൈസ് അടിസ്ഥാനമാക്കി മാത്രമേ ഒരു സംസ്ഥാനത്തെ ഗ്രോത്ത് റേറ്റ് എത്രയെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്നിരിക്കേ കറണ്ട് പ്രൈസിന്റെ അടിസ്ഥാനത്തിൽ 16.8 ശതമാനമാണ് ഗ്രോത്ത് റേറ്റ് എന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് എഴുതി വച്ചുവെങ്കിൽ അങ്ങ് വളരെ തരംതാഴ്ന്ന ഒരു ഏർപ്പാടാണു ചെയ്തതെന്ന് മാത്രമേ അതിനെപ്പറ്റി എനിക്ക് പറയാനുള്ളൂ.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഞാൻ മറുപടി പിന്നെ പറയാം. ഒരു സംശയം ചോദിക്കുകയാണ്. ഈ പ്ലാൻ എമൗണ്ട് എന്ന് പറയുമ്പോൾ റിയർ ടേംസ് തന്നെയാണോ ബഹുമാനപ്പെട്ട മാണി പ്ലാൻ ആക്കി എടുത്തിട്ടുള്ളത്?

ശ്രീ. കെ. എം. മാണി : ഞാൻ ഈ പറഞ്ഞ ഫിഗർ മുഴുവനും അക്കൗണ്ട്സ് ആണ്. ഞാൻ ചോദിക്കുന്നത് വേറൊരു വിഷയമാണ്. ഞാൻ ചോദിച്ചതിന് ഉത്തരം പറയണം. You are to say what is the exact growth rate.

LIBRARY ARCHIVES Kerala Legislative Assembly

ആ എക്സാക്ട് ഗ്രോത്ത് റേറ്റിനെ സംബന്ധിച്ച് നിയമസഭയിൽ എനിക്ക് ഒരു ഉത്തരം കിട്ടിയിട്ടുണ്ട്. ശ്രീ. പി. ജെ. ജോയിയുടെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 43. ശ്രീ. ഇ. കെ. നായനാർ നിങ്ങളേക്കാൾ നല്ല മനുഷ്യനാണ്. അദ്ദേഹം ഒരു സത്യം പറഞ്ഞു. എനിക്ക് അങ്ങയോട് ബഹുമാനമുണ്ട്. അദ്ദേഹം ചിലപ്പോൾ അറിയാതെ സത്യം പറഞ്ഞുപോകുന്നു. സംസ്ഥാനത്തിൽ എത്ര ശതമാനം വികസനം ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ള ചോദ്യമാണ്. ആ ചോദ്യത്തിന് അദ്ദേഹം ഫിഗർ നൽകിയത് 1996-97 സ്ഥിര വിലയിൽ നിന്ന് 3.9 ശതമാനം 1997-98 സ്ഥിര വിലയിൽ നിന്ന് 4.2 ശതമാനം, 1998-99 സ്ഥിര വിലയിൽ നിന്ന് 5.2 ശതമാനം, 1999-2000 സ്ഥിരവിലയിൽ നിന്ന് 5.2 ആണെങ്കിൽ ഇനി 2000-2001-ൽ എത്ര വലിച്ചാലും ഒരു രണ്ടോ മൂന്നോ നാലോ അഞ്ചോ.... ലോകത്തിലെവിടെയെങ്കിലും ഉണ്ടോ 16 ശതമാനം സാമ്പത്തിക വളർച്ച? ഫൈനാൻഷ്യൽ കോഡ് ഒക്കെ ഉണ്ട്. ചുമ്മാ പറയാൻ ഒക്കുകയില്ല. എല്ലാ മീഡിയായിൽ കൂടിയും, 16 ശതമാനം സാമ്പത്തിക വളർച്ച നേടി എന്ന് പറഞ്ഞ ധനകാര്യമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, മുഖ്യമന്ത്രിയുടെ ആൻസർ 3.9, 4.2, 5.2 ആ നിലയ്ക്ക് എത്രയാണ് 9-ാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം? 9-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം 7 ശതമാനമാണ്. 9-ാം പഞ്ചവത്സര പദ്ധതി കഴിയുന്നു. 7 ശതമാനത്തിന്റെ സ്ഥാനത്ത് 5 ശതമാനം വരെ നമ്മൾ സാമ്പത്തിക വളർച്ച നേടിയെടുത്ത ശേഷം 16 ശതമാനം സാമ്പത്തിക വളർച്ച നേടുന്നുവെന്ന് പുരപ്പുറത്ത് കയറിനിന്ന് പ്രസംഗിച്ചാൽ ആര് കേൾക്കാനാണ്? ഇതിനൊന്നും നിങ്ങൾക്ക് മറുപടി പറയാൻ പറ്റുകയില്ല. ഇതൊക്കെ ഈ പുസ്തകത്തിൽ നിങ്ങൾ എഴുതി വച്ചിരിക്കുന്നതാണ്. ഇത് കെ. എം. മാണിയുടെ സിദ്ധിയല്ല. ഞാൻ മുഴുവൻ ഡോക്യുമെന്ററി എവിഡൻസോടുകൂടിയാണ് സംസാരിക്കുന്നത്. നിങ്ങൾക്ക് ഇതൊന്നും കോൺട്രഡിക്ട് ചെയ്യാൻ പറ്റില്ല. വ്യവസായ നയത്തിൽ 9 ശതമാനം വളർച്ച ലക്ഷ്യമിട്ടു. കൈവരിച്ചതോ, ചെറുകിട മേഖല 1998-99-ൽ 0.97 ശതമാനം. 1999-2000 1.37. കേമമായില്ലേ? തൊഴിലവസരങ്ങൾ 1998-99 1.95 ശതമാനം 1999-2000 0.57 കേമമായി. ശ്രീ. ഇ. കെ. നായനാരുടെ മനോഹരമായ ഭരണം. തൊഴിലവസരങ്ങൾ 0.57 ശതമാനം ഇവിടെ നടക്കുന്ന ഭരണം എന്താണ് സർ? എത്രയും വേഗം നിങ്ങൾ ഇറങ്ങിപ്പോകൂ. നമ്മുടെ നാട് രക്ഷപ്പെടട്ടേ. എനിക്ക് അതു മാത്രമേ പറയാനുള്ളൂ. തൊഴിൽത്തർക്കം മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടത് നിയമസഭയിൽ 21-2-2001-ലെ 570-ാം നമ്പർ ചോദ്യത്തിന് തന്ന ഉത്തരം അനുസരിച്ച് 1997-98-ൽ 11,78,924 തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടു. 1998-99-ൽ 13,97,623-ഉം 1999-2000-ത്തിൽ 28,87,110-ഉം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു. എന്തു ഭരണമാണ്! കാർഷിക മേഖല തകർത്തതിനെപ്പറ്റി ആഗോളവത്ക്കരണം, ഉദാരവൽക്കരണം എന്നൊക്കെ പറയുന്നു. ഈ ആഗോളവൽക്കരണവും ഉദാരവൽക്കരണവും ഇല്ലായിരുന്നു എങ്കിൽ നിങ്ങൾ രക്ഷപ്പെടുമായിരുന്നോ? ഞാൻ ചെയ്തതു മുഴുവൻ ആഗോളവൽക്കരണവും ഉദാരവൽക്കരണവും. 136 രാജ്യങ്ങൾ കൂടി ഒപ്പിട്ട ഡബ്ല്യു. ടി. ഒ. യിൽ നിന്ന് നിങ്ങൾക്ക് ഇറങ്ങിപ്പോരാമായിരുന്നില്ലേ? ശ്രീ. ദേവഗൗഡയുടെ ഗവൺമെന്റിന് വേണമെങ്കിൽ വെറും ആറുമാസം നോട്ടീസ് കൊടുത്തിട്ട് ഇറങ്ങാമായിരുന്നു ഇറങ്ങിയില്ല. ഗുജ്റാൾ ഗവൺമെന്റിന് ആറുമാസം നോട്ടീസ് കൊടുത്തിട്ട് ഇറങ്ങാമായിരുന്നു. ഇറങ്ങിയില്ല. ശ്രീ. വാജ്പേയി ആറുമാസം നോട്ടീസ് കൊടുത്ത് ഇറങ്ങിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ഡബ്ല്യൂ.ടി. ഒ. യിൽ ഒപ്പിട്ടിട്ട് വിത്ഡ്രാ ചെയ്യണമെങ്കിൽ പെനാൽറ്റി കെട്ടണമെന്നുള്ളത് നിങ്ങൾക്കറിയാമോ?

ശ്രീ. കെ. എം. മാണി : അതുകൊണ്ടാണോ? അൽപ്പം 'പെനാൽറ്റി വേണമെങ്കിൽ കെട്ടിയാലും കുഴപ്പമില്ല. ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ പറ്റുമോ? ശ്രീ. ശിവദാസമേനോൻ ഇന്ത്യൻ പ്രധാനമന്ത്രി ആയാൽ.....

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ പ്രധാനമന്ത്രിയായാൽ ശ്രീ. കെ. എം. മാണിക്ക് ഭാരതരത്നം തരും.

ശ്രീ. കെ. എം. മാണി : അതിന് എനിക്ക് ഇടവരാതിരിക്കട്ടെ. അങ്ങയുടെ കൈയിൽനിന്ന് ഭാരതരത്നം വാങ്ങാൻ എനിക്ക് ഇടവരാതിരിക്കട്ടെ ദൈവമേ. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയോട് ഞാൻ പറയട്ടെ, ചീഫ് മിനിസ്റ്ററോട് ഞാൻ പറയാം. ആഗോളവൽക്കരണത്തിന് ഗുണങ്ങളുമുണ്ട്, ദോഷങ്ങളുമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഏഴ് പദ്ധതികൾ കഴിഞ്ഞിട്ടും രാജ്യം ദാരിദ്ര്യത്തിൽ മുങ്ങിക്കുളിക്കുകയാണ്. 40 ശതമാനം ജനങ്ങളും ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. രാജ്യത്തെ ജനസംഖ്യയുടെ കാൽ ഭാഗത്തിലേറെ ദരിദ്രരായി കഴിയുന്നത് അഭിമാനകരമല്ല. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം ഇപ്പോഴും തകർന്നുകൊണ്ടിരിക്കുന്നു. അത് ഏത് പുസ്തകമാണെന്നറിയാമോ? ഇത് ശ്രീ. കെ. എം. മാണിയുടെ പുസ്തകമാണ്.

(ശ്രീ. കെ. എം. മാണി എഴുതിയ പുസ്തകം ശ്രീ. ഇ. കെ. നായനാർ സഭയിൽ ഉയർത്തി കാണിക്കുകയുണ്ടായി)

ശ്രീ. കെ. എം. മാണി : എന്റെ പുസ്തകം അങ്ങ് എപ്പോഴും സൂക്ഷിച്ചു കൊണ്ടുനടക്കുന്നു എന്നുകാണുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ശ്രീ. ഇ. കെ. നായനാർ : ഇത് ശ്രീ. കെ. എം. മാണി 1990-ൽ എഴുതി അച്ചടിച്ച പുസ്തകമാണ്. അതാ ഇപ്പോൾ വായിച്ചത്.

ശ്രീ. കെ. എം. മാണി : ഞാൻ ഇപ്പോഴും അതിൽത്തന്നെ ഉറച്ചുനിൽക്കുന്നു. ഒരു വ്യത്യാസവുമില്ല. അങ്ങ് ഇത് കാണിച്ചതിൽ എനിക്ക് സന്തോഷമുണ്ട്, അങ്ങ് എന്റെ പുസ്തകം റഫർ ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്, കാരണം അങ്ങ് ഇത് വായിക്കുന്നുണ്ടല്ലോ. ഞാൻ ചെറിയവനാണ് എങ്കിലും ചെറിയവൻ എഴുതിയ ഒരു പുസ്തകം അങ്ങ് വായിച്ചല്ലോ എന്ന് ഓർത്തപ്പോൾ എനിക്ക് സംതൃപ്തിയുണ്ട്. ഞാൻ അതിൽ ഉറച്ചു നിൽക്കുന്നു. ഇത്രമാത്രം ദാരിദ്ര്യം ഉള്ള ഇന്ത്യ, തൊഴിലില്ലായ്മ ഉള്ള ഇന്ത്യ നമ്മെ സംബന്ധിച്ചിടത്തോളം ഇനി പുരോഗമിക്കണമെന്നുണ്ടെങ്കിൽ എന്തു ചെയ്യണം? ഡബ്ല്യൂ. ടി. ഒ. എന്നു പറഞ്ഞ് കണ്ണുനീർ ഒഴുക്കിയിട്ട് കാര്യമില്ല. ഡബ്ല്യൂ ടി. ഒ. യിൽ നിന്നും പുറത്തുവരാൻ പറ്റുകയില്ലെങ്കിൽ അതിൽ ഉറച്ചുനിന്നുകൊണ്ട് ഭീഷണികൾ

LIBRARY ARCHIVES Kerala Legislative Assembly

സമർത്ഥമായി നേരിടുവാൻ ഒരു കേന്ദ്ര ഗവൺമെന്റും, ഒരു സംസ്ഥാന ഗവൺമെന്റും രാജ്യത്ത് ഉണ്ടാകണം. ഡബ്ല്യൂ. ടി. ഒ. യുടെ പ്രയോജനം ചൂഷണം ചെയ്യാൻ കഴിയണം. ഡോ. അമർത്യാസെൻ തിരുവനന്തപുരത്തുവന്നു പറഞ്ഞു, ആഗോളവത്ക്കരണത്തിന്റെ പ്രയോജനം സ്വന്തമാക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണിതെന്ന്. ഈ സംസ്ഥാനത്ത് നമുക്ക് എത്ര നിക്ഷേപം കിട്ടിയെന്ന് ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്. സംസ്ഥാനത്ത് ഈ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ 2,16,000 കോടി രൂപ നിക്ഷേപമായി കിട്ടിയിട്ട്, മഹാരാഷ്ട്ര 15 ശതമാനം വ്യാവസായിക നിക്ഷേപം നേടി എടുത്തപ്പോൾ, ആന്ധ്രയും തമിഴ്നാടും കർണ്ണാടകയും ആറും ഏഴും ശതമാനങ്ങൾ നേടിയെടുത്തപ്പോൾ, ഞങ്ങളുടെ മഹത്തായ ഗവൺമെന്റ് നേടി എടുത്തത് എത്രയാണെന്നറിയാമോ? 0.39 ശതമാനം. അര ശതമാനം പോലും വ്യവസായ നിക്ഷേപം ആർജ്ജിക്കാൻ കഴിയാത്ത, ഒരു വ്യവസായം കൊണ്ടുവരാൻ കഴിയാതെ നിൽക്കുന്ന പരിതസ്ഥിതിയാണ്. ശ്രീ. ജിജി തോംസൺ കഴിഞ്ഞ ദിവസം പറഞ്ഞു, ഞാൻ പറയുന്നത് വിദേശ മൂലധന നിക്ഷേപം എല്ലാ രാജ്യങ്ങളിലേക്കും പ്രവഹിച്ചപ്പോൾ, ഇന്ത്യ വ്യവസായ മൂലധന നിക്ഷേപം എഫ്. ഡി. ഐ.-ൽ നിന്നും വാങ്ങിയെടുത്തപ്പോൾ, കേരളത്തിൽ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാൻ, വ്യവസായങ്ങൾ വർദ്ധിപ്പിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റ് അല്ലേ അങ്ങയുടെ ഗവൺമെന്റ്?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): ഇവിടെ നമുക്ക് 50 ശതമാനം കിട്ടുമ്പോൾ മഹാരാഷ്ട്ര 16 ശതമാനം, ഗുജറാത്ത് 8 ശതമാനം ഇങ്ങനെയാണ്. ശ്രീ. മാണി കോൺഗ്രസിനെ അറ്റാക്ക് ചെയ്ത പുസ്തകമാണിത്. 1990-ൽ അച്ചടിച്ച പുസ്തകമാണ്.

ശ്രീ. കെ. എം. മാണി: ഞാൻ അതിൽ ഉറച്ചുനിൽക്കുന്നു. അത് പണ്ടത്തെ, ഇപ്പോഴത്തെയല്ല. 'ഐ.ടി. മേഖലയിൽ കേരളം മുന്നേറുന്നു' എന്ന വാർത്ത പൊള്ള - ശ്രീ. ജിജി തോംസൺ, ഐ. ടി. മേഖല, മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേരളം ചിത്രത്തിൽ ഇല്ല. വിവര സാങ്കേതിക വിദ്യാമേഖലയിൽ കേരളം കുതിച്ചു കയറുന്നു എന്ന അവകാശവാദം പൊള്ളയാണെന്ന് കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ ലോകത്തിൽ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ, ഒരു കെ.എസ്.ഐ. ഡി.സി. മാനേജിംഗ് ഡയറക്ടർ പറയുന്നു ഐ. ടി. മേഖലയിൽ നമ്മൾ മുന്നേറുന്നു എന്നു പറയുന്നത് വാസ്തവവിരുദ്ധമാണെന്ന്. ഉടനെ ചീഫ് സെക്രട്ടറി, ഷോ കോസ് നോട്ടീസ്, ഇതാണ്. ഞാൻ പറയുന്നത് നിങ്ങൾ വെറുതെ ഇങ്ങനെ പറഞ്ഞിട്ട് കാര്യമുണ്ടോ? Kerala Venture Capital Fund മൂലധന നിക്ഷേപം 9-ാം തീയതിയിലെ പത്രത്തിൽ വന്നതാണ്. ഇൻഫർമേഷൻ ടെക്നോളജി ഹൈ-ടെക്, ബയോ-ടെക്നോളജി വ്യവസായികൾക്ക് നൽകുന്നതിനായി രൂപീകരിച്ച Kerala Venture Capital Fund പ്രവർത്തനം ആരംഭിച്ച് ഒന്നര വർഷമായിട്ടും ഇതുവരെ ഒരു പൈസപോലും കൊടുത്തിട്ടില്ല. എന്തൊരു ഗവൺമെന്റാണിത്! ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വളർച്ചയ്ക്ക് വല്ലതും ചെയ്യുന്നുണ്ടോ? ഇവിടെ ചുമ്മാ പ്രസംഗം, പ്രസംഗം. ഇത് എത്രനാൾ കേട്ടു! കേരളം ഈ ദുർഭരണത്തിൽനിന്നും, കർഷക ദ്രോഹത്തിൽ നിന്നും മോചിപ്പിക്കണം. റബ്ബർ, നാളികേരം, അടയ്ക്ക, തേയില, കാപ്പി ഇവയുടെയൊക്കെ വില പോയി. ഈ കാർഷികക്കെടുതികളിൽ നിന്ന് കേരളത്തെ മോചിപ്പിക്കാൻ ഇവിടെ ഒരു വ്യവസായമില്ല. ഇവിടത്തെ വിദ്യാർത്ഥികളുടേയും യുവജനങ്ങളുടെയും ഭാവി സുരക്ഷിതമാകണമെങ്കിൽ, നമ്മുടെ നാടിന്റെ കെടുതികൾ അവസാനിപ്പിക്കണമെങ്കിൽ ഒരു മോചനം വേണം. ദുർഭരണം നടത്തുന്ന നിങ്ങളുടെ ഗവൺമെന്റ് മാറണം. കേരളത്തിൽ ഒരു ഭരണമാറ്റം ഉണ്ടാകാതെ 21-ാം നൂറ്റാണ്ടിലേക്ക്, ലോക സമ്പദ്‌വ്യവസ്ഥയിലേക്ക് കേരളത്തേയോ, ഇന്ത്യയേയോ സമന്വയിപ്പിക്കാൻ കഴിയില്ല. ദുർഭരണം നടത്തുന്ന ഇടതുപക്ഷ മുന്നണി ഗവൺമെന്റിനു വേണ്ടി ശ്രീ. ശിവദാസമേനോൻ സത്യവിരുദ്ധമായ കണക്കുകളും പ്രസ്താവനകളും നിരത്തിവച്ചുകൊണ്ട് അവതരിപ്പിച്ച ഈ ബഡ്ജറ്റിന്റെ ക്രഡിബിലിറ്റി പോലും നഷ്ടപ്പെട്ടിരിക്കുന്നു. നിങ്ങളെ ആർക്കും വിശ്വസിക്കാൻ കഴിയില്ല. ആ നിലയിലുള്ള ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചു, ഞാൻ എന്റെ വാക്കുകൾ നിർത്തട്ടെ. ഈ ബഡ്ജറ്റ് എല്ലാ, നിലകളിലും തീരുത്തണം. ഞാൻ ആദ്യം സപ്ലിമെന്ററി ബഡ്ജറ്റിന്റെ കാര്യത്തിൽ പറഞ്ഞതുപോലെത്തന്നെ മൊത്തത്തിൽ ഈ ബഡ്ജറ്റ് തിരുത്തി ഒരു ആൾട്ടറേഷൻ ബഡ്ജറ്റ് കൊണ്ടുവരണം. വസ്തുതകൾ വസ്തുതകളായി ധനകാര്യമന്ത്രി പറയണം. ബഡ്ജറ്റിൽ രാഷ്ട്രീയം ഇല്ല, രാഷ്ട്രീയം ഉണ്ടാകാൻ പാടില്ല. ഈ ബഡ്ജറ്റ് ഞാൻ ആദ്യം പ്രസ്താവിച്ചതുപോലെ തകർന്ന ഒരു തറവാടിന്റെ ചിത്രമാണ്. ഈ സംസ്ഥാനത്തിന്റെ ലിക്വിഡേറ്ററായി ശ്രീ. ശിവദാസമേനോനും ശ്രീ. നായനാരും മാറിയിട്ടുള്ളതിൽ എനിക്ക് ഖേദമുണ്ട്. ആ നിലയിൽ ഞാൻ ഈ ബഡ്ജറ്റിനെ കാണുന്നു, ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, ഇന്ന് 12.30 മണി ആകുന്നതുവരെ ഞാൻ ഈ സഭയിൽ ഇരുന്നത് ബഹുമാനപ്പെട്ട ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് കൊള്ളാവുന്ന ഒരു ബഡ്ജറ്റാണെന്ന വിശ്വാസത്തിൽ ആയിരുന്നു. പക്ഷേ ലോക സാമ്പത്തിക വിദഗ്ദ്ധനായ ബഹുമാനപ്പെട്ട പാലാ മെമ്പർ ഇത്രയും നേരം കള്ളക്കണക്കുകൾ മുഴുവൻ അവതരിപ്പിച്ചപ്പോൾ എനിക്ക് ഒരു ചെറിയ സംശയമുണ്ട്. ഒരു ലോക സാമ്പത്തിക വിദഗ്ദ്ധൻ എന്ന് ഞാൻ വെറുതെ പറയുന്നതല്ല. ലോകത്തിൽ ധനകാര്യവകുപ്പ് മന്ത്രിമാർ എത്രയോ രാജ്യങ്ങളിലുണ്ട്. സ്റ്റേറ്റുകളിലുണ്ട്. എന്നാൽ ലോകചരിത്രത്തിൽ ആദ്യമായി 1985-ൽ മിച്ചവും കമ്മിയും ചേർന്ന ബഡ്ജറ്റ് അവതരിപ്പിച്ച വലിയ ഒരു വിദഗ്ധനാണ് ശ്രീമാൻ കെ. എം. മാണി എന്നറിയണം. എനിക്ക് വഴങ്ങാത്തവന് ഞാൻ വഴങ്ങുകയില്ല. ഞാൻ പറയുന്നത് കേൾക്ക്. നിങ്ങൾ പറഞ്ഞത് ഞാൻ കേട്ടില്ലേ? നിങ്ങൾക്കെന്താ ഇത്ര അസ്വാസ്ഥ്യം? അവിടെ ഇരി. 1985-86 സാമ്പത്തിക വർഷം അദ്ദേഹത്തിന്റെ 8 ബഡ്ജറ്റിൽ ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു. ആ ബഡ്ജറ്റ് ലോകത്താദ്യമായി മിച്ച ബഡ്ജറ്റും കമ്മി ബഡ്ജറ്റുമായി. അത് അത്ഭുതം തന്നെ. അതാണ് ഞാൻ പറഞ്ഞത്,

LIBRARY ARCHIVES Kerala Legislative Assembly

ലോകസാമ്പത്തിക വിദഗ്ദ്ധനാണ് ശ്രീ. മാണി എന്ന്. അദ്ദേഹം കണക്കവതരിപ്പിച്ചു. അത് കള്ളക്കണക്കാണ്, എന്നു ഞാൻ വെറുതെ പറഞ്ഞതല്ല. അദ്ദേഹത്തിന്റെ കണക്കവതരണവും ചോദ്യത്തിനുള്ള ഉത്തരവും കേട്ടാൽ തോന്നും ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലെ കണക്കുകൾ മുഴുവനും തെറ്റാണെന്ന്. അദ്ദേഹം പറയുന്ന രീതിയിൽ പറഞ്ഞാൽ മുഴുവനും തെറ്റാണ്. യഥാർത്ഥത്തിൽ സത്യവുമായിട്ട് ബന്ധമുണ്ടോ? സത്യത്തിന് വില കല്പിക്കുന്നതിനദ്ദേഹം തയ്യാറായിട്ടുണ്ടോ? ഞാൻ ഇവിടെ ഒരു കണക്ക് വെയ്ക്കാം. Plan achievement of different States 1999-2000

ശ്രീ. ഡൊമനിക് പ്രസന്റേഷൻ : സർ, ...

ശ്രീ. പി. സി. ജോർജ് : ഡൊമിനിക്കേ..... ജോയിയോട്... ഞാൻ പറയാം. നിങ്ങളവിടെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ ഒരക്ഷരവും മിണ്ടാതെ മര്യാദയ്ക്ക് ഇവിടെ ഇരുന്ന ആളാണ് ഞാൻ. എന്നെ ഒരുമാതിരി ബുദ്ധിമുട്ടിക്കരുത്, ഞാൻ പറയാം, ഞാൻ പറഞ്ഞാൽ കടുപ്പിച്ച് പറയും. പ്രശ്നമാകും. ഇത് നിഷേധിക്കാൻ പറ്റുമോ? Plan achievement of different States 1999-2000 അതിൽ എന്താ പറഞ്ഞിരിക്കുന്നത്? ഗുജറാത്തിൽ 85 ശതമാനം. ഹര്യാനയിൽ 72 ശതമാനം. കർണ്ണാടകയിൽ 85 ശതമാനം. ഒറീസ്സയിൽ 68 ശതമാനം. പഞ്ചാബിൽ 47 ശതമാനം..... സ്ഥിരം ഉള്ള പരിപാടിയാണ്..... കള്ളം പറയും ഓടിരക്ഷപ്പെടും. ഇനി ഇങ്ങോട്ട് വരില്ല. പേടിക്കേണ്ട. രാജസ്ഥാൻ 67 ശതമാനം. പി. സി. ജോർജിനെതിരെ ശ്രീ. കെ. എം. മാണിക്ക് പൂഞ്ഞാറിൽ സ്ഥാനാർത്ഥിയാകാൻ പറ്റുമോ? ഞാൻ വെല്ലുവിളിക്കുന്നു. തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഒരു ലക്ഷം രൂപ സംഭാവന തരാം. വരാമോ? വർത്തമാനം പറയാതെ മാമ്മൻ മത്തായി, വർത്തമാനം പറയാതെ, കഴിഞ്ഞ 1996-ൽ ഞാൻ മത്സരിച്ചു. അന്ന് അധികാരം നിങ്ങളുടെ കൈയിലാണ്. എന്നിട്ടും പതിനായിരത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി ജനം വോട്ട് ചെയ്താണ് ഞാനിവിടെ വന്നിരിക്കുന്നത്. മാമ്മനെപ്പോലെ കള്ളക്കച്ചവടം ഒന്നുമല്ല ഇത്. കണക്കുകൾ പറഞ്ഞാൽ സമ്മതിക്കേണ്ടേ? ഉത്തർ പ്രദേശ് 56 ശതമാനം. വെസ്റ്റ് ബംഗാൾ 71 ശതമാനം. കേരളം 91 ശതമാനം. വർത്തമാനം പറഞ്ഞുകൊണ്ടു നടക്കുകയാണ്. മര്യാദ വേണ്ടേ കണക്കു പറയുന്നതിന്? കേരളം 91 ശതമാനം. മനസ്സിലാക്കണം. പിന്നെ എന്താണ് ഇവിടെ കണക്കവതരിപ്പിച്ചത്? ഞാൻ ചോദിക്കട്ടെ ഈ രാജ്യത്തിന്റെ ഇന്നത്തെ സാമ്പത്തിക നില എന്താണ്? നമ്മൾ ചർച്ച ചെയ്യണ്ടേ അതിനെപ്പറ്റി? ചർച്ച ചെയ്യാൻ തയ്യാറായിട്ടുണ്ടോ ആരെങ്കിലും? ആത്മാർത്ഥതയോടുകൂടി ഈ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തിക്കൊണ്ട് ചർച്ചയ്ക്ക് അവസരമൊരുക്കാനുള്ള ബാധ്യത ഈ രാജ്യത്തെ പ്രതിപക്ഷം എന്ന നിലയ്ക്ക് നിങ്ങൾക്കില്ലേ? നിഷ്പക്ഷമായിട്ട് ആലോചിക്കണം. ഇതുപോലെ കള്ളക്കണക്കുകൾ അവതരിപ്പിച്ചിട്ട് ഓടിരക്ഷപ്പെട്ടാൽ പോരാ. രാഷ്ട്രീയം പറഞ്ഞാൽ പോരാ. അവസാനം അദ്ദേഹം പറഞ്ഞു നിർത്തിയതെന്താ? നിങ്ങൾ ഇങ്ങോട്ടിറങ്ങ്. എന്തിന്, ഞാൻ അങ്ങോട്ട് കയറി ഇരിക്കാം എന്ന്. ഇതാണോ ഈ രാജ്യത്തെ പ്രശ്നം? ഈ സ്റ്റേറ്റിന്റെ പ്രശ്നം ഇതാണോ? രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവന്റെ പ്രശ്നം പരിഹരിക്കപ്പെടുമോ? ഞങ്ങൾ ഇവിടെനിന്നും മാറി അങ്ങോട്ടിരിക്കാം. അവിടെ ഇരിക്കുന്നവരെ പിടിച്ച് ഇവിടെ ഇരുത്തിയാൽ ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രശ്നം പരിഹരിക്കപ്പെടുമോ? എന്താ നിങ്ങൾ അതിനെപ്പറ്റി ചിന്തിക്കാത്തത്? ജനങ്ങളോട് ഉത്തരവാദിത്വം വേണ്ടേ? രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലയിൽ, ഒരു മുന്നണി എന്ന നിലയിൽ ജനങ്ങളോട് ഉത്തരവദിത്വം വേണ്ടേ? ഞാൻ ചോദിക്കട്ടേ 1996-97-നു ശേഷം രാജ്യത്തിന്റെ ധനസ്ഥിതി വളരെ മോശമായിട്ടുണ്ടോ? 2000-2001-നു മുമ്പുള്ള സാമ്പത്തിക അവലോകനം അത് വ്യക്തമാക്കുന്നുണ്ട്. നിഷേധിക്കാൻ പറ്റുമോ? അതിനെപ്പറ്റി ഒന്നും പറയുന്നില്ല. ഈവക കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനു പകരം മിനിഞ്ഞാന്ന് ഇവിടെ എന്താ പറഞ്ഞത്. പ്രതിപക്ഷത്തോട് ചെറിയ രാഷ്ട്രീയം പറയാം. കണക്കുകൾ പിന്നെ പറയാം. തിങ്കളാഴ്ച എന്തിനാണ് ഈ വെല്ലിന കത്തിറങ്ങി അങ്ങുൾപ്പെടെ സിന്ദാബാദ് വിളിച്ചത്? ഈ സഭയിലെ അംഗം അല്ലാത്ത ഇടതുപക്ഷ കൺവീനറായ ശ്രീ. വി. എസ്.. അച്ചുതാനന്ദന്റെ മകന്റെ സുഹൃത്ത് ഫോണിൽ കള്ളക്കച്ചവടക്കാരനോട് സംസാരിച്ചു എന്നു പറഞ്ഞ് അയാൾ പത്രസമ്മേളനം നടത്തി. അതിന്റെ പേരിൽ വെല്ലിലിറങ്ങി ബഹളം വയ്ക്കുകയാണ്. സാമ്പത്തികകാര്യം ചർച്ച ചെയ്യാൻ നിങ്ങൾക്ക് സമയമില്ല. അടിയന്തിര പ്രമേയം അവതരിപ്പിക്കണം. ഞാൻ നിഷ്പക്ഷമായി ചോദിക്കുകയാണ്. അടിയന്തിരപ്രമേയം അനുവദിച്ചു നൽകില്ല എന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞു. ഗവൺമെന്റ് തീരുമാനിച്ചു. ഞങ്ങൾ തീരുമാനിച്ചു. അനുവദിക്കാൻ കഴിയില്ലെന്ന് ലൈൻ സ്വീകരിച്ചു. നിങ്ങൾ പുറത്തിറങ്ങി വാക്കൗട്ട് നടത്തി പോയി. പിന്നെ എന്തിനാ നിങ്ങൾ പിറ്റേ ദിവസം ചൊവ്വാഴ്ച രാവിലെ ഇങ്ങോട്ട് വന്നത്? നിങ്ങളുടെ തീരുമാനം അടിയന്തിര പ്രമേയം അവതരിപ്പിക്കണമെന്നായിരുന്നു. സൗകര്യമില്ല എന്ന് ഞങ്ങൾ പറഞ്ഞു. അടിയന്തിരപ്രമേയം അനുവദിച്ചില്ല. പിന്നെ നിങ്ങൾ എന്തു നേടിയിട്ടാണ് ഇങ്ങോട്ടു വന്നിരിക്കുന്നത്? ഒന്നു പറഞ്ഞതാണ്.. ആരും ആകട്ടെ... സ്പീക്കർ പറഞ്ഞകാര്യം... ഞങ്ങൾക്ക് അഭിപ്രായവ്യത്യാസം ഇല്ല. ഡൊമിനിക്കേ, പറഞ്ഞത് മനസ്സിലായില്ലേ. വിവരം ഉള്ളതുകൊണ്ടാണ് ഇവിടെ വന്നിരിക്കുന്നത്. ഒരു സംശയവും വേണ്ട. സ്പീക്കറുടെ തീരുമാനം മാറ്റിയില്ല. നിങ്ങൾ ബഹളം വച്ചു പുറത്തുപോയി. നിങ്ങളെന്താണ് എന്നിട്ട് വന്നിരുന്ന് പ്രസംഗിക്കുന്നത്? എനിക്ക് അറിയേണ്ടത് ഇതിനു മുൻപ് എന്തിനായിരുന്നു നിങ്ങൾ ബഹിഷ്ക്കരിച്ചത് എന്നാണ്. രാജ്യത്തിന്റെ പ്രശ്നങ്ങളെ, ജനകീയ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യപ്പെടേണ്ട ഏറ്റവും പരമോന്നതമായ വേദിയാണിത്. ആ വേദിയോട് മാന്യത പുലർത്താതെ നിങ്ങൾ എന്തു ചെയ്തു? നിങ്ങൾ നടപടികൾകൊണ്ടും ബഹളം വച്ചുകൊണ്ടും ആ പ്രമേയം, കേന്ദ്ര ഗവൺമെന്റിനെതിരെയുള്ള പ്രമേയം, ഇവിടെ ഇപ്പോൾ ചർച്ച ചെയ്യണമെന്ന് പറഞ്ഞു. അതാണ് പ്രശ്നം. വൈകുന്നേരം ചർച്ച ചെയ്യാമെന്ന് ഞങ്ങൾ പറഞ്ഞു. നിങ്ങൾ എന്തു ചെയ്തു? കാര്യങ്ങൾ പഠിക്കാനുള്ള അവസരം കിട്ടട്ടേ എന്ന് കരുതിയാണ് ഞങ്ങൾ പറഞ്ഞത്. നിങ്ങൾ എന്തു ചെയ്തു? ബോയിക്കോട്ട് ചെയ്തു. ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നം ചർച്ച ചെയ്തില്ല. അതിനു മുൻപുള്ള സമ്മേളനം എങ്ങനെയായിരുന്നു? അങ്ങേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

അറിയാമല്ലോ. പ്ലസ്ടു അഴിമതി എന്നു പറഞ്ഞ് നിങ്ങൾ ഇറങ്ങിപ്പോയി. രാജ്യം മുഴുവൻ കലാപം ഉണ്ടായി. വ്യക്തമായ തെളിവുകൾ ഒരെണ്ണംപോലും വയ്ക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. അതിനുമുൻപ് കോടതിവിധി വന്നു. നിങ്ങൾ വെറുതേ സെക്രട്ടേറിയറ്റിനു മുന്നിൽ നിന്നും എഴുന്നേറ്റുപോയി. ഞങ്ങൾ അതിനുള്ള പരിഹാരമുണ്ടാക്കി. ഏതു കാര്യത്തിലാണ് നിങ്ങൾക്ക് സത്യമായി തീരുമാനം എടുത്ത് മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുള്ളത്? നിങ്ങൾ പറയുന്ന കാര്യങ്ങൾക്കുവേണ്ടി ഉറച്ചുനിന്നുകൊണ്ട് മുന്നോട്ടു പോകാൻ നിങ്ങൾക്കു കഴിഞ്ഞിട്ടുണ്ടോ? ആട് ഇല കടിക്കുന്നതുപോലെ നിങ്ങൾ അവിടെയും ഇവിടെയും ഓരോ സമരം നടത്തിപ്പോവുകയാണ്. അതിന് പരിസമാപ്തി എന്താണെന്ന് ചർച്ച ചെയ്യുന്നില്ല. നിങ്ങൾ ചിന്തിക്കുന്നില്ല. ചർച്ചയിൽ പങ്കെടുക്കുന്നില്ല തീരുമാനമായില്ല എന്നുപറഞ്ഞ് മിനിഞ്ഞാന്ന് ഇറങ്ങിപ്പോയി ചർച്ച ചെയ്യാനും ചിന്തിക്കാനും വേണ്ടി പറയുകയാണ്. 1999-ൽ കേന്ദ്രത്തിൽ പാർലമെന്റ് സമ്മേളനം നടന്നു കൊണ്ടിരിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് സെക്രട്ടറി ലോക വ്യാപാര സംഘടനയുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് ഒപ്പിട്ടു. 1429 ഐറ്റം കാർഷിക ഉല്പന്നങ്ങളും കാർഷികേതര ഉല്പന്നങ്ങളും ഉൾപ്പെടെ 2001 ഏപ്രിൽ ഒന്നാം തീയതി മുതൽ ഫ്രീ ട്രേഡ് സൗകര്യം ഇൻഡ്യാ രാജ്യത്ത് ഉണ്ടായി. ഇറക്കുമതി എഗ്രിമെന്റ് ഒപ്പിട്ടു കൊടുത്തില്ലേ. പാർലമെന്റിൽ അത് ചർച്ച ചെയ്തോ? നിങ്ങൾ മിണ്ടുന്നില്ല. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി, അങ്ങെങ്കിലും വിവരമുള്ള ആളല്ലേ? ഇതിനെക്കുറിച്ച് ഒന്ന് പ്രതികരിക്കണ്ടേ? അങ്ങ് ധനകാര്യവകുപ്പു മന്ത്രിയായിട്ട് ഇരുന്ന ആളല്ലേ? കള്ളക്കടത്ത് അറിയത്തില്ലാത്ത, സത്യം അറിയാവുന്ന ആളല്ലേ? എന്തുകൊണ്ട് നിങ്ങൾ അതിനെപ്പറ്റി മിണ്ടുന്നില്ല? 1429 ഐറ്റംസാണ് 2001 ഏപ്രിൽ ഒന്നാം തീയതി മുതൽ ഇഷ്ടംപോലെ ഏതു രാജ്യത്തുനിന്നും സൗകര്യം പോലെ ഈ കൊച്ചുകേരളം ഉൾക്കൊള്ളുന്ന ഇൻഡ്യാ രാജ്യത്ത് ഇറക്കുമതി ചെയ്യാൻ എഗ്രിമെന്റിലൂടെ സൗകര്യം ഒരുക്കിക്കൊടുത്തിരിക്കുന്നത്. നിങ്ങൾ പിന്നെ മിണ്ടുന്നില്ല. 1999-ൽ എഗ്രിമെന്റ് വച്ചുകഴിഞ്ഞ് ഏപ്രിൽ ഒന്നാം തീയതി 715 ഐറ്റംസ് ഇറക്കുമതി ആരംഭിച്ചു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇനി 714 ഐറ്റംസ് കൂടി വരും. അങ്ങനെയാണ് 1429 വരുന്നത്. അതിനെപ്പറ്റി അവർക്ക് അഭിപ്രായമില്ല. എന്തു കഷ്ടകാലമാണിത്? ഇൻഡ്യാ രാജ്യത്തെ കൂട്ടിച്ചോറാക്കാൻ പോകുകയാണ്. ഈ രാജ്യത്തിന്റെ കാർഷിക മേഖല തകർക്കാൻ പോവുകയാണ്. കാർഷിക മേഖല ഇല്ലാത്ത മേഖലകളിലേക്കു കടന്നുവരികയാണ്. അവർക്ക് അഭിപ്രായമില്ല. ഇതിനെപ്പറ്റി മിണ്ടുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട നായനാർ ഇരിക്കുന്നു. അതാണ് പ്രശ്നം. ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിരിക്കുന്നു. അതാണ് പ്രശ്നം. ആദ്യം നിങ്ങൾ പഠിക്കണം. ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻചാണ്ടി, അങ്ങയോടു പറയുകയാണ് മിച്ച ബഡ്ജറ്റ് എന്നെങ്കിലും മെച്ച ബഡ്ജറ്റ് ആകുമോ? ജനങ്ങളോട് പ്രതിബദ്ധതയുള്ള ഗവൺമെന്റിന് മിച്ച ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുമോ? മെച്ച ബഡ്ജറ്റില്ല, മിച്ച ബഡ്ജറ്റാണ്. നിങ്ങൾ മനസ്സിലാക്കണം. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കമ്മി ബഡ്ജറ്റേ അവതരിപ്പിക്കാൻ കഴിയൂ. വികസനം ആഗ്രഹിക്കുന്ന, ജനസമൂഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നന്മ ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റിനേ കമ്മി ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയൂ എന്ന് ആദ്യം നിങ്ങൾ മനസ്സിലാക്കണം. ഇതൊന്നുമില്ലാതെ വർത്തമാനം പറഞ്ഞിട്ടു പോയിട്ടു കാര്യമുണ്ടോ? ഇവിടെ എന്തുകൊണ്ട് കമ്മി വർദ്ധിച്ചു? ഗവൺമെന്റ് ഖജനാവിൽ പണമില്ല. പൂട്ടിയിട്ടിരിക്കുകയാണെന്ന് നിങ്ങൾ പറയുന്നു. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇരിക്കുമ്പോൾ 11 ദിവസം ട്രഷറി തുറന്നിട്ടില്ല. ഞങ്ങളുടെ കാലത്ത് തുറന്നിരിപ്പുണ്ടല്ലോ. ചെറുതായിട്ടെങ്കിലും കാശു കൊടുക്കുന്നുണ്ടല്ലോ, ഒരു ദിവസംപോലും ശമ്പളം മരവിപ്പിച്ചിട്ടുണ്ടോ? ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നുണ്ടല്ലോ. ഇൻഡ്യാ രാജ്യത്ത് ഒൻപതു സംസ്ഥാനങ്ങളിൽ ശമ്പളം പോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയാണിന്നുള്ളത്. മഹാരാഷ്ട്ര സ്റ്റേറ്റിൽ ഓരോ ജില്ലയും തിരിച്ച് ശമ്പളം കൊടുത്തു കൊണ്ടിരിക്കുന്നു. ആ ഗതികേട് കേരളത്തിനുണ്ടായിട്ടുണ്ടോ? നിങ്ങൾ മനസ്സിലാക്കേണ്ട കാര്യമാണ്. ആ നിലയിൽ ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളും സാമ്പത്തികമായി അധഃപ്പതിച്ചുകൊണ്ടിരിക്കുമ്പോഴും കേരളത്തിൽ ശമ്പളം കൊടുത്തുകൊണ്ട് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താതെ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഇടതുപക്ഷ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. അഞ്ചു വർഷം കഴിഞ്ഞിരിക്കുന്നു എന്നത് നിങ്ങൾ നിസ്സാരമായി കാണരുത്. അത് ശരിയല്ല. നിങ്ങളുടെ മനഃസാക്ഷിയോട് ചോദിക്കേണ്ട കാര്യമാണ്. നിഷേധിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട പാലാ മെമ്പർ ഒരു ഉദ്യോഗസ്ഥന്റെ പ്രസ്താവന ഇവിടെ എടുത്തുപറഞ്ഞു. ഇന്നലെയും മിനിഞ്ഞാന്നും നിങ്ങളിവിടെ പ്രസംഗിച്ചപ്പോൾ കെ. പി. പി. നമ്പ്യാരെക്കുറിച്ചു പറഞ്ഞു. ഉദ്യോഗസ്ഥന്മാരെ നിലയ്ക്ക് നിറുത്തുവാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ? എനിക്ക് ബഹുമാനപ്പെട്ട മന്ത്രിമാരോട് പറയാനുള്ളത് അതാണ്. ഈ രീതിയിൽ ഗവൺമെന്റ് കാര്യങ്ങൾ സംബന്ധിച്ച് ചട്ടവിരുദ്ധമായി സർവ്വീസ് റൂളിന് വിരുദ്ധമായി, പത്രപ്രസ്താവനയും പത്രസമ്മേളനവും നടത്തുന്ന ഉദ്യോഗസ്ഥന്മാരെ നിലയ്ക്ക് നിർത്തുവാൻ കഴിയുന്നില്ലെങ്കിൽ ഒരു ഗവൺമെന്റാണ് എന്നു പറഞ്ഞതുകൊണ്ട് കാര്യമില്ല എന്ന അഭിപ്രായം തന്നെയാണ് ഞാൻ രേഖപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സത്യൻമൊകേരി : ഈ ഗവൺമെന്റിന്റെ ഉത്തരവുകൾ ലംഘിക്കണമെന്ന് പരസ്യമായി പ്രതിപക്ഷനേതാവ് ആഹ്വാനം ചെയ്തിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : പ്രതിപക്ഷ നേതാവ് മാത്രമല്ല, യു. ഡി. എഫ്. കൺവീനറുടെ ഒരു പത്രസമ്മേളനം കണ്ടു.... ബഹുമാനപ്പെട്ട എ. കെ. ആന്റണി അങ്ങും ശ്രീ. ശങ്കരനാരായണന്റെ നിലയിലേക്ക് അധഃപതിക്കുന്നല്ലോ എന്നുള്ളതിൽ എനിക്ക് ദുഃഖമുണ്ട്. അങ്ങും പരസ്യമായി പ്രസംഗിക്കുകയാണ്. ഉദ്യോഗസ്ഥന്മാർ ഒന്നും ചെയ്തുപോകരുത്. ചെയ്തു കഴിഞ്ഞാൽ മാസങ്ങൾ കഴിയുമ്പോൾ 91 ദിവസമെന്നാണ് പറഞ്ഞത്, ഞങ്ങൾ അധികാരത്തിൽ വരും. നിങ്ങളെങ്ങനെയാണ് അധികാരത്തിൽ വരുന്നത്? പായസം വച്ചു. അത് അവിടെ പല അംഗങ്ങളും പറഞ്ഞ കാര്യമാണ്. അതു പറയേണ്ടതില്ലല്ലോ. എനിക്കറിയില്ല. ഞാനതിലേക്ക് കടക്കുന്നില്ല. പക്ഷേ ഒരു കാര്യം നിങ്ങൾ ആലോചിക്കണം. കേരളത്തിന്റെ ചരിത്രത്തിൽ മാറിമാറി ഗവൺമെന്റുകൾ

വന്നില്ലേ - ഇടതുപക്ഷ മുന്നണി ഗവൺമെന്റും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റും. നിങ്ങൾ ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ഇടതുപക്ഷമുന്നണിയുടെ ഉത്തരവാദപ്പെട്ട നേതാക്കന്മാർ ഉദ്യോഗസ്ഥന്മാരോട് ഇങ്ങനെ പറഞ്ഞാൽ അത് ശരിയാണോ? മിണ്ടിപ്പോകരുത്. അനങ്ങിപ്പോകരുത്, ഗവൺമെന്റുത്തരവ് പാലിക്കരുത് എന്നൊക്കെ പറഞ്ഞാൽ ജനാധിപത്യത്തോട് ബഹുമാനം ഇല്ലന്നല്ലേ തെളിവ്. അങ്ങ് കേൾക്കാൻ തയ്യാറാണോ?

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഗവൺമെന്റുത്തരവ് പാലിക്കരുതെന്ന് ഞാൻ ഒരിടത്തും പറഞ്ഞിട്ടില്ല. തെറ്റായ കാര്യങ്ങൾ നിങ്ങൾ സൂക്ഷ്മതയോടെ പരിശോധിക്കണം എന്നുപറഞ്ഞത് തെറ്റായ എന്ന വാക്കുപേക്ഷിച്ചിട്ട് നിങ്ങൾ ദുർവ്യാഖ്യാനം ചെയ്യരുത്. രാഷ്ട്രീയമായിട്ട് ആവശ്യമായിരിക്കാം. പക്ഷേ റിക്കോർഡ് മുഴുവൻ അതാണ്. മറിച്ച് ഏതെങ്കിലും ഒരു രേഖ കൊണ്ടുവരികയാണെങ്കിൽ ഞാനത് സ്വാഗതം ചെയ്യാൻ തയ്യാറാണ്.

ശ്രീ. പി. സി. ജോർജ് : പ്രതിപക്ഷനേതാവ് എന്നുള്ള നിലയിൽ എനിയ്ക്ക് ഏറ്റവും ബഹുമാനമുള്ള ആളാണ് അങ്ങ്. ആശയപരമായി യോജിക്കാൻ കഴിയില്ല, അത് വേറെ വശം.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, തെറ്റായ കാര്യങ്ങളെന്താണെന്ന് ആരാണ് തീരുമാനിക്കുക, പ്രതിപക്ഷമാണോ? പ്രതിപക്ഷം തെറ്റാണെന്ന് പറഞ്ഞാൽ അതനുസരിക്കരുതെന്നാണ് പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. പി. സി. ജോർജ് : സർ, അങ്ങ് എന്തിനാ അങ്ങനെയൊരു പ്രസ്താവന നടത്തിയത്? അങ്ങ് ഈ സംസ്ഥാനത്ത് മുഖ്യമന്ത്രിയായിരുന്ന ആളല്ലേ? അങ്ങയുടെ കാലത്തും ഉദ്യോഗസ്ഥന്മാർ മുഴുവൻ തെറ്റാണോ ചെയ്തുകൊണ്ടിരുന്നത്? അത് പ്രത്യേകിച്ച് എടുത്തു പറയേണ്ട കാര്യം എന്താ? എനിക്ക് മനസ്സിലായില്ല. അത് ഇൻഡയറക്ടായി ഈ ഗവൺമെന്റിലെ ഉദ്യോഗസ്ഥന്മാരെ ഭീഷണിപ്പെടുത്തുന്നതിനുപയോഗിച്ച വാക്കുകളാണ് എന്നുള്ളത് മനസ്സാക്ഷിയുള്ള ആരും അംഗീകരിക്കും. അത് നിഷേധിക്കുന്നത് ശരിയല്ല. യു.ഡി.എഫ്.-ന്റെ കൺവീനറുടെ ഗൂഢാലോചനയുടെ പരിണത ഫലമല്ലേ ആ പ്രസ്താവന? കോട്ടയം പ്രസ് ക്ലബിൽ പത്രസമ്മേളനം നടത്തിക്കൊണ്ട് യു. ഡി. എഫ്.-ന്റെ കൺവീനർ ശ്രീ. ശങ്കരനാരായണൻ പറഞ്ഞത് ഞാൻ ടി. വി. യിൽ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഉദ്യോഗസ്ഥന്മാർ ഒരു കാര്യംപോലും ചെയ്യാൻ പാടില്ലെന്ന് വെച്ചലക്കുകയാണ്. സത്യത്തിൽ സഹതാപം തോന്നി. നിങ്ങൾ ഭരിക്കാൻ വരുമ്പോൾ ഞങ്ങൾ പ്രതിപക്ഷത്താണെങ്കിൽ ഞങ്ങളിങ്ങനെ പറഞ്ഞാൽ ശരിയാകുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയണം. അങ്ങനെ പറയുന്നത് ശരിയാണോ? അതല്ല നിങ്ങൾ അധികാരത്തിൽ വന്നിട്ട് ഇടതുപക്ഷ മുന്നണി നേതാക്കന്മാർ അങ്ങനെ ഒരു പ്രസ്താവന നടത്തിയാൽ ഒരു മിനിട്ട് ഭരിക്കാനുള്ള തന്റേടം നിങ്ങൾക്കുണ്ടോ? ജനങ്ങൾ ഞങ്ങളുടെ കൂടെയാണ്. പിന്നെ എങ്ങനെയാണ് ഭരിക്കാൻ കഴിയുന്നത്? അപ്പോൾ അത് ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവന അല്ല. ഉദ്യോഗസ്ഥന്മാരെ നിലയ്ക്ക് നിർത്തണം. ഇവിടെ ഒരു ഐ. എ. എസ്. കാരനെപ്പറ്റി പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതു പരിശോധിക്കണം. അയാൾ അങ്ങനെ പ്രസ്താവന നടത്തിയിട്ടുണ്ടെങ്കിൽ സർവീസ് റൂൾ അനുസരിച്ച് ചെയ്യേണ്ട കാര്യങ്ങൾ The All India Services (Conduct) Rules, 1968 എന്റെ കയ്യിലുണ്ട്. അതെടുത്ത് റൂൾ 7 വായിക്കണം. അതനുസരിച്ച് നടപടി എടുക്കണം. ബഹുമാനപ്പെട്ട ശർമ്മയോട് ഒരു കാര്യം ഞാൻ ചോദിക്കട്ടെ, ഇവിടെ ഒരു ചേര മുർഖൻ സുകുമാർ ഉമ്മൻ, ഞാൻ അതിൽ കൂടുതലൊന്നും പറയുന്നില്ല. എവിടെനിന്നുകൊണ്ടുവന്നു, എന്തിനു കൊണ്ടുവന്നു, ഇതിനെയൊക്കെ? ശ്രീ. ശർമ്മ ഉത്തരം പറഞ്ഞ മതിയാകൂ. കെ. പി. പി. യുടെ പദ്ധതിയാണ്. ടെക്നോ ഇക്കണോമിക് ക്ലിയറൻസിന് വന്നപ്പോൾ അയാൾ എഴുതിവച്ചിരിക്കുന്നതെന്തെന്നറിയാമോ? യാതൊരു കാരണവശാലും ഇതു കൊടുക്കരുതെന്നാണ്. Now there is a competition, Government should formulate guidelines to promote healthy competition keepting public interest in mind. Government should favour such parties that provide quality power at the cheapest rate അതൊന്നു വായിക്കണം. നിർബന്ധമായും ശ്രീ. ശർമ്മ വായിക്കണം. Besides the initial rate, the IPP must assure a stability in the tariff structure for a reasonable period of time. എന്നുപറഞ്ഞ് അങ്ങേർ എഴുതിവച്ചു. ഇതിനുശേഷം 16-2-2000-ൽ കത്ത് ഗവൺമെന്റിലേക്ക് അയച്ചപ്പോൾ അങ്ങേര് ഫയലിൽ എഴുതി The proposal of Naphtha as fuel for the project is not acceptable to Government of Kerala since the price of fuel is so high and volatile and that the cost of power is not affordable to the state. അങ്ങേർ എഴുതി വച്ചതാ. അത് കഴിഞ്ഞ് The project of Cochin Refineries Limited (CRL) is considered as the first priority project in the State on account of low tariff by way of very cheap fuel. KSEB and the Government of Kerala have equity participation in the CRL project and hence are committed to the project. അതു കഴിഞ്ഞ് ചില പത്രങ്ങൾ പറയുന്നത്..... മാതൃഭൂമിയിൽ ഞാൻ വായിച്ചു. അതനുസരിച്ചാണെങ്കിൽ മാതൃഭൂമിയും ദീപികയും, മാധ്യമവും .... എൽപാസൊയെ അംഗീകരിക്കാൻ നടപടിക്രമം തെറ്റിച്ചെന്ന് മാതൃഭൂമി 22-9-2000-ലും ദീപിക 23-9-2000-ലും മാധ്യമം 22-9-2000-ലും എഴുതി. കണ്ണൂർ പദ്ധതി, വൈദ്യുതി ബോർഡ് ചെയർമാന്റെ നടപടി വിവാദമാകുന്നു. മാതൃഭൂമി 22-9-2000 'എൽപാസൊ' വൈദ്യുതി ബോർഡ് ചെയർമാന്റെ കത്ത് വിവാദമാകുന്നു. എന്താ എഴുതിയിരിക്കുന്നത്? ഞാൻ സമയക്കുറവുകൊണ്ട് വായിക്കുന്നില്ല. ഇങ്ങേര് അമേരിക്കയിൽ പോയിട്ട് എൽപാസോയെ കണ്ടുവെന്ന് ബോർഡിന്റെ യോഗത്തിൽ പറഞ്ഞതായി അനൗദ്യോഗികമായി പറയുകയും ചെയ്തിട്ടുണ്ട്. അതുകഴിഞ്ഞ് അങ്ങേരുടെ സ്വഭാവം മാറി. നേരെ തിരിച്ച് ചിന്താഗതിയായി. എന്താ പത്രത്തിൽ വന്നിരിക്കുന്നത്? പത്രക്കാർക്ക് വാർത്തകൾ ചോർത്തിക്കൊടുക്കുകയാണ്. എന്നിട്ട് ഗവൺമെന്റിന്റെ പോളിസിയെ തകർക്കുക എന്ന ലക്ഷ്യത്തോടുകൂടി ശ്രമിക്കുക. എന്റെ അറിവ് ശരിയാണെങ്കിൽ അഞ്ചു കൊല്ലത്തെ ഡെപ്യൂട്ടേഷനിൽ വന്ന ഒരു ഐ.എ.എസ്. കാരനാണ് അദ്ദേഹം. എന്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് റൂളിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല? ഞാൻ വളരെ വ്യക്തമായി ചോദിക്കുകയാണ്. ഇത് ശരിയായ നടപടിയല്ല. The All India Services (Conduct) Rules, 1968

Rule 7. Criticism of Government : No member of the service shall in any radio broadcast or in any document published anonymously, pseudonymously or in his own name or in the name of any other person or in any communication to the press or in any public utterance, make any statement of fact or opinion which has the effect of an adverse criticism or any comment or dissent policy or action of the Central Government or a State Government. ഇത് ഒന്നുനോക്കണം. നാളെ ശമ്പളം കൊടുക്കാത്ത നടപടി അദ്ദേഹത്തിന് എതിരെ സ്വീകരിക്കണം. മനസ്സിലായല്ലോ. ചെയ്യാതിരുന്നിട്ട് കാര്യമില്ല. എന്നു പറഞ്ഞപ്പോലെ ധനകാര്യവകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഇപ്പോൾ ഒരുദ്യോഗസ്ഥന്റെ കാര്യം പറഞ്ഞു. അങ്ങേര് അങ്ങനെ കൊടുത്തിട്ടുണ്ടോ? പരിശോധിക്കണം. ഉദ്യോഗസ്ഥന്മാർ ഉദ്യോഗസ്ഥൻമാരുടെ നിലയ്ക്കു വേണം നിൽക്കാൻ. അതിനു വിരുദ്ധമായി ചെയ്യുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗവൺമെന്റിന്റെ ജനോപകാരപ്രദമായ നടപടികളെ തുരങ്കം വയ്ക്കുന്നതിന് തുല്യമാകും. അതുകൊണ്ട് ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

സർ, ഞാൻ മറ്റു വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഞാൻ ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഡിസംബർ 27-ാം തീയതി മലയാള മനോരമയുടെ ഫ്രണ്ട് പേജിൽ എഴുതിയ എഡിറ്റോറിയലിലെ ഒരു വാചകം മാത്രമേ ഞാൻ വായിക്കുന്നുള്ളൂ. അതിൽ വളരെ വ്യക്തമായി എഴുതി വച്ചിരിക്കുന്ന ഒരു കാര്യമുണ്ട്. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷമുള്ള ഏറ്റവും വലിയ പ്രതിസന്ധിയിലാണ് ഇന്ന് കേരളം. കാർഷികവിളകൾക്ക് ഭീതിജനകമാം വിധം വിലയിടിഞ്ഞു. മൂന്നു വർഷമായി മിക്ക ഉത്പന്നങ്ങൾക്കും ഉത്പാദനച്ചെലവുപോലും കിട്ടാറില്ലാത്ത സ്ഥിതിയാണ്. കേരളത്തിൽ പ്രധാനപ്പെട്ട എല്ലാ വിളകൾക്കും ഒരുപോലെ വില ഇടിയുന്നത് അര നൂറ്റാണ്ടിനിടയിൽ ആദ്യമാണ്. ഇത് മനോരമയാണ് എഴുതിയിരിക്കുന്നത്. 'വാജ്പേയിക്ക് ദുഃഖപൂർവ്വം' എന്ന് എഴുതിയിരിക്കുകയാണ്. മനോരമ രാഷ്ട്രീയമായ കാഴ്ചപ്പാടിൽ ഇടതുപക്ഷജനാധിപത്യമുന്നണിക്കെതിരായി പ്രവർത്തിക്കുന്നു. അതിൽ തെറ്റില്ല. രാഷ്ട്രീയമാണ്. പക്ഷേ സത്യസന്ധമായി എഴുതിയിരിക്കുന്ന എഡിറ്റോറിയൽ അംഗീകരിച്ചേ മതിയാകൂ. ആ വസ്തുതകൾ കണക്കിലെടുത്തുകൊണ്ടുവേണം പ്രതിപക്ഷം ഇവിടത്തെ സാമ്പത്തിക നില വിലയിരുത്താൻ. വെറുതെ വഴക്കുണ്ടാക്കിയിട്ടും ഇല്ലാത്ത പ്രചരണം നടത്തിയിട്ടും ഒരു ഗുണവും ലഭിക്കില്ല. നിങ്ങൾ ചെയ്യേണ്ട ഏറ്റവും മഹത്വപൂർണ്ണമായകാര്യം എന്താണെന്നു വച്ചാൽ, ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെ നിങ്ങൾ കണ്ടില്ലെന്നു നടിച്ചോളൂ, ഒരു വിരോധവുമില്ല. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റപ്പെടുത്തുന്നത് മര്യാദയല്ല. വിദ്യാഭ്യാസ മേഖലയിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? എൻജിനീയറിംഗ് കോളേജ് മാത്രം എടുത്താൽ മതിയല്ലോ. അതാണല്ലോ നിങ്ങൾ പ്രസംഗിച്ചു നടക്കുന്നത്? അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കൂടുതൽ കടക്കുന്നില്ല. 1996-വരെ നിങ്ങൾ ഭരിച്ചല്ലോ. 3400 സീറ്റല്ലേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 9000 സീറ്റ് ആക്കിയില്ലേ? എന്തുകൊണ്ടു നിങ്ങൾക്ക് കഴിഞ്ഞില്ല? നിങ്ങൾ അഞ്ചു കൊല്ലം ഭരിച്ചല്ലോ. നിങ്ങൾ ചെയ്തോ? നിങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോൾ ചെയ്യുമെന്ന് പറയും. ഭരണത്തിലിരിക്കുമ്പോൾ നിങ്ങൾ ചെയ്യാറില്ല. ഇപ്പോൾ നിങ്ങൾ പ്രസ്താവിക്കുന്നു നിങ്ങൾ ചെയ്തുകളയുമെന്ന്. അതുകൊണ്ട് കാര്യമില്ല. അത് നിങ്ങൾ മനസ്സിലാക്കണം. ഞങ്ങൾ പറയുന്നത് നടപ്പിലാക്കുന്ന ഒരു ഗവൺമെന്റാണിത്. ആ ഗവൺമെന്റ് കൊണ്ടുവന്ന ബഡ്ജറ്റിനെ അനുകൂലിക്കാൻ നിങ്ങളോട് ഞാൻ ആവശ്യപ്പെടുന്നില്ല. നിങ്ങൾ പ്രതിപക്ഷമാണ്. എതിർക്കണം. പക്ഷേ ക്രിയാത്മകമായ രീതിയിൽ എതിർക്കണം. അല്ലാതെ കാടടച്ച് വെടിവയ്ക്കുന്ന പരിപാടി നിങ്ങൾ അവസാനിപ്പിക്കണമെന്നു മാത്രം നിങ്ങളെ ഉപദേശിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ വീണ്ടും വീണ്ടും പിൻതാങ്ങുന്നു.

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ ധനകാര്യ കെടുകാര്യസ്ഥതയും ധൂർത്തും അഴിമതിയും നമ്മുടെ സംസ്ഥാനത്തെ അഗാധമായ സാമ്പത്തിക പ്രതിസന്ധിയിലും കടക്കെണിയിലും തള്ളിവിടുകയാണ്. എനിക്ക് വളരെ സ്നേഹമുള്ള ഒരു വ്യക്തിയാണ് ധനകാര്യവകുപ്പുമന്ത്രി ; 30 വർഷത്തിലേറെക്കാലം ഒരു മികച്ച അദ്ധ്യാപനായിരുന്ന വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തെ വിദ്യാഭ്യാസ വകുപ്പാണ് ഏൽപ്പിച്ചിരുന്നതെങ്കിൽ വിദ്യാഭ്യാസ വകുപ്പ് രക്ഷപ്പെടുമായിരുന്നു, ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗവും രക്ഷപ്പെടുമായിരുന്നു എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇപ്പോൾ വിദ്യാഭ്യാസ വകുപ്പും തകർന്നു, സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗവും തകർന്നിരിക്കുന്നു. ബഹുമാനപ്പെട്ട മാണി സാർ വളരെ വിശദമായി പല കണക്കുകൾ ഇവിടെ പറഞ്ഞു. ഞാൻ ആ കണക്കുകൾ ആവർത്തിക്കുന്നില്ല. 1996-ൽ ഐക്യജനാധിപത്യമുന്നണി ഭരണം വിട്ടൊഴിയുമ്പോൾ 481 കോടി 41 ലക്ഷം രൂപ ഖജനാവിൽ മിച്ചം വച്ചിട്ടാണ് ഇറങ്ങിപോയത്. 1996-ൽ ശ്രീ. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ അദ്ദേഹം അത് സമ്മതിക്കുന്നു. 481.40 കോടി രൂപ മിച്ചം. അന്ന് കേരളത്തിന്റെ റവന്യൂ കമ്മി 402 കോടി രൂപ ആയിരുന്നു. 1991-ൽ ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിപദം ഒഴിയുമ്പോൾ കേരളത്തിന്റെ റവന്യൂ കമ്മി 422 കോടി രൂപയായിരുന്നു. അഞ്ചു വർഷം ഈ സംസ്ഥാനം ഐക്യജനാധിപത്യമുന്നണി ഭരിച്ചിട്ട് 422 കോടി രൂപയിൽനിന്ന് 402 കോടി രൂപയാക്കി റവന്യൂ കമ്മി ചുരുക്കി, 481 കോടി 40 ലക്ഷം രൂപ ഖജനാവിൽ മിച്ചം വച്ചു എന്നു പറഞ്ഞാൽ അത് കാര്യക്ഷമമായ ധനകാര്യമാനേജുമെന്റല്ലേ? ഒരു ഗവൺമെന്റിന്റെ ധനകാര്യ മാനേജുമെന്റ് എങ്ങനെയാണ് വിലയിരുത്തുക? The issue of Financial Management in the Government should relate to efficiency, economy and effectiveness of its

LIBRARY ARCHIVES Kerala Legislative Assembly

Revenue and Expenditure operation. ഏതൊരു ഗവൺമെന്റിന്റേയും കാര്യക്ഷമമായ ധനകാര്യ മാനേജുമെന്റ് ആ ഗവൺമെന്റിന്റെ ഭരണ കാലയളവിൽ റവന്യൂ എക്സപെന്റിച്ചർ നിയന്ത്രിച്ചും റവന്യൂ വരുമാനം വർദ്ധിപ്പിച്ചും കൊണ്ടുള്ള നടപടിയിലൂടെയാണ് വരുന്നത്. 1991-95 വരെയുള്ള അഞ്ചുവർഷക്കാലം സംസ്ഥാനത്തിന്റെ റവന്യൂകമ്മി 422 കോടി രൂപയിൽനിന്ന് 402 കോടി ആക്കി ചുരുക്കി 481.40 കോടി മിച്ചം വച്ചു. ആ സാമ്പത്തിക നിലയിൽ 1996-ൽ കേരളത്തിന്റെ മൊത്തം കടം 10113 കോടി രൂപയാണ്. ആ സാമ്പത്തിക നിലയിൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനമന്ത്രി ചെയ്ത പ്രസംഗമുണ്ട്. എന്റെ കയ്യിൽ പ്രസംഗത്തിന്റെ കോപ്പിയുണ്ട്. ഞാനത് വായിക്കുന്നില്ല. അദ്ദേഹം എന്താണ് പറഞ്ഞത് ? 9-ാം പദ്ധതി അവസാനിക്കുമ്പോഴേക്കും ദേശീയ നിലവാരത്തിലേക്ക് കേരളം എത്തണമെങ്കിൽ 52,000 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് ഉണ്ടാകണം എന്നാണ് പറഞ്ഞിരിക്കുന്നത്. 17,000 കോടി രൂപ പൊതുമേഖലയിൽ, 35,000 കോടി രൂപ സ്വകാര്യമേഖലയിൽ. ഈ പദ്ധതികൾ അവസാനിക്കാൻ പോവുകയല്ലേ? ഞാൻ വീണ്ടും ചോദിക്കുന്നു 17,000 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് പൊതുമേഖലയിലുണ്ടായോ? ഇവിടെ പദ്ധതി വിഹിതം വെട്ടിച്ചുരുക്കിയില്ലേ? ഞാൻ ഓരോ വർഷത്തേയും എടുത്തു പറയുന്നില്ല. 75 ശതമാനത്തിൽ താഴെയാണ് ഈ സംസ്ഥാനത്തിന്റെ പദ്ധതിച്ചെലവ്. ഈ സാമ്പത്തിക വർഷത്തിൽ എനിക്ക് കിട്ടിയ മറുപടിയിൽ എന്താണ് പറഞ്ഞിരിക്കുന്നത്? 2000 ജനുവരി 31 വരെ 1834.62 കോടി രൂപയാണ് ചെലവഴിച്ചത്. 3117 കോടി രൂപയിൽ 52 ശതമാനം. ഈ ഗവൺമെന്റ് വന്നതിനുശേഷം പദ്ധതി വിഹിതത്തിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തി, എന്തെങ്കിലും ഇൻവെസ്റ്റുമെന്റ് ഈ സംസ്ഥാനത്തുണ്ടായോ? ഇവിടെ നേരത്തെ പറഞ്ഞല്ലോ, ആഗോളവത്ക്കരണത്തിന്റെ ഫലമായി നമ്മുടെ രാജ്യത്ത് വന്ന ഫോറിൻ ഡയറക്ട് ഇൻവെസ്റ്റുമെന്റിന്റെ 0.09 ശതമാനം ആണ് ഈ സംസ്ഥാനത്ത് കിട്ടിയതെന്ന്. ഇൻവെസ്റ്റുമെന്റില്ലാതെ ഒരു സംസ്ഥാനത്തിന് മുന്നോട്ടു പോകാൻ പറ്റുമോ? നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ഒരു വർഷം ഏതാണ്ട് 6000 കോടി രൂപ കുറയുന്ന സാഹചര്യം കൂടി കണക്കിലെടുക്കണം. നമ്മൾ അതുകൂടി മേക്ക് അപ് ചെയ്യുവാൻ കഴിയുന്ന തരത്തിൽ വലിയ ഇൻവെസ്റ്റുമെന്റ് ഉണ്ടാകേണ്ട കേരളത്തിൽ ഒരു ഇൻവെസ്റ്റുമെന്റുമുണ്ടായില്ല, പ്ലാൻ ഇൻവെസ്റ്റുമെന്റുമുണ്ടായില്ല. ഞാനിവിടെ ശ്രീ. മാണി പറഞ്ഞത് ആവർത്തിക്കുകയാണ്. സ്ഥിതി വിവരക്കണക്കിനകത്ത് ഈ ഗവൺമെന്റ് മായം ചേർത്തിരിക്കുന്നു. ഒരു ഗവൺമെന്റും സ്ഥിതിവിവരക്കണക്കിനകത്ത് കള്ളത്തരം കാണിക്കാൻ പാടില്ല. ഗവൺമെന്റിന്റെ താല്പര്യം സംരക്ഷിക്കാൻ വേണ്ടി പ്ലാനിംഗ് ബോർഡ് സ്ഥിതി വിവരക്കണക്ക് തെറ്റായ നിലയിൽ തയ്യാറാക്കി. അതിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ വന്നെത്തിയിരിക്കുന്നത്. 16.8 ശതമാനം ഗ്രോത്ത് റേറ്റ് ലോകത്ത് ഒരു രാജ്യത്തും ഇത്രയില്ല. ചൈനയ്ക്കും ഗ്രോത്ത് റേറ്റ് 11.9 ശതമാനമാണ്. 1996-ൽ നമ്മുടെ പ്രതിശീർഷ വരുമാനം കറന്റ് റേറ്റിൽ 8324 രൂപയാണ്. ദേശീയ പ്രതിശീർഷ വരുമാനം 9528 രൂപയാണ്. 1999-2000

LIBRARY ARCHIVES Kerala Legislative Assembly

ആയപ്പോൾ 19461 ആയി വർദ്ധിച്ചു. 150 ശതമാനം വർദ്ധനവാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇൻകം വർദ്ധിപ്പിച്ചു എന്ന പറയുകയാണ്. ആൾ ഇൻഡ്യാ ആവറേജ് ഇപ്പോൾ എത്രയാണ്? പതിനാറായിരത്തി നാൽപ്പത്തിയേഴു രൂപയാണ്. ആദ്യം ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് 9-ാം പദ്ധതി അവസാനിക്കുമ്പോൾ ദേശീയ നിലവാരത്തിൽ എത്തണമെങ്കിൽ 52,000 കോടി രൂപ മുതൽ മുടക്കണമെന്നു പറഞ്ഞാൽ ഈ സംസ്ഥാനത്ത് ഒരു മുതൽ മുടക്കുമില്ലാതെ അഖിലേന്ത്യാ ശരാശരിയേക്കാൾ 3000-ൽപ്പരം രൂപ പെർകാപ്പിറ്റ ഇൻകം വർദ്ധിച്ചു എന്ന ഈ സാമ്പത്തിക സർവേയുടെ സ്ഥിതി വിവരക്കണക്ക് എഴുതി വച്ചിരിക്കുന്നുവെങ്കിൽ പ്ലാനിംഗ് ബോർഡിലെ ഉദ്യോഗസ്ഥന്മാരേയും അതുമായി ബന്ധപ്പെട്ട ആളുകളേയും പ്രോസിക്യൂഷൻ നടപടിക്ക് വിധേയമാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. ഇന്ന് നമ്മുടെ ധനകാര്യവകുപ്പിൽ ഏറ്റവും മികച്ച ഉദ്യോഗസ്ഥന്മാരാണ് ഉള്ളത്. ആ വകുപ്പിലെ ഉദ്യോഗസ്ഥന്മാരായ ഫൈനാൻസ് സെക്രട്ടറിയായിരുന്നാലും ഡോക്ടർ എബ്രഹാമായിരുന്നാലും അവരുടെ അഭിപ്രായം പരിഗണിക്കാറുണ്ടോ? ആ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ അഭിപ്രായം പരിഗണിക്കാതെ പ്ലാനിംഗ് ബോർഡിൽ വെറും 3-ാം കിട സാങ്കേതിക വിദഗ്ദ്ധന്മാരെ കുത്തിനിറച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ സാങ്കേതിക രംഗത്തെ ഉപദേശിക്കേണ്ട ഒരു ബോഡിയാണ് പ്ലാനിംഗ് ബോർഡ്. താടിയും വളർത്തി സഞ്ചിയും തൂക്കി നടന്നാൽ ആരും സാമ്പത്തിക വിദഗ്ദ്ധൻ ആകാൻ പോകുന്നില്ല. അങ്ങനെയുള്ള കുറെ വിദഗ്ദ്ധന്മാരെയാണ് പ്ലാനിംഗ് ബോർഡിൽ വച്ചിരിക്കുന്നത്. സാമ്പത്തിക ശാസ്ത്രം അറിയാത്ത ആൾക്കാരാണ് അവർ. അഞ്ചുവർഷം കൊണ്ട് സാമ്പത്തികനില തകർത്ത്, ഒരു സൂപ്പർ ക്യാബിനറ്റായി പ്ലാനിംഗ് ബോർഡ് മാറിയിരിക്കുന്നു. 1996-ൽ 8324 രൂപ പെർ ക്യാപ്പിറ്റ ഇൻകമുണ്ടായിരുന്ന ഈ കേരളത്തിൽ 5 വർഷം കഴിഞ്ഞപ്പോൾ 19425 ആയി വർദ്ധിച്ചുവെന്ന് പറഞ്ഞിരിക്കുന്നു. അതിന് ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ മറുപടി പറയണം. അത് ഏത് കണക്കാണ്? എന്താണ് ഇതിന്റെ അനുഭവം? നാട് മുഴുവൻ പട്ടിണിയിൽ, പട്ടിണി കിടന്ന് ആളുകൾ മരിക്കുന്നു. കടകളിൽ കച്ചവടമില്ല. ഓട്ടോറിക്ഷയ്ക്ക് ഓട്ടമില്ല. ടാക്സി ഡ്രൈവർമാർക്ക് ഓട്ടമില്ല. ഗവൺമെന്റിന്റെ എല്ലാ വരുമാനവും കുറയുന്നു. അത്രയും ഉയർച്ചയുണ്ടെങ്കിൽ വരുമാനം കാണണ്ടേ? ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം എന്താണ് സ്ഥിതി? 1996-ൽ 402 കോടി രൂപ റവന്യൂ കമ്മിയും 481.41 കോടി രൂപ മിച്ചവുമാണ്. 10113 കോടി രൂപയോളം പൊതുക്കടമായി. 57 മാസം കഴിഞ്ഞപ്പോൾ റവന്യൂ കമ്മി ഇതിൽ പറഞ്ഞിരിക്കുന്നത് 3133.77 കോടി രൂപയാകുമെന്നാണ്. ഫലത്തിൽ 4500 കോടിരൂപ കഴിയാൻ പോകുകയാണ്. കഴിഞ്ഞവർഷം ഫെബ്രുവരി മാസത്തിൽ ഈ സഭയിൽ അവതരിപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിൽ അന്ന് പറഞ്ഞിരിക്കുന്നത് 2481.33 കോടിരൂപയാണ്. ഫലത്തിൽ ഇപ്പോൾ 3633 കോടി രൂപയായി. രണ്ട് മാസം കൊണ്ട് 1200 കോടി രൂപയാണ് റവന്യൂ കമ്മിയിൽ വർദ്ധനവുണ്ടായത്. ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ 4500 കോടി രൂപ റവന്യൂ കമ്മി വർദ്ധിക്കാൻ പോകുകയാണ്. 402 കോടിരൂപയിൽനിന്ന് 11 ഇരട്ടി വർദ്ധനവാണ് റവന്യൂ കമ്മി ഉണ്ടായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ കടം 2000 മാർച്ച് 31 വരെ 20.224 കോടി രൂപ. 2001-മാർച്ച് 31-ന് ബഡ്ജറ്റ് ഡോക്യുമെന്റ് അനുസരിച്ച് 2,500 കോടി രൂപ വരാൻ പോകുന്നു. അതിനുപുറമേ കോൺട്രാക്ടർമാർക്ക് 1100 കോടിരൂപ ഡി.എ. കുടിശ്ശിക 322.6 കോടി രൂപ പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പളം, യു. ജി. സി. ശമ്പളം കുടിശ്ശിക, തൊഴിലില്ലായ്മ വേതനം 71.01 കോടിരൂപ, കർഷകത്തൊഴിലാളി പെൻഷൻ 38.07 കോടി രൂപ, വാർദ്ധക്യകാല പെൻഷൻ 4.25 കോടി രൂപ, വിധവ പെൻഷൻ 11.42 കോടി രൂപ, ജില്ലാ സഹകരണ ബാങ്കിൽ നിന്ന് ട്രഷറിയിൽ നിക്ഷേപിച്ച പണം 632.82 കോടിരൂപ, കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷൻസ് 328.44 കോടി രൂപ, ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് 71 കോടി രൂപ, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് 40 കോടി രൂപ, അബ്കാരി 15 കോടി രൂപ, മോട്ടോർ വെഹിക്കിൾസ്- 12 കോടിരൂപ ചുമട്ടുതൊഴിലാളി ക്ഷേമനിധിയിൽ നിന്ന് 15 കോടി രൂപ, ഇതെല്ലാം കൂടി വരുമ്പോൾ 27,000 കോടി രൂപയോളം കടത്തിലേയ്ക്ക് പോകുകയാണ്. എന്താണ് ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ്? ഈ ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലം റവന്യൂവിൽ വലിയ കുറവാണ് വന്നിരിക്കുന്നത്. 1996-1997-ൽ 6465.25 കോടി രൂപ എസ്റ്റിമേറ്റ് ചെയ്തിട്ട് എത്ര പിരിച്ചു, 6145.8 കോടി രൂപ 1997-1998-ൽ 7628.99 കോടിരൂപ എത്ര പിരിച്ചു? 7124 കോടിരൂപ 1998-1999-ൽ 8124 കോടി രൂപ, പിരിച്ചെടുത്തത് 7200 കോടിരൂപ. 1999-2000-ൽ 8136.91 കോടിരൂപ, പരിച്ചെടുത്തത് 7941.75 കോടിരൂപ. 2000-2001 ൽ 10170.35 കോടിരൂപ, പിരിച്ചെടുത്തത് - 1500 കോടിരൂപ. ഈ വർഷം കുറയാൻ പോകുന്നു. ഈ 5 വർഷക്കാലവും ഈ സംസ്ഥാനത്തിന്റെ റവന്യൂ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വലിയ കുറവാണ് ഈ ഗവൺമെന്റ് വരുത്തിയത്. 1995-1996-ൽ യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് 23 ശതമാനമാണ് സെയിൽസ് ടാക്സിൽ വർദ്ധനവ്, 1998-1999 ആയപ്പോൾ അത് 9 ശതമാനമായി കുറഞ്ഞു. എക്സൈസ് ഡ്യൂട്ടി 1995-1996-ൽ 27 ശതമാനം വർദ്ധനവ്. എന്നാൽ ഇപ്പോൾ മൈനസ് 3 ശതമാനം സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ ഡ്യൂട്ടി 1995- 1996-ൽ 20 ശതമാനം വർദ്ധനവ്, ഇപ്പോൾ മൈനസ് 9 ശതമാനം, ഇതാണോ ധനകാര്യ മാനേജ്മെന്റ്? എന്താണ് ധനകാര്യ മനേജ്മെന്റ് എന്നു പറയുന്നത്? ഈ കഴിഞ്ഞ 5 വർഷം ഭരിച്ചിട്ട് നിങ്ങളുടെ എല്ലാ വരുമാനവും കുറഞ്ഞു. 23 ശതമാനുണ്ടായിരുന്ന സെയിൽസ്ടാക്സ് 9 ശതമാനമായി കുറഞ്ഞു. എക്സൈസ് ഡ്യൂട്ടി 27 ശതമാനമുണ്ടായിരുന്നത് 3 ശതമാനമായി, സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ 20 ശതമാനമുണ്ടായിരുന്നത് - 9 ആയി, എന്താണ് ധനകാര്യ മാനേജ്മെന്റ്? റവന്യൂ ചെലവ് എത്രയാണ്? 1995-1996-ൽ 5826 കോടി രൂപ ആയിരുന്നത് 1999-2000-ത്തിൽ 11,565.96 കോടി രൂപ. 98 ശതമാനമാണ് റവന്യൂ എക്സ്പെൻഡിച്ചറിൽ വർദ്ധനവ്, എന്താണ് ധനകാര്യ മാനേജ്മെന്റ്? നിങ്ങൾക്ക് ധനകാര്യ മാനേജ്മന്റിന്റെ എ, ബി, സി, ഡി അറിയാമോ? ഈ മന്ത്രിക്ക് വിദ്യാഭ്യാസവകുപ്പെങ്കാനും നൽകിയിരുന്നുവെങ്കിൽ ആ വകുപ്പ് രക്ഷപ്പെടുമായിരുന്നു, ഈ സംസ്ഥാനം രക്ഷപ്പെടുമായിരുന്നു. അഞ്ചുവർഷക്കാലം ഈ നാട് കുട്ടിച്ചോറാക്കി; നമ്മുടെ ഇൻകം ടാക്സ് റവന്യൂവിൽപ്പോലും ഒരു വർദ്ധനവുണ്ടായില്ല. നോൺ ടാക്സ് റവന്യൂവിലും കുറവുവന്നിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1996-നേക്കാളും കുറവാണ്. ഫോറസ്റ്റ് അടക്കമുള്ള മേജർ ഹെറ്റംസിലൊക്കെയും ഏറ്റവും കുറവാണ് ഈ ഗവൺമെന്റിന്റെ കാലത്തെ നോൺ ടാക്സ് റവന്യൂ. ഈ കഴിഞ്ഞ 5 വർഷക്കാലം ഈ ഗവൺമെന്റിന് കാര്യക്ഷമമായ ഒരു ധനകാര്യമാനേജ്മെന്റ് ഉണ്ടായിരുന്നില്ല. സംസ്ഥാനത്തിന്റെ എല്ലാ വരുമാനങ്ങളും കുറഞ്ഞു. ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതി എങ്ങനെയാണ്? അത് ഒരു ബഡ്ജറ്റിന്റെ സമീപനത്തിലൂടെയല്ലേ വേണ്ടത്? ഒരു സംസ്ഥാനത്തിന്റെ ത്വരിത ഗതിയിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമായ നിലപാട് ഈ ഗവൺമെന്റ് എടുക്കേണ്ടതല്ലേ? ഈ കഴിഞ്ഞ 5 വർഷം ഈ സംസ്ഥാനത്ത് എന്തെങ്കിലും ഇൻവെസ്റ്റുമെന്റുണ്ടായോ? ഒരു ഇൻവെസ്റ്റ്മെന്റും ഉണ്ടായില്ല. ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് മറ്റ് സ്റ്റേറ്റുകൾക്ക് 7 ശതമാനത്തോളം കിട്ടിയപ്പോൾ നമുക്ക് 0.0339 ശതമാനമാണ് കിട്ടിയത്.

1996-ൽ ശ്രീ. ഇ. കെ. നായനാർ സംസ്ഥാനം ഭരിക്കുമ്പോൾ ആരാണ് കേന്ദ്രം ഭരിച്ചിരുന്നത്? ദേവഗൗഡയും ഗുജറാളും അല്ലായിരുന്നോ? ഈ സംസ്ഥാനമുണ്ടായിട്ട് ആദ്യമായിട്ടാണ് ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികൾക്ക് കേന്ദ്രത്തിൽ അധികാരം കിട്ടിയത്. ഈ ഗവൺമെന്റിന് 10 പൈസ കേന്ദ്രസഹായമായി വാങ്ങാൻ കഴിഞ്ഞോ? വെസ്റ്റ് ബംഗാൾ ഗവൺമെന്റ് ഈ കാര്യത്തിൽ എന്തെല്ലാം നേടി? കോൺഗ്രസിനേയും ബി. ജെ. പി. യേയും കുറ്റം പറഞ്ഞിട്ടുകാര്യമുണ്ടോ? 1996-ൽ വന്ന കേന്ദ്ര ഗവൺമെന്റിനേയും ദേവഗൗഡയേയും ഗുജ്റാൾ ഗവൺമെന്റിനേയും നിയന്ത്രിച്ചത് സി. പി. ഐ. (എം). അല്ലേ? ആ ഗവൺമെന്റിനകത്ത് സി. പി. ഐ.-ലെ രണ്ടു മന്ത്രിമാർ ഇല്ലായിരുന്നോ? 10 പൈസ ഈ സംസ്ഥാനം വാങ്ങിയിട്ടുണ്ടോ? ഈ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ ഏറ്റവും കൂടുതൽ തകർക്കപ്പെട്ടത് ആ ഗവൺമെന്റിന്റെ കാലത്താണ്. മറ്റെല്ലാ സ്റ്റേറ്റുകളും സാമ്പത്തികമായി മുന്നേറിയപ്പോൾ ഒരു പൈസയുടെ ആനുകൂല്യംപോലും അന്ന് കിട്ടാതെ ഏറ്റവും കൂടുതൽ തകർന്നത് കേരളമാണ്. ഈ ഗവൺമെന്റിന്റെ അഴിമതിയുടേയും ധൂർത്തിന്റേയും ഫലമായിട്ടാണ് ഈ നാട് തകർന്നുപോയത്. ഒരു ദീർഘ വീക്ഷണവുമില്ലാതെ ഈ സംസ്ഥാനത്തിന്റെ എല്ലാ വരുമാന മാർഗ്ഗങ്ങളും ഇല്ലാതായി. ഈ സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് എന്താണ് ഉണ്ടാക്കിയത്? കേരളത്തെ മദ്യത്തിൽ മുക്കി. പതിനായിരം കോടി രൂപയാണ് ഒരു വർഷം ട്രാൻസാക്ഷൻ. പതിനായിരം കോടി രൂപ എന്നു പറയുമ്പോൾ പെർക്യാപിറ്റാ എക്സിപെന്റിച്ചർ മൂവായിരം രൂപയ്ക്കു മുകളിൽ വരികയാണ്. ഞാൻ ചോദിക്കുന്നു. സംസ്ഥാനത്തിന്റെ പെർക്യാപിറ്റാ ഇൻകത്തിന്റെ 20 ശതമാനം മദ്യത്തിനു മുടക്കുന്ന ഒരു സ്റ്റേറ്റ് ലോകത്ത് വേറെയുണ്ടോ? ഒരു സംസ്ഥാനത്തെ ജനങ്ങളുടെ പ്രതിശീർഷ വരുമാനത്തിന്റെ 20 ശതമാനത്തിലേറെ മദ്യത്തിനു മുടക്കുന്ന ഒരു രാജ്യം ഈ ലോകത്തുണ്ടോ? ഇവിടെ പതിനായിരം കോടി രൂപയോളം മദ്യത്തിനു മുടക്കുന്നുവെന്നു പറഞ്ഞാൽ അതിന്റെ ആക്ചൽ കോസ്റ്റ് കഴിച്ചാൽ 9000 കോടി രൂപ ലാഭമാണ്. ആ 9000 കോടിയും ബ്ലാക് മണിയായി മാറികൊണ്ടിരിക്കുന്നു. കഴിഞ്ഞ 5 വർഷം ഉണ്ടായതെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ കോടിക്കണക്കിന് രൂപയുടെ കള്ളപ്പണമുണ്ടാക്കാൻ ഈ ഗവൺമെന്റ് കൂട്ടുനിന്നു. ആർക്ക്? മദ്യമുതലാളിമാർക്കും പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരടക്കം ഉയർന്ന ഉദ്യോഗസ്ഥർക്കും പാർട്ടി നേതാക്കൾക്കുമായി. ഈ സംസ്ഥാനത്തിപ്പോൾ പണമില്ല. ജനങ്ങളുടെ കൈയിൽ പണമില്ല. നാട്ടിൽ പണമില്ല. ഈ പണമൊക്കെ എവിടെപ്പോയി? 30,000 കോടി രൂപ കടം വാങ്ങിയില്ലേ ഇവർ? എവിടെപ്പോയി? 10113 കോടിരൂപയായിരുന്ന കടം 30,000 കോടിരൂപയായില്ലേ? എവിടെ പോയി ഈ പണമൊക്കെ? നാട്ടിൽ പണമുണ്ടോ? ജനങ്ങളുടെ കൈയിൽ പണമുണ്ടോ? ഈ ഗവൺമെന്റിന്റെ മദ്യനയമാണ് ഈ നാടിനെ തകർത്തത്. പിന്നെ ഈ ഗവൺമെന്റിന് കൂട്ടുത്തരവാദിത്വമുണ്ടോ? ഒരു ധനകാര്യ മാനേജുമെന്റുണ്ടോ? വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഹൗസിംഗ് വകുപ്പ്, ഈ വകുപ്പിലൊക്കെ ധൂർത്താണ് ഇതെന്തൊരു ബഡ്ജറ്റാണ്? ഓരോ വകുപ്പിനും കൊടുക്കുന്ന എമൗണ്ടിൽ നിൽക്കണ്ടേ? പന്ത്രണ്ടായിരത്തിൽപ്പരം കോടി രൂപ കോൺട്രാക്ടർമാർക്ക് കുടിശ്ശികയാണ്. വിദ്യാഭ്യാസ വകുപ്പ് നടത്തിയ ധനകാര്യ കമ്മിറ്റ്മെന്റിനെക്കുറിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് വല്ലതും അറിയാമോ? ഈ ഗവൺമെന്റിന് ഒരു ധനകാര്യ മാനേജുമെന്റുണ്ടോ? എങ്ങനേയും ഭരിക്കണം. അങ്ങനെ ഭരിക്കാൻവേണ്ടി ഈ നാട് 5 വർഷംകൊണ്ട് തകർത്തു. അഴിമതി നിറഞ്ഞ ഒരു ഗവൺമെന്റാണിത്. 1957-ലും 67-ലും 80-ലും 82-ലുമൊക്കെയുള്ള ഗവൺമെന്റുകളെ സംബന്ധിച്ച് ആ ഗവൺമെന്റിലെ മുഖ്യമന്ത്രിമാർക്കെതിരെയൊന്നും ഒരു ആരോപണവും ഉണ്ടായിരുന്നില്ല. ഇപ്പോൾ എന്താണ് സ്ഥിതി? ഈ ഗവൺമെന്റ് അഴിമതിയിൽ മുങ്ങിക്കിടക്കുകയല്ലേ? ലോകത്തിൽ കിട്ടാവുന്ന ഡിറ്റർജന്റ് മുഴുവൻ ഉപയോഗിച്ചാൽപ്പോലും ആ കറ കഴുകിക്കളയാൻ ആകില്ല. കുടിവെള്ളത്തിൽപ്പോലും അഴിമതി. വൈദ്യുതിയിൽ അഴിമതി. സ്കൂളുകൾ അനുവദിച്ചതിൽ അഴിമതി. പേര്യ മരംമുറിയിൽ അഴിമതി. പഞ്ചസാര വാങ്ങിയതിൽ അഴിമതി. ബാറ്ററി വാങ്ങിയതിൽ അഴിമതി. ഡിസ്റ്റിലറികളും ബാറുകളും അനുവദിച്ചതിൽ അഴിമതി. അങ്ങനെ കുംഭകോണത്തിന്റെ കുംഭമേളകളുമായി 57 മാസം രാജ്യം ഭരിച്ചുകഴിഞ്ഞപ്പോൾ നാടാകെ തകർന്നു. ജനങ്ങൾ പട്ടിണിയിലായി. ഈ സംസ്ഥാനം കടക്കെണിയിൽ ട്രഷറി പ്രവർത്തനം 3 മാസമായി തടസ്സത്തിലാണ്. ഈ സംസ്ഥാനത്തെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ ഗവൺമെന്റിൽ കൊടുത്തിട്ടുള്ള ചെക്കുകൾ വല്ലതും പാസ്സാക്കുന്നുണ്ടോ? ഈ ഗവൺമെന്റ് ഇനി എവിടെനിന്നും പണം കടം വാങ്ങും? എങ്ങനെ ഈ കേരളത്തെ തകർച്ചയിൽനിന്നും രക്ഷപ്പെടുത്തും? 57 മാസക്കാലം കൊണ്ട് ഭാര്യയ്ക്കും മക്കൾക്കും മരുമക്കൾക്കും വേണ്ടി മാത്രം പ്രവർത്തിച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ സംസ്ഥാനത്തെ മൂന്നു കോടി ജനങ്ങളെ മറന്നു. മദ്യ മുതലാളിമാരുടേയും വനം കൊള്ളക്കാരുടേയും വിദ്യാഭ്യാസ കച്ചവടക്കാരുടേയും വൻകിടക്കാരുടേയും താൽപര്യങ്ങളെ സംരക്ഷിച്ചുകൊണ്ട് സ്വന്തം ഭാര്യയ്ക്കും മക്കൾക്കും മരുമക്കൾക്കുംവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണിത്. തൊഴിലാളിയെ മറന്നു. കർഷകത്തൊഴിലാളികളുടെ വാർദ്ധക്യകാല പെൻഷൻ പോലും 58 കോടി രൂപ കുടിശ്ശികയാണ്. വിധവകളുടെ പെൻഷൻ കുടിശ്ശികയാണ്. വിധവകളുടെയും കർഷകത്തൊഴിലാളികളുടേയും

LIBRARY ARCHIVES Kerala Legislative Assembly

കണ്ണീരിൽ ഈ ഗവൺമെന്റ് ഒലിച്ചുപോകില്ലേ? തൊഴിലാളിവർഗ്ഗത്തിന്റെ ഗവൺമെന്റ് എന്നുപറയാൻ ഈ ഗവൺമെന്റിന് അവകാശമുണ്ടോ? ഈ സംസ്ഥാനത്തെ അടിസ്ഥാന തൊഴിലാളിവർഗ്ഗം ഒരിക്കലും ഇവർക്ക് മാപ്പുകൊടുക്കാൻ പോകുന്നില്ല. ഈ വരുന്ന തെരഞ്ഞെടുപ്പിൽ ഈ ഗവൺമെന്റിന് ഒരിക്കലും മാപ്പു കൊടുക്കാൻ പോകുന്നില്ല. കർഷകരും തൊഴിലാളികളും ഈ ഗവൺമെന്റിന് മാപ്പു കൊടുക്കാൻ പോകുന്നില്ല.

ശ്രീ. സത്യൻ മൊകേരി : തൊഴിലാളി വർഗ്ഗത്തിന്റെ വോട്ട് വാങ്ങി ജയിച്ചുവന്നിട്ട് അപ്പുറത്തുപോയ നിങ്ങൾക്ക് തൊഴിലാളിവർഗ്ഗം മാപ്പു തരുമെന്നാണോ വിചാരിക്കുന്നത്?

പ്രൊഫ. എ. വി. താമരാക്ഷൻ : അതാണ് ഞാൻ പറഞ്ഞത്. ഞാൻ തൊഴിലാളി വർഗ്ഗത്തിന്റെ വോട്ട് വാങ്ങിയാണ് വന്നത്. ആ തൊഴിലാളി വർഗത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയാണ് ആ തൊഴിലാളി വർഗ്ഗത്തിനെതിരായി റ്റാറ്റയ്ക്കും ബിർലയ്ക്കും മദ്യ മുതലാളിമാർക്കും വനം കൊള്ളക്കാർക്കും കൂട്ടുനിൽക്കേണ്ടിവന്നപ്പോഴാണ് ഞാൻ അവിടെനിന്നും മാറിയത്. തൊഴിലാളി വർഗ്ഗമെന്നുപറയാൻ നിങ്ങൾക്ക് അവകാശമില്ല. നിങ്ങൾ തൊഴിലാളിയെ വഞ്ചിച്ചു. അതുകൊണ്ടല്ലേ തൊഴിലാളികൾക്ക് വിഷം കൊടുത്ത് കാശുണ്ടാക്കിയത്? തൊഴിലാളിവർഗ്ഗം ഇവർക്ക് ചുട്ട മറുപടി കൊടുക്കും. ഇവർ തൊഴിലാളി വർഗ്ഗത്തെ വഞ്ചിച്ചു. നാടിനെ കട്ടുമുടിച്ച് കടക്കെണിയിലാക്കി. പട്ടിണിമരണത്തിലേയ്ക്കും കൂട്ട ആത്മഹത്യയിലേയ്ക്കും കൊണ്ടെത്തിച്ചു. ഈ നാടിനെ തകർത്ത ഈ ഗവൺമെന്റിന് തൊഴിലാളിവർഗ്ഗം ചുട്ട മറുപടി കൊടുക്കും. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഈ നാടിനെ തകർത്ത്, ഈ നാടിനെ മുച്ചൂടും മുടിച്ച് പട്ടിണി മരണങ്ങളിലേയ്ക്കും കൂട്ട ആത്മഹത്യയിലേയ്ക്കും എത്തിച്ച ഗവൺമെന്റിന്റെ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. ടി കുഞ്ഞഹമ്മദ് : സർ, ഞാൻ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. പ്രൊഫ. എ. വി. താമരാക്ഷൻ ഇവിടെ ഒരു കൊല്ലം മുൻപ് പ്രസംഗിച്ച പ്രസംഗത്തിനു വിരുദ്ധമായി, അപ്പുറത്ത് എത്തിയാൽ അപ്പുറത്തുള്ള വർക്കുവേണ്ടി ഇതൊക്കെ വിളിച്ചു പറയേണ്ടത് അദ്ദേഹത്തിന്റെ കടമയാണ് എന്നതുകൊണ്ട് നമ്മൾ അദ്ദേഹം പറഞ്ഞകാര്യങ്ങളിൽ പ്രതിഷേധിക്കേണ്ടതില്ല എന്നാണ് എനിക്കു പറയാനുള്ളത്. നേരത്തെ പറഞ്ഞതിൽനിന്നും വിരുദ്ധമായി കള്ളക്കണക്കുകൾ ഉദ്ധരിച്ച് ഇവിടെ അദ്ദേഹം ചില കാര്യങ്ങൾ പറഞ്ഞിരിക്കുകയാണ്. ഇവിടെനിന്നും അപ്പുറത്തുപോയാൽ അതൊക്കെ വേണ്ടി വരുമല്ലോ. അതിനപ്പുറം അതിന് ഒരു പ്രാധാന്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അഴിമതിയാണെങ്കിൽ, ആ അഴിമതികളെക്കുറിച്ച് പുറത്തുപോയി പറയാൻ പ്രൊഫ. എ. വി. താമരാക്ഷന് ധൈര്യമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. അവിടെ ചില സംവിധാനങ്ങളുണ്ട്. അഴിമതി നിരോധന നിയമമുണ്ട്. ഇവിടെ അഴിമതി നിരോധന കമ്മിഷനുണ്ട്. അവിടെപ്പോയി ഈ അഴിമതികളെക്കുറിച്ച് അഴിമതി നിരോധന കമ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly

മുൻപാകെ തെളിവു നൽകാൻ പ്രൊഫ. എ. വി. താമരാക്ഷൻ തയ്യാറുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുകൊണ്ട് പ്രതിപക്ഷത്തു പോയാൽ ഇങ്ങനെ എന്നുള്ള ധാരണ വച്ചു സംസാരിച്ച താമരാക്ഷന്റെ പ്രസംഗത്തെ ഞാൻ എതിർക്കുന്നില്ല. അദ്ദേഹം അത് പറയട്ടെ എന്നാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട ശിവദാസമേനോൻ ഇവിടെ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചില്ല എങ്കിലും ഒരു മികച്ച ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുകയാണ്. ജനങ്ങളുടെ മേൽ നികുതിഭാരം അടിച്ചേൽപ്പിക്കാത്ത ഒരു ജനപ്രിയ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനം സാമ്പത്തിക വിഷമതകളിലൂടെ കടന്നു പോകുന്ന ഒരു സാഹചര്യത്തിലാണ്, തികച്ചും പ്രതികൂലമായ ഒരു സാഹചര്യത്തിലാണ്, ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ശമ്പള പരിഷ്ക്കരണം കൊണ്ടും മറ്റും റവന്യൂ ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. 11-ാം ധനകാര്യ കമ്മിഷന്റെ നിലപാടും സംസ്ഥാനത്തിന് എതിരായിരുന്നു. കേരളത്തിന് കേന്ദ്ര വിഹിതത്തിൽനിന്നും ഏഴായിരത്തിൽപ്പരം കോടി രൂപയുടെ കുറവ് ഈ വർഷം മുതൽ നിലവിൽ വരാൻ പോകുകയാണ്. ഈ ഒരു സാഹചര്യത്തിൽ ജനങ്ങൾക്ക് പരിക്കേൽപ്പിക്കാത്ത ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രശംസ അർഹിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം എന്നിവയ്ക്ക് ബഡ്ജറ്റ് പ്രാധാന്യം നൽകിയിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം എന്തു വിലകൊടുത്തും നിലനിർത്തുമെന്ന ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ പ്രഖ്യാപനം അവസരോചിതമായി ഞാൻ കാണുകയാണ്. സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരായ മോട്ടോർ വർക്ക്ഷോപ് തൊഴിലാളികൾക്കും അതുപോലെ കൈത്തറി തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കും വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ ആ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് ആശ്വാസം പകരുന്നതാണ്. അധികാര വികേന്ദ്രീകരണത്തിലൂടെ, വികേന്ദ്രീകൃതമായ ആസൂത്രണത്തിലൂടെ, വിപുലമായ ജനപങ്കാളിത്തത്തോടെ കേരളത്തിലെ ജീവിതനിലവാരം ഉയർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ ഐശ്വര്യസമ്പൂർണ്ണമായ സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം ഇവിടെ നാലേമുക്കാൽ വർഷത്തെ ഭരണംകൊണ്ട് നമുക്ക് സാധിച്ചിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രതിവർഷം ആയിരംകോടിരൂപ വീതം നൽകിയാണ് വികസന പ്രവർത്തനങ്ങൾ ഇവിടെ നടത്തിയിട്ടുള്ളത്. കടമെടുത്തുകൊണ്ടും പദ്ധതിയിൽ വെട്ടിക്കുറവ് വരുത്താതെയുമിരിക്കാൻ എൽ.ഡി.എഫ്. സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം കൃത്യമായി നൽകുകയാണുണ്ടായത്. അതുവച്ചുകൊണ്ടാണ് കേരളം കടക്കെണിയിലാണെന്ന് പ്രതിപക്ഷം പ്രഖ്യാപിക്കുന്നത്. കടമെടുത്തിട്ടായാൽപ്പോലും കേരളം വികസനരംഗത്ത് ശീഘ്രഗതിയിൽ മുന്നേറണമെന്നതാണ് ഈ ഗവൺമെന്റിന്റെ നയം. കടം ധൂർത്തിനുവേണ്ടിയല്ല, മറിച്ച് ഇവിടെ വികസന പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കാൻ, കേരളത്തെ ഒരു സമ്പൽസമൃദ്ധമായ സംസ്ഥാനമാക്കി മാറ്റിയെടുക്കാനാണ് ഇവിടെ കടമെടുത്തിട്ടുള്ളത്. കടമെടുത്തത് സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുന്നത് കേരളം കടക്കെണിയിൽ പെട്ടിരിക്കുന്നു എന്ന രീതിയിലാണ്. അത് നമുക്ക് സ്വീകരിക്കാൻ നിർവ്വാഹമില്ല. കടമെടുത്തിട്ടായാലും ഇവിടെ വികസനം നടക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റണമെന്നതാണ് ഈ ഗവൺമെന്റിന്റെ ഉദ്ദേശം. ഒരു പ്രധാനപ്പെട്ടകാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. മലയോരമേഖലയിലെ കൃഷിക്കാർ കാർഷിക വിഭവങ്ങൾക്ക് വിലയില്ലാതെ കടക്കെണിയിൽപ്പെട്ട് ജീവിതപ്രയാസങ്ങളിലൂടെ നീങ്ങുകയാണ്. അവരുടെ സ്ഥലങ്ങളെല്ലാം വിറ്റ് കടം വീട്ടാനുള്ള സ്ഥിതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കാർഷികകടങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മോറട്ടോറിയം പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കാർഷിക വിഭവങ്ങൾക്ക് വിലയില്ല. അതുകൊണ്ട് കൃഷിക്കാർ എടുത്തിട്ടുള്ള കടം വീട്ടാൻ നിർവ്വാഹമില്ലാത്ത ഒരു സാഹചര്യത്തിലാണ് അവർ ഇന്ന് മുന്നോട്ടുപോകുന്നത്. ഇത് മനസ്സിലാക്കിക്കൊണ്ട് അവരുടെ കടങ്ങൾക്കുള്ള പലിശ എഴുതിത്തള്ളിക്കൊണ്ടും കാർഷികകടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു കൊണ്ടും കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കണമെന്ന് ബഹുമാനപ്പെട്ട ധന കാര്യവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ കഴിഞ്ഞ നാലേ മുക്കാൽ വർഷം നടന്ന വികസനപ്രവർത്തനം പ്രതിപക്ഷത്തിന് കാണാൻ കഴിയുന്നില്ല. അധികാര മോഹത്തിന്റെ ലഹരിയിൽ മഞ്ഞളിച്ചുപോയ കണ്ണിന് ഇത് കാണാൻ കഴിയുകയില്ല. അധികാരം ലഭിക്കുമെന്ന പ്രതീക്ഷയിൽ പ്രതിപക്ഷം ദൂരെ ചക്രവാളത്തിൽ കണ്ണുംനട്ട് പുതിയ ഒരു സൂര്യോദയത്തിനു വേണ്ടി പ്രതീക്ഷയോടുകൂടി കാത്തിരിക്കുകയാണ്. എന്നാൽ നിങ്ങൾ പ്രതീക്ഷിക്കുന്ന സൂര്യോദയം കേരളത്തിൽ ഉണ്ടാകാൻ പോകുന്നില്ല. 1982-ൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഇടതുപക്ഷജനാധിപത്യമുന്നണിയിൽ നിന്നും കാലുമാറി അപ്പുറത്തേയ്ക്കു പോയല്ലോ. പോയ സന്ദർഭത്തിൽ അദ്ദേഹം ഒരു ഉഗ്രപ്രഖ്യാപനം കേരളത്തിൽ നടത്തുകയുണ്ടായി. നൂറുവർഷക്കാലം കേരളത്തിൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരാൻ പോകുന്നില്ല എന്നാണ് അദ്ദേഹം പ്രഖ്യാപിച്ചത്. വർഷം അഞ്ചു കഴിഞ്ഞയുടൻ കേരളത്തിൽ വീണ്ടും ഇടതുപക്ഷജനാധിപത്യമുന്നി അധികാരത്തിൽ വരികയാണുണ്ടായത്. ഈ ചരിത്ര യാഥാർത്ഥ്യം മനസ്സിലാക്കുന്ന ജനങ്ങളാണ് കേരളത്തിലുള്ളത്. അതുകൊണ്ട് ശ്രീ. എ. കെ. ആന്റണിയുടെ പ്രഖ്യാപനങ്ങൾ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വിലപ്പോവുകയില്ല എന്നത് തീർച്ചയാണ്. കേരളത്തിലെ നായനാർ സർക്കാർ കടലിൽ മുങ്ങിപ്പോകുമെന്നൊക്കെയാണ് ഇപ്പോൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ക്ലിഫ് ഹൗസ് സ്വപ്നംകണ്ടുകൊണ്ട് വരാൻപോകുന്ന നാളുകളിൽ ക്ലിഫ് ഹൗസിലേയ്ക്കുള്ള യാത്രയ്ക്കുവേണ്ടിയുള്ള ഒരുക്കങ്ങളുമായി ശ്രീ. ആന്റണി പോവുകയാണ്. പക്ഷെ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ അവരുടെ കഴിഞ്ഞകാല ഭരണം (യു. ഡി. എഫ്.-ന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ ഭരണം) ഓർക്കുന്നവരാണ്. വീണ്ടും ഒരു അഴിമതിഭരണത്തിന് കേരളത്തിൽ സ്ഥാനമില്ലെന്ന് ജനങ്ങൾ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് ശ്രീ. എ. കെ. ആന്റണിയുടെ സ്വപ്നം, ശ്രീ. ആന്റണിയുടെ പ്രഖ്യാപനങ്ങൾ, അതൊക്കെ ഞങ്ങളുടെ നാട്ടിൽ പറയുന്നതുപോലെ ആ പ്രഖ്യാപനങ്ങൾക്കും പഴഞ്ചാക്കിനും ഒരുപോലെയാണ് വില. അതുകൊണ്ട് വരാൻപോകുന്ന തെരഞ്ഞെടുപ്പുയുദ്ധത്തിൽ നമുക്ക് ശക്തമായി പോരാടാം. ആ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പിനുശേഷം നിങ്ങളുടെ സ്ഥാനം അപ്പുറത്തുതന്നെയിരിക്കും. ഇപ്പുറത്താവില്ല എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അധികാരം സ്വപ്നം കണ്ടുകൊണ്ട് മുന്നോട്ടുപോകുന്ന ശ്രീ. എ. കെ. ആന്റണിയും കൂട്ടരും ഓർക്കുക, ആ സ്വപ്നം യാഥാർത്ഥ്യമാകാൻ പോകുന്നില്ല. യാഥാർത്ഥ്യം യാഥാർത്ഥ്യമായി കണ്ടുകൊണ്ട് ഈ ഗവൺമെന്റിന്റെ നല്ലകാര്യങ്ങൾ കഴിഞ്ഞ നാലരവർഷമായി കണ്ടിട്ടും കണ്ടില്ലെന്ന് നടിച്ചുകൊണ്ട്, ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടുകൊണ്ട്, ഈ ഗവൺമെന്റിനെ അധികാരത്തിൽ നിന്ന് പുറത്താക്കണമെന്ന വ്യാമോഹം ഇവിടെ നടപ്പാക്കാൻ പോകുന്നില്ലായെന്ന് സൂചിപ്പിച്ചുകൊണ്ട്, ഒരിക്കൽകൂടി ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട്, സ്വാഗതം ചെയ്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, 10-ാം കേരള നിയമസഭയിലെ അവസാനത്തെ ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. നാട്ടിലെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥമായ ചിത്രമാണ് ധനകാര്യവകുപ്പുമന്ത്രി തന്റെ ബഡ്ജറ്റിലൂടെ വരച്ചുകാണിച്ചിരിക്കുന്നത്. ബഡ്ജറ്റ് ഒരു കണ്ണാടിയാണെങ്കിൽ ആ കണ്ണാടിയിൽ പ്രതിഫലിക്കുന്ന പ്രതിബിംബം പലർക്കും പലവിധത്തിലാകുന്നത് സ്വാഭാവികമാണ്. പ്രതിബിംബം തലതിരിഞ്ഞു കാണുന്നവരുണ്ട്. ഇടത്തോട്ടു കാണുന്നവരുണ്ട്. വലത്തോട്ടുകാണുന്നവരുണ്ട്. പക്ഷെ യഥാർത്ഥമായ വീക്ഷണത്തിൽ നാടിന്റെ സാമൂഹികവും, സാമ്പത്തികവുമായ ചിത്രം കാണുന്നതിന് നിഷ്പക്ഷമതികൾക്ക് കഴിയാതിരിക്കുകയില്ല. ബഡ്ജറ്റ് എന്നത് കണക്കുകൾകൊണ്ടും അക്കങ്ങൾകൊണ്ടുമുള്ള കസർത്താണോ എന്നറിയില്ല. ആ രീതിയിലാണ് പ്രതിപക്ഷത്തുനിന്നും പലരും ബഡ്ജറ്റിനെ കണ്ടതും വ്യാഖ്യാനിക്കാൻ പരിശ്രമിച്ചതും. അതുകൊണ്ട് പരസ്പരബന്ധമില്ലാത്ത ഒട്ടേറെ ചിത്രങ്ങളും നമുക്ക് ലഭിക്കുകയുണ്ടായി. സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങളെ ആസ്പദമാക്കി വരച്ചുകാണിച്ച ചിത്രവും ഉന്നയിച്ച കണക്കുകളും പലപ്പോഴും യഥാർത്ഥമായിരുന്നില്ലായെന്ന് നമുക്കറിയാം. കേരളത്തിലെ സാമ്പത്തികസ്ഥിതി സമ്പൂർണ്ണമായും ഭദ്രമാണെന്ന് ഞാൻ കരുതുന്നില്ല. നമ്മുടെ നാട്ടിൽ രാജ്യത്തിന്റെ പൊതുവായ സാമ്പത്തികസ്ഥിതിയുടെ ഭാഗമായിത്തന്നെ ഒട്ടേറെ പ്രയാസങ്ങളുണ്ട്. സാമ്പത്തികമായ ബുദ്ധിമുട്ടുകളുമുണ്ട്. ഈ ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും ഒരു ഫെഡറൽ സംവിധാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കുന്നതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഫെഡറൽ സംവിധാനമെന്നത് രാഷ്ട്രീയം മാത്രമല്ല സാമ്പത്തികമായ ഫെഡറലിസവുമുണ്ട്. ഇവിടെ കേരളത്തിന് ഒറ്റപ്പെട്ടുനിൽക്കാൻ കഴിയുകയില്ല. നാടിന്റെ പൊതുവായ സാമ്പത്തികസ്ഥിതിയിൽനിന്ന് സംസ്ഥാനത്തിന് വേറിട്ടുനിൽക്കാനാവില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കുമ്പോഴാണ് കേരളത്തിന്റെ സ്ഥിതി അത്ര പരിതാപകരമല്ലായെന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. മഹാരാഷ്ട്ര ഉൾപ്പെടെ രാജ്യത്തെ നിരവധി സംസ്ഥാനങ്ങൾ മാസങ്ങളായി ജീവനക്കാരുടെ ശമ്പളംപോലും നൽകാതെ, മുടങ്ങിക്കിടക്കുന്ന സാഹചര്യത്തിലാണിപ്പോൾ. അത്ര പ്രയാസം നിറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

പരിതസ്ഥിതിയിൽ കേരളത്തിന് പിടിച്ചുനിൽക്കാൻ കഴിയുമെന്ന പ്രതീക്ഷയെങ്കിലും ജനങ്ങൾക്കു നൽകിയിരിക്കുകയാണ്. പ്രതിപക്ഷം ബഡ്ജറ്റിനെ അടിസ്ഥാനമാക്കി വരച്ചുകാണിച്ച ചിത്രം യാഥാർത്ഥ്യബോധത്തോടുകൂടിയുള്ളതല്ലായെന്നും അറിയാം. എല്ലാം തകർന്നു, എല്ലാം ഒഴിഞ്ഞിരിക്കുന്നു, എല്ലാം ശൂന്യമായിരിക്കുന്നു എന്നു പറയുമ്പോഴും ശ്രീ. കെ. എം. മാണിയെപ്പോലുള്ളവർ പ്രകടിപ്പിച്ച അക്ഷമ ഇപ്പുറത്തേയ്ക്കു കടന്നിരിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നു. ഖജനാവില്ലാതെ അധികാരം മാത്രം ആരെങ്കിലും ആഗ്രഹിക്കും എന്നു ഞാൻ കരുതുന്നില്ല. രക്ഷിക്കാൻ കഴിയാത്ത രീതിയിൽ, വീണ്ടെടുക്കാൻ കഴിയാത്ത രീതിയിൽ, കേരളത്തിലെ സാമ്പത്തിക സ്ഥിതി തകർന്നിരിക്കുകയാണെങ്കിൽ, ആ സാമ്പത്തിക ബാധ്യതയും പ്രയാസങ്ങളും ദുരിതങ്ങളുമെല്ലാം സ്വന്തം ചുമലിൽ എടുക്കുന്നതിനുവേണ്ടി പ്രതിപക്ഷം ഇത്ര അക്ഷമ കാണിക്കുമെന്ന് ഞാൻ കരുതുന്നില്ല. ശ്രീ. സുധാകരൻ ഇവിടെ സൈലാസ് മാർണറുടെ ഉദാഹരണം പറയുകയുണ്ടായി. സൈലാസ് മാർണറെപ്പോലെയല്ല ഒരു നല്ല ധനകാര്യവകുപ്പുമന്ത്രി രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി കൈകാര്യം ചെയ്യേണ്ടത്. ബൈബിളിൽ താലന്തുകളുടെ കഥ പറയുന്നുണ്ട്. താലന്തുകൾ സൂക്ഷിക്കുന്നതിനുവേണ്ടി കുഴിച്ചിട്ട ബുദ്ധിശൂന്യനെപ്പോലെയാകരുത് ധനകാര്യവകുപ്പുമന്ത്രിയെന്നും ഞാൻ കൂട്ടിച്ചേർക്കുകയാണ്. പണം ചെലവാക്കുന്നതിനുള്ളതാണ്. ആവശ്യങ്ങൾ കണക്കിലെടുത്ത് ചെലവാക്കുവാൻ വേണ്ടിയാണ് പണം ധനമന്ത്രിയെ ഏൽപ്പിക്കുന്നത്. മിച്ച ബഡ്ജറ്റാണ് മെച്ചപ്പെട്ട ബഡ്ജറ്റ് എന്ന ധാരണ ശരിയല്ല. പത്രങ്ങളിൽ തലവാചകത്തിനു വേണ്ടി മിച്ച ബഡ്ജറ്റ് എന്ന ഖ്യാതിനേടാം. എന്നാൽ മിച്ച ബഡ്ജറ്റിൽ എല്ലാ നന്മയും അടങ്ങിയിരിക്കുന്നു എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ കരുതുന്നില്ല. അതുകൊണ്ട് മിച്ചവും കമ്മിയും എന്ന തർക്കത്തിനപ്പുറം നാട്ടിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക്, അവരുടെ ദുരിതങ്ങൾക്ക്, പ്രയാസങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാൻ സാധിക്കുന്ന രീതിയിലുള്ള സാമ്പത്തിക വീക്ഷണം ഈ ബഡ്ജറ്റിലുണ്ട്. അതായിരിക്കണം നമ്മുടെ ചർച്ചാവിഷയം. ഇന്ന് ലോകമെങ്ങുമുള്ള ക്രൈസ്തവർ നൊയമ്പിന്റെ ദിനത്തിലേയ്ക്ക് കടക്കുകയാണ്. ആഷ് വെഡ്നസ് ഡേ, വിഭൂതി തിരുനാൾ, ഇനിയുള്ളത് വ്രതത്തിന്റെയും ത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും ഒക്കെ ദിവസങ്ങളാണ്. ക്രൈസ്തവരുടെ പ്രതീക്ഷ ദുരിതവും പ്രയാസങ്ങളും ഏറ്റുവാങ്ങുന്ന ഈ ദിവസങ്ങൾക്കൊടുവിൽ മരണത്തെയും പരാജയത്തെയും ഉല്ലംഘിക്കുന്ന ഒരു വിജയം കാത്തുനിൽക്കുന്നു എന്നാണ്. അങ്ങനെയുള്ള പ്രതീക്ഷയോടെയാണ് ഞങ്ങൾ നെറ്റിയിൽ കറുത്ത കുരിശ് വരയ്ക്കുന്നത്. വലിയ മത്സര പരീക്ഷയാണ് ഞങ്ങൾ നേരിടാൻ പോകുന്നത്. സീറോ മലബാർ സഭയിലെ ദേവലായങ്ങളിൽ ദിവ്യപൂജയ്ക്കു ശേഷം പുരോഹിതൻ ഉച്ചരിക്കുന്ന ഒരു വാചകം ഉണ്ട്. ഇനിയൊരു ബലി അർപ്പിക്കുവാൻ ഈ ബലിപീഠത്തിലേയ്ക്ക് വരാൻ കഴിയുമോ എന്ന സന്ദേഹം പ്രകടിപ്പിച്ചുകൊണ്ടാണ് പുരോഹിതൻ വിടവാങ്ങുന്നത്. ദൈവഹിതത്തിനു വിധേയമായാണ് പുരോഹിതൻ അപ്രകാരം സന്ദേഹം പ്രകടിപ്പിക്കുന്നതെങ്കിലും, ജനഹിതത്തിനു വിധേയമായി, ഞാൻ ഇവിടെ ആവർത്തിക്കുകയാണ്, ഇനിയും ഈ സഭയിലേയ്ക്ക് ഈ ഭാഗത്തേക്കുതന്നെ ഞങ്ങൾ തിരിച്ചുവരും. രണ്ടാം

LIBRARY ARCHIVES Kerala Legislative Assembly

ലോക മഹായുദ്ധത്തിൽ ഫിലിപ്പീൻസിൽനിന്ന് ജനറൽ മക്കാർതറെ മാറ്റിയപ്പോൾ അദ്ദേഹത്തിന്റെ പ്രഖ്യാതമായ വാഗ്ദാനം ഉണ്ട് ഫിലിപ്പിൻസ് ജനതയോട്, I shall return. രണ്ടാംലോക മഹായുദ്ധം അവസാനിക്കുന്ന ഘട്ടത്തിൽ വിജയശ്രീലാളിതനായി ജനറൽ മക്കാർതർ ഫിലിപ്പീൻസിലേയ്ക്ക് വന്നപ്പോൾ പറഞ്ഞത്. I have returned എന്നായിരുന്നു. അതു ചരിത്രത്തിലെ ഒരു പാഠമാണ്. ചില ഘട്ടത്തിൽ ചിലർക്ക് തിരിച്ചു വന്നേ മതിയാകൂ. ജനങ്ങൾക്കുവേണ്ടി നിസ്തുലമായ പ്രവർത്തനം കാഴ്ചവച്ച അഞ്ചുവർഷത്തെ നേട്ടങ്ങളുമായി ഈ മുന്നണി ഈ സഭയിലേയ്ക്കുതന്നെ, അതും ഈ ഭാഗത്തു തന്നെ, കൂടുതൽ ശക്തിയോടെ തിരിച്ചുവരും എന്ന കാര്യത്തിൽ സംശയമില്ല. ഞങ്ങൾ ഞങ്ങളുടെ ഓരോ കൂടാരവും അഴിക്കുന്നത് അടുത്ത കൂടാരം നിർമ്മിക്കുന്നതിനുവേണ്ടിയാണ്. റോബർട്ട് ഫ്രോസ്റ്റിന്റെ പ്രസിദ്ധമായ വരികൾ ഉണ്ടല്ലോ ; and miles to go before I sleep. ഞങ്ങളും ആ തരത്തിൽ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഒട്ടേറെ വാഗ്ദാനങ്ങൾ പാലിക്കുവാനുണ്ട്. ഒട്ടേറെ വാഗ്ദാനങ്ങൾ നിൽകിയിട്ടുണ്ട്. ഒട്ടേറെ വാഗ്ദാനങ്ങൾ ഇനിയും പാലിക്കുവാനുണ്ട് എന്ന തിരിച്ചറിവോടുകൂടിത്തന്നെയാണ് ഞങ്ങൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് വിശ്രമിക്കുവാനുള്ള സമയം ആയിട്ടില്ല. എല്ലാ വാഗ്ദാനങ്ങളും നിറവേറ്റപ്പെടും. എല്ലാ വാഗ്ദാനങ്ങളും നിറവേറ്റപ്പെടുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകും. ആ ആത്മാർത്ഥതയുടെയും സത്യത്തിന്റെയും പ്രകാശമാണ് ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ അദ്ദേഹം വരച്ചുകാണിച്ചത്. അതാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള ചിത്രത്തിൽ നിന്നും നമുക്ക് ലഭിച്ചത്. പ്രതീക്ഷയുടെയും ആത്മാർത്ഥതയുടേയും നിലപാട് ജനഹിതത്തിനു വിധേയമാക്കുന്നതിനുവേണ്ടി ജനങ്ങളുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുവേണ്ടി ജനങ്ങൾ തയ്യാറെടുക്കുന്ന ഈ സന്ദർഭത്തിൽ ശ്രീ. ടി. ശിവദാസമേനോന്റെ 2001-2002 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെയും ബഡ്ജറ്റ് നിർദ്ദേശങ്ങളെയും ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

ശ്രീമതി ഗിരിജാസുരേന്ദ്രൻ : സർ, പുതിയ നികുതികൾ ഒന്നും ഇല്ലാത്ത വോട്ടുതട്ടാൻ വേണ്ടിയുള്ള ജനപ്രീണന പരിപാടികൾ ഒന്നും ഇല്ലാത്ത നല്ല ഒരു ബഡ്ജറ്റാണ് ഇവിടെ ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്നത്. ഈ മാറ്റം ഉൾക്കൊള്ളുന്ന ബഡ്ജറ്റിനെ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. ഈ ബഡ്ജറ്റ് മോശമാണെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി അപ്പുറത്തുനിന്നുമുള്ള പാഴ് ശ്രമങ്ങൾ നമ്മൾ കണ്ടതാണ്. ഏത് കള്ളത്തെയും വാദിച്ചുവാദിച്ച് ഫലിപ്പിക്കുവാൻ വേണ്ടിയുള്ള ശ്രമമാണ്. ഇന്ന് മാണിസാർ നടത്തിയ പ്രസംഗം ഞങ്ങൾ കേട്ടതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വോട്ടുവാങ്ങി വിജയിച്ച് അപ്പുറത്തുപോയി ഇരുന്നുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ചെയ്ത കാര്യങ്ങൾ മോശമാണെന്ന് പറയുവാൻപോലും അർഹതയില്ലാത്ത പ്രൊഫ. എ. വി. താമരാക്ഷൻ പറഞ്ഞതും

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ കേട്ടതാണ്. ഇതിൽ നിന്നൊക്കെ നമുക്ക് മനസ്സിലാകുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഞ്ചുവർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ ഈ രാജ്യത്തെ ജനങ്ങൾ അംഗീകരിക്കുന്നുണ്ടെന്നുള്ളതിന്റെ ബോധം അപ്പുറത്തുള്ളവർക്ക് ഉണ്ട് എന്നുള്ളതാണ്. അതെല്ലാം തന്നെ സ്ഥാപിക്കുവാനുള്ള കഠിനശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ന് കേന്ദ്രബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. അതു എന്തായിരിക്കുമെന്നുള്ള ധാരണ നമുക്കെല്ലാ പേർക്കുമുണ്ട്. കഠിനമായ നികുതികൾ ചുമത്തുവാൻ പോകുന്നു എന്ന് മാധ്യമങ്ങൾ എല്ലാം റിപ്പോർട്ട് ചെയ്തു. റെയിൽവേ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അതിൽ യാത്രക്കൂലി വർദ്ധനവ് ഉണ്ടായി. കടത്ത് കൂലി വർദ്ധിപ്പിച്ചപ്പോൾ കേരളം പോലുള്ള തെക്കേ അറ്റത്തുള്ള സംസ്ഥാനങ്ങൾക്ക് ചരക്കുകൂലിവർദ്ധനവും വിലക്കയറ്റവും ഉണ്ടായി എന്നുള്ളത് തർക്കമറ്റ കാര്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ ബഡ്ജറ്റും അതിനുശേഷമുള്ള പ്രവർത്തനങ്ങളും ഒക്കെ വിലയിരുത്തിക്കൊണ്ടുതന്നെവേണം നമുക്ക് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റിനെ വിലയിരുത്താൻ. ദീർഘമായി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഭരണച്ചെലവ് ചുരുക്കുന്നതിനുവേണ്ടി നമ്മുടെ പ്രധാനമന്ത്രി ഒരിക്കൽ പറയുകയുണ്ടായി, കേന്ദ്ര സർവ്വീസിൽനിന്ന് 10 ശതമാനം പേരെ മാറ്റുന്നു എന്ന്. നിയമന നിരോധന ഉത്തരവ് പ്രകാരംതന്നെ 2 ശതമാനം പേരെ അവിടെ നിലവിൽ ജോലിക്ക് വയ്ക്കുന്നില്ല. അതിനുപുറമേ നാലുവർഷം കൊണ്ട് 10 ശതമാനം പേരെ ചെലവ് ചുരുക്കുന്നതിനുവേണ്ടി മാറ്റുന്നു എന്നു വരുത്തുക. നമ്മൾ കാണേണ്ട കാര്യം, 72 മന്ത്രിമാർ അടങ്ങുന്ന ഒരു വലിയ കേന്ദ്രമന്ത്രിസഭയാണുള്ളത്. അതിൽ 40 സഹമന്ത്രിമാർക്ക് ഒരു പണിയും ഇല്ല. അതിന് കേരളത്തിൽത്തന്നെ ഉദാഹരണമുണ്ട്. ഭരണച്ചെലവ് കുറയ്ക്കുവാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ട കാര്യങ്ങൾ വേറെയാണ്. തൊഴിലെടുത്തു ജീവിക്കുന്നവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനുള്ള ശ്രമം കേന്ദ്രഗവൺമെന്റ് നടത്തുകയാണ്. മറ്റൊരുഭാഗത്ത് അവർ പറയുന്നത്, രാജ്യത്ത് സാമ്പത്തികനില മെച്ചപ്പെടണമെങ്കിൽ സബ്സിഡികൾ എടുത്തുകളയണം എന്നാണ്. അതു പറയുക മാത്രമല്ല സബ്സിഡികൾ എല്ലാംതന്നെ എടുത്തു കളഞ്ഞുകൊണ്ടുള്ള പ്രവർത്തനമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. രാജ്യത്തെ സാമ്പത്തിക കുഴപ്പങ്ങൾക്കെല്ലാം കാരണം കാർഷിക മേഖലയിൽ നൽകുന്ന സബ്സഡിയാണ് എന്നുപറഞ്ഞുകൊണ്ട് അവർ പ്രചരണം നടത്തുന്നു. അങ്ങനെ സബ്സിഡിതന്നെ എടുത്തുകളയുവാനുള്ള തീരുമാനം എടുക്കുന്നു. ഈ ഉപദേശം നൽകുന്ന അമേരിക്കയിൽ ആകെ 90 ലക്ഷംപേർ മാത്രമാണ് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നത്. അതിന് 4500 കോടിയുടെ ഡോളർ അവിടെ സബ്സിഡിയായി നൽകുമ്പോൾ 63 ശതമാനത്തോളം കൃഷിക്കാർ നമ്മുടെ രാജ്യത്തുള്ളപ്പോൾ നമ്മുടെ രാജ്യത്ത് 570 കോടി ഡോളർ മാത്രമാണ് നൽകുന്നത്. റേഷൻ സബ്സിഡി എടുത്തു കളയണമെന്ന് ആവശ്യപ്പെടുന്നത് നമുക്ക് അറിയാം. സാധാരണക്കാരും കൃഷിക്കാരും ഉൾപ്പെടെയുള്ളവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടിയുള്ള നടപടികൾ നിഷേധിക്കുന്ന കേന്ദ്ര ഗവൺമെന്റിനെയാണ് നമ്മൾ ഇന്ന് കാണുന്നത്. പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൈയിട്ടുവാരുന്ന ഗവൺമെന്റ് ഇവിടെ മുതലാളിമാർക്കും സമ്പന്നൻമാർക്കുംവേണ്ടി അവരുടെ സബ്സിഡികൾക്കായി ഒരു ലക്ഷത്തിമുപ്പതിനായിരം കോടി രൂപ നൽകുന്നുണ്ട്. അതിൽ അഞ്ചു പൈസപോലും വെട്ടിക്കുറയ്ക്കന്നതിനു ഇന്നു വരെ ശ്രമിച്ചിട്ടില്ല എന്ന കാര്യവും നമുക്കറിയാം. അതിൽ പ്രതിഷേധിക്കുവാനോ ആ കാര്യങ്ങൾ രേഖപ്പെടുത്തുവാനോ അപ്പുറത്തുള്ളവർക്ക് കഴിഞ്ഞില്ല. ഇതിന്റെയെല്ലാം ദുരിതം നമ്മൾ അനുഭവിക്കുമ്പോൾ അതിനെല്ലാം കാരണക്കാർ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് എന്നുപറഞ്ഞുകൊണ്ട് ഈ ഗവൺമെന്റിന് എതിരായിട്ടുള്ള കുപ്രചരണങ്ങൾക്കും അക്രമത്തിനുമാണ് പ്രതിപക്ഷം മുതിരുന്നത്. അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാർ തന്നെയാണ് കേന്ദ്രത്തിൽ പ്രതിപക്ഷത്തും ഉള്ളത്. കേന്ദ്രത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനങ്ങളിൽ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടിയുള്ള എന്തെങ്കിലും മുദ്രാവാക്യം വച്ചുകൊണ്ട് പാർലമെന്റിനുള്ളിൽ നിഷേധ ശബ്ദം ഉയർത്താൻ കോൺഗ്രസ്സുകാർ തയ്യാറായിട്ടുണ്ടോ? ശ്രീമതി സോണിയാ ഗാന്ധിയാണ് അവിടത്തെ പ്രതിപക്ഷനേതാവ്. കോൺഗ്രസ്സ് ആയിട്ടുള്ള ശ്രീമതി സോണിയാ ഗാന്ധിക്ക് അതിനു കഴിയുന്നില്ല. ഫെവിക്കോൾ വച്ച് ഉറപ്പിച്ചതുപോലെയാണ് അവർ അവിടെ ഇരിക്കുന്നത്. സർ, ഏതു ദുർനയം വന്നാലും കോൺഗ്രസ്സ് അതിനെ രണ്ടു കയ്യും പൊക്കി സ്വാഗതം ചെയ്യുകയും അനുകൂലിക്കുകയും ചെയ്യുന്നത് തങ്ങൾ കൊണ്ടുവന്ന സാമ്പത്തിക നയം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവരാണ് അവിടെ ഭരണം നടത്തുന്നത് എന്നുള്ളതുകൊണ്ടാണ്. കേരളത്തിലാണെങ്കിലോ? പാർലമെന്റിൽ ഇത്തരം സമീപനം സ്വീകരിക്കുമ്പോൾ തന്നെ നിയമസഭയിൽ കയറിവന്നാൽ പിന്നെ അവർക്ക് ഒരു നിമിഷം ഇവിടെയിരിക്കാൻ കഴിയില്ല. എന്തെങ്കിലും കാരണങ്ങളുണ്ടാക്കിക്കൊണ്ട്, ആരാണ് കാരണക്കാരൻ എന്നുപോലും അന്വേഷിക്കാതെ അതിനു ശ്രമിക്കാതെ പ്രശ്നങ്ങളുണ്ടാക്കി, കലാപങ്ങളുണ്ടാക്കി ഇറങ്ങിപ്പോകാനും ബഹളം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങളാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ടു തരത്തിലുള്ള സമീപനമാണ്. ഇടതുപക്ഷജനാധിപത്യമുന്നണിയെ മോശമാക്കുന്നതിനുവേണ്ടി, കരി തേച്ചു കാണിക്കുന്നതിനുവേണ്ടി, പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്തെന്നു കാണാനും അതിനുവേണ്ടി ശബ്ദമുയർത്താനും തയ്യാറാകുന്നില്ല എന്നുള്ളതാണ്. കാർഷികോൽപ്പന്നങ്ങൾക്ക് വില കിട്ടുന്നില്ല. കാർഷികോൽപ്പനങ്ങൾക്ക് വില കിട്ടുന്നില്ലെങ്കിൽ കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റാണ് അതിനുത്തരവാദിയെങ്കിൽ ഞങ്ങൾക്ക് ചില കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. തൊട്ടടുത്ത സംസ്ഥാനമാണ് കർണ്ണാടകം, കർണ്ണാടകത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഭരണമാണ് നടക്കുന്നത്. അവിടെയുള്ള കാർഷികോൽപ്പന്നങ്ങളെല്ലാം ഗവൺമെന്റ് പത്തു പൈസപോലും കൊടുക്കാതെ, ശേഖരിച്ച് അവിടെ വലിയ വില കൊടുത്തുകൊണ്ടാണ് വാങ്ങിപ്പിക്കുന്നത്. ഇവിടെയുള്ള കോൺഗ്രസ്സുകാർക്ക് അത് കഴിയുമോ? കഴിയണമല്ലോ. സംസ്ഥാന ഗവൺമെന്റാണ് അതിനുത്തരവാദിയെങ്കിൽ, കർണ്ണാടകത്തിലുള്ള സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് വലിയ വിലകൊടുപ്പിച്ച് ഇതു വാങ്ങിയെടുപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് കഴിയണ്ടേ? ഇപ്പോൾ ദേശീയമായ പ്രശ്നമാണിത്. കേന്ദ്ര ഗവൺമെന്റ് തുടർന്നുവരുന്ന തെറ്റായ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടാണ് ഇത് ഉണ്ടായത്. ഇത്തരം പ്രശ്നങ്ങൾ വരുമ്പോൾ കേന്ദ്ര ഗവൺമെന്റിനെതിരായിട്ടാണ് ശബ്ദമുയർത്തേണ്ടത്. എന്നാൽ ശബ്ദമുയർത്താൻ നിങ്ങൾ മറന്നു പോകുന്ന എന്നുള്ളതാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. അവരുടെയൊക്കെ കൈകോർത്തു പിടിച്ചുകൊണ്ട്, നിയമസഭയിലേക്ക് ഇനി അവരെ കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നിങ്ങൾ രഹസ്യമായും പരസ്യമായും നടത്തികൊണ്ടിരിക്കുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എൽ. ഡി. എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷത്തെ കാലാവധി വിജയകരമായി പൂർത്തിയാക്കിയശേഷമാണ് ആറാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ പ്രതിപക്ഷത്തിന് വളരെയധികം ബേജാറുണ്ട്. കാരണം, മുട്ടനാടിന്റെ പിറകേ കുറുക്കൻ നടക്കുന്നതുപോലെ അഞ്ചു വർഷക്കാലംകൊണ്ട് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഇപ്പോൾ വീഴും, ഇപ്പോൾ വീഴും എന്നുള്ള മോഹത്തിൽ നിങ്ങൾ നടക്കുകയായിരുന്നു. എന്നാൽ ഇടയ്ക്കുവച്ച് നടന്ന തെരഞ്ഞെടുപ്പുകൾ എല്ലാംതന്നെ കൂടുതൽ അംഗീകാരത്തോടുകൂടി ഈ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിവരികയാണെന്നും നിങ്ങൾ മനസ്സിലാക്കിയപ്പോൾ, ഈ ഗവൺമെന്റ് അഞ്ചു വർഷം പൂർത്തിയാക്കിയെന്നു കണ്ടപ്പോൾ അതിലുള്ള ബേജാറിലാണ് ബഡ്ജറ്റിനെ എതിർത്തുകൊണ്ട് നിങ്ങൾ നടത്തുന്ന പ്രയോഗങ്ങളും പ്രസ്താവനകളുമൊക്കെ. ഒരു തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റല്ല ഇത്. കാരണം, ഞങ്ങളെ സംബന്ധിച്ചിടത്തോളം അഞ്ചുവർഷം ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ, ഒരുപാട് നേട്ടങ്ങൾ എല്ലാ മേഖലയിലും ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് ഒരു ബഡ്ജറ്റ് അവതരിപ്പിക്കേണ്ട ആവശ്യം ഞങ്ങൾക്കില്ല. കേരളം ഭരിച്ച മറ്റേതു ഗവൺമെന്റിനേക്കാളും വികസന പ്രവർത്തനത്തിന് മുൻതൂക്കം നൽകിയവർ ഞങ്ങളാണ്. അതിന്റെ അംഗീകാരം നേടിയിട്ടുള്ളവരാണ്. കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയം സൃഷ്ടിച്ച പ്രതികൂലസാഹചര്യത്തിലും പദ്ധതിലക്ഷ്യം കൈവരിക്കാൻ, വരുമാനത്തിൽ പ്രത്യേകമായ വളർച്ച നേടാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലെ കണക്കു നോക്കിയാൽ 1999-2000 വർഷത്തെ പദ്ധതി ലക്ഷ്യം നേടുന്നതിൽ 78 ശതമാനം മാത്രമേ വിജയിച്ചിട്ടുള്ളൂ. എന്നാൽ ഇതേ വർഷം കേരളത്തിന് 95 ശതമാനം ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന വരുമാനത്തിലെ വളർച്ച മറ്റു സംസ്ഥാനങ്ങളേക്കാൾ കുറവല്ല. റിസർവ് ബാങ്കിന്റെ ഏറ്റവും പുതിയ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്, വളർച്ചാ നിരക്കിൽ കേരളത്തിന് അഞ്ചാം സ്ഥാനമുണ്ടെന്നുള്ളതാണ്. കേന്ദ്ര നിക്ഷേപത്തിന്റെ കാര്യത്തിലെ അവഗണനയും ധനകാര്യ സ്ഥാപനങ്ങളുടെ നിഷേധാത്മകമായ സമീപനവും മുഖ്യ കാർഷികവിളകളുടെ വിലത്തകർച്ചയുമില്ലായിരുന്നുവെങ്കിൽ കേരളത്തിലും മെച്ചപ്പെട്ട വളർച്ച നേടാമായിരുന്നു. ഇൻഡ്യാ ഗവൺമെന്റ് പിൻതുടരുന്ന പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായി കേരളം ഗുരുതരമായ പ്രയാസത്തിലാണ്. പ്രധാന കാർഷിക വിളകളായ റബ്ബർ, കുരുമുളക്, ഏലം, തേയില, കാപ്പി തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്നങ്ങളുടെ വിലയിടിവിന് ഇതാണു കാരണം. കാർഷികമേഖലയിലെ വിലത്തകർച്ച നമ്മുടെ സമ്പദ്ഘടനയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. നികുതി വരുമാനം കുറഞ്ഞു. നികുതിയിനത്തിൽ മാത്രം 500 കോടി രൂപ ഇവിടെ കുറവുണ്ടായിട്ടുണ്ട്. നാണ്യവിളകളുടെ വിലയിടിവുമൂലം 6645 കോടി രൂപയുടെ നഷ്ടമാണ് നമ്മുടെ സംസ്ഥാനത്തിനുണ്ടായിട്ടുള്ളത്. സംസ്ഥാനജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം മൂലമുണ്ടായ വലിയ ബാധ്യതയും സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 11-ാം ധനകാര്യ കമ്മീഷൻ അവാർഡുമൂലം 2000-2001 മുതലുള്ള അഞ്ചു വർഷക്കാലത്തേയ്ക്ക് സംസ്ഥാനത്തിന് 3600 കോടി രൂപ നഷ്ടപ്പെടും. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റായി വൻതുക കൈമാറിയതുകാരണം റവന്യൂ കമ്മി വർദ്ധനയ്ക്കും കാരണമായിട്ടുണ്ട്. കഴിഞ്ഞ നാലു വർഷത്തിനിടയ്ക്ക് 3764 കോടി രൂപയാണ് പ്രാദേശിക സ്ഥാപനങ്ങൾക്ക് നൽകിയത്. 2000-2001-ലെ മൊത്തം റവന്യൂ കമ്മി 1951 കോടി രൂപയാണ്. ഇതിൽ 1045 കോടി രൂപയും പ്രാദേശിക സ്ഥാപനങ്ങൾക്ക് കൈമാറിയതാണ്. ഈ സാഹചര്യത്തിലാണ് ജനോപകാരപ്രദമായ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഒരു മേഖലയേയും ഈ ബഡ്ജറ്റ് ഒഴിവാക്കിയിട്ടില്ല. കാർഷികമേഖലയുടെ തകർച്ച കണക്കിലെടുത്ത് നൽകിക്കൊണ്ടിരുന്ന നികുതിയിളവുകൾ തുടരുമെന്നുതന്നെ പ്രഖ്യാപിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷം, കശുവണ്ടി, കാപ്പി, തേയില തുടങ്ങിവയുടെയെല്ലാം നികുതി എട്ടു ശതമാനത്തിൽ നിന്നും നാലു ശതമാനമായി കുറച്ചിട്ടുണ്ട്. അഞ്ചു ഹെക്ടർ വരെയുള്ള എല്ലാ കർഷകരേയും കാർഷികാദായനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. റബ്ബർ, കാപ്പി കർഷകരുടെ കാർഷികാദായ നികുതി, 20 ഹെക്ടർ വരെയുള്ളവരെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. രണ്ടു ഹെക്ടർ വരെയുള്ള എല്ലാ കർഷകർക്കും വൈദ്യുതി സൗജന്യമാക്കിട്ടുണ്ട്. ഇതെല്ലാംതന്നെ ഒരു വർഷത്തേയ്ക്കുകൂടി തുടരുന്നതിനുവേണ്ടിയാണ് ഈ ബഡ്ജറ്റിലൂടെ തീരുമാനിച്ചിരിക്കുന്നത്. വിദ്യാഭ്യാസം, വിവര സാങ്കേതികവിദ്യ, വൈദ്യുതിയുടെ തുടർ വികസനം, ദാരിദ്ര്യനിർമ്മാർജ്ജനം എന്നിങ്ങനെയുള്ള മുൻഗണനാക്രമത്തിൽ ആ മേഖലകൾക്ക് ആവശ്യത്തിന് പണം നീക്കിവച്ചിട്ടുണ്ട്. ആരോഗ്യ സംരക്ഷണം, സാമൂഹ്യക്ഷേമം, കുടിവെള്ളം മുതലായ ജനകീയമേഖലകൾക്കും അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്. എന്തു കഷ്ട-നഷ്ടങ്ങൾ സഹിച്ചിട്ടാണെങ്കിലും കേരളത്തിലെ പൊതുവിതരണ സമ്പ്രദായം നിലനിർത്തുമെന്നുള്ള പ്രഖ്യാപനവും അതിനായി 161 കോടി രൂപ നീക്കിവച്ച നടപടിയും നോക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ എത്ര തന്നെ അഭിനന്ദിച്ചാലും മതിയാകില്ല. രാജ്യം വളർച്ച നേടണമെങ്കിൽ ഇന്നു തുടർന്നുവരുന്ന സബ്സിഡികൾ നിർത്തലാക്കണമെന്ന് കേന്ദ്രസർക്കാർ പറയുന്ന അവസരത്തിലാണ് ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപനം. ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനു വേണ്ടി, അതിനുതകുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നിലനിൽപ്പും സമൂഹത്തിനാവശ്യമാണെന്ന് അംഗീകരിച്ചുകൊണ്ടുതന്നെയുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ വിലയിരുത്തൽ ; അതിനായിട്ട് 50 കോടി രൂപ നീക്കിവച്ചത് ഈ ഗവൺമെന്റ് എങ്ങനെ ചിന്തിക്കുന്നു, എങ്ങനെ പ്രവർത്തിക്കുന്നു, എന്നു

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമാക്കുന്നതാണ്. എല്ലാ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള തീരുമാനം ഇതിന്റെ ഭാഗമായിട്ടുതന്നെയാണ്. ഒരു സംസ്ഥാനത്തിന്റെ പുരോഗതി വിലയിരുത്തുന്നത്, ആ സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക വളർച്ചയെ സംബന്ധിച്ച യഥാർത്ഥ സ്ഥിതിവിവരക്കണക്കുകളെ ആധാരമാക്കിയാണ്. ആ നിലയിൽ നോക്കുമ്പോൾ ആഭ്യന്തര ഉൽപ്പാദനം 1998-99-നേക്കാൾ ഇപ്പോൾ 16.81 ശതമാനം വർദ്ധിച്ചിട്ടുണ്ട്. പ്രതിശീർഷ വരുമാനം 15.6 ശതമാനം വർദ്ധിച്ചിട്ടുണ്ട്. കാർഷിക-വ്യവസായിക മേഖലകളിൽ മാന്ദ്യം തുടരുന്ന അവസ്ഥയാണ് ഉള്ളത്. ഇതിന്റെ പ്രത്യാഘാതങ്ങൾ എല്ലാ സംസ്ഥാനങ്ങളേയും ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ കേരളത്തിലെ ഗ്രാസ് റൂട്ട് പ്ലാനിംഗ്, അധികാരവികേന്ദ്രീകരണം, ജനകീയാസൂത്രണം എന്നിവ അഞ്ചു വർഷം വളരെ ഗംഭീരമായി നടപ്പിലാക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും കെടുതികളിൽ നിന്നും കേരളത്തിന് തെല്ലെങ്കിലും മോചനം ലഭിക്കാൻ ഇത് സഹായകരമാകും. രാഷ്ട്രീയാന്ധത ബാധിച്ച പ്രതിപക്ഷം ഇതു കാണുന്നില്ല. 1991 മുതൽ 1995 വരെ ഇവിടെ യു. ഡി. എഫ് ഭരിച്ചത് നമ്മൾ കണ്ടതാണ്. അന്ന് കേരളത്തിന്റെ ചരിത്രം മുരടിപ്പിന്റേതായിരുന്നുവെന്നുള്ളത് അപ്പുറത്തിരിക്കുന്നവർക്കുതന്നെ അറിയാവുന്ന ഒരു വസ്തുതയാണ്. ഇന്ന് കാർഷികോൽപ്പാദനം പിറകോട്ടു പോയിരുന്നു. ഫാക്ടറികളെല്ലാം അടച്ചുപൂട്ടുന്ന ഒരു അവസ്ഥ ; നിരവധി പേർക്ക് തൊഴിലില്ലാതെയായി. വ്യവസായമേഖലയിൽ കച്ചവടാധിപത്യം ഉറപ്പാക്കാൻ ശ്രമിച്ചു. പൊതുവിതരണമേഖല തകർക്കുകയാണുണ്ടായത്. വൈദ്യുതി മേഖലയിൽ പകൽപോലും കട്ട് ഉണ്ടാകുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. കേരളത്തെ കൂരാക്കൂരിരുട്ടിലേയ്ക്ക് നയിക്കുന്ന സ്ഥിതി വിശേഷം. അതിന്റെ ഭാഗമായി ഒരു വർഷം രണ്ടായിരംകോടി രൂപയുടെ നഷ്ടമാണ് നമുക്കുണ്ടായത്. എന്നാൽ എൽ. ഡി. എഫ്. ഗവൺമെന്റ് വന്നപ്പോൾ സ്ഥിതിയാകെ മാറി. അത് തുറന്ന് അംഗീകരിക്കാൻ അപ്പുറത്തുള്ളവർക്ക് വിഷമമാണ്. അതുകൊണ്ട് വില കുറഞ്ഞ അഴിമതിയാരോപണങ്ങൾ അവർ മുന്നോട്ടു വയ്ക്കുകയാണ്. ഈ സർക്കാരിനെ മാറ്റുമെന്നും തങ്ങൾ അധികാരത്തിൽ വരുമെന്നും അവർ നിരന്തരം പ്രസംഗിക്കുന്നുണ്ട്. അപ്പുറത്തേയ്ക്കു വരാനുള്ള അത്യാർത്തി അവർ പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം പ്രതിപക്ഷനേതാവിന്റെ സമഗ്രവികസനപരിപാടിയും. അത് ഏറ്റവും വലിയൊരു തട്ടിപ്പാണെന്ന് ജനങ്ങൾക്ക് കൂടുതൽ കൂടുതൽ ബോധ്യപ്പെട്ടുവരികയാണ്. അഞ്ചു കൊല്ലം കൊണ്ട് നടപ്പിലാക്കിക്കൊണ്ടിരുന്ന ജനകീയാസൂത്രണ പ്രവർത്തനത്തെ അംഗീകരിക്കാൻ കഴിയാത്തവർ, അത് തട്ടിപ്പുപദ്ധതിയാണെന്നുള്ള പ്രചരണം നടത്തുന്നവർ സമഗ്രവികസനപരിപാടിയുമായി രംഗത്തു വന്നിരിക്കുകയാണ്. എന്തു വികസനമാണ് അവർ നടത്താൻ പോകുന്നത് ? അവരുടെ കഴിഞ്ഞ കാലത്തെ ഭരണം നമ്മൾ കണ്ടിട്ടുള്ളതാണ്. വികസനവും ക്ഷേമവും എന്താണെന്നുള്ളത് കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ കേരളത്തിലെ ഭരണം നമുക്കു തെളിയിച്ചു കാണിച്ചു തന്നിട്ടുള്ളതാണ്. ഒരു വീടുണ്ടാകുക എന്നുള്ളത് ഒരു മനുഷ്യന്റെ സ്വപ്നമാണ്. പാവപ്പെട്ടവരുടെ ആ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടത് ഇടതുപക്ഷജനാധിപത്യ മുന്നണി കേരളം ഭരിക്കുമ്പോഴാണ്. ഏഴു ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

പേർക്കാണ് വീടുണ്ടാക്കിക്കൊടുത്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിൽ നിയമന നിരോധന ഉത്തരവു നിലനിൽക്കുകയാണ്. ഓരോ വർഷവും ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ കൊടുക്കുമെന്നു പറഞ്ഞുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പ്രകടനപത്രിക ഇറക്കിയതാണ്. എന്നിട്ടാണ് അവിടെ പത്തു ശതമാനം ഒഴിവുകളിൽ നിയമിക്കേണ്ട എന്നുള്ള തീരുമാനം അവർ കൊണ്ടു വന്നത്. ആ സന്ദർഭത്തിലാണ് കേരളത്തിൽ പി. എസ്. സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയും മൂന്നു ലക്ഷത്തിലധികം പേർക്ക് തൊഴിൽ കൊടുത്തിട്ടുള്ളത്. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ ഇതിനെല്ലാം പുറമേയാണ്. അതുപോലെ 17,000 കിലോമീറ്ററിലധികം റോഡുകൾ വികസനപ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലുണ്ടാക്കിയിട്ടുണ്ട്. അതുപോലെതന്നെ രാവിലെ എഴുന്നേറ്റുകഴിഞ്ഞാൽ അന്യന്റെ പറമ്പിലേയ്ക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് പോകേണ്ട സ്ഥിതിവിശേഷമായിരുന്നു കേരളത്തിലെ പാവപ്പെട്ടവർക്ക് മുൻപ് ഉണ്ടായിരുന്നതെങ്കിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നാലുലക്ഷത്തിലധികം കക്കൂസുകൾ നിർമ്മിച്ചു കൊടുത്തുകൊണ്ട് ആ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ അവർക്ക് ചെയ്തുകൊടുത്തിട്ടുള്ളത് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഒരു ലക്ഷത്തിലധികം കിണറുകളും കുളങ്ങളും കുഴിച്ചു കൊടുത്തിട്ടുണ്ട്. 6000-ത്തോളം വരുന്ന കലുങ്കുകളും പാലങ്ങളും പ്രദേശികമായ വികസനത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. മൂന്നുലക്ഷം ചതുരശ്രകിലോമീറ്റർ കെട്ടിടങ്ങൾ ഈ 5 വർഷക്കാലത്താണ് കേരളത്തിൽ പണിതീർന്നിരിക്കുന്നത്. മൂന്നുവർഷം കൊണ്ട് മൂന്നുകോടി തൊഴിൽ ദിനങ്ങൾ ഈ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് നമ്മുടെ രാജ്യത്ത് ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ കാര്യവും സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല, പക്ഷേ ഇത് കേരളത്തിലെ ജനങ്ങൾക്ക് അറിയാവുന്ന കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി ശ്രമിക്കുന്ന ഒരു മുന്നണിയാണ് ഇത്. ഇവിടെ കൂരാകൂരിരുട്ടിലേയ്ക്ക് പോയിരുന്ന കേരളത്തെ വൈദ്യുതിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമാക്കുമെന്ന് ആദ്യംതന്നെ ജനങ്ങളോട് സൂചിപ്പിച്ച കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിയതുകൊണ്ടാണ് ആ വാഗ്ദാനങ്ങൾ നിറവേറ്റാൻ കഴിഞ്ഞിട്ടുള്ളത്. ഇന്ന് നമുക്കറിയാം. യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചതിനേക്കാളും 51 ഇരട്ടി കറന്റ് അധികം ഉൽപാദിക്കുന്നതിന് ഇവിടെ കഴിഞ്ഞിട്ടുണ്ട്. അതുമാത്രമല്ല, ഉല്പാദനരംഗത്ത് ശ്രദ്ധിക്കുന്നതുപോലെതന്നെ പ്രസരണ വിതരണ രംഗത്തും ശ്രദ്ധിച്ചുകൊണ്ട്, അതിന്റെ ഭാഗമായി ട്രാൻസ്ഫോർമറുകളും അതുപോലെതന്നെ സബ് സ്റ്റേഷനുകളുമെല്ലാം അവിടെ കൊണ്ടുവരണമെന്ന് തീരുമാനമെടുത്തുകൊണ്ട് കൂടുതൽ പേർക്ക് കണക്ഷൻ കൊടുക്കുന്നതിനു വേണ്ടി ഈ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. പണ്ട് എന്തായിരുന്നു സ്ഥിതി ? ഇവിടെ ജനങ്ങൾക്ക് അധികാരം എങ്ങനെയാണ് കൊടുത്തിരുന്നത് ? ഭരണത്തിന്റെ സ്വാധീനത്തിലല്ലേ ? ഒരു അപേക്ഷ കൊടുത്താൽ സ്വാധീനപ്രകാരമാണ് അത് പരിഗണിക്കപ്പെട്ടിരുന്നതെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്നതിനുശേഷമാണ് ആരാണ് ആദ്യം അപേക്ഷ കൊടുക്കുന്നത്, ആ ഒരു പ്രയോറിറ്റി നിശ്ചയിച്ചുകൊണ്ട് അതിനുശേഷം മാത്രമേ മറ്റുള്ളത് പരിഗണിക്കാവൂ എന്ന തീരുമാനം വന്നത്. അങ്ങനെ പാവപ്പെട്ട വരാണെങ്കിലും പിന്നോക്കക്കാരാണെങ്കിലും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ട്, അതിന് പ്രയോറിറ്റി നിശ്ചയിച്ചുകൊണ്ട് ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ധീരമായ തീരുമാനം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എടുത്തിട്ടുണ്ട്. ഈ സംസ്ഥാനത്തെ ഏറ്റവും രൂക്ഷമായ ഒരു പ്രശ്നമാണ് കുടിവെള്ളപ്രശ്നം. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ചുമതല കൊടുത്തുകൊണ്ട് അതിന് നേതൃത്വം കൊടുക്കാൻ മുന്നോട്ടുവന്നിട്ടുള്ളത്. അതുപോലെതന്നെ അദ്ധ്വാനിക്കുന്ന തൊഴിലാളികളുടെയെല്ലാം ജീവിതം സുരക്ഷിതമാക്കുന്നതിനുവേണ്ടി, ഒരു പക്ഷെ അപ്പുറത്തിരിക്കുന്നവർക്ക് അത് പുച്ഛമായിരിക്കാം, സമ്പന്നന്മാരുടെ സബ്സിഡി തൊടാൻ, അതിൽ നിന്നും 5 പൈസ കുറയ്ക്കാൻ തയ്യാറാകാത്തതുമായി ബന്ധപ്പെട്ട് ചിന്തിക്കുന്നവർ അപ്പുറത്തിരിക്കുമ്പോൾ, ഇപ്പുറത്ത് കർഷകത്തൊഴിലാളികൾക്കുവേണ്ടി, മണ്ണിൽ പണിയെടുക്കുന്നവർക്കുവേണ്ടി, പാടത്ത് പണിയെടുക്കുന്നവർക്കുവേണ്ടി, റോഡിൽ പണിയെടുക്കുന്നവർക്കുവേണ്ടി, അദ്ധ്വാനിക്കുന്നവർക്കുവേണ്ടി, അവന്റെ ജീവിതം സുരക്ഷിതമാക്കുന്നതിനുവേണ്ടി, എന്തിന് ദരിദ്ര കർഷകർക്ക് സുരക്ഷാ പദ്ധതി കൊണ്ടുവന്നുകൊണ്ട് കൃഷിക്കാരുടെ ജീവിതം സുരക്ഷിതമാക്കുന്നതിനുവേണ്ടി അങ്ങനെ ഒട്ടനവധി പദ്ധതികളാണ് ഇവിടെ കൊണ്ടുവന്നരിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുമാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണിവ. കൃഷിക്കാർക്ക് കൃഷിഭൂമി കൊടുത്ത് സർക്കാർ ആ കർഷകരുടെ ജീവിതം സുരക്ഷിതമാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. അതു സുരക്ഷിതമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് അപ്പുറത്തുള്ളവരുടെ സഹകരണമാണ് വേണ്ടത്. ഇത്തരത്തിലുള്ള ക്രൂരമായ വിമർശനങ്ങളും തടസ്സങ്ങളുമല്ല വേണ്ടതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരുകാര്യംകൂടി സൂചിപ്പിക്കാനാഗ്രഹിക്കുന്നത് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ ആകെ ഒരേയൊരു സ്ഥാപനത്തിലാണ് തൊഴിലാളികൾ പണിയെടുക്കുന്നത്. 30 പേർ പണിയെടുക്കുന്ന ഒരു പോളിഡോൺ പ്ലാസ്റ്റിക് കമ്പനിയാണത്. രണ്ടുവർഷംമുമ്പ് തൊഴിലാളികൾക്കുവേണ്ടി അതിന്റെ ഉടമസ്ഥൻ കമ്പനി വിട്ടുകൊടുക്കുകയുണ്ടായി. ഏറ്റവും നല്ല രീതിയിൽ തന്നെ പ്രവർത്തനം നടത്തുന്ന ആ കമ്പനി ഏറ്റവും ഉറച്ച വിപണന ശൃംഖലയും സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാരുമുള്ള ആ കമ്പനി, ഇന്ന് പ്രവർത്തന മൂലധനത്തിന്റെ കുറവുകൊണ്ട് അടച്ചുപൂട്ടേണ്ട അവസ്ഥയിലാണ്. തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത ഒരവസ്ഥയാണ്. അതുകൊണ്ടുതന്നെ ആ കമ്പനി ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ള 10 ലക്ഷം രൂപ കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുമ്പോൾ അതിന് തടസ്സം പിടിക്കുന്നതിനു വേണ്ടിയും അതോടൊപ്പം തന്നെ അതിന്റെ ഇല്ലാത്ത പോരായ്മകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ജനങ്ങളുടെയിടയിൽ കുപ്രചരണം അഴിച്ചുവിടാൻ വേണ്ടിയും മോചനയാത്ര നടത്തുകയാണ്. ആരിൽ നിന്നുമാണ് ഇവർ മോചനം ആഗ്രഹിക്കുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽനിന്നും കേരളത്തെ മോചിപ്പിക്കാനെന്നു പറഞ്ഞുകൊണ്ടുള്ള പ്രചരണജാഥ നടത്തുന്നവർ കാണേണ്ട ഒരു കാര്യമുണ്ട്. കേരളത്തിലെ ജനങ്ങളെ അന്തസ്സും ആത്മാഭിമാനവുമുള്ളവരാക്കി മാറ്റുന്നതിനുവേണ്ടി, അവർക്ക് കയറിക്കിടക്കാൻ കൂരകൊടുത്ത് അവർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സൗകര്യമുണ്ടാക്കിക്കൊടുത്ത ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരെ എന്തെല്ലാം കുപ്രചരണങ്ങൾ അഴിച്ചുവിട്ടാലും ജനങ്ങൾ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കൂടെയായിരിക്കും. ആ പ്രസ്ഥാനത്തിന്റെ കൂടെത്തന്നെ കൂടുതൽ കൂടുതൽ ഉറച്ചുനിൽക്കുമെന്ന് പറഞ്ഞുകൊണ്ട് ജനങ്ങൾക്കുവേണ്ടി അവതരിപ്പിച്ച, ജനോപകാരപ്രദമായ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ആർ. ലതാദേവി : സർ, അകമഴിഞ്ഞ സംതൃപ്തിയോടുകൂടി, ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനു വേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ നിറഞ്ഞ ഹൃദയത്തോടുകൂടി പിന്താങ്ങുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന, കേരള പുരോഗതിക്കും വികസനത്തിനും വേണ്ടിയുള്ള സമഗ്രമായ പദ്ധതിവഴി മലയോര പ്രദേശമായ എന്റെ മണ്ഡലത്തിന് ഏറ്റവുമധികം പരിഗണന കിട്ടിയിട്ടുണ്ടെന്നുള്ളതുകൊണ്ടുകൂടിത്തന്നെ എനിക്ക് ഹൃദയപൂർവ്വമായി ഇതിനെ പിന്തുണയ്ക്കാതിരിക്കുവാൻ സാധിക്കില്ല. അതാണ് ഈ അസംബ്ലിയിലെ മുഴുവൻ എം.എൽ.എ. മാരുടേയും അനുഭവം. പിന്നെ അവിടെയിരിക്കുന്നവർ ആ നിലയിലുള്ള ഒരു സ്വഭാവംകൊണ്ട് എന്തെങ്കിലുമൊക്കെ പറയുമെന്നേയുള്ളൂ. വരുന്ന സാമ്പത്തികവർഷം പരാധീനതകളെല്ലാം തരണം ചെയ്തുകൊണ്ട് കൈവരിക്കാവുന്ന വികസനത്തിന്റെ രൂപരേഖയാണ് ഈ ബഡ്ജറ്റിൽ വരച്ചുകാട്ടിയിട്ടുള്ളത്. ഇതുപറയുന്ന അവസരത്തിൽ നമ്മുടെ രാജ്യത്ത് ഭീമമായ ബഡ്ജറ്റ് കമ്മി നിലനിൽക്കുകയാണ്. കഴിഞ്ഞ രണ്ട് ദശകങ്ങളിലായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വമ്പിച്ച റവന്യൂ കമ്മിയിലാണ്. അതൊക്കെ അവിടെയിരുന്ന് ഇതെല്ലാം വായിക്കുന്ന പ്രതിപക്ഷക്കാർക്കും അറിവുള്ളതാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അഭിപ്രായത്തിൽ ആഭ്യന്തര കടവും ജി.ഡി.പി.-യും തമ്മിലുള്ള അനുപാതം കേന്ദ്ര സർക്കാരിൽ 1999 മാർച്ച് അവസാനത്തിൽ 50.6%-ൽ നിന്നും 2000 മാർച്ച് അവസാനമായപ്പോഴേയ്ക്കും 52.9% ആയി വർദ്ധിച്ചു. ഇതേകാലയളവിൽ സംസ്ഥാനങ്ങളുടേത് 19.4%-ൽ നിന്നും 21.5% ആയിട്ട് ഉയർന്നു. അങ്ങനെ ഉയർന്ന തോതിലുള്ള ധനകമ്മി കുന്നുകൂടുന്നതിനിടയായിയെന്നുള്ളത് റിസർവ് ബാങ്ക് തന്നെ അഭിപ്രായപ്പെട്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ജി. ഡി. പി. ഗ്രോത്ത് 2000-2001-ൽ 6% ആയിട്ട് കുറഞ്ഞിരിക്കുകയാണ്. കൃഷിയിലും അനുബന്ധ മേഖലയിലുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജി. ഡി. പി. ഗ്രോത്ത് 1998-1999-ൽ നമ്മുടെ രാജ്യത്ത് 7.2% ആയിരുന്നത് 1999-2000 വർഷത്തിൽ 1.3% ആയിട്ട് കുറഞ്ഞിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് Gross Domestic Savings rate കുറഞ്ഞിരിക്കുന്നു. Investment rate കുറഞ്ഞിരിക്കുന്നു. അര ഡസനിലേറെ സംസ്ഥാനങ്ങൾ 1999-2000 വർഷത്തെ പദ്ധതി അടങ്കലിൽ 15% മുതൽ 53% വരെ വെട്ടിക്കുറവ് വരുത്തിയിരിക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ, പ്രധാനമായും കോൺഗ്രസ്, നേതൃത്വം നൽകുന്ന സംസ്ഥാനങ്ങളും ഇതിന് അപവാദമല്ല. നടപ്പു സാമ്പത്തികവർഷം 10 സംസ്ഥാനങ്ങൾക്കെങ്കിലും ഇപ്പോൾ ഈ സൂചിപ്പിച്ചതിനേക്കാൾ കടുത്ത പദ്ധതി വെട്ടിക്കുറവ് നടത്തേണ്ടിവരുമെന്നാണ് അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. 1996-ൽ 2.12 ലക്ഷം കോടിരൂപയായിരുന്നു സംസ്ഥാനങ്ങളുടെ കടം. 2001 ആകുമ്പോഴേയ്ക്കും അത് 4.99 ലക്ഷം കോടിരൂപയാകുമെന്ന് റിസർവ് ബാങ്ക് പറയുന്നു. ഇവിടെയിരുന്ന് ധനതത്വശാസ്ത്രത്തെ സംബന്ധിച്ച് ആധികാരികമായിട്ടെന്നുള്ള നിലയിൽ പ്രസംഗിച്ച ആളുകളോട് എനിക്ക് ചോദിക്കാനുള്ളത് നിങ്ങൾ ഭരിച്ച കാലയളവിൽ, ശ്രീമാൻ ഉമ്മൻചാണ്ടി, മുൻ ധനകാര്യ വകുപ്പുമന്ത്രി അവിടെയിരിക്കുന്നുണ്ട് വിപരീത സാമ്പത്തിക സാഹചര്യങ്ങളിൽ പദ്ധതി അടങ്കൽ വെട്ടിക്കുറച്ചില്ലേ എന്നാണ് ; വെട്ടിക്കുറച്ചിട്ടുണ്ട്. 1991-92 കാലയളവിൽ സാമ്പത്തിക ബുദ്ധിമുട്ടിന്റെ പശ്ചാത്തലത്തിൽ പദ്ധതി അടങ്കൽ 807 കോടി രൂപയിൽ നിന്നും 623 കോടി രൂപയായിട്ടു വെട്ടിക്കുറച്ച ആളുകളാണ് അവിടെ ഇരുന്ന് ഇപ്പോൾ ധനകാര്യ മാനേജുമെന്റിന് എന്തോ കുഴപ്പം പറ്റിയിരിക്കുന്നു എന്നുള്ള തരത്തിൽ പ്രസംഗം നടത്തുന്നത്. അതുപോലെ 1992-93-ൽ പദ്ധതി അടങ്കൽ വെട്ടിക്കുറച്ചില്ലേ? അതിലും നിസ്സാരമായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്ന അവസരത്തിലും വെട്ടിക്കുറവു വരുത്തിയിട്ടുണ്ട്. യു.ഡി.എഫ്. പദ്ധതി അടങ്കലിൽ വെട്ടിക്കുറവു വരുത്തിയിട്ടുണ്ട്. ഈ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചു ഞാൻ പറഞ്ഞുതരാം. ഒരു ചെറിയ സംസ്ഥാനമാണ് കേരളം, രാജ്യത്തിന്റെ വിസ്തൃതിയുടെ വെറും 1.3 ശതമാനം മാത്രമാണ് ഈ കൊച്ചു കേരളം. അതു കൊണ്ടുതന്നെ നമ്മുടെ ബഡ്ജറ്റിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ രാജ്യമാസകലം വീശിക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ തണുത്തുറഞ്ഞ കാറ്റിനെ ഒറ്റയ്ക്ക് പ്രതിരോധിക്കുവാൻ ഈ കേരളത്തിനു കഴിയുമോ? അപ്പുറത്തിരിക്കുന്നവർ ഇതു പറയുന്ന അവസരത്തിൽ അടിയന്തിരമായിട്ട് അവർക്ക് മാനസിക രോഗം അകറ്റുന്നതിനുവേണ്ടിയുള്ള ചികിത്സകൊടുക്കുകയല്ലേ വേണ്ടത്? ഞാൻ ഒരു കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. അവർ അധികാരം കൈയൊഴിയുമ്പോൾ ഇവിടെ എന്തോ കനപ്പെട്ട സംഭാവന നൽകിയിട്ടു പോയതുപോലെയാണ് പ്രസംഗം കേട്ടാൽ തോന്നുക. ഞാനൊരു വ്യക്തിയാണ്. എനിക്ക് വലിയ ഡെപ്പോസിറ്റുണ്ട്. ഞാൻ 4.62 കോടി രൂപ എന്റെ പേരിൽ ബാങ്കിൽ ഡെപ്പോസിറ്റു ചെയ്തിരിക്കുകയാണ്. 4.62കോടി രൂപ ആസ്തിയുള്ള ഞാൻ 150 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റാമ്പു ഡ്യൂട്ടി ഇനത്തിൽ കൊടുക്കാനുണ്ട്. ഞാൻ കരാറുകാർക്ക് അവർ നടത്തിയ മരാമത്തു പണികളുടെ കുടിശ്ശിക ഇനത്തിൽ കൊടുക്കാനുള്ളത് എത്രയാണ്? നാന്നൂറുകോടി രൂപ. ദുർബല ജനവിഭാഗങ്ങൾക്കും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനുണ്ട് ; 100 കോടി രൂപ. ക്ഷാമബത്ത കുടിശ്ശികയായി 400 കോടി രൂപ കൊടുക്കാനുണ്ട്. വില്ലേജ് റോഡുകൾക്ക് ഭരണാനുമതി കൊടുത്ത് അതിന്റെ പ്രവർത്തനം നടത്തിയതിന് ഞാൻ കൊടുക്കാനുള്ളത് 150 കോടി രൂപ. ഇങ്ങനെ ഞാൻ 1200 കോടി രൂപ പല ആളുകൾക്കായി കൊടുക്കാനുണ്ട്. എന്നിട്ടു ഞാൻ നിന്നു പറയുകയാണ്. ഞാൻ വലിയ സമ്പന്നൻ, ഇതാ എന്റെ അക്കൗണ്ടിൽ 4.62 കോടി രൂപ ഞാൻ സമ്പാദിച്ചു വച്ചിരിക്കുന്നു എന്ന്. ഞാൻ സമ്പാദിച്ചു വച്ച 4.62കോടി രൂപയും ഇടതുപക്ഷജനാധിപത്യമുന്നണിക്കു ഭരിക്കുന്നതിനുവേണ്ടി കൊടുത്തിരിക്കുന്നു. ഞാൻ മെച്ചപ്പെട്ട മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നു. ഈ വാദം ശരിയാണോ? ഈ സംസ്ഥാനത്തിന് കടം മാത്രം സംഭാവന ചെയ്തിട്ട്, ധനകാര്യ മാനേജുമെന്റ് ഏറ്റവും മോശമായ, ട്രഷറി ആഴ്ചകളോളം അടച്ചു പൂട്ടിയ, യു.ഡി.എഫ്. അതുകഴിഞ്ഞിട്ട് ഇവിടെ വന്നുനിന്നു പ്രസംഗിക്കുകയാണ്, അവരുടെ ഭരണകാലത്ത് കാര്യക്ഷമമായ ധനകാര്യമാനേജ്മെന്റ് ആയിരുന്നു എന്ന്. അതുകേട്ടപ്പോൾ അവർ ഈയിടെ വിമാനത്തിൽ കയറി വിദേശത്തുനിന്ന് അസംബ്ലിയിലേയ്ക്കു വന്നതാണെന്നു തോന്നും. ഇതു ശരിയാണോ? കസേര അതാണെന്നു വച്ച് ഇങ്ങനെയൊക്കെ പറയാമോ? എന്നാൽ ഈ ഗവൺമെന്റോ, പ്രയാസങ്ങൾക്കിടയിലും വിദഗ്ദ്ധമായ ധനകാര്യ മാനേജുമെന്റുവഴി നമ്മുടെ സംസ്ഥാനത്തെ സമഗ്ര വികസനത്തിന്റെ പാതയിൽ മുന്നോട്ടു കൊണ്ടു പോകുകയാണ് ചെയ്തത്. അങ്ങനെയല്ലേ? പ്രതിപക്ഷത്തിനുപോലും അതിൽ സംശയമുണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. ഇനി കടം വാങ്ങി എന്നുള്ള ആക്ഷേപം. ഈ സംസ്ഥാനത്തിലെ സാധാരണക്കാരായിട്ടുള്ള ജനകോടി കൾക്കുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ പ്രതിബന്ധങ്ങൾക്കിടയിൽ നിന്നും നടത്തുന്ന അവസരത്തിൽ, കടം വാങ്ങേണ്ടി വന്നാൽ, ജനങ്ങൾക്കു വേണ്ടി കടം വാങ്ങും എന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ സൂചിപ്പിച്ചിരിക്കുന്നത്. അത് ഞങ്ങളാരുടെയും കുംഭ നിറയ്ക്കുന്നതിനുവേണ്ടിയല്ല. ഇടതുപക്ഷജനാധിപത്യമുന്നണിക്കുവേണ്ടിയല്ല. അവിടെ ജനോപകാരപ്രദങ്ങളായിട്ടുള്ള നൂറു നൂറു നല്ല സംരംഭങ്ങൾ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തുന്ന അവസരത്തിൽ കടം വാങ്ങേണ്ടി വരും. എന്നിട്ടും പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തിയോ? നിങ്ങൾ അധികാരത്തിൽ ഇരുന്ന അവസരത്തിൽ പദ്ധതി അടങ്കലിൽ വെട്ടിക്കുറവു വരുത്തി. ഈ ഗവൺമെന്റ് കടുത്ത സാമ്പത്തിക പ്രതിസന്ധി, കേന്ദ്രത്തിന്റെ നടപടികളുടെ ഫലമായിട്ട് നേരിടുന്ന അവസരത്തിലും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ വിജയം വരിക്കുകയുണ്ടായി. എന്റെ കയ്യിൽ ബഹുമാനപ്പെട്ട മാണി സാറിന്റെ കയ്യിലുള്ളതുപോലെയുള്ള ആധികാരിക രേഖകളൊന്നുമില്ല. എന്റെ കയ്യിലുള്ളത് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഗവൺമെന്റ് ആധികാരികമായി നൽകുന്ന സാമ്പത്തിക സർവ്വേ റിപ്പോർട്ടാണ്. ഈ സാമ്പത്തിക സർവ്വേ റിപ്പോർട്ട് എടുത്ത് പരിശോധിച്ചു നോക്കിയാൽ അതിന്റെ 2-ാം പേജിൽ തന്നെ കാണിച്ചിരിക്കുകയാണ്. "In 1999-2000, against an all-state average achievement of 78% in Plan outlays, Kerala State's achievement was over 95%" അദ്ദേഹത്തിന് ആ കണക്ക് എവിടെ നിന്ന് കിട്ടി എന്നു എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അറിഞ്ഞുകൂടാ. മറ്റു സംസ്ഥാനങ്ങളിൽ 78 ശതമാനം, ഈ കേരളത്തിൽ 95 ശതമാനം. അതുപോലെ റിസർവ് ബാങ്കിന്റെ കണക്കുപ്രകാരം സംസ്ഥാന വരുമാനത്തിൽ മറ്റു സംസ്ഥാനങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ വർദ്ധനവ് കൈവരിച്ച് സംസ്ഥാനമാണ് കേരളം. വളർച്ചയിൽ കേരളം ഇപ്പോൾ 5-ാം സ്ഥാനത്ത് എത്തിയിരിക്കുന്നു. ഇതിൽ യു. ഡി. എഫ്.-ന് അസൂയയാണ്. നിങ്ങൾ അവിടെ ഇരിക്കുന്നു എന്നുവച്ച് ഈ കേരളത്തിലുള്ളവർ ആണെന്നുള്ള ഒരു ബോധം എങ്കിലും നിങ്ങൾക്കുണ്ടാകണ്ടേ? കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനമല്ലേ കർണാടകം? നമ്മുടെ തൊട്ടടുത്ത സംസ്ഥാനം. അവിടത്തെ സംസ്ഥാന വരുമാനത്തിലുള്ള വർദ്ധനവ് എത്രയാണ് ? 51.64 ശതമാനം കേരളത്തിലോ? 59.8 ശതമാനം എന്നിട്ടും യു. ഡി. എഫ്.-ന്റെ ആളുകൾ, ഇവിടെനിന്നു പ്രസംഗിക്കുന്നു, ഏറ്റവും മോശം ഈ കേരളമാണെന്ന്. അതുശരിയാണോ? ഇങ്ങനെ പ്രസംഗിക്കുന്ന അവസരത്തിൽ ഇവിടെയുള്ള സാമ്പത്തിക കാര്യ വിദഗ്ദ്ധനോട് ചോദിക്കുകയാണ് സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്യുന്ന കാര്യത്തിലായിരുന്നാലും എം. എൽ. എ. എന്നുള്ള നിലയ്ക്ക് ആയിരുന്നാലും പരിചയക്കുറവുള്ള ഒരാളാണ് ഞാൻ. നിങ്ങൾ വളരെ ആധികാരികമായി കാര്യങ്ങൾ പറയുന്ന ആളുകളാണല്ലോ? അങ്ങനെയാണെങ്കിൽ ഈ കേരളത്തേക്കാൾ മെച്ചപ്പെട്ട രീതിയിൽ ധനകാര്യ മാനേജുമെന്റ് നിലനിർത്തിയിരിക്കുന്ന നിങ്ങൾ ഭരിക്കുന്ന ഏതെങ്കിലുമൊരു സംസ്ഥാനത്തെ ഇവിടെ ഉദാഹരിക്കുവാൻ സാധിക്കുമോ? ഞാൻ വെല്ലുവിളിക്കുകയാണ്. കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലുമൊരു സംസ്ഥാനത്തെ മാതൃകയാക്കി നിങ്ങൾക്ക് ഈ നിയമസഭയിൽ, കേരളത്തിലെ ജനങ്ങളുടെ മുൻപിൽ പറയാൻ സാധിക്കുമോ ? അറിയാൻ വേണ്ടിയാണ് ഞാൻ ചോദിക്കുന്നത്. ഇതൊക്കെ ഈ സംസ്ഥാന ഗവൺമെന്റ് ചെയ്യുന്ന അവസരത്തിൽ, ഇവർ ഈ നിലപാട് എടുക്കുന്ന അവസരത്തിൽ, 1999-2000-ൽ ഈ സംസ്ഥാനത്തിനുള്ള കേന്ദ്ര സഹായത്തിൽ 531 കോടി രൂപയുടെ വെട്ടിക്കുറയ്ക്കൽ, ക്രൂരമായിട്ടുള്ള, നിന്ദ്യമായിട്ടുള്ള, നീചമായിട്ടുള്ള അവഗണന ഈ സംസ്ഥാനത്തോട് കേന്ദ്രം കാണിച്ചിരിക്കുന്നു. 2117 കോടി രൂപ കേന്ദ്ര വിഹിതം തരാമെന്ന് കേരളവും പ്ലാനിംഗ് ബോർഡുമായി നടന്ന ചർച്ചയിലുണ്ടായ തീരുമാനം അട്ടിമറിച്ചു. അതിൽ ചലർ സന്തോഷിക്കുന്നു. ഗവൺമെന്റ് കമ്മി ബഡ്ജറ്റ് അവതരിപ്പിച്ചുവെന്നു പറയാനുള്ള അവസരം കിട്ടിയല്ലോ എന്നുള്ള സന്തോഷമാണ് 'നിങ്ങൾക്ക് റോമാസാമ്രാജ്യം കത്തിയമരുന്ന അവസരത്തിൽ വീണ വായിച്ച നീറോ ചക്രവർത്തിയുടെ' മാനസികാവസ്ഥയെക്കാൾ നിങ്ങളുടെ മാനസികാവസ്ഥ കഷ്ടതരം എന്നല്ലാതെ മറ്റെന്താണ് ഇതിനെക്കുറിച്ചു പറയാനുള്ളത്! 11-ാം ധനകാര്യ കമ്മീഷൻ കേന്ദ്ര നികുതി നിരക്കിൽ നിന്നും സംസ്ഥാന വിഹിതം വെട്ടിക്കുറച്ചില്ലേ ? നമ്മുടെ വരാൻ പോകുന്ന അഞ്ചുവർഷത്തെ പദ്ധതിയിൽ 3664 കോടി രൂപയുടെ നഷ്ടമാണ് അതുകൊണ്ടുണ്ടായിരിക്കുന്നത്. വിവേചന സഹായം വെട്ടിക്കുറച്ചില്ലേ? കാർഷിക വിഭവങ്ങളുടെ വിലത്തകർച്ച മൂലം 500 കോടി രൂപയുടെ നഷ്ടം പ്രതിവർഷം ഈ സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുകയല്ലേ ? ഇതിനെക്കുറിച്ചൊക്കെ നിങ്ങളുടെ നിലപാട് എന്താണ്? ഇത്തരത്തിലുള്ള സാമ്പത്തിക നഷ്ടം, ഇത്തരത്തിലുള്ള ക്രൂരമായിട്ടുള്ള അവഗണന ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിനോട് പുലർത്തുന്ന കേന്ദ്ര അധികാരികൾക്കെതിരെ എന്താണൊന്നും മിണ്ടാൻ നിങ്ങൾക്ക് പറ്റാത്തത് ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എ. കെ. ആന്റണി അദ്ദേഹം മോചനയാത്ര നടത്തിയിട്ടു വന്നിരിക്കുകയാണല്ലോ? ഞങ്ങൾ ശ്രദ്ധിച്ചു. ഈ ക്രൂരമായിട്ടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെ ഒരു വാക്ക് എങ്കിലും അദ്ദേഹത്തിന്റെ വായിൽനിന്നും വീണില്ല. കാരണമെന്താണ് ? തന്റെ പാതയിലൂടനീളം താമരകൾ വിരിയട്ടെ എന്നു പ്രത്യാശിച്ചുകൊണ്ടാണ് അദ്ദേഹം കാസർകോടു നിന്നും തിരുവനന്തപുരത്തേക്ക് വന്നത്. സംസ്ഥാനത്തെ ചെലവിനങ്ങളുടെ വിശദാംശങ്ങൾ ഞാൻ പറഞ്ഞുതരാം. ശമ്പളവും പെൻഷനും കൊടുത്ത വകയിലുണ്ടായ വർദ്ധനവ് നിങ്ങളുടെ ഗവൺമെന്റ് ശമ്പള പരിഷ്ക്കരണം കൊടുത്തയവസരത്തിൽ എത്ര വർദ്ധനവ് വേണ്ടിവന്നുയെന്നുള്ളതും ഇപ്പോൾ എത്ര വർദ്ധനവ് വേണ്ടിവന്നുയെന്നുള്ളതും ഇവിടെ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതാണ്. ഇവിടെ എല്ലാ മെമ്പർമാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വർദ്ധിച്ച അടങ്കൽ തുകയെ സംബന്ധിച്ച് സംസാരിച്ചു. നാല് വർഷംകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 3764 കോടി രൂപ കൊടുത്തിട്ടുണ്ട്. ഗ്രാമസ്വരാജിന്റെ പേരിൽ ആണയിടുന്ന, നിങ്ങൾ കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ മഹാത്മാഗാന്ധിയുടെ പേരുപറഞ്ഞാലെങ്കിലും വോട്ടു കിട്ടുമെന്ന് കരുതി ജനസമക്ഷം ഇത് അവതരിപ്പിക്കുന്നതിനുവേണ്ടി ശ്രമിച്ചു. കോൺഗ്രസ്സുകാരോട് ഞാൻ ചോദിക്കുകയാണ്, നിങ്ങൾ ഭരിക്കുന്ന ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഇത്രയുമധികം തുക അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിട്ടുണ്ടോ ? കൊടുത്തിട്ടുണ്ടെങ്കിൽ അത് പറയണം. അതുപോലെതന്നെ 2000-2001 വർഷത്തെ റവന്യൂ കമ്മിയെ സംബന്ധിച്ച് പറയുന്നയവസരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന തുക റവന്യൂ എക്സ്പെന്റീച്ചറിലാണ് കാണിക്കുന്നതെന്നുള്ളതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തിന്റെ കമ്മി അധികരിച്ച് കണക്കുകളിൽ വരുന്നതിനിടയാകുന്നുണ്ടെന്നുള്ള വസ്തുതയും ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ഈ ബഡ്ജറ്റിൽ കേരളത്തിന്റെ പുരോഗതിക്കുവേണ്ടി, ഭാവി കേരളത്തിന്റെ വളർച്ചയ്ക്ക് വേണ്ടി, നമ്മുടെ പ്രദേശങ്ങളുടെ സമഗ്രമായ വികസനത്തിനുവേണ്ട എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് പറഞ്ഞാൽ തീരുകയില്ല. വൈദ്യുതി മേഖലയുടെ കാര്യമെടുക്കാം. മൊത്തം പദ്ധതിയുടെ 16.97 ശതമാനം അതായത് 611 കോടി രൂപ വൈദ്യുതി രംഗം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുകയാണ്. അതിന്റെയൊക്കെ ഫലമായി നമുക്ക് കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങളെക്കുറിച്ച് ഈ ബഡ്ജറ്റ് വായിച്ചു നോക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. പല കപ്പാസിറ്റിയിലുള്ള സബ്സ്റ്റേഷനുകൾ, ട്രാൻസ്ഫോർമറുകൾ, ലൈൻ എക്സ്റ്റൻഷനുകൾ സ്ഥാപിച്ചു. കൂരിരുട്ടിലേയ്ക്ക് പൊയ്ക്കൊണ്ടിരുന്ന കേരളത്തിലെ പവർകട്ട് അവസാനിപ്പിച്ചുകൊണ്ട്, ലോഡ് ഷെഡ്ഡിംഗ് അവസാനിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ വെളിച്ചത്തിലേയ്ക്ക് നയിച്ച ഒരു ഗവൺമെന്റാണിത് എന്നുള്ളത് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാം. സാധാരണക്കാരായ ആളുകളെ ഉന്നംവച്ചുകൊണ്ടുള്ള എത്ര എത്ര പദ്ധതികളാണ്

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി വകുപ്പ് ഇവിടെ നടപ്പിലാക്കിയത് ! റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റേയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ 'കുടിൽ ജ്യോതി' പദ്ധതി നടപ്പാക്കി. പ്രത്യേക ഘടക പദ്ധതി പ്രകാരം 34.4 കോടി രൂപ ചെലവിൽ 986 പട്ടികജാതി കോളനികളും പട്ടിക വർഗ്ഗ പദ്ധതി പ്രകാരം 5.7 കോടി രൂപ ചെലവിൽ 130 പട്ടിക വർഗ്ഗ കോളനികളും നിർമ്മിച്ചുകൊടുത്തു. ഈ ജനങ്ങളെ ഒന്നു കാണാൻ നിങ്ങൾക്ക് കഴിയുകയില്ല, ഈ പദ്ധതികളെക്കുറിച്ച് പറയാൻ നിങ്ങൾക്ക് നാവുണ്ടാകുകയില്ല. നിങ്ങളുടെ ഈ അവസ്ഥയിൽ ഞാൻ സഹതപിക്കുകയാണ്. ദാരിദ്ര്യ വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനുവേണ്ടി 500 കോടി രൂപ, കർഷകത്തൊഴിലാളി പെൻഷനുവേണ്ടി 37.2 കോടി രൂപ, അഗതികളുടെ പെൻഷനുവേണ്ടി 19.78 കോടി രൂപ, തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി 70 കോടി രൂപ, പിന്നോക്ക വിഭാഗത്തിനുവേണ്ടി 315 കോടി രൂപ ഇങ്ങനെ കോടിക്കണക്കിന് രൂപ ഈ ഗവൺമെന്റ് ചെലവഴിച്ചു. 1995-96-ൽ എസ്. സി. പി. പദ്ധതി പ്രകാരം 183 കോടി രൂപ മാത്രമാണ് പട്ടികജാതി ക്ഷേമത്തിന് വേണ്ടി നിങ്ങൾ ചെലവഴിച്ചത്. ആ സ്ഥാനത്ത് ഈ ഗവൺമെന്റ് 1999-2000 വർഷത്തിന് 315 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി നിങ്ങൾ 30 കോടി രൂപ മാത്രം ചെലവഴിച്ചയവസരത്തിൽ 1999-2000 സാമ്പത്തിക വർഷത്തിൽ ഞങ്ങൾ 63 കോടി രൂപ ചെലവഴിച്ചു. സമ്പൂർണ്ണ പാർപ്പിട പദ്ധതിയടക്കം ഈ വർഷത്തെ ബഡ്ജറ്റിലും ഇവർക്കായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വിനോദസഞ്ചാര മേഖലയിലുള്ള കുതിച്ചുചാട്ടം സംബന്ധിച്ച് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇവർ അധികാരത്തിലിരുന്ന അവസരത്തിൽ ആറ് കോടി രൂപ മാത്രം ചെലവഴിച്ചുവെങ്കിൽ ആ ഒരൊറ്റ രംഗത്ത് മാത്രം എൽ. ഡി. എഫ് ഗവൺമെന്റ് 47 കോടി രൂപ ചെലവാക്കുന്നു. 600 ശതമാനം വർദ്ധനവ് റോഡുകൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി 460 കോടി രൂപയുടെ കരാർ കുടിശ്ശിക കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഉടനെ ഉണ്ടാകണം. അതോടൊപ്പം ഒരു കാര്യംകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്, കൊല്ലം ജില്ലയിലെ ചവറയിലെ ദളവാപുരം പാലത്തിന് ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ട്. ആ പാലത്തിന്റെ പണി ആരംഭിക്കുന്നതിനാവശ്യമായ തുക വകയിരുത്തണം. അതുപോലെ വാമനപുരം പദ്ധതി ചിറയിൻകീഴ്, നെടുമങ്ങാട് താലൂക്കുകളിൽ വെള്ളവും വെളിച്ചവും ജലസേചനവും നൽകുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് ; അതിനും ആവശ്യമായ തുക വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഒന്നു രണ്ട് കാര്യങ്ങൾകൂടി ഞാൻ സൂചിപ്പിക്കുകയാണ്. എനിക്ക് ഇന്ന് വളരെ സന്തോഷമുണ്ട്. നമ്മുടെ പ്രതിപക്ഷ നേതാവ് നമ്മോടൊപ്പം ഉണ്ട്. ഞാൻ പത്രത്തിൽ കണ്ട ഒരു വാർത്ത വച്ചു നോക്കിയാൽ നമ്മുടെ നിയമസഭയിലെ അംഗമെന്നുള്ള നിലയ്ക്ക് നടുക്കമുളവാക്കുന്ന വാർത്തയാണ് പത്രത്തിൽ വായിച്ചത്. അദ്ദേഹം മോചനയാത്രയുമായി ഇങ്ങോട്ട് വന്നയവസരത്തിൽ എവിടെയോ സ്റ്റേജ് ഒടിഞ്ഞുവീണ് ആ സ്റ്റേജിന്റെ മുൻപിൽനിന്ന് കോൺഗ്രസ്സുകാരെ അഭിസംബോധന ചെയ്യുന്നതായ വാർത്ത. ഞാൻ കരുതി മിക്കവാറും മോചനയാത്ര കഴിഞ്ഞ് വരുമ്പോൾ അദ്ദേഹത്തിന് വികലാംഗ പെൻഷന് അപേക്ഷിക്കേണ്ടിവരുമെന്ന്. ഭാഗ്യവശാൽ ഒരു കുഴപ്പവും ഇല്ല. സ്റ്റേജ്

LIBRARY ARCHIVES Kerala Legislative Assembly

ഒടിഞ്ഞു വീണെങ്കിൽപ്പോലും താങ്കൾ സുഖമായി ഇവിടെ എത്തിയതിൽ എനിക്ക് സന്തോഷമുണ്ട്. താങ്കൾക്ക് ഞാൻ ദീർഘായുസ്സ് ആശംസിക്കുന്നു എങ്കിൽപ്പോലും താങ്കളുടെ പാർട്ടിയുടെ നേതാവ് ശ്രീമാൻ കരുണാകരൻ അങ്ങനെ ചെയ്യുമെന്ന് തോന്നുന്നില്ല. കാരണം ഇന്നത്തെ പത്രത്തിൽ വന്ന ഒരു വാർത്തയാണ് "കൂടെ നിൽക്കുന്നവരെ വേദനിപ്പിച്ചാൽ തിരിച്ചടിക്കു"- ശ്രീമാൻ കെ. കരുണാകരൻ. പാവം നമ്മുടെ പ്രതിപക്ഷ നേതാവ്. നമ്മുടെ നാട്ടിലൊക്കെ മുണ്ടിനീര് എന്നൊരു അസുഖം വരും, കഴുത്തൊക്കെ വീർത്തിരിക്കും. അത് വരുന്നയവസരത്തിൽ ചെറിയ കുട്ടികളോട്, അവരുടെ ശ്രദ്ധ ഇതിൽനിന്നും മാറ്റാൻവേണ്ടി അമ്മമാർ പറയും, നീ ഒരു കാര്യം ചെയ്യ് ; കഴുത്തിൽ ഒരു ചിരട്ട കെട്ടിത്തൂക്കി വീടിന്റെ ചുറ്റും ഏഴ് വലതു ഓടിയാൽ മതിയെന്ന്. അതുമാതിരി ആരോ നമ്മുടെ പ്രതിപക്ഷ നേതാവിന് ഉപദേശിച്ചു കൊടുത്തു. കന്റോൺമെന്റ് ഹൗസിൽനിന്നും ക്ലിഫ് ഹൗസിലേയ്ക്ക് പോകണമെന്നുണ്ടെങ്കിൽ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേയ്ക്ക് അബദ്ധജടിലമായിട്ടുള്ള, അസഭ്യങ്ങൾ നിറഞ്ഞ, പ്രസ്താവനകളും പ്രചരണങ്ങളും നടത്തി, ഒരു ജാഥ നടത്തിയാൽ മതിയാകുമെന്ന്. അതുകേട്ട് വിശ്വസിച്ച് അദ്ദേഹം ഒരു പ്രസ്താവന നടത്തി. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണത്തിന്റെ ശവപ്പെട്ടിയിൽ അവസാനത്തെ ആണിയടിക്കാതെ തനിക്ക് വിശ്രമമില്ല എന്ന്. അദ്ദേഹം പറഞ്ഞതിനോട് ഈ പ്രസ്താവനയുടെ ആദ്യത്തെ ഭാഗം ഒഴിവാക്കിയോജിക്കുകയാണ്. യൂത്ത് കോൺഗ്രസ് പോലും പുനഃസംഘടിപ്പിക്കാൻ സാധിക്കാത്ത ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവായ താങ്കൾ, യു.ഡി.എഫ്. ന്റെ ശവപ്പെട്ടിയിൽ അവസാനത്തെ ആണിയടിക്കാതെ വിശ്രമമില്ലെന്നാണ് പറഞ്ഞത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വാസ്തവത്തിൽ കോൺഗ്രസ്സുകാരെക്കൊണ്ട് അദ്ദേഹം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ സ്വീകരിപ്പിക്കുന്നതിനു വേണ്ടിയുള്ള പായസം വയ്പ്പിക്കുവാൻ നമ്മളോടൊപ്പം നിൽക്കുകയാണ്. കോൺഗ്രസ്സുകാർ ഇവിടെ അധികാരത്തിൽ വന്നാൽ റേഷനില്ല, റേഷൻ സബ്സിഡിയില്ല. പിണ്ടം വയ്ക്കുന്നതിനുവേണ്ടിയുള്ള ഉണക്കലരിപോലും വാങ്ങിക്കുവാൻ കേരളത്തിലെ സാധരണക്കാരന് കഴിയുന്നില്ല. അങ്ങനെയുള്ള ഒരു അവസരത്തിൽ എങ്ങനെയാണ് പ്രതിപക്ഷത്തിന് അധികാരത്തിൽ വരാൻ സാധിക്കുന്നത് ? ഇതെല്ലാം അറിയാമെന്നുള്ളവരല്ലേ കേരളത്തിലെ ജനങ്ങൾ ? മോചന യാത്രയിൽ കാർഷികോല്പന്നങ്ങളുടെ വിലയിടിവിനെ സംബന്ധിച്ച് പ്രസംഗിക്കുകയുണ്ടായി. വിലയിടിവിനെ സംബന്ധിച്ച് കേരളത്തിൽവന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ ശ്രീമാൻ എ. കെ. ആന്റണിയുടെ സാന്നിദ്ധ്യത്തിൽ വിമർശിച്ച ശ്രീമതി സോണിയാഗാന്ധി ഒരു വിമാനയാത്ര കഴിഞ്ഞ് ഡൽഹിയിൽ തിരിച്ചെത്തിയ അവസരത്തിൽ കേന്ദ്രത്തിനെതിരെ റബ്ബർ, തേയില, കാപ്പി തുടങ്ങിയ കാർഷികോല്പന്നങ്ങളുടെ വിലയിടിവ് കർഷക സമൂഹത്തെയാകെ ഉലച്ചിരിക്കുകയാണെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ തന്നെയാണ് ഇതിനു കാരണമെന്ന് അവർ പറയുകയുണ്ടായി. ശ്രീമതി സോണിയാഗാന്ധി ഇത് പറഞ്ഞ സാഹചര്യത്തിൽ എനിക്ക് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. നമ്മുടെ പ്രതിപക്ഷം ഈ നിയമസഭയുടെ കഴിഞ്ഞ സെഷൻ സ്തംഭിപ്പിക്കുകയുണ്ടായി. എന്തിനുവേണ്ടിയായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയുടെ കഴിഞ്ഞ സെഷൻ നടത്തുന്നതിന് സമ്മതിക്കാതെ നിയമസഭയുടെ മുമ്പിൽ പോയി കിടന്നത്? ശ്രീമതി സോണിയാഗാന്ധിയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ഇപ്പോഴെങ്കിലും പ്രതിപക്ഷത്തിന് തിരിച്ചറിവ് ഉണ്ടായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്ന കർഷക ദ്രോഹ നയത്തിനെതിരെ പൊരുതുന്നതിന് കഴിഞ്ഞില്ല എങ്കിൽപ്പോലും അതിനെ സംബന്ധിച്ച് എന്തെങ്കിലും അഭിപ്രായം പറയുന്നതിനും കഴിഞ്ഞ സെഷൻ മുടക്കിയത് തെറ്റായിപ്പോയിയെന്ന് ഈ അസംബ്ലിയിൽ പരസ്യമായി പ്രഖ്യാപിക്കുന്നതിനും പ്രതിപക്ഷനേതാവ് തയ്യാറാകുമോ? ലീഗിന്റെ അവസ്ഥ വളരെ കഷ്ടമാണ്. ഇസ്ലാം മതത്തെ ഭാരതവത്ക്കരിക്കണമെന്നാണ് ആർ. എസ്. എസ്സിന്റെ നേതാവ് ശ്രീമാൻ സുദർശനൻ പറഞ്ഞിരിക്കുന്നത്. ലീഗുമായി കൂടിനിൽക്കുന്ന കോൺഗ്രസ്സോ, ബി. ജെ. പി. യുമായി ചേർന്ന് മഹാസഖ്യം രൂപീകരിക്കുന്നതിനുവേണ്ടി പോകുന്നു. കോൺഗ്രസ്സിന്റെ നേതാവ് സോണിയാഗാന്ധി ആണെങ്കിൽ ബി.ജെ.പി. യുമായി മത്സരിക്കാൻവേണ്ടി കുംഭമേളയിൽ അർദ്ധസ്നാനത്തിനു പോയിരിക്കുന്നു. ബഹുമാനപ്പെട്ട സുദർശനൻ പറയുന്നു, ലീഗിനെ ഭാരതവത്ക്കരിക്കണമെന്ന്. ഈ കണക്കിന് പോകുന്നു എന്നുണ്ടെങ്കിൽ ഇവിടത്തെ പല ലീഗ് എം.എൽ.എ.മാരുടെയും പേര് മാറ്റേണ്ടി വരും; മുനീർ കുമാർ, കുട്ടി അഹമ്മദ് കുറുപ്പ് തുടങ്ങിയുള്ള പേരുകൾ നിങ്ങൾ സ്വീകരിക്കേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ട്, നമ്മുടെ രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിൽ, സമൂഹത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിൽ, ഇടതുപക്ഷജനാധിപത്യമുന്നണിയാണ് ഏക മാർഗ്ഗമെന്ന് കണ്ടുകൊണ്ട് ശ്രീമാൻ എ. കെ. ആന്റണി പറഞ്ഞതുപോലെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് അധികാരത്തിൽ വരുന്ന അവസരത്തിൽ പായസം വയ്ക്കുന്നതിന് തയ്യാറായിക്കൊള്ളൂ എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം ഇന്ന് 23,006,9 കോടി രൂപ കടത്തിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഈ സംസ്ഥാനത്തിന്റെ കടം 10,113.54 കോടി രൂപയായിരുന്നു. 1956-57 കാലഘട്ടത്തിൽ കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ കേരളത്തിന്റെ കടം 2.21 കോടി രൂപയായിരുന്നു. ഇന്ന് റവന്യൂ കമ്മി 323.77 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ തെറ്റായ ധനകാര്യ മാനേജുമെന്റും ചെലവിന്റെ കാര്യത്തിൽ ഗവൺമെന്റ് കാണിച്ച അനാസ്ഥയുമാണ് സംസ്ഥാനത്തെ ഈ നിലയിൽ കൊണ്ടെത്തിച്ചത്. സംസ്ഥാന വായ്പയെടുത്ത വകയിൽ 1990-91-ൽ 340 കോടി രൂപയാണ് പലിശ കൊടുത്തതെങ്കിൽ ഇന്ന് അത് 1642 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. കാർഷിക-വ്യാവസായിക-തൊഴിൽ മേഖലകൾ ആകെ തകർന്നിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപയുടെ നഷ്ടത്തിലാണ്. 111 പൊതുമേഖലാ സ്ഥാപനങ്ങളുള്ളതിൽ 50 പൊതുമേഖലാ സ്ഥാപനങ്ങളിൽ മാത്രം നഷ്ടം ഏതാണ്ട് 331.66 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയാണ്. ഇതുവരെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ആകെ നഷ്ടം ഏതാണ്ട് 2616 കോടി രൂപയായി ഉയർന്നിരിക്കുന്നു. കേരള വാട്ടർ അതോറിറ്റി 114.01 കോടി രൂപ , കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 82.18 കോടി രൂപ, കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെന്റ് കോർപ്പറേഷൻ 24.29 കോടി രൂപ. അങ്ങനെ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കൂടിക്കൂടി വരികയാണ്. നാണ്യവിളകളുടെ വിലയിടിവുമൂലം സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 6645 കോടി രൂപയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. അഞ്ചാം ശമ്പള കമ്മീഷന്റെ നിർദ്ദേശാനുസരണമുള്ള ശമ്പള പരിഷ്ക്കരണം നിലവിൽ വന്നപ്പോൾ സാമ്പത്തിക പ്രശ്നം രൂക്ഷമായി. കഴിഞ്ഞ് അഞ്ചു വർഷംകൊണ്ട് 3600 കോടി രൂപയുടെ അധികച്ചെലവ് ഉണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വൻതോതിൽ തുക കൈമാറേണ്ടിവന്നതുകൊണ്ട് ഏതാണ്ട് 3764 കോടി രൂപ ഈയിനത്തിൽ അധികച്ചെലവ് ഉണ്ടായി. അനാഥശാലകൾക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് താല്പര്യമെടുത്തില്ല. ജീവിതച്ചെലവ് വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽപ്പോലും പാവപ്പെട്ട അനാഥരോട് നീതികാണിക്കുന്നതിന് ഈ ഗവൺമെന്റിന് ബഡ്ജറ്റിലൂടെ സാധിച്ചിട്ടില്ല. അനാഥശാലകളിലെ കുട്ടികളുടെ ഗ്രാന്റ് ഇരട്ടിയായി വർദ്ധിപ്പിക്കാനും അതോടൊപ്പം മുഴുവൻ അന്തേവാസികൾക്കും കുടിശ്ശിക കൂടാതെ മുഴുവൻ ഗ്രാന്റ് തുകയും യഥാസമയം കൊടുത്തുതീർക്കാനും അനാഥശാലകളോടനുബന്ധിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. മുസ്ലീം-നാടാർ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് ഗവൺമെന്റ് നൽകുന്നില്ല. വളരെക്കാലമായി ഈ സഭയിൽ ബഹുമാനപ്പെട്ട പല അംഗങ്ങളും നിരന്തരമായി ആവശ്യപ്പെട്ടിട്ടുപോലും ഈ പാവപ്പെട്ടവരോട് നീതി കാണിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഗവൺമെന്റ് സ്കൂളുകളിൽ പാവപ്പെട്ട കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകുന്നതിനുള്ള പണം കുടിശ്ശികയായി കിടക്കുകയാണ്. ഉച്ചക്കഞ്ഞിക്കുള്ള പണം പോലും ഗവൺമെന്റ് കൊടുക്കുന്നില്ല. പല സ്ഥലത്തും ഇന്ന് ഉച്ചക്കഞ്ഞി മുടങ്ങിക്കിടക്കുകയാണ്. 2001 ഫെബ്രുവരി 3-ന് തളിപ്പറമ്പ് പുഷ്പഗിരി സ്വദേശി ചൊട്ടിപ്പറമ്പിൽ സി. കെ. ജേക്കബ് എന്ന ഒരു കരാറുകാരൻ കരാറിനത്തിൽ നൽകേണ്ട ലക്ഷക്കണക്കിന് രൂപ സർക്കാർ കൊടുക്കാത്തതു കാരണം ആത്മഹത്യ ചെയ്തു. ഇന്നലെ അടിമാലി മച്ചിപ്ലാവ് മൂലയിൽ പൗലോസ് എന്ന 36 വയസ്സുകാരനായ മറ്റൊരു കരാറുകാരൻ കൂടി പണം കിട്ടാത്ത കാരണം ആത്മഹത്യ ചെയ്തു. അങ്ങനെ കരാറുകാരുടെ ആത്മഹത്യകൂടിക്കൂടി വരികയാണ്. ഇനി 1200 കോടി രൂപ കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ട്. അത് അടിയന്തിരമായി കൊടുത്തു തീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം ഈ സർക്കാരിന് ലജ്ജാകരമായ, സർക്കാരിനെ നാണിപ്പിക്കുന്ന ഒരു കാര്യംകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. നമ്മുടെ പല സർക്കാർ ആഫീസുകളിലും തപാൽ സ്റ്റാമ്പ് ഇല്ലാത്തതുകാരണം പല ഓർഡറുകളും മാസങ്ങളോളം അയയ്ക്കാതെ കിടക്കുന്നത് ഈ സർക്കാരിന് ഏറ്റവും വലിയ അപമാനമാണ്. വളരെ വിലപ്പെട്ട കടലാസുകളും ഓർഡറുകളും പല ഓഫീസുകളിലും സ്റ്റാമ്പിനുള്ള ഫണ്ട് ഇല്ലായെന്നുള്ള കാരണത്താൽ കെട്ടിക്കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാരായ പല ആളുകളും കടലാസുകളും ഓർഡറുകളും കിട്ടാത്തതു കാരണം വിഷമിക്കുന്നു. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. അത് ഒരിക്കലും ആവർത്തിക്കാൻ പാടില്ല. തൊഴിലില്ലായ്മ വേതനമിനത്തിൽ 71.1 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ 58.07 കോടി രൂപ കൊടുക്കാനുണ്ട്. വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 4.25 കോടി രൂപ കൊടുക്കാനുണ്ട്. അതോടൊപ്പംതന്നെ അഗതികൾക്ക് 11.42 കോടി രൂപ പെൻഷൻ ഇനത്തിൽ കൊടുക്കാനുണ്ട്. എത്രയും പെട്ടെന്ന് ഇത് കൊടുത്തുതീർത്ത് പാവങ്ങളോട് നീതി കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽരഹിതരുടെ എണ്ണം 9 ലക്ഷമായി വർദ്ധിക്കുകയുണ്ടായി. തൊഴിൽരഹിതരുടെ എണ്ണം കൂടിക്കൂടി വരികയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ ഗവൺമെന്റ് ഒരു പദ്ധതിയും തയ്യാറാക്കിയില്ല. നാളികേരം, റബ്ബർ, കുരുമുളക് തുടങ്ങിയ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവു കാരണം സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വന്നിട്ട് സംസ്ഥാന ഗവൺമെന്റ് കർഷകരെ രക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. കൊപ്ര, നാളികേരം എന്നിവയുടെ സംഭരണം നടന്നില്ല. വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സ്ഥലമില്ല. സ്ഥലം കണ്ടെത്തി കർഷകരിൽ നിന്നും താങ്ങുവില നിശ്ചയിച്ച് 32.50 രൂപനിരക്കിൽ കൊപ്ര സംഭരിക്കുവാനും അതുപോലെതന്നെ വില നിശ്ചയിച്ച് നാളികേരം സംഭരിക്കുവാനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. കാർഷികാദായ നികുതിയും അതുപോലെതന്നെ കാർഷികോൽപ്പന്നങ്ങളുടെ വിൽപ്പന നികുതിയും വാങ്ങാൻ നികുതിയും പിൻവലിക്കാൻപോലും ഗവൺമെന്റ് സൻമനസ്സ് കാണിച്ചില്ല. പലിശ സബ്സിഡി നൽകുകയും അതോടൊപ്പം വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യണം. അതുപോലെ തന്നെ ഹൃസ്വകാല വായ്പകൾ ദീർഘകാല വായ്പകളായി മാറ്റണം. ആർ. ആർ. നടപടികൾ നിർത്തിവയ്ക്കണം. ചെറുകിട കർഷകർക്ക് ക്ഷേമപദ്ധതികൾ ഏർപ്പെടുത്തണം. കശുവണ്ടിക്ക് 50 രൂപ താങ്ങുവില നിശ്ചയിച്ച് അത് സംഭരിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. കേന്ദ്ര ഇറക്കുമതി നയത്തിനെതിരെ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്താൻ, കാർഷികോൽപ്പന്നങ്ങൾക്ക് ഉയർന്ന ഇറക്കുമതിത്തീരുവ ചുമത്തണമെന്നും അവശ്യപ്പെട്ടുകൊണ്ട് ഈ സഭ തന്നെ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി, കേരളത്തിലെ കർഷകരുടെ വികാരം കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ, ഈ സഭയിലൂടെ പ്രകടിപ്പിക്കാൻ തയ്യാറാകണമെന്ന് ബഹുമാനപ്പെട്ട ചെയറിനോടും ഈ ഗവൺമെന്റിനോടും ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. തൊഴിലാളി ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കേണ്ട തുക വിവിധ തൊഴിലാളി ക്ഷേമ ബോർഡുകളിൽ നിന്നും ട്രഷറിയിലേയ്ക്ക് മാറ്റിയതു കാരണം തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ മുടങ്ങി. കാർഷികാവശ്യത്തിനായി വായ്പ നൽകേണ്ട ജില്ലാ പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ നിന്ന് ഗവൺമെന്റ് വായ്പ എടുക്കുകയുണ്ടായി സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ബാങ്കുകളിൽ നിന്നുപോലും ഹരിയാനയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ഏതാണ്ട് 60 കോടി രൂപ, വെസ്റ്റുബംഗാളിൽ നിന്ന് 70 കോടി രൂപ അങ്ങനെ 130 കോടി രൂപയോളം ഗവൺമെന്റ് വായ്പയെടുക്കുകയുണ്ടായി. സംസ്ഥാന ജില്ലാ സഹകരണ ബാങ്ക് ട്രഷറികളിൽ പണം നിക്ഷേപിക്കുന്നതിനാൽ പുനർ വായ്പാ സഹായം നിർത്തിവച്ചിരിക്കുകയാണ്. കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് 71 കോടി രൂപ ഗവൺമെന്റ് ട്രഷറിയിലേയ്ക്ക് മാറ്റി. അതുപോലെ ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 15 കോടി രൂപ ഗവൺമെന്റ് ട്രഷറിയിലേക്ക് മാറ്റി. കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 40 കോടി രൂപ മാറ്റി. അതോടൊപ്പംതന്നെ മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 12 കോടി രൂപയും അബ്ക്കാരി ക്ഷേമനിധി ബോർഡിൽ നിന്ന് 15 കോടി രൂപയും ട്രഷറിയിലേക്ക് മാറ്റി. അങ്ങനെ പാവപ്പെട്ട തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾക്ക് വേണ്ടിയുള്ള തുകപോലും ട്രഷറിയിലേയ്ക്ക് മാറ്റി, തൊഴിലാളികളുടെ താൽപര്യത്തിനുവേണ്ടി നിലനിൽക്കുന്ന ഗവൺമെന്റ് എന്ന് അവകാശപ്പെടുന്ന ഈ ഗവൺമെന്റ് ഏറ്റവും വലിയ തൊഴിലാളി വിരുദ്ധ നയമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. എത്രയും വേഗം ആ പണം തിരിച്ചു കൊടുക്കാൻ ഗവൺമെന്റ് സൻമനസ്സ് കാണിക്കണം. നാദാപുരത്തും പന്നിയൂരും പടന്നയിലും സംസ്ഥാനത്തിന്റെ മറ്റ് പല ഭാഗങ്ങളിലും ഉണ്ടായ അതിക്രമങ്ങളുടെ ഫലമായി കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമുണ്ടായി. നിരവധി ജീവനുകൾ നഷ്ടപ്പെട്ടു. ഗവൺമെന്റ് കണക്കാക്കിയ നാശനഷ്ടത്തിന്റെ കണക്ക് വളരെ പരിമിതമാണ്. അതുകൊണ്ട് മുഴുവൻ കണക്കുകളും ശേഖരിച്ചുകൊണ്ട് അതിക്രമങ്ങൾക്ക് വിധേയരായ മുഴുവൻ ആളുകൾക്കും അർഹമായ നഷ്ടപരിഹാരം നൽകാൻ ഗവൺമെന്റ് സൻമനസ്സ് കാണിക്കണം. അതുപോലെ ഗൾഫ് മലയാളികളുടെ പുനരധിവാസത്തിനോ പെൻഷൻ പദ്ധതി ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾക്കോ യാതൊരു മുൻഗണനയും ഈ ഗവൺമെന്റ് നിൽകിയിട്ടില്ല. വിദേശത്ത് പോയി കഠിനാദ്ധ്വാനം ചെയ്ത് നാടിനുവേണ്ടി വിദേശനാണ്യം സമ്പാദിക്കുന്ന ഗൾഫ് മലയാളികളോട് നീതി പുലർത്താൻ ഗവൺമെന്റ് താല്പര്യം കാണിക്കണം. ഇന്ന് സംസ്ഥാനസർക്കാർ വകുപ്പുകൾ തമ്മിൽ ബന്ധമില്ല. പല വകുപ്പുകളിലും സർക്കാർ വാഹനങ്ങൾ ജപ്തി ചെയ്യപ്പെടുന്നു. അതുപോലെതന്നെ ഗവൺമെന്റ് റസ്റ്റ് ഹൗസുകളിൽ പോലും കറണ്ട് കട്ട് ഉണ്ടാകുന്നു. ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ പരസ്പരം കോ-ഓർഡിനേഷൻ ഇല്ല. അത് നമ്മുടെ സംസ്ഥാനത്തിന് അപമാനകരമാണ്. അച്ചടക്കമുള്ള ഒരു ഫൈനാൻസ് മാനേജുമെന്റ് ഉണ്ടാകണമെങ്കിൽ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഇടപാടുകൾ കണക്കാക്കി അങ്ങോട്ടുമിങ്ങോട്ടുമുള്ളത് തീർക്കണം. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല.

കഴിഞ്ഞ ദിവസം പുന്നുറയിൽ ദൗർഭാഗ്യകരമായ സംഭവം ഉണ്ടായി. പോലീസിന്റെ അനാസ്ഥയാണ് അതിന് കാരണം. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ എത്രയും വേഗത്തിൽ അവിടെ പോലീസ് ഓടിയെത്തി സമാധാനം നിലനിർത്തണം. വളരെ വൈകിയാണ് പോലീസ് അവിടെ എത്തിയത്. അതുകൊണ്ട് എത്രയും വേഗത്തിൽ അവിടെ സമാധാനം പുനഃസ്ഥാപിക്കുവാനും നാശനഷ്ടമുണ്ടായ മുഴുവൻ ആളുകൾക്കും നഷ്ടപരിഹാരം നൽകാനും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് മുൻകൈ എടുക്കണം എന്നുകൂടി സൂചിപ്പിക്കുന്നു. അതുപോലെ ബഹുമാനപ്പെട്ട അംഗം ശ്രീമതി ലതാദേവി മുസ്ലീം ലീഗിന്റെ അംഗങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് പേരുകൾ മാറ്റേണ്ടിവരുമെന്ന് സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ലതാദേവിയോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു, ഈ തെരഞ്ഞെടുപ്പു കേരളത്തിന്റെ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം സൃഷ്ടിക്കാൻ പോവുകയാണ്. അതുകൊണ്ട്തന്നെ ഈ തെരഞ്ഞെടുപ്പു കഴിഞ്ഞാൽ അപ്പുറത്തുള്ള ശ്രീമതി ലതാദേവി അടക്കമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പേര് മാറ്റേണ്ട ഒരു അവസ്ഥ ഉണ്ടാകും എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഇവിടെ അത്ഭുതങ്ങൾ സൃഷ്ടിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോടും എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ, പല ബൂത്തുകളിലും പല അനുഭവങ്ങളും ഉണ്ടായി. മസിൽ പവർ ഉപയോഗിച്ചു കൊണ്ടാണ് കണ്ണൂരും കാസർകോടും തെരഞ്ഞെടുപ്പ് നടന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഇവിടെ കമ്പ്യൂട്ടർ വിദ്യാഭ്യാസം സാർവ്വത്രികമായി നടപ്പാക്കുന്നതുപോലെ തന്നെ എല്ലാ സ്കൂളുകളിലും കരാട്ടെ പഠിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇതുപോലെ മസിൽപവർ ഉള്ള സന്ദർഭങ്ങളിൽ നിഷ്പക്ഷമായി, നീതിപൂർവ്വകമായി തെരഞ്ഞെടുപ്പിനെ നേരിടാൻ, വോട്ടർമാരുടെ മസിൽപവർ ശക്തിപ്പെടുത്താൻ നമ്മുടെ സ്കൂളുകളിൽ കരാട്ടെ നിർബന്ധപൂർവം പഠിപ്പിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. സംസ്ഥാനത്ത് നിഷ്പക്ഷവും നീതിപൂർവവുമായി തെരഞ്ഞെടുപ്പു നടത്താനുള്ള സംവിധാനം ഉണ്ടാകണം. അതുപോലെ ഇന്ന് നിലവിലുള്ള നിയമങ്ങളിൽ വളരെയധികം മാറ്റം വരുത്തേണ്ടതുണ്ട്. വളരെ വർഷങ്ങൾക്കു മുൻപ് പാസ്സാക്കിയ നിയമങ്ങളാണ് ഇപ്പോഴും നിലനിൽക്കുന്നത്. അവ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട ചെയറും നിയമ വകുപ്പുമന്ത്രിയും ഈ കാര്യത്തിൽ മുൻകൈയെടുക്കണം. അതുപോലെ പല പിഴകളും വളരെ വർഷങ്ങൾക്ക് മുൻപ് തീർച്ചപ്പെടുത്തിയതാണ്. പലതും കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ബ്രിട്ടീഷുകാർ കൊണ്ടുവന്ന പല നിയമങ്ങളും നമ്മുടേതായ നിയമമാക്കി മാറ്റിയെടുക്കേണ്ടതാണ്. അതുകൊണ്ട് എല്ലാ നിയമങ്ങളും പരിഷ്ക്കരിക്കുവാനും ആവശ്യമായ ഭേദഗതി വരുത്തുവാനും, സമഗ്രമായ ഒരു പഠനത്തിന് വിധേയമാക്കികൊണ്ട്, അതിന് ഒരു നിയമസഭാ കമ്മിറ്റിയോ മറ്റേതെങ്കിലും കമ്മിറ്റിയോ രൂപീകരിച്ചുകൊണ്ട്, നമ്മുടെ നിയമങ്ങളൊക്കെ പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുന്നത്. നമുക്ക് ആവശ്യമുള്ള എത്രയോ ഭൂമി 100 വർഷത്തേയ്ക്കോ 99 വർഷത്തേയ്ക്കോ ഒക്കെ ലീസിന് കൊടുക്കുന്നുണ്ട്. പക്ഷേ പിന്നീട് അത് പുതുക്കിക്കൊടുക്കുന്ന കാര്യത്തിൽ പാട്ടസംഖ്യയിൽ വളരെ നിസ്സാരമായ വർദ്ധനവ് മാത്രമാണുള്ളത്. അതുകൊണ്ട് ഇത്തരത്തിൽ ലീസിന് കൊടുത്ത ഭൂമികൾ തിരിച്ചെടുത്ത് അത് ലേലം ചെയ്തു കൊടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചാൽ ഈ ഗവൺമെന്റിന് വരുമാനത്തിൽ കുറെക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധനവുണ്ടാക്കാൻ കഴിയും. അതുപോലെ മറ്റൊരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു, 1994-ൽ പഞ്ചായത്ത് - മുനിസിപ്പൽ നിയമം ഈ സഭ പാസ്സാക്കിയപ്പോൾ, അന്ന് ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്ന ആശുപത്രി കെട്ടിടങ്ങളുടെയും റോഡുകളുടെയും പണികൾ ഇന്നും അനാഥമായി കിടക്കുകയാണ്. പല കരാറുകാരും പണി നടത്തുന്നില്ല. പല വർക്കുകളും ആരംഭിച്ചത് സർക്കാരാണ്. അത് പൂർത്തിയാക്കുന്നതിനാവശ്യമായ ഫണ്ട് ഇല്ല. അത് കണക്കിലെടുത്ത് പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കണം. പഞ്ചായത്ത് മുനിസിപ്പാലിറ്റികൾക്കും അത് ഏറ്റെടുത്ത് നടത്തുവാൻ ആവശ്യമായ ഫണ്ട് കിട്ടാറില്ല. ഗവൺമെന്റ് തുടങ്ങിവച്ച അനാഥമായ ഈ വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും നൽകണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. ടി. കെ. ബാലൻ : സർ, ഈ ബഡ്ജറ്റിനെ ഞാൻ പിൻതുണയ്ക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ഘട്ടത്തിൽ അങ്ങേ
3 P. M.] ഭാഗത്തുള്ളവർ പറഞ്ഞത് ഞാൻ നന്നായി ഓർക്കുന്നു. 'നിങ്ങൾ കാലാവധി പൂർത്തിയാക്കില്ല', നിങ്ങളുടെ തലയിലെഴുത്ത് അങ്ങനെയാണ്, നിങ്ങൾ 5 കൊല്ലം പൂർത്തിയാക്കില്ല. എന്നാണ് അവർ പറഞ്ഞത്. കുറച്ച് ഉദാഹരണങ്ങളും അവർ പറഞ്ഞിരുന്നു. ഇപ്പോൾ 5 കൊല്ലം പൂർത്തിയാക്കാൻ പോകുന്നു. ധനകാര്യമന്ത്രി ആറാമത്തെ തവണയാണ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. നിങ്ങളുടെ വാക്ക്തന്നെ കടമെടുത്ത് പറഞ്ഞാൽ, അങ്ങേയറ്റം അഭിമാനത്തോടുകൂടിയാണ് ഞങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്. ധനകാര്യമന്ത്രി ഇവിടെ പത്ര സമ്മേളനത്തിൽ വ്യക്തമാക്കിയതുപോലെ ഇതൊരു പോപ്പുലിസ്റ്റ് ബഡ്ജറ്റല്ല. അങ്ങനെ ഒരു പോപ്പുലിസ്റ്റ് ബഡ്ജറ്റ് ഇലക്ഷൻ വർഷത്തിൽ അവതരിപ്പിച്ച് കയ്യടി വാങ്ങേണ്ട, ആളുകളെ തെറ്റിദ്ധരിപ്പിക്കേണ്ട ഒരു കാര്യവും ഞങ്ങൾക്കില്ല. കാരണം 5 കൊല്ലം ഈ ഗവൺമെന്റ്, കേരളം ഭരിച്ചിട്ടുള്ള, മറ്റ് ഏതൊരു ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായ ഒരു പ്രത്യേക സമീപനരീതി അനുവർത്തിച്ചിട്ടുണ്ട്. ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്, ഇവിടെ കണക്കുകൊണ്ട് കളി നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് മുതൽ ശ്രീ. കെ. എം. മാണി വരെ ആ കളി കളിച്ചിട്ടുണ്ട്. ആളുകൾ സ്തംഭിച്ചു പോകത്തക്കവിധത്തിൽ കണക്ക് അവതരിപ്പിക്കുകയല്ലേ ? ഒരൊറ്റ കാര്യമേ എനിക്ക് പറയാനുള്ളൂ. അങ്ങനെ ഒരുപാട് കണക്കുകളും കാര്യങ്ങളും കൊണ്ടുള്ള ഒരു അയ്യരുകളി ഈ സഭയിൽ നടത്തി ആരെയും തെറ്റിദ്ധരിപ്പിക്കേണ്ട കാര്യം ഞങ്ങൾക്കില്ല. കണക്കിനെപ്പറ്റി ഞാൻ ഒരു കാര്യം പറയട്ടെ, ഇവിടെ മഹാത്മാഗാന്ധിയുടെ ഒരു ഫോട്ടോ ഉണ്ടല്ലോ. ഈ സഭയിലുള്ള 141 അംഗങ്ങളും അങ്ങോട്ടു നോക്കിയാൽ വിചാരിക്കും എന്നെ ഗാന്ധി നോക്കുന്നു എന്ന്. അതേപോലെയാണ് കണക്കിന്റെ കാര്യം. ഇവിടെ കണക്ക് അവതരിപ്പിച്ചവരോട് ഞാൻ ഒരൊറ്റ കാര്യം ചോദിക്കട്ടെ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിന്റെ ആറാം പേജിൽ ഒരു പരാമർശം നടത്തിയിട്ടുണ്ട്. കടുത്ത വിമർശനങ്ങൾക്കൊന്നും മുതിരാതെ പറയട്ടെ, രാജ്യമാസകലം

LIBRARY ARCHIVES Kerala Legislative Assembly

വീശിക്കൊണ്ടിരിക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ തണുത്തുറഞ്ഞ കാറ്റാണ് നമ്മുടെ സംസ്ഥാനത്തും വീശുന്നത്. ആ കേന്ദ്രത്തിന്റെ സ്ഥിതിയെ സംബന്ധിച്ച്, ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോ, ഞങ്ങളോ പറഞ്ഞ കാര്യത്തെ സംബന്ധിച്ച്, നിങ്ങൾക്ക് സ്വന്തമായിട്ടുള്ള ഒരു കണക്കുണ്ടോ ? ആ കാര്യത്തെ സംബന്ധിച്ച് ഈ രണ്ടു മൂന്നു ദിവസത്തെ ചർച്ചയിൽ നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടായിരുന്നോ ? ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ അടക്കം നിങ്ങൾക്ക് എന്തെങ്കിലും പറയാൻ ഉണ്ടായിരുന്നോ ? ഒന്നും പറയാനില്ല. മാത്രമല്ല, ഇപ്പോൾ ഞങ്ങളെ സംബന്ധിച്ച് അഞ്ചു വർഷത്തെ നേട്ടങ്ങളുടെ ഒരു ക്ലീൻ സ്ലേറ്റ് ഉണ്ട്. ആ ക്ലീൻ സ്ലേറ്റിൽ നിന്നുകൊണ്ടു തന്നെയാണ് ഞങ്ങൾ ഇവിടെ സംസാരിക്കാൻ പോകുന്നത്. അതിനുവേണ്ടി ഒരുപാട് കണക്കുകളൊന്നും ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നില്ല. എങ്കിൽപോലും പൊതുവായി കാർഷിക മേഖലയിലും, വിദ്യാഭ്യാസ മേഖലയിലും, വിവര സാങ്കേതിക മേഖലയിലും വൈദ്യുതി മേഖലയിലും എല്ലാംതന്നെ ഞങ്ങൾ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ ഈ ബഡ്ജറ്റിലും കൂടുതൽ ഊർജ്ജസ്വലമായി തുടരാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ പ്രതിപക്ഷ നേതാവിന്റെ മോചന യാത്ര, അതിനെപ്പറ്റി മറ്റുതരത്തിലൊന്നും ഞാൻ പറയുന്നില്ല, ഇവിടത്തെ ഇൻഡ്യൻ എക്സ്പ്രസ് പത്രംതന്നെ പറഞ്ഞത്, അത് ഒരു 'റോഡ് ഷോ' യാത്ര ആണ് എന്നാണ്. റോഡ് ഷോ യാത്രയായിക്കോട്ടെ, മോചന യാത്രയായിക്കൊട്ടെ, എന്തെങ്കിലും യാത്രയായിക്കോട്ടെ. ഞങ്ങൾ നടന്നു പോയപ്പോൾ നിങ്ങൾ ഞങ്ങളെപ്പറ്റി പരിഹസിച്ചു പറഞ്ഞതൊന്നും നിങ്ങളുടെ യാത്രയെപ്പറ്റി പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ ഗവൺമെന്റിനെതിരായിട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങളുണ്ട്, ഇവിടെ വ്യവസായം തകരുകയാണ്, തൊഴിൽ സാദ്ധ്യതകൾ ഈ ഗവൺമെന്റ് വന്നതിനുശേഷം തീരെ ഉണ്ടായിട്ടില്ല എന്ന്. വിവര സാങ്കേതികവിദ്യയെ കുറിച്ചും അദ്ദേഹം പറഞ്ഞു. ഇവിടെ ആർക്കും രക്ഷയില്ല. കാർഷിക മേഖല ആകെ തകർന്നിരിക്കുകയാണ്. ഇവിടെ ദാരിദ്ര്യം കൊടികുത്തിവാഴുകയാണ്. ആ രൂപത്തിൽ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്തരത്തിൽ നിരവധി കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. ഈ യാത്രയിലെ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഒരു തുറുപ്പുചീട്ട് സമഗ്ര വികസനമാണ്. ഞാൻ സമഗ്ര വികസനത്തിന്റെ കാര്യത്തിലേയ്ക്ക് വരാം. പക്ഷേ ഞങ്ങളൊന്നു ചോദിക്കട്ടെ, നിങ്ങൾ വിട്ടേച്ചുപോയ ആ സ്ഥിതിയിൽ തന്നെയാണോ ഇപ്പോൾ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഉള്ളത് ? ഈ ബഡ്ജറ്റിൽത്തന്നെ 161 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചു. മാർക്കറ്റിൽ ഫലപ്രദമായിട്ടുള്ള ഇന്റർവെൻഷനുവേണ്ടി, മാവേലിസ്റ്റോർ പോലുള്ള സ്ഥാപനങ്ങൾക്കുവേണ്ടി മറ്റൊരു 50 കോടി രൂപ നീക്കിവച്ചു. 1991 മുതൽ 1996 വരെയുള്ള നിങ്ങളുടെ ഭരണകാലത്ത് മാവേലി സ്റ്റോറുകളുടെ പുനരുദ്ധാരണത്തിന്റ കാര്യം പോകട്ടെ, ഈ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിനുവേണ്ടി നിങ്ങൾ എന്തെങ്കിലും ചെയ്തോ ? ഒന്നും ചെയ്തില്ല എന്നുപറയുന്നില്ല, നിങ്ങൾ അഞ്ചു വർഷക്കാലത്തിനിടയിൽ നാലു തവണയെങ്കിലും പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിൽ എല്ലാസാധനങ്ങളുടേയും വില വർദ്ധിപ്പിക്കുകയാണ് ചെയ്തത്. എന്നാൽ ഞങ്ങൾ അതിനുവേണ്ടി ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിലും കഴിഞ്ഞ ബഡ്ജറ്റിലും തുക നീക്കിവച്ചിട്ടുണ്ട്. ഞാൻ പറയുന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വാക്കുകൾ തന്നെ ഒന്നുപരിശോധിക്കുകയാണെങ്കിൽ ഈ സംസ്ഥാനത്തെ ജനങ്ങളുടെ മുഖ്യ ആഹാരമായിട്ടുള്ള അരിയുടെ കാര്യത്തിലും, മറ്റ് അവശ്യസാധനങ്ങളുടെ കാര്യത്തിലും, കേരളം ഭരിച്ചിട്ടുള്ള ഇന്നേവരെയുള്ള ഗവൺമെന്റുകളിൽ നിന്നും തികച്ചും വ്യത്യസ്തമായിട്ടുള്ള ഒരു സമീപന രീതിയാണ് ഈ ബഡ്ജറ്റിലും ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. എൽ. ഡി. എഫ്.-ന്റെ മുദ്രാവാക്യം എല്ലാവർക്കും റേഷൻ ലഭിക്കണമെന്നുള്ളതാണ്. ഈ സഭയിൽത്തന്നെ കോൺഗ്രസിന്റെ മാനിഫെസ്റ്റോയെപ്പറ്റിയും എ. ഐ. സി. സി. പ്രഖ്യാപനത്തെപ്പറ്റിയുമൊക്കെ ഒരുപാട് ചർച്ച നടന്നല്ലോ. അതെല്ലാം പോകട്ടെ. ഞങ്ങൾ ഈ ബഡ്ജറ്റിലടക്കം പറയുന്നത്, എല്ലാവർക്കും റേഷൻ എന്നതാണ് ; അതാണ് ഞങ്ങളുടെ മുദ്രാവാക്യം. അതിനനുസൃതമായിട്ടുള്ള രൂപത്തിലേയ്ക്ക് ഈ ബഡ്ജറ്റിൽ ചില സമീപനങ്ങളുണ്ട്. ഈ ബഡ്ജറ്റിലെ കണക്കുകളെ സംബന്ധിച്ചോ, മറ്റേതെങ്കിലും കണക്കുകൾ ഉദ്ധരിച്ചുകൊണ്ടോ ഒരു പുകമറ പരത്തുകയില്ല. വ്യത്യസ്തമായിട്ടുള്ള സമീപനം കേരളത്തിൽ എന്താണ് ? എന്താണ് ഈ ഗവൺമെന്റിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളമുള്ള സമീപനം ? അത് മറ്റു സംസ്ഥാനങ്ങളിൽ ഉണ്ടോ ? ഇന്ത്യയിൽ എവിടെയെങ്കിലും ഉണ്ടോ ? അല്ലെങ്കിൽ ലോകത്തുതന്നെ മറ്റ് ഒരിടത്തും ഇല്ലാത്ത രൂപത്തിലുള്ള വ്യത്യസ്തമായിട്ടുള്ള ഒരു സമീപനം വികസനത്തോട് ഈ ഗവൺമെന്റിനുണ്ടോ ? അതിനനുസൃതമായിട്ടുള്ള പ്രഖ്യാപനങ്ങൾ ഈ ബഡ്ജറ്റിൽ ഉണ്ടോ ? കഴിഞ്ഞ അഞ്ചു വർഷക്കാലം കൊണ്ട് 6,000 കോടി രൂപ ഞങ്ങൾ താഴേത്തട്ടിൽ ജനകീയാസൂത്രണം പോലുള്ള വികസന കാര്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഓർമ്മ ഉണർത്തുകയാണ്. 1991 മുതൽ 1996 വരെയുള്ള യു.ഡി.എഫ്-ന്റെ ഭരണകാലത്ത് താഴെ, പഞ്ചായത്തു തലത്തിൽ വികസന പ്രവർത്തങ്ങൾക്കുവേണ്ടി കൊടുത്തിട്ടുള്ളത് കേവലം 119 കോടി രൂപയാണ്. ഞങ്ങൾ ഓർമ്മിപ്പിക്കണോ? ഈ കണക്ക് വളരെ സിമ്പിളാണ്. ഞാൻ പറഞ്ഞാൽ നിങ്ങൾക്ക് മനസ്സിലാകും. നിങ്ങൾ പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാകും. കാരണം നിങ്ങൾ കൊടുത്തതും ഞങ്ങൾ കൊടുത്തതുമായിട്ടുള്ള കണക്കാണ്. വികസനത്തെ സംബന്ധിച്ച് വ്യത്യസ്തമായിട്ടുള്ള ഒരു സമീപനമാണ് ഞങ്ങൾക്കുള്ളത്. 6,000 കോടിയും 119 കോടിയും തമ്മിലുള്ള വ്യത്യാസം ഈ നാട്ടിലെ ജനങ്ങൾക്കറിയാം. അതാണ് ഞാൻ പറഞ്ഞത്, കണക്കല്ല പ്രശ്നം ; സമീപനത്തിന്റേതാണ് പ്രശ്നമെന്ന്. ഇതിനോട് നിങ്ങളെടുത്തിട്ടുള്ള സമീപനമെന്താണ് ? ഇപ്പോൾ സമഗ്ര വികസനം വരുമെന്നാണ് പറയുന്നത്, എന്താണ് നിങ്ങളുടെ സമഗ്ര വികസനം ? ഇന്ത്യാ രാജ്യത്തിൽ എന്നല്ല മറ്റ് തേർഡ് വേൾഡ് കൺട്രീസിൽ ഒന്നും ഇല്ലാത്ത രൂപത്തിലുള്ള ഒരു പുതിയ അധികാര വികേന്ദ്രീകരണവും, അതിനനുസൃതമായിട്ടുള്ള ഒരു കൂട്ടായ്മയും. ജനകീയാസൂത്രണം നടപ്പിലാക്കിയിട്ടുള്ള ഈ സംസ്ഥാനത്ത് അതിനെ പുച്ഛിച്ച് തള്ളിയിട്ടുള്ള നിങ്ങൾ ഇപ്പോൾ നടന്നു പ്രസംഗിക്കുകയാണ്, ഞങ്ങൾ ഒരു സമഗ്ര വികസനം കൊണ്ടുവരും, ഇവിടെ എല്ലാം മാറ്റിമറിക്കും എന്ന്. ഇത് ആര് വിശ്വസിക്കാനാണ് ? നിങ്ങൾക്ക് ആ കാര്യത്തിൽ വിശ്വാസമുണ്ടോ ? ഞങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

തെറ്റുണ്ടെങ്കിൽ നിങ്ങൾ ചൂണ്ടിക്കാട്ടിയാൽ അത് മനസ്സിലാക്കാം. പൂർണ്ണമായി ജനകീയാസൂത്രണത്തെ തള്ളിപ്പറഞ്ഞുകൊണ്ട് ഈ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ ഒരു പ്രത്യേക പ്രചരണംതന്നെ അതിനെതിരായി നടത്തിയിട്ടുള്ള ആളുകൾ ഇന്ന് തിരിഞ്ഞുനിന്ന് പറയുകയാണ്; ഞങ്ങൾ ഈ നാട്ടിൽ ഒരു സമഗ്ര വികസനം കൊണ്ടുവരും എന്ന്. അതിന് ഞങ്ങൾ എല്ലാവരുടേയും സപ്പോർട്ട് ഉണ്ടാകും എന്ന്. ഈ കാര്യങ്ങൾ ഈ നാട്ടിൽ പറഞ്ഞാൽ ആര് വിശ്വസിക്കാനാണ്? വെൽഫെയർ മെഷേഴ്സ് സംബന്ധിച്ചായാലും, ആട്ടോമൊബൈൽ വർക്കേഴ്സിന്റെ ക്ഷേമനിധിയായാലും, ഹാന്റ്ലൂം വർക്കേഴ്സിന്റെ ഓൾഡ് ഏജ് ഹോം ആയാലും, മത്സ്യത്തൊഴിലാളികളുടെ ഫെസ്റ്റിവൽ ബോണസ് ആയാലും ഈ കാര്യത്തെക്കുറിച്ചൊക്കെ ഞങ്ങൾക്ക് ഒരു സമീപന രീതിയുണ്ട്. അത് കണക്കുകൊണ്ട് നിങ്ങളെ ബോദ്ധ്യപ്പെടുത്തണമെന്നില്ല. മറ്റൊരു കാര്യം, വ്യവസായ മേഖലയാകെ തകർന്നു എന്നല്ലേ പറഞ്ഞിട്ടുള്ളത്, നിങ്ങൾ ഇവിടെ ഭരണം വിട്ടൊഴിഞ്ഞുപോയ ഘട്ടത്തിൽ ഇവിടത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി എന്തായിരുന്നു? ഏറ്റവും ഒടുവിൽ നിങ്ങൾ ആലോചിച്ചുകൊണ്ടിരുന്നത് ഇവിടത്തെ കെൽട്രോൺ..... ഇപ്പോൾ 'ബാൽക്കോ'യുടെ disinvestment-നെ നിങ്ങൾ എതിർത്തു. നല്ലകാര്യം. ഞങ്ങളും എതിർത്തു. പക്ഷേ ഇവിടെ നിങ്ങൾ ഭരിക്കുമ്പോൾ കെൽട്രോണിൽ disinvestment-ന്റെ ഷെയർ വിൽക്കാനല്ല, കെൽട്രോൺ ആകെത്തന്നെ വിൽക്കാൻ നിങ്ങൾ തിരുമാനിച്ചു. വളരെ ചെറിയ തുകയ്ക്ക് അത് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാൻ വേണ്ടിയാണ് നിങ്ങൾ തീരുമാനിച്ചത്. ഇന്ന് എവിടെ എത്തി കെൽട്രോൺ? വിചാരിച്ചതുപോലെയൊന്നും ആയില്ല എങ്കിലും കെൽട്രോണിന്റെ നവീകരണത്തിൽ ഞങ്ങൾ ഇന്ന് ശ്രദ്ധിക്കുകയാണ്. സോപ്സ് ആന്റ് ഓയിൽസ് നിങ്ങൾ പൂട്ടിയത് ഞങ്ങൾ തുറക്കുകയാണ്, വിറ്റാമിൻ 'എ' പ്ലാന്റ് നിങ്ങൾ പൂട്ടാൻ; ഞങ്ങൾ തുറക്കാൻ, സാലിസിലേറ്റ്സ് പ്ലാന്റ് നിങ്ങൾ പൂട്ടാൻ; ഞങ്ങൾ തുറക്കാൻ. ഓർമ്മയുണ്ടല്ലോ നിങ്ങളുടെ കാലത്ത് എത്ര തവണയാണ് തിരുവേപ്പതിയിലെ മുതലാളി പൂട്ടിയിട്ട് തിരുപ്പതിയിലേക്ക് പോയത്, നിങ്ങൾക്ക് അന്നേരം തുറക്കാൻ പറ്റിയോ? പറ്റിയിട്ടില്ല. പിന്നീട് വളരെക്കാലം കഴിഞ്ഞതിനുശേഷം കോടിക്കണക്കിന് രൂപ ഗവൺമെന്റ് ജാമ്യം നിന്നതിനു ശേഷം മാത്രമാണ് അത് തുറന്നത്. തുറക്കുക, പൂട്ടുക ആ അവസ്ഥയാണ്. തിരുവേപ്പതിയുടെ കഴിഞ്ഞ 25 വർഷക്കാലത്തെ ചരിത്രം പരിശോധിച്ചാൽ അറിയാൻ സാധിക്കും. ശ്രീ. കെ. സി. ജോസഫിന് അങ്ങനെ മനസ്സിലാകില്ല. കാരണം അദ്ദേഹം കോട്ടയത്തുനിന്നും ഇരിക്കൂറിലേക്കുവരുന്ന ആളാണ്. പക്ഷേ കണ്ണൂരിൽത്തന്നെയുള്ള എനിക്കറിയാം കഴിഞ്ഞ 25 വർഷക്കാലത്തിനിടയ്ക്ക് ആറുതവണയെങ്കിലും അതിന്റെ മുതലാളി ചെട്ടിയാർ നേരെ പൂട്ടിയങ്ങു പോകാറാണ് പതിവ്. വീണ്ടും ഗവൺമെന്റ് ജാമ്യം നിന്നോ മറ്റെന്തെങ്കിലും ചെയ്തോ ആണ് തുറക്കുന്നത്. ഇപ്രാവശ്യം അത് തുറക്കാൻ പറ്റിയില്ല. ആർക്കും തുറക്കാൻ പറ്റിയില്ല. പക്ഷേ മദുരാ കോർട്ട്സ് ഞങ്ങൾ തുറന്നില്ലേ? എന്നിട്ടല്ലേ നിങ്ങൾ ഈ നാട്ടിലാകെ ചുറ്റിഞ്ചരിച്ച് വ്യവസായ മേഖലയാകെ കുഴപ്പമാണെന്ന് പറയുന്നത്. ഞങ്ങൾ 5.641 കോടി രൂപ ഈ മേഖലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്. കെ. എസ്. ഐ. ഡി. സി. 3,025 കോടി, പ്രൈവറ്റ് ഇൻവെസ്റ്റുമെന്റ്, ഒരു റഫ് എസ്റ്റിമേറ്റ് 400 കോടി രൂപ, പബ്ലിക് സെക്ടർ റിവൈവലിനുവേണ്ടി 450 കോടി രൂപ, എസ്. എസ്. ഐ. യൂണിറ്റുകളുടെ പുനരുദ്ധാരണം 1,266 കോടി രൂപ. ഇതിലൂടെ വന്നിട്ടുള്ള ആകെ തൊഴിൽ സാദ്ധ്യത, ഒന്നുമില്ല എന്നല്ലേ പറഞ്ഞിട്ടുള്ളത് ? ഇവിടെ ആകെയുള്ള തൊഴിലും പോയി ഒരു പുതിയ തൊഴിൽ സാദ്ധ്യത ഇല്ലെന്നുമല്ലേ നിങ്ങൾ പറയുന്നത് ? യഥാർത്ഥ വസ്തുത എന്താണ് ? 5,90,000 തൊഴിൽ സാദ്ധ്യതകൾ വ്യവസായവകുപ്പിൽ ഉണ്ടാക്കാൻ കഴിഞ്ഞു. ആധികാരികമായിട്ടുള്ള കണക്കനുസരിച്ചാണെങ്കിൽ 7.2 ശതമാനത്തിൽ നിന്നും 7.8 ശതമാനമായിട്ട് വ്യവസായ വളർച്ചാ നിരക്ക് വർദ്ധിക്കുകയാണുണ്ടായത്. ഞങ്ങൾക്ക് വെറുതെ കണക്ക് പറഞ്ഞ് ആളുകളെ പറ്റിക്കുന്ന ഒരൊറ്റ ഏർപ്പാടുമില്ല. വസ്തുതകൾ മാത്രമാണ് ഞങ്ങൾ ഇവിടെ പറയുന്നത്. അതുപോലെ നിരവധി കാര്യങ്ങളുണ്ട്. കിൻഫ്രയുടെ 5 പാർക്കുകൾ പൂർത്തിയാക്കിയിട്ടുള്ളതും ഗ്രോത്ത് സെന്ററുകൾ ഇവിടെ വന്നിട്ടുള്ളതും പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിച്ചിട്ടുള്ളതും, ഏകജാലക സംവിധാനമേർപ്പെടുത്തിയിട്ടുള്ളതും ഈ ഗവൺമെന്റാണ്. ഇൻഡ്യാ രാജ്യത്തിൽ സ്റ്റാറ്റ്യൂട്ടറിയായിട്ട് അധികാരം കൊടുത്ത് വ്യവസായ വകുപ്പിൽ ഏക ജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ഏക സ്റ്റേറ്റാണ് കേരളം. വ്യവസായ മേഖലയിൽ ഒന്നും ചെയ്തിട്ടില്ല എന്ന നിങ്ങളുടെ പ്രസംഗം ഞാൻ പല സ്ഥലത്തും കേട്ടു. പിന്നെ ഈ ജാഥയ്ക്ക് ആളുകൾ കൂടുന്നു എന്നൊക്കെ പറഞ്ഞ് കഴിഞ്ഞാൽ-ആളുകൾ കൂടുന്നില്ല എന്നൊന്നും ഞങ്ങൾ പറയുന്നില്ല. പത്ത് ആളുകളെ കണ്ടാൽ ആവേശം മൂത്ത്. ഇതാ ഈ ഗവൺമെന്റിന്റെ അവധിയായിക്കഴിഞ്ഞു എന്നൊക്കെ പറയുകയാണ്. കണ്ണൂരിൽ ഞാൻ കേട്ടതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗം. അദ്ദേഹം കൃത്യമായി പറഞ്ഞു 90 ദിവസം കഴിഞ്ഞാൽ ഞങ്ങൾ ഈ ഗവൺമെന്റിനെ പുറത്താക്കും എന്ന്. പിന്നെ അദ്ദേഹം ഇടയ്ക്ക് പറയുന്നുണ്ട്. ജനാധിപത്യ ബോധമുണ്ടെന്ന് നാട്ടുകാർ മനസ്സിലാക്കാൻ, ഇപ്പോൾ യുദ്ധം തുടങ്ങി എന്നാണ് തിരുവനന്തപുരത്ത് വന്നപ്പോൾ പറഞ്ഞത്. അത് ബാലറ്റിലൂടെയാണെന്ന് പറയുന്നുണ്ട്. എന്തോ ആകട്ടെ. ആളുകൾ കൂടുന്ന സമയത്ത് ആവേശം, ഭീഷ്മ പ്രതിജ്ഞ എന്നൊക്കെ പറഞ്ഞുകൊണ്ടാണ് വരുന്നത്. ഞങ്ങൾക്കെതിരായി പറഞ്ഞുകൊണ്ട് തന്നെയാണ് ഞങ്ങനെ വരുന്നത്. ഞങ്ങൾക്കതിൽ ബേജാറൊന്നുമില്ല. ആളുകൾ കൂടുന്നുണ്ടെങ്കിൽ കൂടുന്നില്ല എന്നൊന്നും ഞങ്ങൾ പറയുന്നില്ല. ഞങ്ങൾ എന്തിന് അത് പറയണം ? നിങ്ങളുടെ യോഗങ്ങളിൽ ആളുകൾ കൂടുന്നുണ്ടാവാം. ഉണ്ടെങ്കിൽ വളരെക്കാലം കൂടിയായിരിക്കും ഇലക്ഷൻ കണക്കിലെടുത്തിട്ട് ഒരു പൊളിറ്റിക്കൽ കാമ്പയിൻ നടത്തിയത്. ഞങ്ങൾ എന്നും ഇത് നടത്തിക്കൊണ്ടിരിക്കുന്നവർ തന്നെയാണ്. അതുകൊണ്ട് ആളെ കണ്ടിട്ട് ഞങ്ങൾക്ക് ഭയമില്ല. നിങ്ങൾക്ക് കുറച്ചു സന്തോഷം ഉണ്ടായിക്കോട്ടെ. പക്ഷേ ഒരു കാര്യം ഞങ്ങൾ പറയട്ടെ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയട്ടെ, 1956-ൽ ഞാനൊരു വിദ്യാർത്ഥിയാണ്. അദ്ദേഹവും ഒരു വിദ്യാർത്ഥിയായിരുന്നിരിക്കാം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ

LIBRARY ARCHIVES Kerala Legislative Assembly

കവച്ചുവയ്ക്കാനൊന്നും കോൺഗ്രസ്സിൽ അന്നും ഇന്നും ഒരാളില്ലല്ലോ. 1956-ൽ ഐക്യ കേരളം വന്നതിന് ശേഷം 1957-ൽ ആദ്യത്തെ തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പാറശ്ശാല മുതൽ കാസർഗോഡ് വരെ ഇലക്ഷൻ പ്രചരണം നടത്തി. അഭൂതപൂർവ്വമായിട്ടുള്ള ജനമുന്നേറ്റം. ഞങ്ങൾ എല്ലാവരും കണ്ണുകൊണ്ട് കണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ചിലപ്പോൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ കണ്ടുകാണും, ഇവിടെയിരിക്കുന്ന പലരും കണ്ടുകാണും. അഭൂതപൂർവ്വമായ ജനമുന്നേറ്റം. അന്ന് പത്രങ്ങളായ പത്രങ്ങളൊക്കെ എഴുതി, ഇത് ഐക്യ കേരളം എന്ന് കോൺഗ്രസ്സ് ഉറപ്പിച്ചു. കാസർഗോഡ് നിന്നും മംഗലാപുരം വിമാനത്താവളത്തിലേയ്ക്ക് പോകുമ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരു പത്രസമ്മേളനം നടത്തി പറഞ്ഞു. We captured Kerala; ഐക്യകേരളം ഞങ്ങൾ capture ചെയ്തു എന്ന്. കോൺഗ്രസ്സ് തന്നെ അധികാരത്തിൽ. വമ്പിച്ച ജനമുന്നേറ്റം. നെഹ്റുവിനെ കുറ്റം പറയണ്ട, അത്രയും അഭൂതപൂർവമായ ജനക്കൂട്ടം. ലക്ഷക്കണക്കിന് ആളുകൾ അണിനിരന്നിട്ടുള്ള തെരഞ്ഞെടുപ്പ് പ്രചരണം. അതിൽപ്പരമാണോ നമ്മുടെ പ്രതിപക്ഷ നേതാവ് മുതൽ ഇങ്ങോട്ട് ശ്രീ. രാഘവന് വരെ കിട്ടുന്ന കുറച്ച് സ്വീകരണം ? എന്നിട്ടോ 1957-ൽ പോളിംഗ് ബൂത്തിൽ ആളുകൾ പോയി, വോട്ട് ചെയ്തു. പെട്ടി തുറന്ന് എണ്ണി നോക്കിയപ്പോൾ 3 സ്വതന്ത്രന്മാർ, ജോസഫ് മുണ്ടശ്ശേരിയും, ഡോക്ടർ എം. ആർ. മേനോനും ശ്രീ. കൃഷ്ണയ്യരും അടക്കമുള്ള ഇ. എം. എസ്. മന്ത്രിസഭ കേരളത്തിൽ അധികാരത്തിൽ വന്നു. മലർപ്പൊടിക്കാരന്റെ സ്വപ്നം വേണ്ട. യാഥാർത്ഥ്യ ബോധത്തോടുകൂടി കാണണം. ചരിത്രം നിങ്ങൾ പഠിക്കണം. ആൾക്കൂട്ട മുണ്ടാകാനാണോ വിഷമം ? നിങ്ങളുടെ പ്രസംഗം കേൾക്കാൻ ഞങ്ങളെല്ലാവരും വന്നിട്ടില്ലേ ? ഞങ്ങളുടെ പ്രസംഗം കേൾക്കാൻ നിങ്ങളുടെ ആളുകളും വന്നിട്ടുണ്ടാവില്ലേ ? ഞാൻ ചോദിക്കുന്നത്, അവിടത്തെ ആവേശം കണ്ടിട്ട് ചില നേതാക്കന്മാർക്ക് എന്താണ് ഇത്ര വികാരപരമായിട്ടുള്ള സമീപനം ? കേരളത്തിലെ ജനങ്ങളല്ലേ ?

ശ്രീ. പി. പി. തങ്കച്ചൻ : സർ, ... (ബഹളം).....

ശ്രീ. ടി. കെ. ബാലൻ : ശ്രീ. തങ്കച്ചൻ ചോദ്യം ചോദിച്ചോളൂ. ഞാൻ വഴങ്ങും. നിങ്ങളുടെ മാതിരിയല്ല. നിങ്ങളിന്നലെ വഴങ്ങിയില്ല, കാരണം എന്താ ? ഉത്തരമില്ല അതുകൊണ്ടുതന്നെ. ഞങ്ങളങ്ങനെയല്ല, ചോദിച്ചാൽ ഞങ്ങൾ വഴങ്ങും. കാരണം, ഞങ്ങളക്കാര്യത്തിൽ നിങ്ങളെപ്പോലെ വികാരപരമായിട്ടല്ല, വളരെ കോൺഫിഡൻസാണ് ഞങ്ങൾക്ക്. ഞങ്ങൾക്ക് ഞങ്ങളുടെ രാഷ്ട്രീയ പ്രത്യയശാസ്ത്രമുണ്ട്, ഞങ്ങൾക്ക് സമീപന രീതിയുണ്ട്, പരിപാടിയുണ്ട്, എൽ.ഡി.എഫ്. ഞങ്ങൾ പലതും ചെയ്തിട്ടുണ്ട്. അതിന്റെ നേട്ടത്തിന്റ മുകളിൽ നന്നായി കാലുറപ്പിച്ചുകൊണ്ടുതന്നെയാണ് ഞങ്ങൾ നിങ്ങളെ നേരിടുക. ഏപ്രിലിലാണെങ്കിൽ ഏപ്രിലിൽ, മേയ് ആദ്യമാണെങ്കിൽ മേയ് ആദ്യം. ഏത് വഴിയാണെങ്കിലും ഞങ്ങൾ റെഡിയാണ്. പക്ഷേ.... നമ്മുടെ നാട്ടിൽ ബൂത്ത് പിടിത്തമുണ്ട്, പലതുമുണ്ട് എന്നൊക്കെ പറഞ്ഞിട്ട്, എല്ലാം കള്ള വോട്ടർ

LIBRARY ARCHIVES Kerala Legislative Assembly

പട്ടികയാണ് എന്നൊക്കെ പറഞ്ഞിട്ട് എന്റെ സുഹൃത്ത് ശ്രീ. കെ. സി. ജോസഫ് ഇപ്പോൾ എഴുതി കൊടുത്തിരിക്കുകയാണ്. ശരിക്കും വോട്ട് ഇല്ലാതെ പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർമാർ, ഇലക്ട് ചെയ്യപ്പെട്ടവർ അങ്ങനെ അയ്യായിരത്തോളം ആളുകൾ എഴുതി വില്ലേജ് ഓഫീസർമാർക്ക് കൊടുത്തിട്ട്, അവരുടെ പേര് വെട്ടിക്കളയാൻ വേണ്ടി കണ്ണൂർ ജില്ലയിൽ ഇന്ന് ജനാധിപത്യ വ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള, സാധാരണ വോട്ടവകാശം നിഷേധിക്കാൻ വേണ്ടി മുന്നിൽ നിന്നിട്ടുള്ള മാന്യനാണ് ഇപ്പോൾ എന്നോട് ചോദിക്കുന്നത് ബൂത്ത് പിടിക്കില്ലേ എന്ന്. കളക്ടർക്ക് എഴുതിയ ഒരു കത്തുണ്ട്. ഞാനത് ഇന്ന് എടുത്തിട്ടില്ല. അദ്ദേഹത്തോട് ഞാൻ കഴിഞ്ഞ ആഴ്ച പറഞ്ഞു ഞാൻ എഴുതാമെന്ന്. കളക്ടർക്ക് എഴുതിയിട്ടുള്ള കത്ത് ഞാൻ വായിച്ചു. കോൺഫിഡൻഷ്യൽ കത്തൊന്നും അല്ല. നിങ്ങൾക്ക് ഉദ്യോഗസ്ഥന്മാരെ മാറ്റണം, പത്രങ്ങളിൽ വന്നത് ഉദ്യോഗസ്ഥന്മാരെ മുഴുവനും മാറ്റണം എന്നാണ്. ഞാൻ ശ്രീ. കെ. സി. ജോസഫിനോട് ചോദിച്ചു, കണ്ണൂർ കളക്ടറേറ്റിലുള്ള ഇലക്ഷൻ സെക്ഷനിൽ എല്ലാം മാർക്സിസ്റ്റ് എൻ. ജി. ഒ മാരാണോ എന്ന്. വാദത്തിന് സമ്മതിച്ചാൽ നിങ്ങളുടെ സ്വന്തം ഇരിക്കൂർ കോൺസ്റ്റിറ്റ്യുവൻസിയിൽപ്പെടുന്ന തളിപറമ്പ് താലൂക്ക് ഓഫീസിൽ ബഹുഭൂരിപക്ഷവും കോൺഗ്രസ്സു(ഐ)ക്കാരല്ലേ? വിശ്വസിക്കാൻ കഴിയാത്തത് കോൺഗ്രസ്സുകാരെയാണ്. മങ്ങാട്ട് രാജേന്ദ്രനേയും ഒരൊറ്റ എൻ. ജി. ഒ.യെയും നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയില്ല. തലശ്ശേരി താലൂക്കാഫീസിൽ, തലയെണ്ണി പറ നിങ്ങൾ, ആരാ ഇലക്ഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്നത് ? ശ്രീ. കെ. സി. ജോസഫ് എഴുതിയിട്ടുള്ള കത്ത് സത്യസന്ധമാണോ ? ആരാണ് അധികമുള്ളത് ? എൻ.ജി.ഒ. അസോസിയേഷൻ കോൺഗ്രസ്സ്(ഐ)യുടെ ആളുകളല്ലേ ? ഞങ്ങളാണോ ? അക്കാര്യം വിട്. എനിക്ക് ഇനിയും കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യം ഇനിയും ആയിട്ടില്ല. കേന്ദ്ര നയത്തെ പറ്റി ഞാനൊന്ന് പറയാം. ഇന്ന് അവിടെ ബഡ്ജറ്റ് അവതരിപ്പിച്ചു കാണും. ഇക്കണോമിക്ക് റിവ്യൂ ഇവിടെ വന്നുകഴിഞ്ഞു. കമാ എന്നൊരക്ഷരം നിങ്ങൾ പറഞ്ഞില്ലല്ലോ. അവിടത്തെ സ്ഥിതി എന്താണ് ? ഭക്ഷ്യോല്പാദനത്തിൽ ഒരു കോടി ടൺ കുറവ്. അതേസമയത്ത് നമുക്ക് എല്ലാവർക്കും അറിയാം, എഫ്.സി.ഐ.ലും മറ്റും 4 കോടി ടൺ ഭക്ഷ്യധാന്യം പുഴുത്തു പോവുകയാണ്. കടലിൽ തള്ളാനാണ് തീരുമാനിച്ചത്. അതിന് ശേഷം ഇപ്പോൾ നേട്ടമാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നായർ ഇവിടെ അന്ത്യോദയ പദ്ധതിതന്നെ പ്രഖ്യാപിച്ചത് ഗതിയില്ലാതെയാണ്. ഭക്ഷ്യധാന്യങ്ങൾ കുറഞ്ഞു. അതേസമയത്ത് അത് കെട്ടിക്കിടക്കുകയാണ്. ഫുഡ് ഫോർ വർക്കിന് വേണ്ടി കൊടുക്കണമെന്ന് പറഞ്ഞിട്ട് അവർ സമ്മതിക്കുന്നില്ല. ആ കേന്ദ്രനയത്തിന്റെ വളർച്ചാ നിർക്ക് 6.6 ശതമാനത്തിൽ നിന്ന് 6.4 ശതമാനമായി താണു. ഉരുക്ക് മേഖല, വൈദ്യുതി മേഖല, കൽക്കരി മേഖല എല്ലാ മേഖലയിലും പുറകോട്ട് പോയി. കടം ആണെകിലോ, ഞങ്ങളുടെ കടത്തെപ്പറ്റി അല്ലേ പെരുപ്പിച്ച കണക്കുകൾ നിങ്ങൾ പറഞ്ഞത് ? ഞങ്ങൾ ഖജനാവ് മാറ്റി കൊടുക്കുന്ന സമയത്ത് 436 കോടി, കുറേ വർഷങ്ങളായി, രണ്ട് മൂന്ന് വർഷങ്ങളായി നിങ്ങൾ ഇത് പറയുന്നു. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ കണക്കിന്റെ പൊള്ളത്തരം. 436 കോടിയില്ലെന്നും

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ 4 കോടി 64 ലക്ഷം രൂപ മാത്രമാണ് നിങ്ങളുടെ ക്യാഷ് ബാലൻസ് എന്നുള്ളതും സി. എ. ജി. റിപ്പോർട്ടും റിസർവ്വ് ബാങ്കിന്റെ റിപ്പോർട്ടും വച്ച് ഈ അസംബ്ലി ഫ്ളോറിൽ വച്ചുതന്നെ ബഹുമാനപ്പെട്ട ശിവദാസമേനോൻ നിങ്ങളെ കൗണ്ടർ ചെയ്തു. എന്നിട്ടും ഇപ്പോഴും വിളിച്ചു പറയുകയാ ഞങ്ങൾ നിങ്ങൾക്ക് ഹാൻഡ് ഓവർ ചെയ്യുമ്പോൾ 440 കോടി രൂപ ഉണ്ടായിരുന്നു എന്ന്. ഏത് കണക്കാണ് ? പക്ഷേ നിങ്ങൾ മനസ്സിലാക്കണം, 16 ലക്ഷം കോടി രൂപയാണ് വാജ്പേയി ഗവൺമെന്റിന്റെ കടം. അതിന്റെ ഇക്കണോമിക് റിവ്യൂ ഉണ്ട്. നിങ്ങൾക്ക് ഒരക്ഷരം പറയാൻ തോന്നിയോ? എല്ലാ നിലയിലും താഴോട്ടേയ്ക്കല്ലേ പോയത് ? ഇത് കേന്ദ്രത്തിന്റേത്. 25 സംസ്ഥാനങ്ങളുടെ കടം നിങ്ങൾക്ക് അറിയാമോ ? 2001 ആവുമ്പോഴേയ്ക്കും 5 ലക്ഷം കോടിയുടെ അടുത്ത്, 25 സംസ്ഥാനത്തിന്. ഈ സംസ്ഥാനങ്ങളുടെ ഈ കോടി നമുക്ക് ബാധകമല്ലേ ? ഈ 5 ലക്ഷം കോടി കടം ഉള്ളത്, കേരളത്തിനെ നിങ്ങൾക്ക് ഒഴിവാക്കാൻ പറ്റുമോ ? ഞങ്ങൾ പറയുന്നില്ല ഇൻഡ്യാ രാജ്യത്ത്നിന്ന് വ്യത്യസ്തമാണ് കേരളമെന്ന്. ഇതിന്റെ പാപഫലം ഞങ്ങളും പേറേണ്ടി വരുന്നുണ്ട്. അതിന്റെ ഭാഗമായിട്ട് പദ്ധതികൾ കട്ട് ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റ് കട്ട് ചെയ്യുന്നു. സംസ്ഥാന ഗവൺമെന്റുകൾ കട്ട് ചെയ്യുന്നു. പ്രധാനമന്ത്രിതന്നെ പരസ്യമായിട്ട് 'ഫിക്കി'യുടെ കോൺഫറൻസിൽ വച്ച് പ്റഞ്ഞു, നമ്മുടെ അഡ്മിനിസ്ട്രേഷൻ ഒന്ന് ഡൗൺ സൈസ് ചെയ്യണമെന്ന് ; ഭരണം ഒന്ന് ഡൗൺ സൈസ് ചെയ്യണമെന്ന്. എന്നിട്ട് അദ്ദേഹം പറഞ്ഞു, ശമ്പളച്ചെലവ് 5 ശതമാനം കുറയ്ക്കും, 10 ശതമാനം ആളുകളെ പരിച്ചുവിടുന്ന കാര്യം ആലോചിക്കും ; പുതിയ വേക്കൻസികളൊന്നും ഫിൽ അപ്പ് ചെയ്യില്ല. പുതിയ പോസ്റ്റുകളും ഉണ്ടാക്കുകയില്ല എന്ന് റിക്രൂട്ട്മെന്റ് നിരോധനം. സംസ്ഥാനങ്ങൾ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽ ഒപ്പിട്ടാലേ വികസനത്തിന്റെ കാശ് കൊടുക്കൂ എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ തിട്ടൂരം. പേ റിവിഷൻ വേണ്ടെന്നു വച്ചു. ഡി. എ. ഇല്ലെന്നു പറഞ്ഞു. വിലാസ്റാവു ദേശ്മുഖിനെക്കുറിച്ച് ഞാൻ പറയേണ്ടല്ലോ. മഹാരാഷ്ട്രയിലുള്ള ഗവൺമെന്റ് ജീവനക്കാരെ വിലാസ്റാവു ദേശ്മുഖ് വിളിച്ച് പറഞ്ഞത് ഡി. എ. 60 ശതമാനമേ തരൂ. അതിന് ഒപ്പിട്ട് കൊടുക്കണം അല്ലെങ്കിൽ ഡി. എ. തരില്ല എന്നാണ്. അവരെ കുറ്റം പറയുകയല്ല ; അവർക്ക് അത്രയേ കൊടുക്കാൻ പറ്റുകയുള്ളൂ. അവിടെയെല്ലാം ഡെയിലി വേജസ് സമ്പ്രദായവും കരാർകൂലി സമ്പ്രദായവും എല്ലാ ഡിപ്പാർട്ടുമെന്റുകളിലും വരികയാണ്. മാത്രമല്ല ഡിപ്പാർട്ടുമെന്റുകളെ സ്വകാര്യവൽക്കരിക്കുന്നു. ഞാൻ ഇത് വെറുതെ പറയുകയല്ല.ഒറീസ്സയിൽ നിങ്ങൾക്ക് അറിയാമോ വേൾഡ് ബാങ്കുമായിട്ട് കരാർ ഉണ്ടാക്കി ഒരു ലക്ഷം തസ്തികകൾ കട്ട് ചെയ്തുകഴിഞ്ഞു. അതുപോലെ യു. പി. യിൽ 50 ശതമാനം തസ്തികകൾ വെട്ടിക്കുറയ്ക്കാനാണ് തീരുമാനം. മഹാരാഷ്ട്രയിൽ ഡയറി, വിദ്യാഭ്യാസം, ആരോഗ്യം, പി.ഡബ്ല്യു.ഡി മുതലായ ഡിപ്പാർട്ടുമെന്റുകൾ സ്വകാര്യ മേഖലയ്ക്കു കൈമാറി കോർപ്പറേഷനും ബോർഡുകളുമായി. അവിടെ ആരാണ് ഭരിക്കുന്നത്, ഞങ്ങളാണോ ? ഇനി കുറച്ചുകൂടി പറയട്ടെ ; ഇവിടെ ചെറുകിട പോർട്ടുകൾ മുഴുവൻ സ്വകാര്യ മേഖലയ്ക്കു കൈമാറി. ഞങ്ങളാണോ ഭരിക്കുന്നത് ? അതുപോലെ ആന്ധ്രാപ്രദേശ് വലിയ സൈബർ സ്റ്റേറ്റല്ലേ ? ഞങ്ങളെ ഇവിടെ പ്രതികൂട്ടിലാക്കാനല്ലേ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിക്കുന്നത് ? അവിടത്തെ സ്ഥിതി നിങ്ങൾക്ക് അറിയാമോ ? അവിടത്തെ 6 ഡിപ്പാർട്ടുമെന്റുകൾ സിംഗപ്പൂർ കമ്പനിക്ക് ട്രാൻസ്ഫർ ചെയ്തു. നിങ്ങൾ നടത്തിക്കൊയെന്നാണ് പറഞ്ഞത്. അതെല്ലാം പ്രൈവറ്റൈസ് ചെയ്തു. എപ്പോഴാണ് ഈ സംസ്ഥാനങ്ങളുടെ ഭരണം വല്ല സ്വകാര്യ കുത്തകകൾക്ക് കൊടുക്കുന്നതെന്ന് പറയാൻ പറ്റുകയില്ല. പോലീസ്, മെഡിക്കൽ എഡ്യൂക്കേഷൻ എന്നിവ ഒഴികെ എല്ലാ മേഖലകളിലും നിയമന നിരോധനം കൊണ്ടുവന്നു. കൃഷി വകുപ്പിൽ നിന്ന് 18,000 ആളുകളെ പിരിച്ചു വിട്ടു. അവർക്കുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടില്ല, അതിനെപ്പറ്റി പിന്നീട് ആലോചിക്കാമെന്നാണ് പറഞ്ഞത്. കർണ്ണാടക ഭരിക്കുന്നത് ആരാണ്, ശ്രീ. എസ്. എം. കൃഷ്ണ, കോൺഗ്രസിന്റെ മുഖ്യമന്ത്രിയാണ്. അവിടെ 5 ശതമാനം പോസ്റ്റുകൾ കുറവ് ചെയ്തു. വേക്കന്റ് പോസ്റ്റുകളിലൊന്നും നിയമനമില്ല. 5 ശതമാനം വേക്കന്റ് പോസ്റ്റുകൾ അബോളിഷ് ചെയ്തു. പോരെങ്കിൽ ഇന്നലെ 'ദി ഹിന്ദു' ദിനപ്പത്രത്തിൽ വന്ന വാർത്ത അവിടത്തെ ഗവർണ്ണേഴ്സ് അഡ്രസ്സിൽ പറഞ്ഞിട്ടുള്ളത്, അഡ്മിനിസ്ട്രേറ്റീവ് റിഫോംസിനു വേണ്ടിയും ഡൗൺസൈസ് ചെയ്യാൻ വേണ്ടിയുള്ള റിപ്പോർട്ട് ഉടനെ ഗവൺമെന്റ് നടപ്പിലാക്കുമെന്നു പറഞ്ഞ് ഒരു കമ്മീഷനെ ഗവൺമെന്റ് അവിടെ നിയമിച്ചിരിക്കുകയാണ് എന്നാണ്. എങ്ങനെ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലെ ആളുകളെ കുറയ്ക്കാമെന്ന് ആലോചിച്ചു കൊണ്ട് ബീഹാറിലെ ശ്രീമതി റാബ്റിദേവിയും ഈ വഴിക്കു തന്നെയാണ്. സ്വയം പിരിഞ്ഞുപോകൽ പദ്ധതിയിലൂടെ എണ്ണം കുറയ്ക്കുകയാണ്. ഇൻഡ്യയിൽ പഞ്ചാബിലാണ് വിദ്യാഭ്യാസ മേഖല ഏറ്റവു കൂടുതൽ പൊതു മേഖലയുമായിട്ട് ബന്ധപ്പെട്ടുള്ളത്. ആ പഞ്ചാബിലും ഹരിയാനയിലും അതെല്ലാം സ്വകാര്യ മേഖലയ്ക്കും കൈമാറി. മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി ശ്രീ. ദിഗ്വിജയ്സിംഗ് കോൺഗ്രസ്സ് മുഖ്യമന്ത്രിയല്ലേ ? രാജസ്ഥാനിലെ അശോക് ഗയിലോട്ട് നിങ്ങളുടെ മുഖ്യമന്ത്രിയല്ലേ ? അതുപോലെ ഗുജറാത്തും തമിഴ്നാടുമൊക്കെ ആ വഴിക്കുതന്നെയാണ് പോകുന്നത്. എന്നിട്ട് ശ്രീ. ടി. ശിവദാസമേനോൻ ഇവിടെ എന്തോ മഹാകുറ്റം ചെയ്തു. ശ്രീ. ആര്യാടൻ മുഹമ്മദ് മുതൽ അങ്ങോട്ട് ഓരോരുത്തരും ചില കണക്കുകളെടുത്തുകൊണ്ട് ഈ രാജ്യത്തെയാകെ ഈ ഗവൺമെന്റ് വെള്ളത്തിലാക്കിയെന്നാണ് പറഞ്ഞത്. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളുടെ സ്ഥിതിയാണ് ഞാൻ പറഞ്ഞത്. എന്നാൽ അവിടെനിന്നും വ്യത്യസ്തമായ ഒരു സമീപനം കേരളത്തിലുണ്ട്. കേരളത്തിൽ ഏതെങ്കിലും പോസ്റ്റുകൾ കട്ട് ചെയ്തോ ? ഒരു ലക്ഷം പുതിയ റിക്രൂട്ടുമെന്റുകൾ ഇവിടെ നടത്തി. കൂടുതൽ പോസ്റ്റുകൾ ഇവിടെ ക്രിയേറ്റ് ചെയ്തു. ബംഗാളിൽ പോസ്റ്റ് കട്ട് ചെയ്തോ ? അവിടെ പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. നിർവാഹമില്ലാത്തതുകൊണ്ടാകാം നിങ്ങളുടെ ശ്രീ. എസ്. എം. കൃഷ്ണയും, ദിഗ്വിജയ്സിംഗും, വിലാസ് റാവുവുമെല്ലാം പോസ്റ്റ് കട്ട് ചെയ്ത് ആളുകളെ കുറയ്ക്കുന്നത് ഒരു യഥാർത്ഥ്യമാണ്. അതിന്റെ റീയാക്ഷനെ സംബന്ധിച്ച് വാചാലമായി ഇവിടെ കണക്കുകളും മറ്റും ഉദ്ധരിച്ചുകൊണ്ട് എന്റെ സുഹൃത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞോ. എന്തിനാണ് നിങ്ങൾ ഇങ്ങനെ മുഖം തിരിച്ച് നിൽക്കുന്നത് ? ഞങ്ങളെപ്പറ്റി പറഞ്ഞോ ; പക്ഷെ ഈ യാഥാർത്ഥ്യം എങ്ങനെ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കാണാതിരിക്കും ? ഇത് തെറ്റാണെന്ന് നിങ്ങൾ പറഞ്ഞോ ? അതല്ലേ ഇന്നത്തെ സ്ഥിതി ? മറ്റൊരു കാര്യം മഹാരാഷ്ട്രയിലെയും മദ്ധ്യപ്രദേശിലേയും ആന്ധ്രാ പ്രദേശിലേയും ഗവൺമെന്റുകൾ നിയമന നിരോധന ബിൽ പബ്ലിഷ് ചെയ്തു. ഒരൊറ്റ പുതിയ നിയമനവും പാടില്ല. ശമ്പളം ലഭിക്കുന്നില്ല. മഹാരാഷ്ട്രയിൽ നിങ്ങൾക്ക് അറിയുകയില്ലേ ഓരോ ഡിസ്ട്രിക്ടിലും, മാറി മാറി ഓരോ മാസത്തെ ശമ്പളം. ഞാൻ കുറ്റം പറയുകയല്ല അങ്ങനെയേ അവർക്ക് കൊടുക്കാൻ കഴിയുകയുള്ളൂ. അത് എന്തുകൊണ്ടാണെന്ന് നമ്മളൊന്ന് ആലോചിച്ചുനോക്കണം. കമ്മ്യൂട്ടേഷനിൽ കുറവ് വരുത്തി. മാത്രമല്ല കോൺഗ്രസ് ഭരിക്കുന്ന മദ്ധ്യപ്രദേശിൽ കമ്മ്യൂട്ടേഷൻ പൈസ കൊടുക്കുമ്പോൾ അതിനൊരു പലിശ ഏർപ്പെടുത്തി. ഇപ്പോൾ നമ്മൾ പി. എഫ്.-ൽ നിന്നും പിടിക്കുന്ന പലിശയില്ലേ. അതുപോലെ അതിനൊരു ടാക്സ്. അവർക്ക് ആ രൂപത്തിലുള്ള ഒരു സ്ഥിതിയാണ്. ഈ സ്ഥിതിയിലാണ് കേന്ദ്രത്തിനു മുന്നിൽ സംസ്ഥാന ഗവൺമെന്റ് ചെന്നു നൽക്കുന്നത്. ശ്രീ. ശിവദാസമേനോനും ശ്രീ. നായനാർക്കുമെല്ലാം ഇത് ബാധകമാണ്. ദി. ഹിന്ദുവിൽ ശ്രീ. രംഗനാഥ് അടുത്ത ദിവസം എഴുതി സംസ്ഥാന മുഖ്യമന്ത്രിമാരും ധനകാര്യമന്ത്രിമാരും ഡൽഹിയിൽ വന്നിട്ട് 'with begging boul scenario' ഈ ഭിക്ഷാപാത്രം..... അങ്ങനെ കേന്ദ്രത്തോട് പറഞ്ഞിട്ടുള്ള സ്ഥിതിയാണ് ഇന്നുള്ളത്. അദ്ദേഹം എഴുതി, മുഖ്യമന്ത്രിമാരും ധനകാര്യമന്ത്രിമാരും വന്നിട്ട് പറയുകയാണ് ഒരു മാസത്തെ ശമ്പളം കൊടുക്കാൻ ഒരു ആയിരം കോടി രൂപ തരണം എന്ന്. ശ്രീ. ഉമ്മൻചാണ്ടി ധനകാര്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ 11 തവണ ട്രഷറി അടച്ചു. ഞാൻ സർവ്വീസിലായിരുന്നു. ഞങ്ങൾ ശമ്പളം കിട്ടാത്തവരായിരുന്നു. പക്ഷെ ഞങ്ങൾ ഉമ്മൻചാണ്ടിക്കെതിരായോ ഇവിടത്തെ സെക്രട്ടറിക്കെതിരായോ പ്രകടനം നടത്തിയില്ല. ഞങ്ങൾ പോയത് റിസർവ്ബാങ്കിന്റെ മുൻപാകെയാണ്. കാരണം അങ്ങനെ സംഭവിച്ചത് കേന്ദ്ര നയത്തിന്റെ ഭാഗമായിട്ടാണ്. ഇവിടെ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടായിരുന്നുവെന്ന് അറിഞ്ഞുകൊണ്ട് ഞങ്ങൾ പോയത് റിസർവ് ബാങ്കിന്റെ മുൻപാകെയാണ്, കേന്ദ്രനയം തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്. ശ്രീ. നരസിംഹറാവു അന്ന് പ്രധാനമന്ത്രിയായിരുന്നു. നിങ്ങൾ ഇപ്പോഴും മുച്ചൂടും ഞങ്ങളെ കുറ്റക്കാരാക്കിയിരിക്കുകയാണ്. എന്ത് നയമാണിത് ? നിങ്ങൾ ഒന്ന് ആലോചിച്ചു നോക്കണം, നിങ്ങൾ എവിടേയ്ക്കാണ് പോകുന്നതെന്ന്. അടുത്ത തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടുമെങ്കിൽ നിങ്ങൾ ഭരിച്ചോ. എന്നാൽ നിങ്ങൾക്ക് ഈ പ്രശ്നം തീർക്കാൻ പറ്റുമോ ? ഈ നയത്തിൽനിന്നും നിങ്ങൾക്ക് മോചനമുണ്ടോ ? നാട്ടുകാരോട് പറയണം. ആ യാത്ര സന്തോഷത്തോടുകൂടി ഇവിടെ വരുമ്പോൾ ഏതെങ്കിലും ഒരു പോസ്റ്റാഫീസിനു മുന്നിൽ നിർത്തി കേന്ദ്ര ഗവൺമെന്റിനെതിരെ ഒരു വാക്ക് പറഞ്ഞോ ? പറഞ്ഞിരുന്നുവെങ്കിൽ നമുക്ക് മനസ്സിലാക്കാമായിരുന്നു. പറഞ്ഞതെല്ലാം ഞങ്ങൾക്കെതിരായിരുന്നു. ഈ നയങ്ങൾ നിങ്ങൾ കാണാതിരുന്നാൽ നിങ്ങൾ എവിടെ എത്തും. ഈ സ്റ്റേറ്റ് എവിടെയെത്തുമെന്ന് നിങ്ങൾ കാണേണ്ടതാണ്. 11-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടു വന്നു. ഇവിടെത്തന്നെ പറഞ്ഞില്ലേ 760 കോടി രൂപയാണ് നമുക്ക് ഒരു വർഷം നഷ്ടം. 5 വർഷം കൊണ്ട് ഇത്രയും വലിയ തുക നഷ്ടം വരുന്നത് ശ്രീ. ശിവദാസമേനോന്റെ തെറ്റ് കൊണ്ടാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദിനെ കാണുന്നില്ല. ഇന്നലെ ഒരു ബഡായി വിട്ടിട്ട് അങ്ങ് പോയി. ഫിനാൻസ് കമ്മീഷന്റെ ആളുകൾ വന്നപ്പോൾ കോവളത്തു വച്ച് ശ്രീ. നായനാർ അവരോട് തട്ടിക്കയറിയതുകൊണ്ട് പണം കുറഞ്ഞതാണെന്ന് പറഞ്ഞു. ഇത്ര ചീപ്പാകാമോ ആ മനുഷ്യൻ. ഡോ. എ. എം. ഖുസ്റുവിനെപ്പോലെ ഡോ. ബാക്ഷിയെപ്പോലുള്ള ഇന്ത്യാ രാജ്യത്തിലെ പ്രഗൽഭരായിട്ടുള്ള ആളുകളാണ് ഫിനാൻസ് കമ്മീഷനിലെ അംഗങ്ങൾ. അവർക്ക് ഒരു നേരം ചായ കിട്ടാഞ്ഞാലോ അല്ലെങ്കിൽ വേറെ എന്തെങ്കിലും പറഞ്ഞു കഴിഞ്ഞാലോ ഒരു സ്റ്റേറ്റിനോട് ഈ രൂപത്തിൽ പ്രതികാരം ചെയ്യുമോ ? ഇത്ര ചെറിയ മനസ്സാണോ ശ്രീ. ആര്യാടനെപ്പോലുള്ള ആളുകൾക്ക് ? അങ്ങനെയാണെങ്കിൽ ഞാൻ ഒന്ന് ചോദിക്കട്ടെ, ക്രോണിക്കൽ റവന്യൂ ഡെഫിസിറ്റ് സ്റ്റേറ്റുകൾ ആണെന്ന് പറഞ്ഞ് നമ്മുടേതുപോലുള്ള 10 സ്റ്റേറ്റുകളെ മാറ്റിനിർത്തി പൈസ തന്നില്ല. നമ്മുടെ സംസ്ഥാനത്തെ മാത്രമാണോ ? ശ്രീ. നായനാർ ചിലപ്പോൾ അവരോട് തട്ടിക്കയറിയതുകൊണ്ടാണ് ഇവിടെ പൈസ പോയത് എന്ന് വാദത്തിന് സമ്മതിക്കാം. പക്ഷെ നന്നായി ചിരിച്ചിട്ടല്ലേ ശ്രീ. എസ്. എം. കൃഷ്ണ പെരുമാറിയതെന്നല്ലേ നമ്മൾ വിചാരിക്കേണ്ടത് ? അവിടെ പോയില്ലേ 700 കോടി രൂപ ഓരോ വർഷവും? അത് ശ്രീ. നായനാരുടെ തെറ്റ് കൊണ്ടാണോ ? മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി ശ്രീ. ദിഗ്‌വിജയ് സിംഗ് ഡൽഹിയിൽപ്പോയി അതിനെതിരെ ശക്തമായി പ്രതികരിച്ചില്ലേ ? മഹാരാഷ്ട്രയ്ക്ക് പണം പോയില്ലേ ? കണ്ണുകുത്തിപ്പൊട്ടിച്ച് നിങ്ങൾ സ്വയം അന്ധൻമാരാകരുത്. അതാണ് അക്കാര്യത്തെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത്. ഞാൻ മറ്റൊരു കാര്യം ചോദിക്കട്ടെ. കേന്ദ്രനയത്തോടുള്ള നിങ്ങളുടെ സമീപനം എന്താണ് ? 'ബാൽക്കോ'യുടെ ഷെയർ വിൽപ്പനയെ നിങ്ങൾ ഇപ്പോൾ എതിർത്തു. നല്ല കാര്യമാണ്. നിങ്ങളും ഞങ്ങളും ഒരുമിച്ച് എതിർത്തു, അതിൽ അഴിമതിയുണ്ടെന്നു പറഞ്ഞു. ബാങ്ക് സ്വകാര്യവത്ക്കരണത്തിന് നിങ്ങളും കൂട്ടുനിന്നു. പക്ഷെ ഇതിന് അടിത്തറ ഇട്ടത് 1991-ൽ അധികാരത്തിലിരുന്ന നിങ്ങളല്ലേ ? ഈ കഴിഞ്ഞ രാജ്യസഭയിൽ ആവേശകരമായി ശ്രീ. മൻമോഹൻസിംഗ് പ്രസംഗിച്ച് തീർന്നപ്പോൾ ധനകാര്യമന്ത്രി ശ്രീ. യശ്വന്ത് സിൻഹ എണീറ്റുനിന്നു പറഞ്ഞു, ഇത് എൻ. ഡി. എ ഗവൺമെന്റിന്റെ തിളക്കമാർന്ന നയമാണ് ; അതിന്റെ The whole credit goes to Dr. Manmohan Singh എന്ന്. അദ്ദേഹം തലതാഴ്ത്തി ഇരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ തിളക്കമാർന്ന ഈ നയത്തിന്റെ മുഴുവൻ അഭിമാനവും ക്രെഡിറ്റും പോകുന്നത് കോൺഗ്രസ്സുകാർക്കാണെന്നാണ്. അതിന് മറിച്ചൊരു ഉത്തരം കൊടുക്കാൻ നിങ്ങൾക്ക് കഴിയുമോ ? നിങ്ങൾ കുറേശ്ശ മാറുന്നു എന്നാണ് പറയുന്നത്. നല്ല കാര്യമാണ്. നമ്മുടെ പ്രതിപക്ഷനേതാവ് കഴിഞ്ഞ തവണ ഇവിടെ പറഞ്ഞു. ബാങ്കിന്റെ കാര്യം അവർ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ നമ്മൾ അത് സമ്മതിച്ചു കൊടുക്കുക. അതിന്റെ പിന്നിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ ? 1991-ലെ നിങ്ങളുടെ നയമല്ലേ ഇത് ? 1991-ലെ നിങ്ങളുടെ നയമല്ല ഞങ്ങൾക്കുള്ളത്. ആർജ്ജവ ബോധമുണ്ടെങ്കിൽ ഇന്നത്തെ നിങ്ങളുടെ സ്ഥിതി അറിയുമോ ? ഇവിടെ മാണി സാറിനെ കാണുന്നില്ല. മാണി സാർ ഇവിടെയൊരു രേഖ വായിച്ചു. ഇൻഡ്യൻ കാർഷിക രംഗം സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. ആദ്യമൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

വെറും അക്കാഡമിക്കായിട്ട് ഡബ്ല്യൂ. ടി. ഒ. യും അതുപോലെതന്നെ ഗാട്ട് കരാറിന്റെ preface-ഉം ഒക്കെ കോട്ട് ചെയ്തിട്ട് അവസാനം ഞങ്ങളെയൊക്കെ മാണിയിട്ട് കുത്തുകയല്ലേ? എന്തൊരു കുത്താണ് തന്നിട്ടുള്ളത്! ഇവിടെ പഞ്ഞത്, സംസ്ഥാന ഗവൺമെന്റ് ഉച്ചത്തിൽ സംസാരിക്കുന്നുണ്ടെങ്കിലും മാർക്സിസ്റ്റു പാർട്ടിയുടെ തെറ്റായ സമീപനംകൊണ്ട് കഴിഞ്ഞ 12 വർഷം നാം പാഴാക്കി എന്നാണ്. വളരെ മോശമാണ്. വ്യവസായ മേഖലയിൽ നഷ്ടത്തിൽ മുങ്ങിനിൽക്കുന്ന സ്ഥാപനങ്ങൾ അടച്ചു പൂട്ടണം. വ്യവസായത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണം. അതനുസരിച്ച് ഒരു പുതിയ തൊഴിൽ സംസ്ക്കാരം വളർത്തിയെടുക്കുകയും നിയമങ്ങളിൽ മാറ്റം വരുത്തുകയും വേണം. ആര് പറയുന്നു? 'ഫിക്കി'യുടെ (എഫ്.ഐ.സി.സി.ഐ) പ്രസിഡന്റ്, വാജ്പേയിയോട് പറഞ്ഞത് എന്താണെന്നറിയുമോ? പുതിയ തൊഴിൽ നിയമം വേണം, പുതിയ ഗ്ളോബലൈസേഷൻ നയം അനുസരിച്ച് നമ്മുടെ നാട്ടിൽ തൊഴിൽ നിയമങ്ങൾ പരിഷ്ക്കരിക്കണം. മാത്രമല്ല ഒരു അപേക്ഷ കൂടി ശ്രീ. വാജ്പേയിയുടെ മുൻപാകെ വച്ചു. ട്രേഡ് യൂണിയൻ ഫ്രീ മേഖല-സംഘടന വേണ്ട. അവിടെയിരിക്കുന്ന ആളുകൾക്കെല്ലാം പത്ത് സംഘടനകൾ വീതമല്ലേ ഉള്ളത്? ഞങ്ങൾക്കുമുണ്ടല്ലോ സംഘടന, ട്രേഡ് യൂണിയൻ ഫ്രീ മേഖല വേണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതും തീർന്നില്ല. ബാങ്കിംഗ്, ഇൻഷ്വറൻസ്, ടെലികോം, ട്രാൻസ്പോർട്ട്, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ എല്ലാ തലങ്ങളിലേയ്ക്കും വാണിജ്യസംഘടനാ നിബന്ധന പ്രകാരം ഏതൊരു രാജ്യത്തിനും കടന്നുവരാം. തീർന്നിട്ടില്ല. ഈ നയം തന്നെയല്ലേ ഇവരുടെ നയവും? ഇതാണ് ഇവരുടെ നയത്തിന്റെ കാതലെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇനി ഒരൊറ്റ കാര്യം മാത്രമേയുള്ളൂ. എനിക്ക് നല്ല ഓർമ്മയുണ്ട്. കഴിഞ്ഞ മന്ത്രിസഭയിൽ, ഇടക്കാലത്ത് ഇന്നത്തെ പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായി വന്നു കഴിഞ്ഞ് അദ്ദേഹം തിരൂരങ്ങാടിയിലാണ് ബൈ ഇലക്ഷന് നിന്ന് വിജയിച്ചത്. പിറ്റേദിവസം അദ്ദേഹത്തിന് ആദ്യം റിസപ്ഷൻ കൊടുത്തത് കണ്ണൂർ ടൗൺ ഹാളിലാണ്. ജില്ലാ കൗൺസിൽ പ്രസിഡന്റ് എന്ന നിലയിൽ ഞാനും അതിലുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, ഞാൻ ഈ ഭാഗത്തല്ലെങ്കിലും, ചേർത്തലക്കാരനാണെങ്കിലും ഞാൻ വിജയിച്ചത് തിരൂരങ്ങാടിയിലാണ് മലബാറിന്റെ സമഗ്ര വികസനമായിരിക്കും എന്റെ അജണ്ടയിൽ എന്ന്. ഇത് പറഞ്ഞിട്ടില്ലെന്നു അദ്ദേഹം പറഞ്ഞാൽ ഞാനത് വിത്ഡ്രാ ചെയ്യാം. കണ്ണൂർ ടൗൺ ഹാളിൽ വച്ച് നടത്തിയ സ്വീകരണ പരിപാടിയിൽ അദ്ദേഹം പറഞ്ഞതാണ്. മലബാർ മേഖലയുടെ സമഗ്ര വികസനം. ഇദ്ദേഹം മലബാറിന്റെ ദത്തു പുത്രൻ. എന്നിട്ടോ? ഒരു ഇടവഴി എങ്കിലും നിങ്ങളുടെ അഞ്ചു വർഷക്കാലത്തിനിടയിൽ ഉത്തര കേരളത്തിൽ നന്നാക്കിയോ? എന്നാൽ ഞങ്ങളോ? സമഗ്ര വികസനത്തിന്റെ കാര്യത്തിൽ ഞങ്ങൾ ചെയ്തിട്ടുള്ളത് നിങ്ങൾക്ക് അറിയുമോ? ഞാൻ പറയട്ടെ, നായനാർ സർക്കാർ വന്ന്, ഇവിടെ വച്ചല്ലേ ശ്രീ. ശിവദാസമേനോൻ ഈ റെയിൽവേ ഗേറ്റിന്റെ ശാപം തീർക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. ഒരു വർഷം കൊണ്ട് 13 റെയിൽവേ ഗേറ്റിന്റെ ഗതാഗത പ്രശ്നം തീർക്കാൻ സഖാവ് നായനാർ അടക്കം പല സ്ഥലത്തും പോയി. ശ്രീ. ഒ. രാജഗോപാൽ ഒക്കെ വന്നില്ലേ? കേന്ദ്രം

LIBRARY ARCHIVES Kerala Legislative Assembly

തന്നാൽ മാത്രം പോരാ. സംസ്ഥാനം ആദ്യം പണം കെട്ടണമെന്നു പറഞ്ഞപ്പോൾ ആറു കോടി രൂപ ഞാൻ കൊടുക്കാൻ തയ്യാർ, ഏതു പണവും കൊടുക്കാമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ ശ്രീ. ടി. ശിവദാസമേനോൻ പ്രഖ്യാപിച്ചില്ലേ ? മലബാറിനോട് അല്ലെങ്കിൽ വടക്കൻ കേരളത്തോട് ആർക്കാണ് ഇഷ്ടം ? ആരാണ് അവികസിത മേഖലയെ മുന്നോട്ടുക്കൊണ്ടുവരാൻ വേണ്ടി ശ്രമിക്കുന്നത് ? നമ്മുടെ ടെക്നിക്കൽ മേഖലയുടെ സ്ഥിതി എന്താണ് ? പുതിയൊരു എഞ്ചിനീയറിംഗ് കോളേജ് തൃക്കരിപ്പൂരിൽ, ഒരു എൻജിനിയറിംഗ് കോളേജ് തലശ്ശേരിയിൽ, ഒരു നഴ്സിംഗ് കോളേജ്, തലശ്ശേരിയിൽ, സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മോഡൽ പോളിടെക്നിക്കുകൾ വടക്കേ മലബാറിൽ. ആ രൂപത്തിലുള്ള നിരവധി സാങ്കേതിക കോളേജുകൾ. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പുതിയ ആസ്ഥാനം വരുന്ന ആഴ്ചയിൽ ഉത്ഘാടനം ചെയ്യപ്പെടുകയാണ്. അറയ്ക്കൽ ബീവിയെപ്പറ്റി നിങ്ങളെല്ലാം കേട്ടുകാണുമല്ലോ. അവരുടെ ഭർത്താവ് സുൽത്താനാണ്. അദ്ദേഹത്തിന്റെ നാമധേയത്തിലുള്ള സുൽത്താൻ തോടിന്റെ നവീകരണത്തിനുവേണ്ടി 13 കോടി രൂപ ശ്രീ. നായനാർ കൊടുത്തു. ചരിത്രം ഉറങ്ങുന്ന ആ തോട്ടിലൂടെ അദ്ദേഹം യാത്ര ചെയ്തു. അതിന് ബഡ്ജറ്റിൽ ഇപ്പോഴും അഞ്ചുകോടിരൂപ നീക്കി വച്ചിട്ടുണ്ട്. ആരാണ് വടക്കേ മലബാറിന്റെ വികസനത്തിൽ ശ്രദ്ധിക്കുന്നത് ? മറ്റാരെങ്കിലുമാണോ ? നേവൽ അക്കാഡമിയുടെ ഇൻഫ്രാസ്ട്രക്ച്ചർ പ്രധാനമായും കേരള ഗവൺമെന്റാണ് ചെയ്തു കൊടുക്കേണ്ടത്. ശ്രീ. ജോർജ് ഫെർണാണ്ടസ് ഇപ്പോൾ തറക്കല്ലിട്ടു. പ്രധാനപ്പെട്ട റോഡുകളും പാലങ്ങളും പൂർത്തിയാക്കി. ബാക്കി പൂർത്തിയാക്കാൻവേണ്ടി മുഖ്യമന്ത്രി ശ്രീ. നയനാർ തന്നെ പ്രത്യേക താല്പര്യമെടുത്തിരുന്നു. 160 ഏക്കർ മൂർഖൻ പറമ്പിൽ (മട്ടന്നൂരിൽ) വിമാനത്താവളത്തിന് അക്വയർ ചെയ്തു. അങ്ങനെ മുൻകൈ എടുത്തുകൊണ്ട്.....

ശ്രീ. പി. ജെ. ജോയി : അങ്ങയുടെ അഭിപ്രായത്തിൽ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് മലബാറിനുവേണ്ടി മാത്രമുള്ളതാണെന്നാണോ ?

ശ്രീ. ടി. കെ. ബാലൻ : അല്ല. നിങ്ങളുടെ വാക്ക് നിങ്ങൾ തന്നെ എത്ര ആർത്തിയോടുകൂടി തിന്നുന്നു എന്നാണ്. തിരൂരങ്ങാടിയിൽ നിന്നും ജയിച്ചുവന്ന ശ്രീ. എ. കെ. ആന്റണി, 'ഞാൻ മലബാർകാരനാണെന്നു' പറഞ്ഞിട്ട് അവിടെയൊരു ഇടവഴിപോലും നന്നാക്കിയിട്ടില്ല എന്നുള്ളതിന് ഒരു ഉദാഹരണം പറഞ്ഞു എന്നുമാത്രം.

ശ്രീ. ടി. കെ. ഹംസ : സർ, ബഹുമാനപ്പെട്ട ആന്റണി തിരൂരങ്ങാടിക്ക് എന്തെങ്കിലും ചെയ്തോ ? ഒരു കക്കൂസെങ്കിലും ഉണ്ടാക്കിയോ ?

ശ്രീ. ടി. കെ. ബാലൻ : അത് പോകട്ടെ. വരുന്ന ആഴ്ച കണ്ണൂർ നടാൽ ബൈപാസ് രണ്ടു റെയിൽവേ ഗേറ്റ് ഒഴിവാക്കിക്കൊണ്ട് വരുന്നുണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഈ സഭയിൽ മുന്നു കൊല്ലം മുൻപ് പറഞ്ഞതാണ്, വലിയൊരു ബോട്ടിൽനെക്കാണ് ആ രണ്ടു റെയിൽവേ ഗേറ്റുകളും എന്ന്. അത് ആരാണ് ഇപ്പോൾ പ്രാവർത്തികമാക്കിയത് ? അതുപോലെ മലബാർ ക്യാൻസർ സെന്ററിന് 100 കോടി രൂപ ഏഷ്യയിൽ വച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും വലുത്. അതിന്റെ പണി തുടങ്ങി. നിങ്ങൾ ഇങ്ങനെ വല്ലതും ചെയ്തതോ ? അതുപോലെ, എന്തായിരുന്നു മദ്യ ദുരന്തം ? എത്ര വലിയ പ്രശ്നമായിരുന്നു ! സഭയിൽ മാത്രമാണോ ? കേരളത്തിന് ചൂടു പിടിപ്പിച്ചില്ലേ നിങ്ങൾ ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മരണമണി മുഴങ്ങുമെന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ എന്തെല്ലാം ചെയ്തു ? അതിന് ജുഡീഷ്യൽ എൻക്വയറി. അതും സിറ്റിംഗ് ജഡ്ജി. കണ്ണാടകത്തിൽനിന്നും ആളിനെ കൊണ്ടുവന്നു. ഞങ്ങൾ പറയുന്നില്ല. ഞാൻ ദേശാഭിമാനി പത്രം ഉദ്ധരിക്കുന്നില്ല. 'ഈ ഒഴിഞ്ഞു മാറൽ രാഷ്ട്രീയ ഭീരുത്വം തന്നെ' ആരാണ് എഴുതിയത് ? കല്ലുവാതുക്കൽ വിഷമദ്യ ദുരന്തമുണ്ടായപ്പോൾ ദുഃഖവും അമർഷവും പ്രകടിപ്പിക്കാൻ കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ മത്സരിക്കുകയാണ്. വിഷമദ്യ രാജാക്കൻമാരിൽ നിന്ന് ജനങ്ങളെ രക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവരുടെ നേതാക്കൾ നാടുനീളെ നടത്തിയ പ്രസംഗങ്ങളും പ്രസ്താവനകളും ജനങ്ങൾ മറന്നിട്ടുണ്ടാവില്ല. വ്യാജമദ്യലോബിയും രാഷ്ട്രീയക്കാരും തമ്മിലുള്ള അവിഹിത ബന്ധം കൂടി അന്വേഷിക്കണമെന്ന ആവശ്യം സർക്കാർ അംഗീകരിക്കാത്തതുകൊണ്ടാണ് യു. ഡി. എഫ്. പ്രവർത്തകർ തെളിവു നൽകാൻ പോകാതിരുന്നതെന്നാണ് പ്രതിപക്ഷനേതാവ് ശ്രീ. എ. കെ. ആന്റണിയുടെ വിശദീകരണം. മാതൃഭൂമി "വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, സ്പിരിറ്റ് കള്ളക്കടത്ത്, സംഭരണം, വിതരണം, വിൽപന എന്നിവയിൽ പൊതുപ്രവർത്തകരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും സഹകരണവും ഇടപെടലുകളുമുണ്ടായിട്ടുണ്ടോ" എന്നത് കമ്മീഷന്റെ അന്വേഷണ പരിധിയിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട് ഇത് സംബന്ധിച്ച് കമ്മീഷൻ വിശദീകരണം നൽകി. "രാഷ്ട്രീയക്കാരും മദ്യ ലോബിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അന്വേഷിക്കാൻ കക്ഷി ചേരുന്ന ആർക്കും ആവശ്യപ്പെടാം എന്ന്. വാസ്തവം ഇതായിരിക്കെ അതറിയാൻ പോലും മെനക്കെടാതെ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി നൽകിയ വിശദീകരണം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതും അന്വേഷണത്തെ ഇത്ര നിസ്സാരമായും നിരുത്തരവാദപരമായുമാണ് പ്രതിപക്ഷം കാണുന്നതെന്ന് വ്യക്തമാക്കുന്നതുമാണ്. സമയമില്ലാത്തതുകൊണ്ട് ബാക്കി ഞാൻ വായിക്കുന്നില്ല. ഞങ്ങൾ അന്ന് ഒരു ടി. ജോണിനെപ്പറ്റി പറഞ്ഞു. ഒരു കോൺഗ്രസ് നേതാവ്, കർണ്ണാടകയിലെ മന്ത്രി. എന്ത് ബഹളമാണ് നടന്നത് ? ശ്രീ. ടി. ജോൺ ഒരു കത്തയച്ചു, എനിക്ക് ഡിസ്റ്റിലറിയില്ല, എനിക്കൊന്നുമില്ല. കത്തയച്ചതുതന്നെ കാവേരി ഡിസ്റ്റിലറിയുടെ letter head-ൽ ആണ്. പത്രത്തിൽ വന്നു. അന്ന് ഞങ്ങൾക്കെതിരായി ചാടിയില്ലേ ? ഞാൻ ഹിന്ദു പത്രം എടുക്കുകയാണ്. Heading - 'Krishna tides over first political cricis'- Mr.John, a Member of the Legislative Council was lately enmeshed in a controversy following the Kerala Chief Minister Mr. E. K. Nayanar's allegation that a Karnataka Minister was involved in the supply of hooch which claimed several lives in that State. A Storm was raised in the Legislature following the opposition's allegations of Mr. John's complicity. He vehemently denied the allegations, saying there was no evidence. Mr. John came under suspicion as his family was involved in the manufacture of liquor.

LIBRARY ARCHIVES Kerala Legislative Assembly

(He migrated to Kodagu district from Kerala). He reportedly owes huge excise arrears to the Government, a fact which came to light when the Minister of State for Excise, Mr. M. M. Nanaiah, made a statement in the Legislature. Mr. John also got into trouble when he admitted that the compensation for lands acquired for the international airport at Devanahalli was granted on a "selective basis" and not to all land owners. ഇപ്പോഴും കോൺഗ്രസ്സിൽ അല്ലേ ? മന്ത്രിസ്ഥാനമല്ലേ പോയിട്ടുള്ളൂ. ഇവിടെ ശ്രീ. ഉമ്മൻചാണ്ടി പ്രസംഗിക്കുമല്ലോ. ഏതായാലും ശ്രീ. ടി. ജോൺ ഇപ്പോൾ കോൺഗ്രസ്സിൽ ആണ്. ആരാണ് ഈ ഹൂച്ച് ട്രാജഡിക്ക് ഉത്തരവാദി ? ഞങ്ങൾ പറയുന്നതല്ല. ഞാൻ അധികമൊന്നും പറയുന്നില്ല. ജനോപകാരപ്രദമായ ഒരു പുതിയ സമീപനം അഞ്ചുവർഷക്കാലം ഉയർത്തിപ്പിടിച്ച ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിനെ സർവ്വാത്മനാ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഉമ്മൻചാണ്ടി : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഈ ബഡ്ജറ്റിലെ ഭാഷയും ഈ ബഡ്ജറ്റിലെ കണക്കും ഞാൻ നോക്കി. സെക്രട്ടേറിയറ്റിൽ നിന്നുമുണ്ടായതല്ല ഈ ബഡ്ജറ്റ്. സെക്രട്ടേറിയറ്റിൽ, ധനകാര്യ വകുപ്പിൽ രൂപം കൊടുത്ത ബഡ്ജറ്റായിരുന്നുവെങ്കിൽ ഈ കണക്ക് ഇങ്ങനെ വരുമായിരുന്നില്ല. ബഡ്ജറ്റിൽ രാഷ്ട്രീയമാവാം, രാഷ്ട്രീയ സമീപനമാവാം. പക്ഷേ മൈതാന പ്രസംഗത്തിലെ വാചകങ്ങൾ ഒരു ബഡ്ജറ്റിൽ വരുന്നത് നിർഭാഗ്യകരമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ എൻ. ജി. ഒ. യൂണിയന്റെ നോട്ടീസിനകത്തെ വാചകം ബഡ്ജറ്റിൽ എഴുതിവയ്ക്കുന്നത് ഖേദകരമാണ്, അത് അങ്ങേയ്ക്ക് തന്നെ നാണക്കേടാണ്. അങ്ങ് എഴുതിയിരിക്കുന്നു. ശ്രീ. എ.കെ. ആന്റണി അധികാരം വിട്ട് പോകുമ്പോൾ ഗവൺമെന്റ് ജീവനക്കാർക്ക് 400 കോടി രൂപയുടെ ഡി. എ. കുടിശ്ശികയുണ്ടായിരുന്നുവെന്ന്. എൻ. ജി. ഒ. യൂണിയന്റെ നോട്ടീസിനകത്ത് എഴുതിയിരിക്കുന്ന വാചകം "കോൺഗ്രസ്സിന് മുൻതൂക്കമുള്ള ഗവൺമെന്റുകൾ അധികാരത്തിലിരുന്നപ്പോൾ ക്ഷാമബത്തയ്ക്കുവേണ്ടി പണിമുടക്കേണ്ടിവന്നു. ശ്രീ. എ. കെ. ആന്റണി അധികാരം വിട്ടൊഴിയുമ്പോൾ 3 ഗഡു ക്ഷാമബത്ത കുടിശ്ശികയായിരുന്നു". അങ്ങ് ബഡ്ജറ്റിൽ ഇതു തന്നെയാണ് ആവർത്തിച്ചത്. പക്ഷേ 28-11-1995-ലെ ജി. ഒ. അനുസരിച്ച് 1-1-1995 മുതലും 1-7-1995 മുതലുള്ള ഡി. എ. പ്രഖ്യാപിച്ചു. 28-11-1995-ലെ ഉത്തരവിൽ 1-1-1995 മുതലുള്ള ഡി. എ. യുടെ 11 മാസത്തെ കുടിശ്ശിക പി. എഫിൽ നിക്ഷേപിക്കുവാനും 1-12-1995 മുതൽ പണമായി നൽകാനും 1-7-1995 മുതലുള്ള ഡി. എ. യുടെ 9 മാസത്തെ കുടിശ്ശിക പി. എഫിൽ നിക്ഷേപിക്കുന്നതിനും 1-4-1996-മുതൽ പണമായി നൽകുന്നതിനും പറഞ്ഞിരുന്നു. ആന്റണി ഗവൺമെന്റ് അധികാരത്തിൽനിന്നും പോകുന്നത് 20-5-1996-ലാണ്. അതിനുമുൻപ് അന്ന് കുടിശ്ശികയുണ്ടായിരുന്ന രണ്ട്. ഡി. എ. യും കൊടുത്തു. പിന്നെ ഒരു ഡി. എ സെൻട്രൽ ഗവൺമെന്റ് പ്രഖ്യാപിച്ചു. 1-1-1996 മുതലുള്ള ഒരു ഡി. എ. 1996 മാർച്ച് 26-ാം തീയതി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചു. പക്ഷേ മാർച്ച് 19-ാം തീയതി ഇലക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചു. ഇലക്ഷൻ നോട്ടിഫിക്കേഷൻ മാർച്ച് 27-ന് വന്നു. മാർച്ച് 19-ന് ഇലക്ഷൻ പ്രഖ്യാപിച്ചു മാർച്ച് 27-ന് ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്ന സാഹചര്യത്തിൽ മാർച്ച് 26-ന് ഡൽഹിയിൽ പ്രഖ്യാപിച്ച ഡി. എ. കൊടുക്കാൻ പറ്റുമോ ? എന്നിട്ട് അങ്ങ് ബഡ്ജറ്റിൽ എഴുതിവച്ചിരിക്കുന്നു. ശ്രീ. എ. കെ. ആന്റണി അധികാരം വിട്ടൊഴിയുമ്പോൾ ഗവൺമെന്റ് ജീവനക്കാർക്ക് 400 കോടി രൂപ യുടെ ഡി. എ. കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നുവെന്ന്. എൻ. ജി. ഒ. യൂണിയന്റെ നോട്ടീസിനകത്തുള്ളത് എഴുതിവയ്ക്കുന്നത് ബഡ്ജറ്റിൽ അല്ല. ഇതിന് അങ്ങ് മറുപടി പറയണം. അങ്ങേയ്ക്ക് ഒരു സ്വഭാവമുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മറുപടി പറയാൻ മുട്ടുമ്പോൾ മറുപടി പറയാതെ പോകുക, അങ്ങ് മറുപടി പറയണം. ഇത് ബഡ്ജറ്റിൽ വന്നിട്ടുള്ള കാര്യമാണ്. 400 കോടി രൂപ കുടിശ്ശിക, ഏത് ഡി. എ. ആണ് കൊടുക്കാനുള്ളത് ? എന്നാണ് കൊടുക്കാനുള്ളത് ? ബഡ്ജറ്റിൽ എഴുതിവച്ചിട്ട് പിന്നെ കണക്കുകൾ കൊണ്ടുള്ള കസർത്താണെന്ന് പറഞ്ഞിട്ട് കാര്യമില്ല. അങ്ങ് പറഞ്ഞു, കഴിഞ്ഞ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിന് ഉദാഹരണമായി, 400 കോടി രൂപ മിച്ചം വച്ചുകൊണ്ടാണ് ഖജനാവ് കൈമാറിയതെന്നുള്ള രസകരമായ ഒരു കഥയുടെ പൊരുൾ ഇവിടെ തേടേണ്ടതുണ്ട് എന്ന്. ആ രസകരമായ കഥ ഈ സഭയിൽ ആവർത്തിച്ചത് അങ്ങ് തന്നെയാണ്. അങ്ങ് ജൂലൈ 19-ാം തീയതി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ മുൻകാലമിച്ചം 481.40 കോടി രൂപയാണ്. അങ്ങ് അധികാരം ഏറ്റെടുത്ത് ഒരു മാസം കഴിഞ്ഞു. അതായത് മേയ് 20-ന് അധികാരം ഏറ്റെടുക്കുന്നു. ജൂലൈ 19-ന് ബഡ്ജറ്റ് അവതരിപ്പിക്കുന്നു. ഒരു മാസം കഴിഞ്ഞ് അവതരിപ്പിച്ച ബഡ്ജറ്റിൽ അങ്ങ് 481 കോടി രൂപയുടെ മിച്ചമാണെന്നാണ് എഴുതിയത്. ഇന്ന് 481 കോടി രൂപ മിച്ചമുണ്ടെന്ന് പറയുമ്പോൾ അങ്ങ് കുറ്റപ്പെടുത്തുകയാണ്. 20-12-2000-ത്തിൽ ഞങ്ങൾക്ക് തന്ന മറുപടി - ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് കൊടുത്ത മറുപടി - യു. ഡി. എഫ്. സർക്കാർ അധികാരം വിട്ടൊഴിയുമ്പോൾ ഖജനാവിൽ എത്ര കോടി രൂപയുടെ മിച്ചമുണ്ടായിരുന്നു ? 192.5 കോടി രൂപ മിച്ചമുണ്ടായിരുന്നു. അങ്ങ് അധികാര മേറ്റ് ഒരു മാസം കഴിഞ്ഞ് അവതരിപ്പിച്ച ബഡ്ജറ്റിൽ 31-3-1996-ലെ ക്ലോസിംഗ് ബാലൻസ് 481.4 കോടി രൂപ. 20-5-1996-ൽ യു. ഡി. എഫ് ഗവൺമെന്റ് അധികാരമൊഴിഞ്ഞ് നിങ്ങളുടെ ഗവൺമെന്റ് അധികാരമേറ്റെടുക്കുമ്പോൾ മിച്ചം എത്രയെന്ന് ചോദിച്ചപ്പോൾ, അന്നത്തെ മറുപടിയല്ല ഈ കഴിഞ്ഞ അസംബ്ലിയിൽ, ഡിസംബർ മാസം തന്നിരിക്കുന്നത്, 192.5 കോടി രൂപ മിച്ചമെന്നാണ്. അങ്ങ് പറഞ്ഞ് പറഞ്ഞ് എന്താണ് പറയുന്നത് ? ഇത്രയും കോടി രൂപ മിച്ചമുണ്ടായിരുന്നിടത്ത് പിന്നെ കടം. ഇത് ധനകാര്യ മാനേജ്മെന്റിന്റെ മെച്ചമാണോയെന്ന് ചോദിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ശിവദാസമേനോൻ, യു. ഡി. എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ ഗവൺമെന്റിന് നിയമാനുസൃതമായി വാങ്ങാൻ അനുവദിച്ചിട്ടുള്ള വായ്പകളല്ലാതെ ഏതെങ്കിലും വായ്പയുണ്ടായിരുന്നോ ? സഹകരണബാങ്കിൽ നിന്നോ വെൽഫയർ ബോർഡിൽനിന്നോ വായ്പയെടുത്തിട്ടുണ്ടോ ? എന്നാൽ ഇന്നോ ? ഇന്ന്

LIBRARY ARCHIVES, Kerala Legislative Assembly

പലവിധത്തിൽ കടം വാങ്ങുന്നു. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കേന്ദ്രഗവൺമെന്റിൽ നിന്നുമൊക്കെ നിയമാനുസൃതം എല്ലാം സമയത്തും സാധാരണ വാങ്ങാറുള്ള ലോണിന് അപ്പുറത്ത് അന്ന് ഏതെങ്കിലും വിധത്തിലുള്ള ലോൺ ഉണ്ടായിരുന്നോ ? എന്നിട്ടും എഴുതിയിരിക്കുകയാണ്. മിച്ചത്തെ ഇല്ലെന്ന് കാണിക്കുവാൻ മിച്ചമുള്ളപ്പോൾ വായ്പ വാങ്ങിയത് ശരിയായ മാനേജ്മെന്റാണോ എന്നുവരെ ചോദിച്ചു കുറ്റപ്പെടുത്താൻ ശ്രമിച്ചു. അങ്ങ് ധനകാര്യ മന്ത്രിയാണ് ; അങ്ങേയ്ക്കറിയാമല്ലോ കൂടുതൽ മിച്ചം വന്നാൽ അത് നമുക്ക് പലിശ കൂട്ടി കിട്ടത്തക്കവിധത്തിൽ നമ്മുടെ അക്കൗണ്ടിലേയ്ക്ക് ചിലപ്പോൾ റിസർവ്വ് ബാങ്ക് ചെയ്ഞ്ച് ചെയ്തെന്നിരിക്കും. ഞാൻ കണക്കുകളെല്ലാം പരിശോധിച്ചു. 77 കോടി രൂപ ട്രഷറി ബിൽസിലേയ്ക്ക് മാറ്റിയതായിട്ട് കാണാൻ സാധിച്ചു. അതിനപ്പുറത്തേയ്ക്ക് എന്താണെന്ന് അറിയാൻ കഴിഞ്ഞില്ല. അങ്ങ് തന്നെ മറുപടിക്കകത്ത് ഇത് പറഞ്ഞിട്ട് ഇപ്പോൾ മറ്റുള്ളവരെ കുറ്റം പറയുന്നത് ശരിയാണോയെന്ന് അങ്ങ്തന്നെ ചിന്തിക്കുന്നത് നല്ലതാണ്.

4 P.M.] ബഡ്ജറ്റിൽ ശരിയായ കണക്കു് തരണ്ടെ? കണക്കുകൾ കൊണ്ട് കസർത്തു നടത്തിയാൽ സാമ്പത്തിക വളർച്ചയാകുമോ ; നമ്മുടെ സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതി മെച്ചപ്പെടുമോ ? ഞാനിതു പറയാൻ കാരണം, ഈ പ്രാവശ്യത്തെ എക്കണോമിക് റിവ്യൂവിൽ, ഫസ്റ്റ് ചാപ്റ്ററിലാണ് സ്റ്റേറ്റിന്റെ ധനകാര്യസ്ഥിതിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അതിന്റെ കൂട്ടത്തിൽ, ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഗ്രോത്ത് റേറ്റ്, ആളോഹരി വരുമാനം, പെർക്യാപ്പിറ്റാ ഇൻകം, അതിന്റെ വർദ്ധനവ് അതൊക്കെ കറന്റ് പ്രൈസിലും കോൺസ്റ്റന്റ് പ്രൈസിലും കൊടുക്കും. ഈ ഗവൺമെന്റ് വന്നിട്ട്, കഴിഞ്ഞ എക്കണോമിക് റിവ്യൂവരെയുള്ളത് ഞാൻ നോക്കി. എല്ലാ എക്കണോമിക് റിവ്യൂവിലും ഒന്നാമത്തെ ചാപ്റ്ററിൽ കറന്റ് പ്രൈസിലും കോൺസ്റ്റന്റ് പ്രൈസിലുമുള്ള എസ്. ഡി. പി. യും പെർക്യാപ്പിറ്റാ ഇൻകവും കൊടുത്തിട്ടുണ്ട്. ഈ പ്രാവശ്യം ഒന്നാമത്തെ ചാപ്റ്ററിൽ ഇതിന്റെ തുക മാത്രം എഴുതി. പെർസെന്റേജ് എഴുതിയിട്ടില്ല. അത് പെട്ടെന്ന് ആളുകൾക്ക് മനസ്സിലാകാതിരിക്കാൻ വേണ്ടിയാണ്. എന്നിട്ട് രണ്ടാമത്തെ ചാപ്റ്ററിലേയ്ക്ക് കൊണ്ടുപോയി അവിടെ പെർക്യാപിറ്റാ ഇൻകത്തിന്റെയും എസ്. ഡി. പി. യുടേയും പെർസെന്റേജ് കറന്റ് പ്രൈസിൽ കൊടുത്തിരിക്കുകയാണ്. ശ്രീ. കെ. എം. മാണി അത് വിശദമായിട്ട് പറഞ്ഞു. ഇത് ഇന്നുവരെ ചെയ്തിട്ടില്ലാത്ത ഒരു സമീപനമാണ്. എന്നിട്ട് അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 16.81 എസ്. ഡി. പി. വർദ്ധനവ് ഉണ്ടായത് സന്തോഷത്തോടുകൂടി അറിയിക്കുന്നുവെന്ന് പറയുകയാണ്. ആരെ കബളിപ്പിക്കാനാണ് ? കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇങ്ങനെ എക്കണോമിക് റിവ്യൂവിലും ബഡ്ജറ്റിലും കണക്കുകൾ കൊണ്ട് കസർത്ത് നടത്തി ആളുകളെ തെറ്റിദ്ധരിപ്പിക്കാമെന്നാണോ വിചാരിക്കുന്നത് ? എന്താണ് കാരണം ? യു. ഡി. എഫ് ന്റെ അവസാനത്തെ 3 വർഷക്കാലത്തെ ഗ്രോത്ത് റേറ്റ് 8.73 ശതമാനം. നിങ്ങൾ ഇപ്പോൾ കോൺസ്റ്റന്റ് പ്രൈസിൽ കണിച്ചിട്ടുള്ളതുവച്ച് നോക്കിയാൽ ഈ വർഷത്തേയ്ക്ക് വന്നിട്ടില്ല. അതിനു തൊട്ടുമുൻപുള്ള 3 വർഷത്തേയ്ക്ക് എടുത്താൽ 4.46 ശതമാനം. രണ്ടായിരാമാണ്ടിലെ, ഈ കഴിഞ്ഞ വർഷത്തെ ഗ്രോത്ത് റേറ്റ് കോൺസ്റ്റന്റ് പ്രൈസിൽ ആയാൽ വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

താഴോട്ടുപോകും. അപ്പോൾ തെരഞ്ഞെടുപ്പ് വരുന്ന സമയത്ത് 16.81 ശതമാനം വർദ്ധനവ്. ഇതൊക്കെ എക്കണോമിക് റിവ്യൂവിലും ബഡ്ജറ്റ് ഡോക്കുമെന്റിലും വരുത്താൻ ശ്രമിക്കുക എന്നുപറഞ്ഞാൽ എന്താകും ? അങ്ങ് പറയണം ഇത്. എക്കണോമിക് റിവ്യൂവിൽ ഇന്നുവരെയുള്ള പ്രാക്ടീസ് മാറ്റുന്നു. അങ്ങ് ബഡ്ജറ്റിൽ പെർസേന്റേജ് എടുത്തിട്ട് അത് നമ്മുടെ സംസ്ഥാനത്തിന്റെ വലിയ നേട്ടമായി ചിത്രീകരിക്കുന്നു. ഇത് ആളുകളെ കബളിപ്പിക്കാൻവേണ്ടിയുള്ള ഒരു സമീപനമാണ്. അതുപോലെ അങ്ങ് പ്രതിപക്ഷത്തിനുനേരെ ചാടിവീഴുകയാണ്. എന്താണ് അത് ? മൂലധന നിക്ഷേപത്തിനായി കടം വാങ്ങുന്നത് കുറ്റമാണോ എന്ന് ചോദിച്ചിരിക്കുന്നു. സാമ്പത്തിക പുരോഗതിക്കുവേണ്ടി പണം സ്വരൂപിക്കുന്നത് കുറ്റമാണോ ? ആവശ്യം നിലനിൽക്കേണ്ട അടിസ്ഥാന മേഖലകളിൽ നിക്ഷേപിക്കുന്നതിന് കടം വാങ്ങുന്നത് കുറ്റമാണോ ? പ്രതിപക്ഷം ഈ ഗവൺമെന്റിനുമേൽ കുറ്റം ആരോപിക്കുന്നു. യു. ഡി. എഫ്. വലിയ തെറ്റു ചെയ്തു എന്ന് വരുത്തിക്കൊണ്ടുള്ള ചോദ്യങ്ങളാണ്. പക്ഷേ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, അങ്ങ് ചോദിച്ച ഈ ചോദ്യങ്ങൾക്കൊന്നും ഞങ്ങൾ കുറ്റമാണെന്നു പറയുന്നില്ല. പക്ഷേ 507 കോടി രൂപ ഓർഡിനൻസ് കൊണ്ടുവന്ന് വാങ്ങിയത് അറിഞ്ഞുകൂടേ ? ഒരുവർഷം കഴിഞ്ഞിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി ഈ സഭയിൽ കൊണ്ടുവന്ന് പാസ്സാക്കി. അതിൽ ഒരു പൈസയെങ്കിലും നിങ്ങൾ ചെലവഴിച്ചോ ? ഒരു സ്കീം നിങ്ങൾക്ക് സാങ്ഷൻ ചെയ്യാൻ സാധിച്ചോ ? 507 കോടി രൂപ ഇവിടെ സ്വരൂപിച്ചിട്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടി, ഒരു നിയമനിർമ്മാണത്തിൽക്കൂടി കൊണ്ടുവന്നിട്ട് 71 കോടി 55 ലക്ഷം രൂപ പലിശ കൊടുത്തിരിക്കുകയാണ്. ഈ ഫണ്ടിൽനിന്നും തുക ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ഏതെങ്കിലും സ്കീമിന് അംഗീകാരം നൽകിയിട്ടുണ്ടോ ? ചോദിച്ചതിന് അങ്ങുതന്നെ മറുപടി തന്നിരിക്കുകയാണ്. സ്കീമുകൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല. അങ്ങേയ്ക്ക് ഏറ്റവും കുറഞ്ഞത് ഈ ചോദ്യമെങ്കിലും ഞങ്ങളോട് ചോദിക്കാതിരിക്കാമായിരുന്നല്ലോ. അതായത് "അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പണം കടം എടുക്കുന്നത് കുറ്റകരമാണോ"? ഞങ്ങളോട് ചോദിക്കുകയാണ്. അങ്ങ് കുറ്റം ചെയ്തിട്ട്, ഒരു പ്രോജക്ടുപോലും ഉണ്ടാക്കാതെ 507 കോടി രൂപ സമാഹരിച്ച്, അതിന് മാസംതോറും 5 കോടിയിൽപ്പരം രൂപ, 5.6 കോടി രൂപ പലിശ കൊടുക്കുകയാണ്. 71.55 കോടി രൂപ പലിശ കൊടുത്തുകഴിഞ്ഞിരിക്കുന്നു. എന്നിട്ട് ഞങ്ങളോട് ഇങ്ങോട്ട് ചോദിക്കുകയാണ് ; അത് കുറ്റമാണോ എന്ന്. ഞങ്ങൾ എന്തോ വലിയ തെറ്റ് ചെയ്തതുപോലെയാണ്. ഇവിടെ പ്രസംഗിച്ച ഭരണകക്ഷി മെമ്പർമാർ യു. ഡി. എഫ്. ഗവൺമെന്റിന്റെ ധനകാര്യ മാനേജുമെന്റിനെക്കുറിച്ചൊക്കെ രൂക്ഷമായി വിമർശിച്ചു. അതിന് അവർക്ക് അവകാശമുണ്ട്. പക്ഷേ സത്യം അറിയണ്ടേ ? ട്രഷറി പൂട്ടി. യു. ഡി. എഫ്.-ന്റെ കാലത്ത് 3 പ്രാവശ്യം ട്രഷറി പൂട്ടി. 5 ദിവസം ട്രഷറിയിൽ വർക്ക് നടന്നിട്ടില്ല. പക്ഷേ ഞങ്ങളുടെ കാലത്ത് ട്രഷറി പൂട്ടിയത് ശമ്പളം കൊടുത്തതിന്റെ പേരിലല്ല. ട്രഷറി പൂട്ടിയ രണ്ടു ദിവസങ്ങൾ ശമ്പളമൊക്കെ കൊടുത്തതിനുശേഷം. എന്നാൽ ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്ന തുകകളെല്ലാം കൊടുക്കുന്ന അവസരത്തിൽ ട്രഷറി പൂട്ടി. നിങ്ങൾ ഇന്ന് സ്വീകരിച്ച മാർഗ്ഗം സ്വീകരിച്ചിരുന്നുവെങ്കിൽ യു. ഡി. എഫ് ഗവൺമെന്റിന്റെ കാലത്ത് ഒരു ദിവസവും ട്രഷറി പൂട്ടുകയില്ലായിരുന്നു. പക്ഷേ അത് യാഥാർത്ഥ്യ ബോധത്തോടെയുള്ള സമീപനമായിരിക്കുകയില്ല ഇവിടെ കടുത്ത ബുദ്ധിമുട്ടുകൾ, കടുത്ത പ്രയാസങ്ങൾ ആ സമയത്ത് കൃത്രിമമായി, വാങ്ങാൻ പാടില്ലാത്ത കടങ്ങൾ വാങ്ങി ട്രഷറിയിലടച്ച്, കൃത്രിമമായ ഒരു സിറ്റുവേഷൻ ഉണ്ടാക്കാൻ അന്നത്തെ ഗവൺമെന്റ് ആഗ്രഹിച്ചില്ല. ട്രഷറി പൂട്ടി. പക്ഷെ കഴിഞ്ഞ ഗവൺമെന്റിനെ വിമർശിക്കുന്നവർ ഒന്നു മനസ്സിലാക്കണം. ആദ്യത്തെ 2 വർഷക്കാലം യു. ഡി. എഫ്. ഗവൺമെന്റിന് കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നു. ഞങ്ങൾ ഒന്നും മറച്ചു വച്ചില്ല. ട്രഷറി പൂട്ടുന്ന സാഹചര്യംവരെ എത്തി. പക്ഷേ ജനങ്ങളോട് എല്ലാം തുറന്നു പറഞ്ഞു. നിങ്ങൾ ഒന്നും തുറന്നുപറയുന്നില്ല. ഇന്നും പറയുന്നത് സാമ്പത്തിക ബുദ്ധിമുട്ട് ഇല്ല എന്നാണ്. ചെറിയ ചില പ്രയാസങ്ങളുണ്ട് എന്നാണ് പറയുന്നത്. ഞങ്ങൾ എല്ലാം തുറന്നു പറഞ്ഞു. ജനങ്ങൾ സഹകരിച്ചു. അതിന്റെ ഫലമെന്താണ് ? യു.ഡി.എഫ്.-ന്റെ അവസാനത്തെ 3 വർഷക്കാലം ട്രഷറി പൂട്ടിയില്ല. അവസാനത്തെ ഒരു വർഷം 1995-96-ൽ ഒരൊറ്റ ദിവസംപോലും, ഒരു പ്രാവശ്യവും ഓവർ ഡ്രാഫ്റ്റിലേയ്ക്ക് പോയില്ല. ഓവർ ഡ്രാഫ്റ്റ് മാത്രമല്ല ഒരു ദിവസംപോലും വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് പോലും എടുത്തില്ല. എന്താണ് അതിന്റെ അർത്ഥം ? ഗവൺമെന്റിന്റെ വരുമാനം കൊണ്ട്, ഗവൺമെന്റിന്റെ സ്വന്തം വരുമാനം കൊണ്ട് ഗവൺമെന്റിന്റെ ചെലവുകളെല്ലാം നടത്തുന്നതിനുള്ള സാമ്പത്തിക ശക്തിയിലേയ്ക്ക് ഞങ്ങൾ എത്തി. ആദ്യത്തെ 2 വർഷം- ഞാൻ സമ്മതിക്കുന്നു. പക്ഷേ അവസാനത്തെ 3 വർഷക്കാലം ജനങ്ങളോട് കാര്യങ്ങൾ തുറന്നുപറയാനും സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളുടെ ഗൗരവം മനസ്സിലാക്കിക്കൊടുക്കാനും സാധിച്ചതുകൊണ്ട് എല്ലാവരുടേയും സഹകരണം കിട്ടി. ആ സഹകരണം ഉപയോഗിച്ച് സാമ്പത്തികമായ ശക്തി പ്രാപിച്ച് ഏറ്റവും അവസാനത്തെ വർഷം 1995-96-ൽ ഒ. ഡി. എടുത്തില്ല ; വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തില്ല. പ്ലാൻ എക്സ്പെന്റിച്ചർ യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യത്തെ 2 വർഷം ചെറിയ തോതിൽ കട്ട് ചെയ്യേണ്ടിവന്നിട്ടുണ്ട്. പക്ഷേ യു. ഡി. എഫ് ഗവൺമെന്റിന്റെ കാലത്ത് പ്ലാൻ കട്ട് ചെയ്തത് നിങ്ങൾ കട്ട് ചെയ്തതുപോലെയല്ല. ഞങ്ങൾ ആദ്യം അസംബ്ലിയിൽ പറഞ്ഞു. എന്തിന് ഇത് മറച്ചുവയ്ക്കണം ? സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു, ഈ പ്ലാൻ മുഴുവനായിട്ട് നടത്താൻ പറ്റില്ല, കട്ട് ചെയ്യേണ്ട മേഖലകൾ ഏതൊക്കെയാണെന്ന് ചർച്ച ചെയ്ത് തീരുമാനിച്ചു. പക്ഷേ അവസാനത്തെ 3 വർഷം ഒരു പ്ലാൻ കട്ടുമില്ല. 100 ശതമാനത്തിലധികം, 134 ശതമാനം വരെ 1995-96-ൽ പ്ലാൻ എക്സ്പെന്റിച്ചർ വരുത്തി. യു. ഡി. എഫ്. ഗവൺമെന്റിന്റെ 5 വർഷക്കാലം റവന്യൂ കമ്മി, യു. ഡി. എഫ്. ഗവൺമെന്റ് അധികാരമേറ്റടുക്കുമ്പോൾ 422 കോടി രൂപയായിരുന്നു റവന്യൂ കമ്മി. 5 വർഷക്കാലം കഴിഞ്ഞപ്പോൾ റവന്യൂകമ്മി 402 കോടി രൂപയായി കുറഞ്ഞു. 422 കോടിരൂപയിൽനിന്ന് 402 കോടി രൂപയാക്കി കുറച്ചു. കമ്മി 5 ശതമാനം കുറച്ചു. ഇപ്പോഴോ, നിങ്ങൾ നോക്കിയിട്ടുണ്ടോ ? റവന്യൂ കമ്മി ഒമ്പതിരട്ടി

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കുകയാണ്. 3,622 കോടിരൂപ. നിങ്ങൾ അതിനുപറയുന്ന കാരണം പഞ്ചായത്തിനു കൊടുക്കുന്ന റവന്യൂ പ്ലാൻ ഗ്രാന്റായി കണക്കാക്കുന്നതു കൊണ്ടാണെന്നാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഞാൻ അതും ഇവിടെ കാൽക്കുലേറ്റുചെയ്തു വച്ചിട്ടുണ്ട്. നിങ്ങളുടെ ആ വാദം അംഗീകരിച്ചാൽപ്പോലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുനൽകിയ തുകയുടെ 70 ശതമാനം പ്ലാൻ ഗ്രാന്റായി കണക്കാക്കി ആ തുക ഇവിടെ കുറച്ചാൽപോലും 3,622 കോടി രൂപ തന്നെ. അതിൽ എന്താണ് ന്യായീകരണം. ഒരു ന്യായീകരണവുമില്ല. നിങ്ങളുടെ കാലത്തേയും യു. ഡി. എഫ്-ന്റെ കാലത്തേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ ഞങ്ങളുടെ ആദ്യത്തെ രണ്ടുവർഷക്കാലം ബുദ്ധിമുട്ടായിരുന്നു. അവസാനത്തെ മൂന്നു വർഷക്കാലം ഒരു പ്രശ്നവുമില്ലാതെപോയി. നിങ്ങളുടെ ആദ്യത്തെ രണ്ടുവർഷക്കാലം പ്രശ്നമില്ല. ആദ്യത്തെ വർഷത്തിൽ ഒരു പ്രാവശ്യമാണ് ഒരു കോടി രൂപയുടെ ഒ. ഡി. വന്നത്. രണ്ടാമത്തെ വർഷം ഒ. ഡി. ഇല്ല. നിങ്ങൾ ഭരിച്ച് തകർക്കുകയായിരുന്നു. അവസാനത്തെ മൂന്നുവർഷമായപ്പോൾ ഇപ്പോൾ എന്താണു സ്ഥിതി ? കഴിഞ്ഞ വർഷം 21 ദിവസമായിട്ട് 2,540 കോടിരൂപയാണ് വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തത്. ഒ. ഡി. 20 തവണ. 1344 കോടി രൂപ, 2000-2001-ൽ ജനുവരി വരെ 61 ദിവസം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തു. 1,523 കോടി രൂപ. ഒ.ഡി. 16 തവണ. യു.ഡി.എഫ്-ന്റെ കാലത്ത് ആദ്യത്തെ രണ്ടുവർഷം ഞങ്ങൾ സാമ്പത്തിക അച്ചടക്കം പാലിച്ചു, സ്വയം ചെലവുചുരുക്കി ; ചെലവു ചുരുക്കാനുള്ള മേഖലകളിൽ ചെലവു ചുരുക്കി. നിങ്ങൾക്ക് നല്ലനിലയിൽ എത്തിച്ചുതന്ന സാമ്പത്തികസ്ഥിതി ഓരോ വർഷം കഴിയുംതോറും താഴേയ്ക്കുകൊണ്ടുവന്ന് നിങ്ങൾ റവന്യൂകമ്മി ഈ സംസ്ഥാനത്തിന് താങ്ങാൻ പറ്റാത്ത നിലയിലെത്തിച്ചു. ഒ. ഡി. യും വെയ്സ് ആന്റ് മീൻസ് അഡ്വാൻസുമില്ലാത്ത ദിവസങ്ങളില്ലാതെയാക്കി. പ്ലാനിനുള്ള ചെലവ് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത നിലയിലായി. വരുമാനം കൂടിയില്ല. കൂട്ടാൻ നിങ്ങൾ ശ്രമിച്ചില്ല. ചെലവ് ക്രമാതീതമായി വർദ്ധിച്ചു. ഈ കാര്യത്തിൽ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം നിങ്ങൾ സ്വീകരിച്ചില്ല. നിങ്ങൾക്ക് എന്നും കണക്കുകൾ കൊണ്ടുള്ള കസർത്താണ്. പ്രതിപക്ഷം എന്തെങ്കിലും പറഞ്ഞാൽ അടിച്ചിരുത്തും. 1990-91 മുതൽ 1995-96 വരെ നോൺപ്ലാൻ എക്സ്പെൻഡിച്ചർ യു. ഡി. എഫ്-ന്റെ കാലത്ത് 15.58 ശതമാനമാണ്. നിങ്ങളുടെ കാലത്ത് ആദ്യത്തെ നാലുവർഷം 18.8 ശതമാനമായി. 2000-2001-ൽ നിങ്ങൾ എന്താണ് ചെയ്തിരിക്കുന്നത് ? റിവൈസ്ഡ് എസ്റ്റിമേറ്റിൽ 8.63 ശതമാനം വരത്തക്കവിധത്തിൽ ചെലവ് നിയന്ത്രിച്ചിരിക്കുകയാണ്. ഇതുനടക്കുമോ ? ഈ കണക്ക് ഞാൻ കൂട്ടിനോക്കി. 8.63 ശതമാനമാണ് 2000-2001-ലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ കണക്കാക്കിയിരിക്കുന്ന റവന്യൂ എക്സ്പെൻഡിച്ചർ. അത് 21.08 ശതമാനമായിട്ടല്ലാതെ നിങ്ങൾക്ക് നിറുത്താൻ സാധിക്കുകയില്ല. അതിൽ നിന്ന് മുകളിലോട്ട് പോകുമെന്നുള്ളതല്ലാതെ താഴോട്ട് വരികയില്ല. നിയമസഭയിൽ നിങ്ങൾ വളരെ കുറച്ചാണ് വകകൊള്ളിച്ചിരിക്കുന്നത്. അതുപോലെ കോൺട്രാക്റ്റേഴ്സിന്റെ കുടിശ്ശികയും മറ്റുകാര്യങ്ങളും നോക്കുന്ന അവസരത്തിൽ റവന്യൂ എക്സ്പെൻഡിച്ചർ നിങ്ങളുടെ നിയന്ത്രണത്തിലൊന്നും

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നില്ല. യു. ഡി. എഫ്. ന്റെ കാലത്ത് 5 വർഷവും വരുമാനം വർദ്ധിച്ചു. ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ നോൺ-ടാക്സ് റവന്യൂ വർദ്ധിച്ചു. നിങ്ങളുടെ കാലത്ത് 5 വർഷവും നോൺടാക്സ് ഇൻകം കുറഞ്ഞിരിക്കുകയാണ്. ടാക്സ് റവന്യൂവും താഴോട്ടുതന്നെയാണ്. ടാക്സ് റവന്യൂവിന്റെ കാര്യം നിങ്ങൾ പറയുന്നത് സാമ്പത്തിക മാന്ദ്യമെന്നാണ്. നോൺ-ടാക്സിന്റെ കാര്യത്തിലെന്താണ് ? യാഥാർത്ഥ്യബോധമില്ലാത്ത സമീപനങ്ങൾ എല്ലാ മേഖലകളിലും സ്വീകരിച്ച് അതിന്റെ ഫലമായുണ്ടായ സ്ഥിതിയാണ് ഇന്നത്തേത്. എന്നിട്ടിപ്പോൾ ഭരണകക്ഷിയിലെ മെമ്പർമാർ പറയുന്നതുകേട്ടാൽ..... ശ്രീമതി ലതാദേവിയെയൊക്കെ സംസാരിക്കുമ്പോൾ ശ്രീ. ശിവദാസമേനോൻ നാണിച്ചിരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ മുഖത്തു നോക്കി.

പ്രൊഫ. എ. വി. താമരാക്ഷൻ : ഈ ബഡ്ജറ്റ് രേഖയ്ക്കകത്ത് 1995-96-ലെ കേരളത്തിന്റെ പെർക്യാപ്പിറ്റ ഇൻകം 8,324 രൂപയാണ്. എന്നാൽ ഇപ്പോൾ 1999-2000-ത്തിൽ അത് വർദ്ധിച്ചതായിട്ടാണ് ഇതിൽ കാണുന്നത്. പെർക്യാപിറ്റ ഇൻകം നാഷണൽ പെർക്യാപ്പിറ്റ ഇൻകം ആവറേജിനേക്കാൾ വളരെ കുറവായിരുന്നു, 52,000 രൂപവരെ ഇൻവെസ്റ്റ്മെന്റ് വേണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടായില്ല, പ്ലാൻ കട്ടുചെയ്തു. എന്നിട്ടും ആവറേജിനേക്കാൾ 3,000 രൂപ കൂടിയെന്നുള്ള കള്ളക്കണക്കല്ലേ ഈ രേഖ മുഴുവനും ?

ശ്രീ. ഉമ്മൻചാണ്ടി : ഞാൻ അതിലേയ്ക്ക് വരികയാണ്. ഇപ്പോൾ മറുഭാഗത്തുനിന്നും ഈ ഗവൺമെന്റിനെ അനുകൂലിച്ചുപറഞ്ഞവർ പദ്ധതിച്ചെലവുകൂട്ടി, പദ്ധതിക്കുവേണ്ടി കടമെടുത്തുവെന്ന നിലയിലാണ് പറഞ്ഞത്. ശ്രീമതി ലതാദേവി പറഞ്ഞപ്പോൾ, പദ്ധതിച്ചെലവിന്റെ കാര്യത്തിൽ കേരളം 5-ാം സ്ഥാനത്തെത്തി എന്നുപറഞ്ഞു. പ്രതിപക്ഷത്തിന് അഭിമാനമില്ലേ എന്ന് ഞങ്ങളോടു ചോദിച്ചു. ഞങ്ങൾക്കഭിമാനമുണ്ട്. പക്ഷെ ശ്രീമതി ലതാദേവി ഒന്നും നോക്കാതെയാണ് പറഞ്ഞത്. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തെ വളർച്ചയുടെ കാര്യമാണ് ഇതിൽ എഴുതിയിരിക്കുന്നത്. 1996-97, 1997-98, എന്നീ ഈ ഗവൺമെന്റിന്റെ ആദ്യത്തെ രണ്ടുവർഷക്കാലം പ്ലാൻ കട്ടില്ല. ഒ. ഡി. ഇല്ല. സാമ്പത്തികമായി നിങ്ങൾക്ക് വലിയ പ്രശ്നങ്ങളില്ലായിരുന്നു. 39.08 ശതമാനം ഗ്രോത്ത് റേറ്റ് വന്നിരിക്കുന്നത് 1989-90 മുതൽ 1997-98 വരെയുള്ള പിരീഡിലാണ്. യു. ഡി. എഫ്-ന്റെ അഞ്ചുവർഷക്കാലം കവർ ചെയ്തുകൊണ്ടുള്ള കാര്യമാണ് ശ്രീമതി ലതാദേവി ഇവിടെ പറഞ്ഞത്. ഇവിടെ പകുതി ചെലവ് ഞാൻ നേരത്തെ പറഞ്ഞതുപോലെ യു. ഡി. എഫ്-ന്റെ കാലത്തെ ആദ്യത്തെ രണ്ടു വർഷം കട്ടു ചെയ്തിട്ടുള്ളതാണ്. അതൊന്നും രഹസ്യമല്ല. പക്ഷെ അവസാനത്തെ മൂന്നു വർഷക്കാലം നൂറു ശതമാനത്തിലധികമാണ് ആക്ച്വൽ എക്സ്പെൻഡിച്ചർ വന്നിരിക്കുന്നത്. നിങ്ങളുടെ കാലത്തോ ? നിങ്ങളുടെ കാലത്ത് ആദ്യത്തെ രണ്ടു മൂന്ന് വർഷക്കാലമല്ല, കഴിഞ്ഞ വർഷത്തേത് കട്ടാണ്. ഈ വർഷത്തെ സ്ഥിതി എന്താണ് ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ തന്ന മറുപടി കട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ല എന്നാണ്. പക്ഷെ ശ്രീ. കെ. എം. മാണി ഇവിടെ രേഖതന്നെ ഹാജരാക്കി, 25 ശതമാനം കട്ട് സംബന്ധിച്ച്. പക്ഷെ ഡിപ്പാർട്ടുമെന്റിൽ പോയിരിക്കുന്ന ഡയറക്ഷൻ ഇതിനേക്കാൾ കൂടുതലായിട്ട് കട്ടുചെയ്യാൻ പറഞ്ഞാണ്. അപ്പോൾ 25 ശതമാനം ഔദ്യോഗികമായിത്തന്നെ പ്ലാൻ കട്ടിന് തീരുമാനിച്ചിരിക്കുന്നു. അതുപോലും പൂർണ്ണമായും ചെലവാക്കാൻ പോകുന്നില്ല. കാരണം externally aided project - കളുടെ കാര്യത്തിൽ ഇപ്പോൾ ചെലവഴിച്ചിരിക്കുന്നത് വെറും 29 ശതമാനമാണ്.അത് ജനുവരി 31-ാം തീയതി വരെയുള്ള ചെലവാണ്. ഇത് ഔദ്യോഗികമായിത്തന്നെ വിലയിരുത്തുന്ന അവരുടെ റിപ്പോർട്ടിലുള്ളതാണ്. അതുപോലെ സെൻട്രലി സ്പോൺസേർഡ് സ്കീം. 50 ശതമാനം സെൻട്രലി സ്പോൺസേർഡ് സ്കീംസ്, 100 ശതമാനം സെൻട്രലി സ്പോൺസേർഡ് സ്കീംസ്, externally aided project - ഈ മൂന്നിന്റെയും പ്രോഗ്രസ് വളരെ കുറവാണ്. പുറത്തുനിന്നും പണം കിട്ടുന്ന പ്രോജക്ടുകൾപോലും ശരിക്ക് നടപ്പിലാക്കുവാൻ പറ്റാത്ത സ്ഥിതിയിലേയ്ക്ക് നാം എത്തിയിരിക്കുകയാണ്. അതോടൊപ്പംതന്നെ വികസനേതര ചെലവുകൾ നാലുവർഷം കൊണ്ട് 757 കോടി രൂപയിൽനിന്ന് 1420 കോടി രൂപയായി ഉയർന്നു. ശ്രീ. ടി. ശിവദാസമേനോൻ തന്ന മറുപടിക്കകത്തുള്ളതാണ് ഇവ. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ മറുപടിയിലുള്ളതാണ്. അതേസമയത്ത് വികസനച്ചെലവോ ? 1996-ൽ 1104 കോടിരൂപ ആയിരുന്നത് 1999-2000-ത്തിൽ 983 കോടി രൂപയായി കുറഞ്ഞിരിക്കുന്നു. ഈ കണക്കുകളൊക്കെ ധനകാര്യ മന്ത്രി പറഞ്ഞതിൽ നിന്ന് ഉദ്ധരിക്കുന്നതാണ്. നമ്മൾ എങ്ങോട്ടാണ് പോകുന്നത് ? നിങ്ങൾ, പ്ലാൻ ചെലവാണ്, അതുകൊണ്ടാണ് ഇതെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നുണ്ട്. പ്ലാനിൽ ഈ വാങ്ങുന്ന കടമൊക്കെ വികസന കാര്യത്തിനു വേണ്ടിയാണ് വിനിയോഗിക്കുന്നത്. പ്ലാനിനുവേണ്ടിയാണ് വിനിയോഗിക്കുന്നത് എന്ന് അദ്ദേഹം തന്നെ പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, റവന്യൂ ഡെഫിസിറ്റും പബ്ലിക് ഡെബ്റ്റും അതിനകത്ത് 1996-97-ൽ 2255 കോടി രൂപ കാണിക്കുന്നു. 643 കോടി രൂപയാണ് നമ്മുടെ റവന്യൂ ഡെഫിസിറ്റ്. 2255 കോടി രൂപ കടം വാങ്ങിയാൽ 1612 കോടി രൂപ നമുക്ക് വികസന കാര്യത്തിനായി ചെലവഴിക്കുവാനേ പറ്റൂ. 1999-2000-ത്തിൽ എന്താണ് സ്ഥിതി ? 4436 കോടി രൂപ പബ്ലിക് ഡെബ്റ്റ്. അതിൽ നമ്മുടെ റവന്യൂ ഡെഫിസിറ്റായി കാണിച്ചിരിക്കുന്നത് 3622 കോടിരൂപ. 4436 കോടി രൂപയിൽ നിന്ന് 3622 കോടി രൂപ കുറച്ചല്ലേപറ്റൂ. അപ്പോൾ 814 കോടി രൂപ മാത്രമാണ് പ്ലാനിനുവേണ്ടി ഉപയോഗിക്കാൻ തീരുമാനിച്ചത്. പിന്നെ നിങ്ങൾ വാങ്ങുന്ന തുക മുഴുവനും വികസന കാര്യത്തിനുവേണ്ടി, പ്ലാനിനുവേണ്ടി ഉപയോഗിച്ചുവെന്ന് പറഞ്ഞത് എങ്ങനെയാണ് ? എവിടെയാണ് ശ്രീ. ടി. ശിവദാസമേനോൻ ? നിങ്ങളുടെ ബഡ്ജറ്റ് ഡോക്യുമെന്റിനകത്തുള്ള കാര്യങ്ങൾ ഇതാണ്. 4436 കോടി രൂപ 1999-2000 ആണ്ടിൽ കടം എടുത്തതിൽ 3622 കോടിരൂപയും വികസനേതര ചെലവിന്, നോൺ പ്ലാൻ എക്സ്പെന്റിച്ചർ ആയി തീർക്കുകയാണ്. ബാക്കിവരുന്നത് 814 കോടി രൂപ മാത്രമാണ്. അപ്പോൾ നമ്മൾ എടുക്കുന്ന കടത്തിന്റെ 20 ശതമാനംപോലും പ്ലാനിനുവേണ്ടി ചെലവഴിക്കുവാൻ,

LIBRARY ARCHIVES Kerala Legislative Assembly

വികസനത്തിനുവേണ്ടി ചെലവഴിക്കാൻ സാധിക്കുന്നില്ല എന്നതാണ് ഈ ഡോക്യുമെന്റിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. കടം ഒരിക്കലും പാടില്ല എന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. പക്ഷെ കടമെടുക്കുമ്പോൾ ആ തുക സംസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി വിനിയോഗിക്കുവാൻ, പ്രൊഡക്ടീവ് സെക്ടറിനുവേണ്ടി വിനിയോഗിക്കുവാൻ നാടിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമായ മേഖലയിൽ വിനിയോഗിക്കുവാൻ തയ്യാറാകണം. അതൊരുകാര്യം. മറ്റൊന്ന്, ആ ലോൺ ചീപ് ലോണായിരിക്കണം. പലിശ കുറഞ്ഞതായിരിക്കണം. ഇതു രണ്ടും നിങ്ങൾക്ക് പാലിക്കുവാൻ സാധിച്ചിട്ടുണ്ടോ ? ഇതു രണ്ടും പാലിച്ചിട്ടുണ്ടോ ? ഇപ്പോൾ ഇവിടെ കുറെ കണക്കുകൾ ഉദ്ധരിച്ചു. എടുക്കുന്ന തുകയുടെ 20 ശതമാനംപോലും വികസനത്തിനുവേണ്ടി വിനിയോഗിക്കുവാൻ പറ്റുന്നില്ല. പലിശ നിരക്ക് എന്താണ് എഴുതിയിരിക്കുന്നത് ? എത്ര കോടിരൂപയുടെ സാമ്പത്തിക ബാദ്ധ്യതയാണ് പലിശയിനത്തിൽ വന്നുകൊണ്ടിരിക്കുന്നത് ? സഹകരണ ബാങ്കിൽനിന്ന് വായ്പ എടുക്കുന്നുണ്ട്. കേരളത്തിൽ നിന്നുള്ളത് തീർന്നിട്ട് ബംഗാളിലും ഹരിയാനയിലുമുള്ള സഹകരണ ബാങ്കുകളിൽനിന്നും കടമെടുത്തിരിക്കുകയാണ്. എവിടേയ്ക്ക് പോവുകയാണ് നമ്മുടെ സ്ഥിതി ? നമ്മുടെ ജില്ലാ ബാങ്ക് മുഴുവൻ തിന്നുതീർത്തു. സംസ്ഥാന സഹകരണ ബാങ്ക് മുഴുവൻ തിന്നുതീർത്തു. പ്രൈമറി സൊസൈറ്റികളിൽനിന്ന് എല്ലാം വാങ്ങി. വെൽഫെയർ ബോർഡുകളിൽനിന്നെല്ലാം പണമെടുത്ത് ട്രഷറിയിൽ കൊണ്ടു പോയിട്ടിരിക്കുന്നു. ഇതൊന്നും പോരാത്തതുകൊണ്ട് ബംഗാളിൽ നിന്നും ഹരിയാനയിൽനിന്നും ലോൺ എടുത്തിരിക്കുന്നു. എസ്. ബി. റ്റി. യിൽ നിന്നും കെ. എസ്. എഫ്. ഇ. യെകൊണ്ട് ലോൺ എടുപ്പിച്ച് അവരുടെ അക്കൗണ്ടിൽ ഇട്ടിരിക്കുകയാണ്. അത് എന്നാണ് ട്രാൻസ്ഫർ ചെയ്യേണ്ടതെന്നുള്ള ഡേറ്റ് മാത്രം അറിയിച്ചാൽ മതി.

മി. സ്പീക്കർ : പ്ലീസ്.....

ശ്രീ. ഉമ്മൻചാണ്ടി : എവിടേയ്ക്കാണ് നിങ്ങൾ പോകുന്നത് ? എന്നിട്ട് ഭരണകക്ഷിയിലുള്ളവരെല്ലാം കൈയടിച്ചു കൊടുത്തില്ലേ ; എന്താണ് ചെയ്യുക ? ഈ നിലയിലുള്ള നിങ്ങളുടെ സമീപനം നമ്മുടെ സംസ്ഥാനത്തെ തകർത്തിരിക്കുകയാണ്. നിങ്ങൾ സത്യം മറച്ചുവയ്ക്കുന്നു. സത്യം സഭയിൽ നിന്ന് മറച്ചുവയ്ക്കുന്നു ; ജനങ്ങളിൽനിന്നും മറച്ചു വയ്ക്കുന്നു ; കണക്കുകളിൽ കസർത്തു കാണിക്കുന്നു. ഇക്കണോമിക് റിവ്യൂവിന്റെ പോലും ക്രെഡിബിലിറ്റി കളയുന്ന വിധത്തിൽ ബഡ്ജറ്റിന്റെ ക്രെഡിബിലിറ്റി കളഞ്ഞ്, എല്ലാം തകർത്തിരിക്കുന്ന സാഹചര്യത്തിലാണ് വന്നിരിക്കുന്നത്. അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിൽ "ഞാൻ വളരെ ചരിതാർത്ഥ്യത്തോടുകൂടി, അവസാനിപ്പിക്കുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത് എന്നുള്ളത് എനിക്ക് മനസ്സിലായിത്തുടങ്ങി. അങ്ങേയ്ക്ക് ഇനി ബഡ്ജറ്റ് അവതരിപ്പിക്കാൻ സാദ്ധ്യത ഉണ്ടാവില്ല എന്ന ഉറപ്പുണ്ട്. അങ്ങയുടെ പാർട്ടി ഒരു സെന്റ് ഓഫ് തരണമോ എന്നുള്ളതാണ്. ഏതായാലും ഇനിയും ഈ സംസ്ഥാനം നേരിടാൻ പോകുന്ന ഗുരുതരമായ സാമ്പത്തിക സാഹചര്യത്തെക്കുറിച്ച് വ്യാകുലപ്പെടേണ്ടതില്ല എന്നുള്ള സന്തോഷം അങ്ങേയ്ക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : യെസ് പ്ലീസ്.....

ശ്രീ. ഉമ്മൻചാണ്ടി : സർ, ഞാൻ ഒന്നുരണ്ട് പോയിന്റുകൾ കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. സ്റ്റേറ്റിന്റെ സാമ്പത്തികനില തകർത്തതിന്റെ, ഈ നാടിനെ തകർത്തതിന്റെ പാപഭാരം നിങ്ങൾ എവിടെ കുളിച്ചാലും മാറുകയില്ല എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തലശ്ശേരി ആശുപത്രിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി ശ്രീ. എസ്. ശർമ്മ അതിനു മറുപടി പറയാതെ ഒഴിഞ്ഞുമാറി. തനിക്ക് പങ്കില്ലാത്ത കാര്യത്തിൽ താൻ തലയിടണ്ട എന്ന് ധരിച്ചതുകൊണ്ടാകാം. പക്ഷെ ഈ സ്റ്റേറ്റിന്റെ താല്പര്യം. ശ്രീ. പിണറായി വിജയന്റെ ഒരു മറുപടിയിൽ 103 കോടിരൂപയുടെ ഒരു പ്രോജക്ടിനെപ്പറ്റി പറയുന്നു. 98 കോടിരൂപ ഒരു കമ്പനിയിൽ നിന്ന് ആശുപത്രി സ്ഥാപിക്കുവാൻ കൊടുക്കുമെന്ന് സഭയിൽ തന്ന മറുപടിയാണ്. അതുകഴിഞ്ഞ് അങ്ങ് തന്ന മറുപടിയിൽ 103 കോടി രൂപയുടെ പദ്ധതിയാണ്, 15 കോടിരൂപയോളം ചെലവഴിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഇതിന്റെ ബാക്കി സ്ഥിതി എന്താണ് ? ആദ്യം പറഞ്ഞ കമ്പനിയുടേതാണ്. ഇപ്പോൾ കമ്പനി എവിടെ നിന്നൊക്കെ ശേഖരിച്ചു തരുന്നു എന്നാണ് പറഞ്ഞത്. ഇത്ര പ്രധാനപ്പെട്ട ഒരു കാര്യം, ഇത്രയും തുക ചെലവഴിക്കേണ്ട കാര്യം സംബന്ധിച്ച് ടോക്കൺ ഗ്രാന്റുമായിട്ട് ഈ സഭയെപ്പോലും അറിയിക്കാതെ, ജനങ്ങളെപോലും അറിയിക്കാതെ, മുന്നോട്ടു പോകുന്നത് ശരിയാണോ ? ബഹുമാനപ്പെട്ട എസ്. ശർമ അങ്ങ് ഈ കാര്യങ്ങൾ ഗൗരവമായിട്ട് കാണണം. ഒഴിഞ്ഞുമാറാൻ സാധ്യമല്ല. കാരണം ഈ സ്റ്റേറ്റിനു കിട്ടുമെന്ന് പറഞ്ഞതാണ്. അതു നമുക്ക് നഷ്ടപ്പെടുന്നത് എങ്ങനെയാണ് ? ഒരു വിധത്തിലും ആ സമീപനങ്ങളോട് യോജിക്കുവാൻ നിവൃത്തിയില്ല. ഇവിടെ മോചനയാത്രയെക്കുറിച്ച് പറഞ്ഞു.

മി. സ്പീക്കർ : പ്ലീസ്.....

ശ്രീ. ഉമ്മൻചാണ്ടി : ഏറ്റവും ഒടുവിൽ ശ്രീ. ടി. കെ. ബാലന്റെ പ്രസംഗംവരെ കേട്ടപ്പോഴാണ് മോചന യാത്ര ഇത്രയധികം വെപ്രാളം ഉണ്ടാക്കിയിട്ടുണ്ടെന്ന് മനസ്സിലായത്. ഞങ്ങൾ പോലും നേരത്തേ മനസ്സിലാക്കിയില്ല. ഇവിടെ സംസാരിച്ച മുഴുവൻ ആളുകളും അതിനെക്കുറിച്ചാണ് പറഞ്ഞത്. ശ്രീ. ടി. കെ. ബാലൻ ഉൾപ്പെടെ പറഞ്ഞതെല്ലാംതന്നെ നിങ്ങൾക്ക് വോട്ടാക്കുവാൻ പറ്റുമോ എന്നുള്ളത് സംശയമാണ്. ഞാൻ ഒരു കാര്യം പറയാം. ഐക്യ ജനാധിപത്യമുന്നണി അതു എങ്ങനെ വോട്ടാക്കിമാറ്റും എന്നുള്ളതിനെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അതു വോട്ടായി മാറിയിരിക്കും. യാതൊരു സംശയവുമില്ല. കേന്ദ്രത്തിലെ ബി. ജെ. പി. ഗവൺമെന്റിനെതിരെ എന്താണ് ഞങ്ങൾ ഒന്നും പറയാത്തതെന്ന് ചോദിച്ചു. ഞങ്ങൾ പറയേണ്ട വിധത്തിൽ പറഞ്ഞിട്ടുണ്ട്, പറയുകയും ചെയ്യും. പക്ഷെ ബി. ജെ. പി. ക്ക് എതിരായിട്ടുള്ള സമ്മർദ്ദം, അതു തിരുവനന്തപുരത്ത് അല്ല നടത്തേണ്ടത്. അതു നടത്തേണ്ടത് ഡൽഹിയിലാണ്. 24-ാം തീയതി ഞങ്ങളുടെ നേതാവ് ശ്രീമതി സോണിയാ ഗാന്ധി പോയത് ബി. ജെ. പി. ഗവൺമെന്റിന്റെ കാർഷിക നയങ്ങൾക്കെതിരെ നടന്ന കർഷക റാലിയിൽ പങ്കെടുക്കുവാൻ വേണ്ടിയാണ്. പക്ഷേ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയേണ്ടത് നിങ്ങളുടെ ദുർഭരണത്തിനെതിരായി, നിങ്ങളുടെ അഴിമതിക്കെതിരായി, നിങ്ങളുടെ അക്രമരാഷ്ട്രീയത്തിനെതിരായിട്ടാണ്. അതു ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഇന്നലെ ശ്രീ. വി. എസ്. അച്യുതാനന്ദനെതിരായിട്ടുള്ള ആരോപണം വന്നപ്പോൾ ശ്രീ. എസ്. ശർമ്മ മറുപടി പറഞ്ഞു. .....(ബഹളം)..... നിങ്ങൾ അസ്വസ്ഥരാകുന്നത് എന്തിനാണ് ? ഞാൻ പറയുന്നത് കേൾക്കണം. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഈ സംസ്ഥാനത്തിന്റെ പ്രമുഖനായ ഒരു നേതാവാണ്. മാർക്സിസ്റ്റുപാർട്ടിയുടെ അനിഷേധ്യനായ നേതാവാണ്, പോളിറ്റ്ബ്യൂറോ അംഗമാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലുള്ള ഒരു നേതാവ്, അദ്ദേഹം സംശയങ്ങൾക്കുപോലും അതീതനായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ശ്രീ. കെ. പി. പി. നമ്പ്യാർ ഒരു ആരോപണം പുറത്ത് ഉന്നയിച്ചു. ശ്രീ. കെ. പി. പി. നമ്പ്യാർ കോൺഗ്രസ്സുകാരനല്ല. യു. ഡി. എഫ് അനുഭാവിയല്ല. അദ്ദേഹം ഇടതുപക്ഷക്കാരനാണെന്ന് അദ്ദേഹംതന്നെ പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബന്ധുവാണ് അദ്ദേഹം. ഈ ഗവൺമെന്റിൽതന്നെ ഉന്നതമായ ഒരു സ്ഥാനം വഹിക്കുന്ന ആളാണ് അദ്ദേഹം. ഇൻഫർമേഷൻ ടെക്നോളജിയുടെ ഉന്നതമായ ഒരു സ്ഥാനം വഹിക്കുന്ന വ്യക്തിയാണ് അദ്ദേഹം. അദ്ദേഹമാണ് ആക്ഷേപമുന്നയിച്ചത്. ഹൈക്കോടതിയുടെ ജുഡീഷ്യൽ സ്ക്രൂട്ടിണി കഴിഞ്ഞു. അതുകൊണ്ട് ഇനിയൊന്നും വേണ്ടതില്ല എന്നുള്ളതാണ് ശ്രീ. ശർമ്മയുടെ നിലപാട്. എനിക്കു പറയാനുള്ളത്, പൊതുപ്രവർത്തകർ സംശയങ്ങൾക്കുപോലും അതീതരായിരിക്കണം എന്നാണ്. അതുപോലെതന്നെയാണ് കുറ്റം ചെയ്യാത്ത ആളിനെതിരെ, തെറ്റ് ചെയ്യാത്ത ഒരാളിനെതിരെ ആക്ഷേപമുണ്ടാകാനും പാടില്ല. രണ്ടും ഒരുപോലെ പ്രാധാന്യം അർഹിക്കുന്നതാണ്. പൊതുപ്രവർത്തകർ സംശയങ്ങൾക്കതീതമായിട്ടു നിൽക്കണം, അതുപോലെ പൊതുപ്രവർത്തകരെ കരി തേച്ചു കാണിക്കാൻ, ചെയ്യാത്ത കുറ്റത്തിന് അവരെ ക്രൂശിക്കുന്ന സമീപനമുണ്ടാകാൻ പാടില്ല. ഇന്നലെ ശ്രീ. ശർമ്മ ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ ക്ലോസ് ചെയ്യത്തക്ക വിധത്തിലാണ് സംസാരിച്ചത്. പക്ഷെ ഹൈക്കോടതി വിധിക്കകത്ത് മൂന്നു മാസത്തിനകം ഇതു സംബന്ധിച്ച് ഒരു തീരുമാനമെടുക്കണമെന്നാണ് ഡയറക്ഷനുള്ളതെന്നു പറഞ്ഞു. ഹൈക്കോടതി ഇതു മുഴുവൻ കേട്ടിട്ട് ഞങ്ങൾക്ക് ഈ സ്റ്റേജിൽ ഇടപെടേണ്ട കാര്യമേയില്ല, ഞങ്ങൾ ഇടപെടുന്നില്ല എന്നല്ല പറഞ്ഞത്. മൂന്നു മാസത്തിനകം ഗവൺമെന്റ് തീരുമാനമെടുക്കുക എന്ന ഡയറക്ഷനോടുകൂടി അതു തന്നിരിക്കുകയാണ്. ഇവിടെ ജുഡീഷ്യൽ സ്ക്യൂട്ടണി കഴിഞ്ഞു, ഒരു തെറ്റും ചെയ്തിട്ടില്ല, നിരപരാധി ആണ് എന്നൊക്കെ പറയുന്നു. ഞാൻ നിഷേധിക്കുന്നില്ല. അതൊക്കെ ശരിയാണെങ്കിൽ എന്തിനാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലുള്ള ഒരു നേതാവിനെ ഈ സംശയങ്ങൾക്കിടയിലേയ്ക്ക് നിർത്തിക്കൊടുക്കുന്നത് ? അതാണ് ഞങ്ങൾ ചോദിക്കുന്നത്. ഇത് മാർക്സിസ്റ്റുപാർട്ടി അന്വേഷിക്കട്ടെ എന്നു പറഞ്ഞ് ശ്രീ. കെ. പി. പി. നമ്പ്യാർ വെല്ലുവിളിച്ചിരിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണം നടത്തിയാൽ അതിനു സമയമെടുക്കുമെന്നുള്ളതാണെങ്കിൽ പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടതുപോലെ നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിയമസഭയുടെ സമിതി എന്നുപറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് ഭൂരിപക്ഷമുള്ള സമിതിയാണ്. നിങ്ങൾ എന്തുകൊണ്ടാണ് അതും സമ്മതിക്കാത്തത് ? ഞാൻ ഇതൊരു മുൻവിധിയോടുകൂടി പറയുകയല്ല. പക്ഷെ നിങ്ങളെടുത്തിരിക്കുന്ന സമീപനം, അഴിമതിക്കെതിരെ എന്തു നടപടിയും സ്വീകരിക്കുമെന്നു പറയുന്ന ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ, മാർക്സിസ്റ്റുപാർട്ടിയുടെ സമീപനത്തിന് യോജിക്കാത്ത ഒരു സമീപനം നിങ്ങൾ സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇതു സംബന്ധിച്ച് അന്വേഷണം നടക്കണം. സംശയങ്ങൾക്കതീതരായി പൊതുപ്രവർത്തകർ നിൽക്കണമെന്നുള്ള തത്വത്തിന്റെ അടിസ്ഥാനത്തിൽ അത്തരമൊരു അന്വേഷണം വേണമെന്ന ആവശ്യമുന്നയിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.... ....(ബഹളം).....

ശ്രീ. ജി. സുധാകരൻ : സർ, ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി സംസാരിച്ചപ്പോൾ, ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ഇന്നലെ സഭയിൽ ഒരു ആരോപണമുന്നയിച്ചു എന്നു പറഞ്ഞു. ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരായി ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് അതു ഓർഡറിലല്ല, അതു രേഖയിൽനിന്നും നീക്കം ചെയ്യണം. ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ആരോപണം ഉന്നയിച്ചിട്ടില്ല.

മി. സ്പീക്കർ : ഇനി മന്ത്രിമാരുടെ മറുപടി.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ശർമ്മ) : സർ, ഇന്നലെ സഭയിൽ ഉയർന്നുവന്ന ചില ആക്ഷേപങ്ങളെ സംബന്ധിച്ച് വസ്തുതകളുടെ പിൻബലത്തിൽ അവ അടിസ്ഥാനരഹിതമാണെന്ന് ഞാൻ വ്യക്തമാക്കിയതാണ്. ഇപ്പോൾ ചർച്ച അവസാനിപ്പിച്ച ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി വേറൊരു രൂപത്തിൽ, പരാതി രൂപത്തിലോ, ആക്ഷേപ രൂപത്തിലോ സംശയങ്ങൾക്കിട നൽകി അവ വീണ്ടും അവതരിപ്പിച്ചിരിക്കുകയാണ്. ബഹുമാന്യനായ ഉമ്മൻചാണ്ടിയോട് ഞാൻ ചോദിക്കുകയാണ്. ശ്രീ. വി. എസ് അച്ചുതാനന്ദനെതിരായി ആരാണ് പരാതി ഉന്നയിച്ചിരിക്കുന്നത് ?

ശ്രീ. ഉമ്മൻചാണ്ടി : നിങ്ങൾക്കറിഞ്ഞുകൂടേ ?

ശ്രീ. എസ്. ശർമ്മ : ആരാണ് കേരളത്തിൽ ഉന്നയിച്ചിരിക്കുന്നതെന്നുള്ളത് പറയൂ ?

ശ്രീ. ഉമ്മൻചാണ്ടി : ശ്രീ. കെ. പി. പി. നമ്പ്യാർ ആണ്. മുഖ്യമന്ത്രിയുടെ ബന്ധു.

ശ്രീ എസ്. ശർമ്മ : ഇല്ല ആരു പറഞ്ഞു? ശ്രീ വി. എസ്. അച്ചുതാനന്ദനെതിരായി അഴിമതിയാരോപണം ശ്രീ. കെ. പി. പി. നമ്പ്യാർ, അദ്ദേഹത്തിന്റെ പത്രസമ്മേളനത്തിലോ, ഒരു സ്ഥലത്തും ഒരു ഘട്ടത്തിലും ഉന്നയിച്ചിട്ടില്ല. ഇതെന്താണ് ? ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി ഓടിച്ചിട്ടു തല്ലിക്കൊല്ലാമെന്ന് കണക്കാക്കിക്കൊണ്ടുള്ള ഹീനമായ.... .....(ബഹളം).... ശ്രീ. കെ. പി. പി. നമ്പ്യാർ പത്രസമ്മേളനത്തിലൂടെ പറഞ്ഞത്, വേറൊരു രൂപത്തിൽ വ്യാഖ്യാനിച്ച് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിച്ചു. വൈദ്യുതി മന്ത്രിയുടെ ഓഫീസിൽ ഈ ഫയലുകളെല്ലാം മുനഃപൂർവമായി കാലതാമസം വരുത്തിയിരിക്കുന്നു. മന്ത്രിശർമ്മയ്ക്ക് അതിനകത്ത് ഉത്തരവാദിത്വമുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതു സംബന്ധിച്ചുള്ള എല്ലാ ഫയലുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും പൂർണ്ണമായി പരിശോധിച്ചുകൊണ്ട് കേരളാ ഗവൺമെന്റിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ ശ്രീ. ദാമോദരനും വൈദ്യുതി ബോർഡിനുവേണ്ടി ബോർഡിന്റെ വക്കീലായ സുധാകരനും ഉന്നയിച്ച വാദഗതികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുകളെ മുൻനിർത്തി ഈ ഫയലുകളെല്ലാം ജുഡീഷ്യൽ സ്ക്രൂട്ടിണിക്ക് വിധേയമാക്കിക്കൊണ്ട് ഹൈക്കോടതി പൂർണ്ണമായി ശരിവയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ, ഫയലിൽ എങ്ങനെയാണ് നമ്പ്യാരുടെ ആരോപണവും നമ്പ്യാരുടെ പ്രസംഗങ്ങളും കിടക്കുന്നത് ? ഹൈക്കോടതി വിധി വന്നതിന്റെ രണ്ടാമത്തെ ദിവസമോ മൂന്നാമത്തെ ദിവസമോ ആണ് (കൃത്യമായി ഓർക്കുന്നില്ല) നമ്പ്യാർ അടിസ്ഥാനരഹിതമായിട്ടുള്ള ചില പ്രശ്നങ്ങളുന്നയിച്ചത്. ശ്രീ. കെ. പി. പി. നമ്പ്യാർതന്നെ പത്രക്കാർ ചോദിച്ചപ്പോൾ പറഞ്ഞത്, ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരായി ആരോപണമുന്നയിക്കുന്നില്ല, അദ്ദേഹത്തിന്റെ മകന്റെ കൂട്ടുകാരനെന്നു പറയുന്ന ശൈലേശ്വരൻ എന്നൊരാൾ ഒരു ഘട്ടത്തിൽ-നമ്പ്യാരോട് സംസാരിച്ചു എന്നല്ല പറഞ്ഞത്, മാനേജരോട് ഫോണിൽ സംസാരിച്ചു എന്താണ്. അച്ചുതാനന്ദന്റെ മകന്റെ കൂട്ടുകാരനാണെന്നു പറഞ്ഞുകൊണ്ടുള്ള ഒരു വ്യാഖ്യാനത്തിനാണ് നമ്പ്യാർ മുതിർന്നിരിക്കുന്നത്. നിങ്ങൾക്ക് ഇഷ്ടംപോലെ വ്യഖ്യാനിക്കാനും ഇഷ്ടംപോലെ വാദിക്കാനുമുള്ള ഒന്നല്ലല്ലോ ഇത്. സത്യം അസത്യമാകില്ലല്ലോ ; അസത്യം സത്യവുമാകില്ലല്ലോ. അതു രണ്ടും രണ്ടാണല്ലോ. ഈ കാര്യങ്ങളെല്ലാം വച്ചുകൊണ്ട് ഉയർന്നുവന്ന പ്രശ്നങ്ങളെക്കുറിച്ച് സഖാവ് വി. എസ്. അച്ചുതാനന്ദനും പത്ര സമ്മേളനം നടത്തി വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആരോപണം അദ്ദേഹത്തിനെതിരായി വന്നിട്ടുള്ളതല്ല. ശ്രീ. അച്ചുതാനന്ദന്റെ മകനെതിരായി ദുഃസൂചന വച്ചുകൊണ്ട് വന്ന ആരോപണത്തെത്തുടർന്നാണ് അദ്ദേഹം പത്രമ്മേളനം നടത്തിയത്. അത് ശ്രീ വി. എസ്. അച്ചുതാനന്ദനോട് പൊതുപ്രവർത്തനം അവസാനിപ്പിക്കാനും മറ്റും പറഞ്ഞതിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ്. കണ്ണൂർ പവർ പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ഹൈക്കോടതിയിൽ ജുഡീഷ്യൽ സ്ക്രൂട്ടിണിക്ക് വിധേയമാക്കി. ഒരുകാരണവശാലും കേരള ഗവൺമെന്റ് ഒരുതരത്തിലും ഡിലേയോ മനഃപ്പൂർവ്വമായ വീഴ്ചയോ വരുത്തിയെന്നോ നിരുത്തരവാദപരമായി പെരുമാറിയെന്നോ ഹൈക്കോടതി പറഞ്ഞിട്ടില്ല ; ഹൈക്കോടതി ഗവൺമെന്റിന്റെ വാദമുഖങ്ങൾ ശരിവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. എൽപാസ്സിനെ സംബന്ധിച്ചുള്ള കാര്യത്തെക്കുറിച്ച് മൂന്നുമാസത്തിനുള്ളിൽ ഗവൺമെന്റ് തീരുമാനമെടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് ഗവൺമെന്റിന്റെ എല്ലാ വാദങ്ങളും അംഗീകരിച്ചതിനുശേഷമാണ്. അതിന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയെപ്പോലെയുള്ള ഉന്നതമായ, ഈ സഭയിൽ ദീർഘകാലത്തെ പാരമ്പര്യമുള്ള, ഈ സംസ്ഥാനത്തെ ഉത്തരവാദപ്പെട്ട കോൺഗ്രസ്സിന്റെ ഒരു ഉയർന്ന നേതാവ് വേറൊരു രൂപത്തിൽ വ്യാഖ്യാനിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിച്ചത് അങ്ങയെക്കുറിച്ചുള്ള ധാരണയ്ക്ക് മങ്ങലേൽപ്പിക്കുന്നതും അങ്ങയെക്കുറിച്ചുള്ള ധാരണ ഒരു കാരണവശാലും ശരിയല്ലെന്ന് സ്ഥാപിക്കുന്നതുമാണ്. അങ്ങേയ്ക്ക് നിർബന്ധമാണെങ്കിൽ ആയിക്കോ, പക്ഷേ അങ്ങ് ഉന്നയിച്ചിരിക്കുന്നത് ഒരു പുകമറ സൃഷ്ടിക്കാൻ വേണ്ടി ബോധപൂർവ്വമായി പറഞ്ഞിട്ടുള്ള അടിസ്ഥാനരഹിതമായ ഒരു കാര്യമാണ്. അത് ഇന്നലെ ഞാൻ വ്യക്തമായി, ഏറെ സമയമെടുത്ത്, പറഞ്ഞിട്ടുള്ളതാണ്. ഇവിടെ മറ്റൊരു പ്രശ്നം ഉന്നയിക്കുകയുണ്ടായി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നലെ ഇതു പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു, ചെങ്കുളം, പന്നിയാർ, പള്ളിവാസൽ പ്രോജക്ടുകളുടെ കാര്യത്തെക്കുറിച്ച് ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരുപാട് പ്രാവശ്യം ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട് എന്ന്. ശ്രീ. പിണറായി വിജയൻ ഈ വകുപ്പിന്റെ ചുമതല വഹിക്കുമ്പോൾ അതുസംബന്ധിച്ചുള്ള മറുപടി അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. പിന്നീട് ഞാൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം സഭയിൽവന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ആവർത്തിച്ച് മറുപടിയിലൂടെ വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ വിവിധ ഘട്ടങ്ങളിലായി മറുപടി പറഞ്ഞിട്ടുള്ള ഒരു പ്രശ്നത്തെക്കുറിച്ച് വീണ്ടും അടിസ്ഥാനമില്ലാതെ ഒരു പുകമറ സൃഷ്ടിക്കാൻവേണ്ടി വീണ്ടും ഉന്നയിച്ചാൽ, അത് മറുപടി അർഹിക്കുന്നില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്. .....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഇവിടെ പുതുതായി അഴിമതി അരോപണം കൊണ്ടുവന്നതല്ല. 20-2-2001-ന് ശ്രീ. കെ. സി. ജോസഫ് ചോദിച്ച 347-ാം നമ്പർ ചോദ്യത്തിന് അങ്ങുതന്ന മറുപടി, ശ്രീ. പിണറായി വിജയൻ എടുത്തുവന്ന, തുടർന്നുവന്ന നയത്തിന് വിരുദ്ധമായും നടപടികൾക്ക് വിരുദ്ധമായും വന്നിരിക്കുകയാണ്. ശ്രീ. പിണറായി വിജയൻ സഭയിൽ പറഞ്ഞതാണോ കറക്ട്, അങ്ങ് ഇപ്പോൾ പറഞ്ഞതാണോ കറക്ട് എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇതുരണ്ടും രണ്ടാണ്. അങ്ങ് ഇപ്പോൾ തന്നിരിക്കുന്ന ഉത്തരമാണോ കറക്ട്, അതോ ശ്രീ. പിണറായി വിജയൻ നേരത്തെ തന്ന ഉത്തരമാണോ കറക്ട് എന്നുള്ളതാണ് പ്രശ്നം.

ശ്രീ. എസ്. ശർമ്മ : വ്യത്യാസം എന്താണെന്നു പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 20-2-2001-ലെ ശ്രീ. കെ. സി. ജോസഫിന്റെ 347-ാം നമ്പർ ചോദ്യം (എ) തലശ്ശേരിയിൽ ആരംഭിച്ച ക്യാൻസർ ആശുപത്രിയുടെ മൊത്തം എസ്റ്റിമേറ്റ് തുക എത്രയാണ് ? ഉത്തരം - 103 കോടി രൂപ. ഇതിൽ എത്ര കോടി രൂപ ഇപ്പോൾ ചെലവാക്കിയിട്ടുണ്ട് ? 15 കോടിയോളം രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്. ചോദ്യം (ബി) കാൻസർ ആശുപത്രിക്കും അനുബന്ധ പദ്ധതികൾക്കുംവേണ്ടി എസ്. എൻ.സി. ലാവ്‌ലിൻ എത്ര തുകയാണ് വാഗ്ദാനം നൽകിയിട്ടുള്ളത് ; ഇതിൽ എത്ര രൂപ ഇതിനകം നല്കി ; ബാക്കി തുക നൽകാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ? അങ്ങയുടെ ഉത്തരം, എസ്. എൻ. സി ലാവ്‌ലിൻ പ്രത്യേകമായി തുകയൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. അത് നേരത്തെ പറഞ്ഞതിന് വിരുദ്ധമാണ്. തുടർന്ന് അങ്ങുപറഞ്ഞു, എസ്. എൻ.സി. ലാവ്‌ലിൻ കാനഡയിലെ വിവിധ സർക്കാർ ഏജൻസികളിൽനിന്നും 98 കോടി രൂപ സമാഹരിക്കാമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിച്ചിട്ടുള്ളത് എന്ന്. ഇത് നേരത്തെ പറഞ്ഞ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ഇതിൽ 15 കോടി രൂപ കാനഡയിലെ ഏജൻസിയിൽ ആശുപത്രിക്കുവേണ്ടി ചെല വഴിച്ചു കഴിഞ്ഞുവെന്നും ബാക്കി തുക സ്വരൂപിക്കാനുള്ള ശ്രമത്തിലാണെന്നും അധികൃതർ സൊസൈറ്റി അധികൃതരെ അറിയിച്ചിട്ടുള്ളതാണ് എന്നുമാണ് പറഞ്ഞത് .....(ബഹളം)..... അദ്ദേഹം പറഞ്ഞിട്ടുള്ളതാണോ ഗവൺമെന്റിന്റെ സ്റ്റാൻഡ് ? ശ്രീ. ബി. വിജയകുമാർ, ശ്രീമതി ശോഭനാ ജോർജ്, ശ്രീ. കെ. മുഹമ്മദാലി എന്നിവരുടെ 28-7-1998-ലെ 3082-ാം നമ്പർ ചോദ്യത്തിന് ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി ഇങ്ങനെയാണ് : പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ ജോലിക്കുള്ള കോൺട്രാക്ട് കാനഡയിലെ എസ്. എൻ. സി. ലാവ്‌ലിനാണ് നൽകിയിട്ടുള്ളത്. 10-8-1995-ൽ എസ്. എൻ. സി. ലാവ്‌ലിനിൽനിന്നും വാങ്ങി ഒപ്പുവച്ച ധാരണാ പത്രത്തെത്തുടർന്ന് ടെണ്ടർ വിളിക്കാതെയാണ് പ്രസ്തുത ജോലികൾ കൊടുത്തത്. ആ കാര്യത്തിൽ ഞങ്ങൾക്കൊക്കെ ഡിസ്പ്യൂട്ടുണ്ട്. 343.98 കോടി രൂപയാണ് പ്രസ്തുത പണികൾക്കു വേണ്ടി കാനഡയിലെ എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന.... അത് കനേഡിയൻ ഡോളറിനെക്കുറിച്ചാണ് പറയുന്നത്. കൂടാതെ തലശ്ശേരിയിൽ ഒരു കാൻസർ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ റിപ്പോർട്ടനുസരിച്ച് 98.3 കോടി രൂപ അവർ തരാമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാണ് പറയുന്നത്. ഇതിൽ ഏതാണ് കറക്ട് ? .....(ബഹളം).....

ശ്രീ. എസ്. ശർമ്മ : സർ, 98.3 കോടി രൂപ തരാമെന്ന് പറഞ്ഞിട്ടുണ്ട് എന്നല്ലേ ? അങ്ങ് ഇന്നലെ പറഞ്ഞതെന്താണ് ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നലെ പറഞ്ഞതിനെ അടിസ്ഥാനമാക്കി, തെറ്റായി വ്യാഖ്യാനിച്ചുകൊണ്ട് മല യാള മനോരമയിൽ വന്നിട്ടുണ്ട്. അതാണല്ലോ ഇന്നലത്തെ പ്രധാന ചോദ്യം. തലശ്ശേരി ക്യാൻസർ ആശുപത്രിക്ക് 100 കോടി രൂപ നൽകിയെന്ന മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. പിണറായി വിജയന്റെ പ്രഖ്യാപനം ശരിയായിരുന്നില്ലായെന്ന് മന്ത്രി ശർമ്മ മറുപടി നൽകിയതിന്റെ നിയമസഭാ ചോദ്യോത്തര രേഖ എന്നാണ് എഴുതിയിരിക്കുന്നത്. ശ്രീ. പിണറായി വിജയന്റെ പ്രഖ്യാപനം ശരിയായിരുന്നില്ലായെന്ന് മന്ത്രി ശർമ്മ ഈ സഭയിൽ ഇന്നലെ എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ ? .....(ബഹളം)..... ആ മറുപടി കറക്ടാണ് .....(ബഹളം)..... ആ രണ്ടു മറുപടിയിലും ഒരു തെറ്റുമില്ല. ഇനി കഴിഞ്ഞ ദിവസം ഞാൻ തന്നിട്ടുള്ള മറുപടി. അതിന്റെ തുടർച്ചയിൽ ഇന്നത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള മറുപടിയാണ്, യാതൊരു തെറ്റും ആ മറുപടിയിലില്ല. .....(ബഹളം)..... ഇതുസംബന്ധിച്ച് ശ്രീ. പിണറായി വിജയൻ സഭയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണ്. ശ്രീ. പിണറായി വിജയൻ കാനഡ ഏജൻസികളുമായി ഉണ്ടാക്കിയിട്ടുള്ള ധാരണാപത്രത്തെ സംബന്ധിച്ച് ഈ സഭയിൽ കൊടുത്തിട്ടുള്ള മറുപടി ശരിയാണ്. 103 കോടി രൂപയാണ് പ്രോജക്ട് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, പോയിന്റ് ഓഫ് ഓർഡർ .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : നോ പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ചില കാര്യങ്ങൾ ഉന്നയിച്ചു. അതിനെക്കുറിച്ചുള്ള മന്ത്രിയുടെ മറുപടിയാണ്. മറുപടി പറയാൻ അദ്ദേഹത്തെ അനുവദിക്കണം. അതുകഴിഞ്ഞ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം.

ശ്രീ. എസ്. ശർമ്മ : ശ്രീ. പിണറായി വിജയൻ ചോദ്യത്തിന് നൽകിയിട്ടുള്ള മറുപടി ശരിയാണ്. അതിന്റെ ബേസിസിൽ നൽകിയിട്ടുള്ള മറുപടിയാണിത് .....(ബഹളം).....

മി. സ്പീക്കർ : ഇങ്ങനെ മുന്നോട്ടുപോകാൻ പറ്റില്ല. ഇവിടെ ബഡ്ജറ്റ് ചർച്ച നടന്നു, എല്ലാവരും ചർച്ചയിൽ പങ്കെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ മറുപടി പറയാനുള്ള അവകാശം ബന്ധപ്പെട്ട മന്ത്രിമാർക്കുണ്ട്. അതിനുള്ള അവസരം കൊടുക്കണം, അതിൽ ഇടപെടാൻ പാടില്ല. ഇവിടെ ഉന്നയിച്ചിട്ടുള്ള, ചോദ്യത്തിന് നൽകിയ ഉത്തരത്തെ സംബന്ധിച്ച് തർക്കങ്ങളുണ്ടാകാം. തർക്കങ്ങളുണ്ടെങ്കിൽ ഈ ചർച്ചയ്ക്കുശേഷം വേണമെങ്കിൽ ക്ലാരിഫിക്കേഷൻ ചോദിക്കാം. ക്ലാരിഫിക്കേഷൻ തൃപ്തികരമല്ലെങ്കിൽ, ഉത്തരത്തിൽ എന്തെങ്കിലും മൂടിവയ്ക്കുകയോ അല്ലെങ്കിൽ എന്തെങ്കിലും വ്യത്യാസം വരികയോ ചെയ്താൽ നടപടിക്രമങ്ങളനുസരിച്ച് നിങ്ങൾക്ക് ചോദ്യം ചെയ്യാം. അവകാശലംഘനത്തിന് നോട്ടീസ് കൊടുക്കാം. അതിനെല്ലാം നടപടിക്രമങ്ങളുണ്ട്. ഇല്ലാതെ ഒച്ചപ്പാടുണ്ടാക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് പോകരുത്. അദ്ദേഹത്തിന് മറുപടി പറയാനുള്ള അവസരമാണ്, അദ്ദേഹത്തെ അതിന് പൂർണ്ണമായി അനുവദിക്കണം, അതുകഴിഞ്ഞതിനു ശേഷമല്ലാതെ ഇടപെടരുത്. ഇത് ഞാൻ രണ്ടുമൂന്ന് പ്രാവശ്യമായി പറയുകയാണ്.

ശ്രീ. എസ്. ശർമ്മ : ചെങ്കുളം, പന്നിയാർ, പള്ളിവാസൽ എന്നീ പദ്ധതികളുടെ നവീകരണത്തിനുവേണ്ടി 1995 ആഗസ്റ്റ് 10-നാണ് എം. ഒ. യു. ഒപ്പിട്ടിട്ടുള്ളത്. അന്ന് ബഹുമാന്യനായ പത്മരാജനായിരുന്നു മന്ത്രി എന്ന കാര്യം പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ട്, ഇവിടെ പറയുന്നതായ അടിസ്ഥാന എഗ്രിമെന്റ് വച്ചത് 24-2-1996-ലാണ്. എന്റെ സ്നേഹിതൻ ശ്രീ. ജി. കാർത്തികേയനായിരുന്നു അന്ന് മന്ത്രി. 243 കോടി രൂപയോളം അതിനു ചെലവു വരുമെന്നാണ് കണക്കാക്കിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1996 ഒക്ടോബറിൽ കാനഡ സന്ദർശിച്ച മുൻ വിദ്യുച്ഛക്തിവകുപ്പു മന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ ഫലമായി പദ്ധതി ചെലവിൽ മുൻപത്തെ ഗവൺമെന്റ് കണക്കാക്കിയിരുന്നതിനേക്കാൾ 12.5 കോടി രൂപ കുറയ്ക്കുകയാണ് ചെയ്തതത്. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്റ്റേറ്റിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് സ്വീകരിച്ചിട്ടുള്ള നടപടികളാണ് വിദേശ ഉപകരണങ്ങൾ വാങ്ങുന്നതിന്റെയും മറ്റും എണ്ണം കുറച്ചും കൺസൾട്ടൻസി ചാർജ്ജിനത്തിൽ കുറവു വരുത്തിയുമാണ് പന്ത്രണ്ടരക്കോടി രൂപയുടെ നേട്ടം ഈ ഗവൺമെന്റ് സംസ്ഥാനത്തിനുണ്ടാക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ താല്പര്യം മുൻനിർത്തിയാണ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വസ്തുതകൾ ഇതായിരിക്കെ നിങ്ങൾ എം. ഒ. യു. ഒപ്പുവച്ചു. കരാർ നിങ്ങളുടെ കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ച് ഒപ്പുവച്ച്, അങ്ങനെ തീരുമാനിച്ച ഒരു പദ്ധതിയിൽ 12.5 കോടിയോളം രൂപയുടെ .....(ബഹളം)..... പദ്ധതിയുടെ കാര്യത്തിൽ ചെലവു കുറച്ച, പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ച ഈ ഗവൺമെന്റിനെ വിമർശിക്കാൻ ഏതെങ്കിലും തരത്തിലുള്ള ധാർമ്മികമായ അവകാശം ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനില്ല എന്ന കാര്യം വിനയപുരസ്സരം അറിയിച്ചുകൊള്ളട്ടെ. പദ്ധതിച്ചെലവിനെ സംബന്ധിച്ചു പഠിക്കാൻ നിങ്ങളുടെ കാലത്തുതന്നെ ഇലക്ട്രിസിറ്റി ബോർഡ് റിട്ടയേർഡ് ചീഫ് എൻജിനീയർ ശ്രീ. ജി. രാധാകൃഷ്ണപിള്ളയെ ചുമതലപ്പെടുത്തിയിരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷനെക്കൊണ്ട് പരിശോധിപ്പിച്ചു. ഇതിനായി കണക്കാക്കപ്പെട്ടിട്ടുള്ള ചെലവും അന്താരാഷ്ട്ര നിലവാരവുമായി ഒത്തുചേരുന്നതാണെന്ന് എൻ.എച്ച്.പി.സി. സാക്ഷ്യപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ നവീകരണ പദ്ധതിക്കുള്ള വർക്ക് കൊടുത്തിട്ടുള്ളത്. ഇടുക്കി പദ്ധതി മുതൽ നാളിതുവരെയായി കേരളാ ഗവൺമെന്റും കനേഡിയൻ ഗവൺമെന്റും ഇലക്ട്രിസിറ്റി ബോർഡുമെല്ലാമായി നിലനിന്നു വന്നിരുന്ന ബന്ധത്തിന്റെയും അതിലൂടെ വളർന്നുവന്നിട്ടുള്ള വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ മലബാറിൽ ഒരു ക്യാൻസർ ആശുപത്രി സ്ഥാപിക്കുന്നതിന് അവർ താല്പര്യം പ്രകടിപ്പിക്കുകയുണ്ടായി. ആശുപത്രി സ്ഥാപിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് അവർ സമർപ്പിക്കുകയുണ്ടായി. (അവിടത്തെ കനേഡിയൻ ഏജൻസി). അതിന്റെ അടിസ്ഥാനത്തിൽ (...ബഹളം...) എസ്.എൻ.സി ലാവ്‌ലിന് പിന്നീട് അവർ കൊടുത്തതാണ്. നിങ്ങൾ വല്ലതും മനസ്സിലാക്കിയിട്ടാണോ ഈ പറയുന്നത് ? ഞാൻ പറഞ്ഞു കഴിഞ്ഞതിനുശേഷം പറയുക. ഞാൻ വഴങ്ങാം. നിങ്ങളുടെ സംശയം തീർക്കാം. സംശയം തീർക്കുന്നതിന് യാതൊരു പിശുക്കും ഞാൻ കാണിക്കാൻ ഉദ്ദേശിച്ചിട്ടില്ല. അങ്ങനെ സംശയിച്ചിട്ടു പോകേണ്ട ഒരുകാര്യവും ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഇല്ല എന്നുള്ള കാര്യം വ്യക്തമാക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 25-4-1998-ൽ എം. ഒ. യു. ഒപ്പുവച്ചു. ശ്രീ. പിണറായി വിജയന്റെ മറുപടിയിൽ പറഞ്ഞിട്ടുള്ളത് അതാണ്. ഈ എം. ഒ.യു. പ്രകാരം 5 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ കേരള ഗവൺമെന്റ് ചെയ്തുകൊടുത്താൽ 103 കോടി രൂപ ചെലവുവരുന്ന ആശുപത്രി നിർമ്മിച്ചു നൽകാമെന്നാണ് എസ്. എൻ. സി. ലാവ്‌ലിൻ സമ്മതിച്ചിട്ടുള്ളത്. 5 കോടി രൂപ കഴിച്ച് ബാക്കി വരുന്ന 98 കോടി രൂപ കനേഡിയൻ ഗവൺമെന്റ് ഏജൻസിയായ 'സിഡ', മറ്റു വിവിധ പ്രവിശ്യാ ഏജൻസികളിൽ നിന്നു സമാഹരിച്ചു നൽകാമെന്നാണ് അറിയിച്ചിട്ടുള്ളത്, നൽകുമെന്നാണ് പറഞ്ഞിട്ടുള്ളതെന്നാണ് പിണറായിയുടെ മറുപടി. ശ്രീ. പിണറായി വിജയന്റെ മറുപടി ശരിയാണ് എന്നാണ് ഞാൻ പറഞ്ഞത്. ഇതിനിടയിൽ 15 കോടി രൂപ ആശുപത്രിയുടെ 1-ാം ഘട്ടത്തിന്റെ വികസനത്തിനായി ചെലവഴിച്ചിട്ടുള്ളതാണെന്നാണ് പറഞ്ഞിട്ടുള്ളത്. അതാണ് ഞാൻ പറഞ്ഞ മറുപടിയിലെ 15 കോടി രൂപ. അപ്പോൾ ആ മറുപടിയും ശരിയാണ്. അതിന്റെ തുടർച്ചയായി ചെലവഴിച്ചിട്ടുള്ള തുക ഇതാണ്. ബാക്കി തുക അടുത്ത ഘട്ടത്തിന്റെ നിർമ്മാണത്തോടെ ചെലവാക്കുമെന്നാണ് എസ്.എൻ.സി. ലാവ്‌ലിൻ സമ്മതിച്ചിട്ടുള്ളത്. ഇതിനുവേണ്ടി എസ്. എൻ. സി ലാവ്‌ലിൻ പണം തരുമെന്നല്ല. 1998-ൽ ഒപ്പുവച്ച എം. ഒ. യു. പ്രകാരം പണം ഇങ്ങോട്ടു

LIBRARY ARCHIVES Kerala Legislative Assembly

തരികയാണ്. കേരള ഗവൺമെന്റിനും ഇലക്ട്രിസിറ്റി ബോർഡിനും പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് 5 കോടി രൂപ മന്ത്രിസഭ തീരുമാനിച്ച് കൊടുത്തത് ഒഴിച്ചാൽ ബാക്കി 98 കോടിയോളം രൂപ അവർ കാനഡയിലെ വിവിധ പ്രവിശ്യാ ഏജൻസികളിൽനിന്ന് സമാഹരിച്ച് ഓരോ ഘട്ടത്തിലായി 103 കോടിയോളം രൂപ ചെലവു വരുന്ന, അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ആശുപത്രിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു സാധിക്കുമെന്ന് കണക്കാക്കുന്ന, ആ ബഡ്ജറ്റിനാണ് 1998-ൽ ചേർന്ന മന്ത്രിസഭായോഗം അംഗീകാരം കൊടുക്കുകയും 1998-ൽ അവരുമായി എം. ഒ. യു. വിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുള്ളത്. ഇതിനു വിവിധ ഏജൻസികളിൽനിന്നും ശേഖരിച്ച പണം ചെലവഴിച്ച് ആശുപത്രിയുടെ പണി പൂർത്തിയാക്കുക എന്നാണ്, അല്ലാതെ കാശു വാങ്ങിയിട്ട് ആശുപത്രി പണിയാതിരിക്കുക എന്നുള്ള ഒരു ധാരണയുമുണ്ടായിട്ടില്ല. അവർ പണി പൂർത്തിയാക്കി ഏൽപ്പിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ബോർഡിനോ ഗവൺമെന്റിനോ മേൽപ്പറഞ്ഞ.....(ബഹളം)..... ഒരു നയാ പൈസ പോലും ഗ്രാന്റായി നമ്മൾ വാങ്ങുന്നില്ല. ഈ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 103 കോടി രൂപ ചെലവുവരും. അഞ്ചു കോടി രൂപയ്ക്ക് മന്ത്രിസഭ ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കി 98 കോടി രൂപയാണ് ചെലവു വരുന്നത്. ആദ്യഘട്ടമായി 15 കോടി രൂപയോളമാണ് ചെലവഴിച്ചിട്ടുള്ളത്. ഇതാണ് ശ്രീ. പിണറായി വിജയൻ പറഞ്ഞ 103 കോടി രൂപ. ഞാൻ പറഞ്ഞ 15 കോടി രൂപ അവരാണ് ചെലവഴിക്കുന്നത്. അവരാണ് ടെന്റർ വിളിക്കുന്നത്. അവരാണ് ടെക്നിക്കൽ കൺസൾട്ടൻസിയെ വയ്ക്കുന്നത്. അവരാണ് ഇതിന്റെ നടപടികളുമായി മുന്നോട്ടു പോകുന്നത്, പൂർത്തീകരിക്കുന്നത്. അവർ സമർപ്പിച്ചിട്ടുള്ള പ്രോജക്ടിൽ 103 കോടി രൂപ ചെലവു വരുമെന്ന് കണക്കാക്കിയിട്ടുള്ള നപടികൾക്കാണ് കേരള ഗവൺമെന്റും പവർ ഡിപ്പാർട്ടുമെന്റും അവരും തമ്മിൽ എം. ഒ. യു. വിൽ ഒപ്പു വച്ചിട്ടുള്ളത്. 1998 ഫെബ്രുവരിയിൽ മന്ത്രിസഭ വിശദമായി ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്. തലശ്ശേരി, കണ്ണൂർ ആശുപത്രികൾക്കുവേണ്ടി 100 കോടി രൂപ (എസ്. എൻ.സി. ലാവ്‌ലിൻ) നൽകി എന്ന് മുൻമന്ത്രി പിണറായി വിജയൻ പറഞ്ഞു എന്നും എന്നാൽ 15 കോടി രൂപയേ ലഭിച്ചിട്ടുള്ളൂവെന്ന് ഞാൻ മറുപടിയിൽ പറഞ്ഞു എന്നും തെറ്റായി വ്യാഖ്യാനിച്ച് സഭയേയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നടത്തിയിരിക്കുന്നത്. മലയാള മനോരമ വ്യാഖ്യാനിച്ചിരിക്കുന്നു, എസ്. എൻ. സി. ലാവ്‌ലിനു ഇത്രയും തുക 'നൽകും' എന്ന് പറയുന്നതും 'നൽകി' എന്നു പറയുന്നതും രണ്ടും രണ്ടാണ്. നൽകി എന്ന് മുൻമന്ത്രി ഈ സഭയിലോ ചോദ്യോത്തര ഘട്ടത്തിലോ, പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ഉമ്മൻചാണ്ടിയും, പിണറായി വിജയൻ നൽകും എന്ന് ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതിനെ വ്യാഖ്യാനിച്ചുകൊണ്ട് 'നൽകി' എന്നു പറഞ്ഞു. 'നൽകി' എന്നു പറഞ്ഞിട്ടുണ്ടോ ? ഉണ്ടെങ്കിൽ നിങ്ങൾ ആവർത്തിക്കൂ. ശ്രീ. പിണറായി വിജയൻ മുറുപടിയിൽ 'നൽകി' എന്ന് പറഞ്ഞിട്ടുണ്ടോ, ഉണ്ടെങ്കിൽ നിങ്ങൾ ആവർത്തിക്കൂ. അതുകൊണ്ട് ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി ഓടിച്ചിട്ടു തല്ലിക്കൊല്ലാമെന്ന് കണക്കാക്കുന്നുവെങ്കിൽ ഈ കേരളത്തിലെ ജനങ്ങൾ വിഡ്ഢികൾ അല്ലെന്നു

LIBRARY ARCHIVES Kerala Legislative Assembly

തെളിയിക്കും. ജനങ്ങളിൽനിന്നും ഒറ്റപ്പെട്ട പ്രതിപക്ഷം അപവാദ പ്രചാരണങ്ങളിലൂടെ, ഈസംസ്ഥാനത്തെ ഊർജ്ജ മേഖലയിൽ കൈവരിച്ച നേട്ടങ്ങളുടെ ചരിത്രത്തിൽ, ഒരു വികസനത്തിന്റെ കുതിച്ചു ചാട്ടം കൈവരിച്ച ഈ സംസ്ഥാന ഗവൺമെന്റിനെ സമൂഹമദ്ധ്യത്തിൽ ഇടിച്ചു കാണിക്കാൻ നടത്തുന്ന ശ്രമം, ആ ശ്രമത്തെ പ്രോത്സാഹിപ്പിക്കുന്ന (മലയാള മനോരമയുടെ വ്യാഖ്യാനം ധാരാളമുണ്ടല്ലോ ?) ആ പ്രവണത കേരളത്തിലെ ജനങ്ങൾ തള്ളിക്കളയുമെന്നുള്ള ഉത്തമ വിശ്വാസം എനിക്കുള്ളതുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ എന്റെ കൈയിൽ....

5 P.M.]

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ക്രമപ്രശ്നം എന്താണ് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഗവൺമെന്റിന്റെ കൈയിൽ ഒരു റിക്കാർഡ് ഉണ്ട്. പബ്ലിക് ഡോക്യുമെന്റാണ്, അവരുമായി ഒപ്പുവച്ചത്. ആ ആക്ച്വൽ പൊസിഷനിൽ നിന്നും ഈ സഭയെ തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിൽ മന്ത്രി പറഞ്ഞ മൂന്ന് എറേഴ്സുണ്ട്. .....(ബഹളം).....

മി. സ്പീക്കർ : അങ്ങനെ മന്ത്രി പറഞ്ഞെങ്കിൽ മന്ത്രിക്കെതിരെ അവകാശ ലംഘനത്തിനുള്ള നോട്ടീസ് കൊടുക്കണം..... .....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പിരിയാൻ പോകുന്ന സഭയ്ക്കകത്ത് അത് നടക്കുമോ .....(ബഹളം).....

പ്രൊഫ. എ. വി. താമരാക്ഷൻ : സർ,.....

മി. സ്പീക്കർ : അവകാശ ലംഘനത്തിന് മന്ത്രിക്കെതിരെ നോട്ടീസ് കൊടുക്കുക .....(ബഹളം)..... പ്രൊഫ. എ. വി. താമരാക്ഷന്റെ പ്രശ്നം എന്താണ് ?.....

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ 24-2-1996-ലാണ് ബേസിക്കായിട്ടുള്ള കരാർ ഉണ്ടായതെന്ന് പറഞ്ഞു. അത് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്താണ്. എൽ. ഡി. എഫ്. ഗവൺമെന്റ് വന്നതിനുശേഷം ബാലാനന്ദൻ ചെയർമാനായ കമ്മിറ്റിയെവച്ച് ആ കമ്മിറ്റി പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികൾക്ക് നവീകരണം ആവശ്യമില്ലെന്നും അറ്റുകുറ്റപ്പണി നടത്തിയാൽ മതിയെന്നുമുള്ള തരത്തിലുള്ള റിപ്പോർട്ട് കൊടുത്തതിനുശേഷം ആ റിപ്പോർട്ട് വച്ചുകൊണ്ട് ശ്രീ. പിണറായി വിജയൻ മന്ത്രിയായിരിക്കുമ്പോൾ രണ്ടുപ്രാവശ്യം ഈ ബേസിക് എഗ്രിമെന്റിൽ മാറ്റം വരുത്തിയോ ? .....(ബഹളം)..... ബേസിക് എഗ്രിമെന്റിൽ രണ്ട് പ്രാവശ്യം മാറ്റം വരുത്തിയോ? .....(ബഹളം).....

മി. സ്പീക്കർ : ഇതൊരു ഡിബേറ്റാണ്, നോ ക്വസ്റ്റ്യൻ ഓഫ് ക്ലാരിഫിക്കേഷൻ.....

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ. വി. താമരാക്ഷൻ : ബേസിക് എഗ്രിമെന്റിൽ രണ്ട്പ്രാവശ്യം മാറ്റം വരുത്തി. ആ മാറ്റം പറയണം..... .....(ബഹളം).....

മി. സ്പീക്കർ : അത് ക്ലാരിഫിക്കേഷന്റെ വിഷയമല്ല, ഡിബേറ്റ്സിന്റെ വിഷയമാണ്..... .....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നമുക്ക് കോർട്ടിൽ കാണാം.....

മി. സ്പീക്കർ : ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2001-2002 വർഷത്തേയ്ക്കുള്ള ഇടക്കാല ബഡ്ജറ്റ്... .....(ബഹളം)..... .....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ് hear me. .....(ബഹളം)..... ബഡ്ജറ്റ് ചർച്ചയിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയാണ് ബഡ്ജറ്റ് ചർച്ചയിൽ വളരെ പ്രധാനപ്പെട്ട കാര്യം. അദ്ദേഹം മറുപടി തുടങ്ങിയിട്ടുപോലുമില്ല. തുടങ്ങാൻ പോകുന്നതേയുള്ളൂ. അത് കേൾക്കുക, ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി കേട്ടിട്ട് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ചോദിക്കുക .....(ബഹളം)..... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി... അദ്ദേഹത്തെ മറുപടി പറയാൻ അനുവദിക്കുക.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഈ ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ചർച്ചയിൽ അവസാനമായി സംസാരിച്ച ബഹുമാന്യനായ ഉമ്മൻചാണ്ടി പറഞ്ഞ ചില കാര്യങ്ങൾക്കുള്ള ചില വിശദീകരണങ്ങൾ ആദ്യം പറയാം. കാരണം ഇലക്ഷന് മുൻപുള്ള സമ്മേളനമായതുകൊണ്ടായിരിക്കാം അദ്ദേഹത്തിൽ നിന്നും പ്രതീക്ഷിക്കാത്ത രീതിയിൽ, കാര്യങ്ങൾ വളച്ചൊടിച്ച് when he has no case, confuse. എന്നൊരു പഴഞ്ചൊല്ലുണ്ട്. അതുപോലെ ആകെ ഒരു പുകമറ സൃഷ്ടിക്കുകയാണ് ചെയ്തത്. ഞാൻ ക്ലിയറായിട്ട് പറയാം ; ശ്രീ. ഉമ്മൻചാണ്ടിയെപ്പോലുള്ള ഒരാൾക്ക് യോജിക്കാത്ത രീതിയിലാണ് അദ്ദേഹം കാര്യങ്ങൾ പറഞ്ഞത്. ഇത് ഫിനാൻസ് സെക്രട്ടേറിയറ്റിൽ തയ്യാറാക്കിയ ബഡ്ജറ്റ് അല്ല ; ഏതോ ഫിഷ് മാർക്കറ്റിൽനിന്നും ഉണ്ടാക്കിയതാണെന്ന അർത്ഥത്തിൽപ്പോലും അദ്ദേഹം പറയുകയുണ്ടായി. ആ പറഞ്ഞത് അവാസ്തവമാണ്, ഞാൻ നിഷേധിക്കുന്നു. എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്തുകൊണ്ട് ഞാൻ പറയുന്നു, ഈ ബഡ്ജറ്റ് സമ്പൂർണ്ണമായി ഫിനാൻസ് സെക്രട്ടേറിയറ്റിൽവച്ച് തയ്യാറാക്കിയതാണ്. വിശ്വസിക്കാമെങ്കിൽ വിശ്വസിച്ചാൽ മതി. ഇത് വേറെ എവിടെ നിന്നോ, ആകാശത്തുനിന്ന് വന്നതാണെന്നും മറ്റും ശ്രീ. ഉമ്മൻചാണ്ടിയെപ്പോലുള്ള ആളുകൾ പറയുമ്പോൾ പരിചയമില്ലാത്ത ആളുകളെക്കൊണ്ട് പറയിപ്പിച്ചാൽ ശരി മനസ്സിലാക്കാം, പക്ഷെ ശ്രീ. ഉമ്മൻചാണ്ടിയിൽനിന്നും ഞാൻ ഇത് പ്രതീക്ഷിച്ചില്ല. അദ്ദേഹം പറഞ്ഞ ഒന്ന് രണ്ട് കാര്യങ്ങളെക്കുറിച്ച് പറയാം. തെറ്റായ സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിലാണ് ഈ ബഡ്ജറ്റിൽ ചില ആർഗ്യുമെന്റുകൾ മുന്നോട്ടു വച്ചിട്ടുള്ളത് എന്നദ്ദേഹം പറഞ്ഞു. ബഡ്ജറ്റിൽ കൊടുത്തിട്ടുള്ള സർവ്വ ഫിഗേഴ്സും വളരെ ആതന്റിക്കേറ്റഡായി വളരെ വളരെ വിലമതിപ്പുള്ള,

LIBRARY ARCHIVES Kerala Legislative Assembly

ഇക്കണോമിസ്റ്റ് അംഗീകരിക്കുന്ന രേഖകളിൽ നിന്നാണ് ഞാൻ കാട്ട് ചെയ്തിരിക്കുന്നത്, സ്റ്റേറ്റ് ഗവൺമെന്റിന്റേയോ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റേയോ കണക്കുകളിൽ നിന്നല്ല. പേജ് 15 ടേബിൾ 2.1, ടേബിൾ 2.2 ഇതെല്ലാം എന്താണ് സൂചിപ്പിക്കുന്നതെന്ന് ചോദിച്ചാൽ, വളർച്ചാ നിരക്കിന്റെയൊക്കെ, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ ഫിഗേഴ്സ് ആണ്. ഏറ്റവും ക്രെഡിബിലിറ്റിയുള്ള സംഘടനയാണ്. അത് ഇല്ല എന്ന് നമ്മളാരും പറഞ്ഞാൽ ഇല്ലാതാകുകയില്ല. അതുപോലെതന്നെ പേജ് 17, ടേബിൾ 2.5, അതിൽ ഒരേ സ്റ്റേറ്റ്വൈസ് ഗ്രോത്ത് റേറ്റാണ് കൊടുത്തിട്ടുള്ളത്. അത് ഹാൻഡ് ബുക്ക് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ഓൺ ഇൻഡ്യൻ ഇക്കോണമി 2000, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ എന്ന ബുക്കിൽ നിന്നും എടുത്തിട്ടുള്ളതാണ്. അത് ഫേക്ക് ഡോക്കുമെന്റ് ആണെന്നു പറഞ്ഞാൽ എനിക്ക് അതു സംബന്ധിച്ച് ഒന്നും പറയാനില്ല. ഞാൻ ഇനി ഓരോന്ന് പറയുമ്പോഴും അതൊന്നും cooked up figures അല്ലായെന്നുള്ള കാര്യം നേരത്തേ പറയുകയാണ്. ഇനി ഐ.സി.ആർ.എ. സംഘടനയെക്കുറിച്ച് പറയാം. ബഹുമാന്യനായ ഉമ്മൻചാണ്ടിക്ക് ലെജിസ്ലേറ്റീവ് എക്സിപീരിയൻസ് ഉണ്ട്, മന്ത്രിസഭയിൽ ഇരുന്നുള്ള എക്സിപീരിയൻസ് ഉണ്ട്, ഫിനാൻസ് മിനിസ്റ്ററായി പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ആളുമാണ്. ഞാൻ വളരെ വിനയത്തോടുകൂടി പറയുന്നു, ഇൻഡ്യൻ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി (ഐ.സി.ആർ.എ.) എന്ന സ്ഥാപനം ക്രെഡിബിലിറ്റിയുള്ള ഓർഗനൈസേഷനല്ലേ ? അവരുടെ ബുള്ളറ്റിന്റെ ലേറ്റസ്റ്റ് എഡിഷനിൽ, ഇൻഡ്യയിലെ ഫ്രണ്ട്ലൈൻ ഗ്രോത്ത് റേറ്റ്, 1999-2000-ത്തിൽ ഉണ്ടായിട്ടുള്ള വളർച്ചാ നിരക്കിന്റെ ശതമാനം പറഞ്ഞിട്ടുണ്ട്. 1999-2000-ത്തിലെ പ്ലാൻ അച്ചീവ്മെന്റ്, വളർച്ചാ നിരക്ക് ഞാൻ പറയാം. അതിൽ കേരളം ഒന്നാം സ്ഥാനം കരസ്ഥമാക്കിയത് നിങ്ങൾക്ക് അറിയാം. കേരളം 91 ശതമാനം, രണ്ടാം സ്ഥാനം കർണ്ണാടകം 85 ശതമാനം, മൂന്നാം സ്ഥാനം ഗുജറാത്ത് 81 ശതമാനം, വെസ്റ്റ് ബംഗാൾ - 71 ശതമാനം, ഒറീസ 68 ശതമാനം, ഉത്തർപ്രദേശ് 56 ശതമാനം ഇങ്ങനെ സ്റ്റേറ്റ് പ്ലാനുകളുടെ ആവറേജ് ശതമാനം 78 ആണ്. സ്റ്റേറ്റ് ആന്വൽ പ്ലാൻ അച്ചീവ്മെന്റിന്റെ ആവറേജ് 78 ശതമാനമാകുമ്പോൾ കേരളം 91 ശതമാനം അച്ചീവ് ചെയ്തുവെന്ന് പറഞ്ഞാൽ കഴിഞ്ഞ 1999-2000 ത്തിലെ പ്ലാൻ ആകെ പൊളിച്ചിൽ ആണെന്നാണോ വയ്ക്കേണ്ടത് ? ആൾ ഇൻഡ്യാ ആവറേജ് 78 ശതമാനമാണ്. ഒന്നാംസ്ഥാനം കേരളത്തിനാണ്. സ്റ്റാറ്റിസ്റ്റിക്സ് മുഴുവൻ കാട്ട് ചെയ്ത് ഞാൻ സമയം കളയുന്നില്ല. Gainers and losers വളർച്ചയെ സംബന്ധിച്ച്, ഗ്രോസ്സ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്റ്റിനെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ കേരളം +28.2 ശതമാനമാണ്. ആ റേറ്റ് ഒറ്റ സ്റ്റേറ്റിനുമില്ല. രണ്ടാമത് മഹാരാഷ്ട്ര-23.5 ശതമാനം Gross state Domestic product in the late 90s, 1995 to 2000, അതിലുള്ള ആ കണക്കെടുത്ത് നോക്കിയാലും കാണാൻ സാധിക്കും. ജി.എസ്.ഡി.പി.യിൽ നമ്മുടെ സ്റ്റേറ്റിന്റെ വളർച്ച വലുതാണ്. അത് വിശ്വസിക്കുകയില്ലെന്നു പറഞ്ഞാൽ എന്ത് ചെയ്യാൻ പറ്റും ? നമ്മുടെ സാമ്പത്തിക ഇൻവെസ്റ്റുമെന്റ്, സാമ്പത്തികമായി നമ്മൾ നിക്ഷേപിച്ചിട്ടുള്ള കാർഷിക-വ്യാവസായിക മേഖലകളിലെ സമ്പദ്-ഉത്പാദന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ്. ആ ലക്ഷ്യം

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നേടിയിരിക്കുന്നു എന്നാണ് ഞങ്ങൾ അവകാശപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ഒന്നരമാസക്കാലംകൊണ്ടുള്ള ഗവൺമെന്റിന്റെ സാമ്പത്തിക മിസ് മാനേജുമെന്റിനെ സംബന്ധിച്ചും എന്നെ മുടിയനായ പുത്രനായി ചിത്രീകരിച്ചു കൊണ്ട് അതിശക്തമായി നടന്ന ദുഷ്പ്രചരണം അല്ലെങ്കിൽ പ്രചരണം ഞാൻ ആ വാക്കും വിത്ത്ഡ്രോ ചെയ്യുന്നു. 140 മണ്ഡലങ്ങളിലും അത്തരത്തിൽ പ്രചരണം നടത്തി. ശിവദാസമേനോന്റെ പേര് പറയാത്ത ഒറ്റ മണ്ഡലം പോലുമില്ല. എന്നെ വ്യക്തിപരമായി ആക്രമിച്ചുകൊണ്ട്, കേരളത്തെ മുടിച്ചുവെന്നാണ് പറയുന്നത്. ആ രീതിയിലുള്ള പ്രചരണം ഉണ്ടാകുമ്പോൾ, സ്വാഭാവികമായും ഒരു ഇന്റിം ബഡ്ജറ്റ് ഒരു കോൺസ്റ്റിറ്റ്യൂഷൻ ഒബ്ലിഗേഷൻ നിറവേറ്റാൻ വേണ്ടി കൊണ്ടുവന്നപ്പോൾ, ഈ ഗവൺമെന്റിന്റെ തെറ്റായ, സാമ്പത്തിക മിസ്മാനേജുമെന്റാണെന്ന് പറഞ്ഞ് ആക്രമിച്ചപ്പോൾ, അതിനെ ഡിഫന്റ് ചെയ്യാനാണ് ബഡ്ജറ്റിലെ ആദ്യത്തെ 22 ഖണ്ഡികകളും ഞാൻ ഉപയോഗിച്ചത്. വസ്തുതകൾ നിരത്തിവച്ച്, ഒരു സ്റ്റേറ്റിനെ മുടിക്കുകയല്ല ചെയ്തത്, വളർത്തുകയാണ് ചെയ്തതെന്ന് കണക്കുകൾ നിരത്തിവച്ച് ആദ്യത്തെ 22 ഖണ്ഡികകളിൽ പറഞ്ഞിട്ടുണ്ട്. പിന്നെ ഓരോ ഡിപ്പാർട്ടുമെന്റും കൈവരിച്ചിട്ടുള്ള നേട്ടങ്ങളാണ് - അല്ലെങ്കിൽ നേട്ടങ്ങളല്ല, എന്തെല്ലാമാണ് ആ ഡിപ്പാർട്ടുമെന്റിൽ ചെയ്തത് ; എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് ഒരു ചെറു വിവരണം. എല്ലാ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചും കൊടുത്തിട്ടില്ല. അവിടെ സാമ്പത്തിക മിസ്മാനേജുമെന്റാണെന്ന് ചിത്രീകരിക്കാൻ ബഹുമാനപ്പെട്ട കെ. എം. മാണി അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിൽ, ഇടത്തും വലത്തും നോക്കാതെ ഉറഞ്ഞുതുള്ളുകയായിരുന്നു. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. മാന്യനായി മറുപടി കേൾക്കാൻ നിൽക്കാനുള്ള സൻമനസ്സ് കാണിക്കാതെ കതിനയ്ക്ക് തീകൊളുത്തി പോകുന്നതുപോലെയാണ് പോയത്. അദ്ദേഹത്തെ കാണാത്തതിൽ എനിക്ക് ആവലാതിയോ വിഷമമോ ഇല്ല. ഒരു ജാതി പടക്കം പൊട്ടിച്ച് പോകേണ്ട വല്ല കാര്യവുമുണ്ടോ ? ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി അത് ചെയ്തില്ല, അദ്ദേഹം സീറ്റിലുണ്ട്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി വളരെ സമർത്ഥമായി ഡി.എ. കുടിശ്ശികയാകെ കൺഫ്യൂസ് ചെയ്തു. എന്നു വച്ചാൽ യു.ഡി.എഫ്. ഭരിക്കുമ്പോൾ എല്ലാം കൊടുത്തു തീർത്തു, അതായത് അവർ ക്യാഷ് കൊടുത്തു എന്നാണ് പറഞ്ഞത്. 1995 നവംബർ 28-ാം തീയതിയിലെ ജി.ഒ. ആണ് അദ്ദേഹം വായിച്ചത്. ആ ജി. ഒ. ഞാൻ വായിക്കാം. ആ. ജി.ഒ യിൽ അരിയേഴ്സ് പി.എഫ്.-ൽ ഇടുന്നു. Arrears of the period from 1-7-1995 will be claimed in the.... പിന്നെ കാശ് കൊടുത്തുവെന്ന് പറയുന്നത്, will be claimed in the salary bill for April, May, June, July, August, September, 1996, അപ്പോഴൊക്കെ ഞാനാണ് മന്ത്രി. അത് നിങ്ങൾ മനസ്സിലാക്കണം. ഒരുമാസം കൊണ്ട് കൊടുത്തില്ല. Apirl, May, June... അതുപോലെ നിങ്ങൾ ഓർഡറാക്കിപ്പോയ ഡി. എ. 1-1-1996 ആണെങ്കിലും പൈസ കൊടുക്കേണ്ടി വന്നത് ഈ ഗവൺമെന്റ് വന്നിട്ടാണ്. അത്രയും മാത്രമാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ഡി. എ. പാസ്സാക്കിപ്പോയത് ശരിയാണ്. പക്ഷേ ഡി. എ. കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി : 1-1-1995 മുതൽ ഡ്യൂ ആയ ഡി. എ യെ സംബന്ധിച്ച് 1-12-1995 മുതൽ കാശ് കൊടുത്തിട്ടുണ്ട്. അത് ആദ്യത്തെ ഡി. എ. രണ്ടാമത്തേത് 1-7-1995 മുതൽ ഡ്യൂ ആയ ഡി. എ. ആണ്. 1-4-1996 വരെയുള്ളത് കൊടുക്കാൻ വച്ചിട്ടുണ്ട്. ഇങ്ങനെ റ്റ്വിസ്റ്റ് ചെയ്യുന്നത് ശരിയല്ല. രണ്ട് ഡി. എ. യിൽ ഒരു ഡി. എ. 1-12-1995 മുതൽ കൊടുക്കുകയാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ആ അരിയേഴ്സ് മുഴുവനും 1-7-1995 to 31-3-1996 will be claimed in the salary bill of April, May, June, July, August, September...അരിയേഴ്സ് ആണെങ്കിലും കാശ് വേണ്ടേ ? ഊണായാലും ചോറായാലും വയറ് നിറയണ്ടേ ? ആ രീതിയിലാണ് ഡി. എ. കൊടുത്തു പോയത്.

ശ്രീ. എ. കെ. ആന്റണി : രണ്ട് ഡി. എ. കുടിശ്ശികയാണ് ഇലക്ഷനു മുൻപ് ഞാൻ മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്നത്. ഒന്നാമത്തെ ഡി. എ. 1-12-1995 മുതൽ കൊടുക്കാൻ തീരുമാനിച്ചു. എന്നുവച്ചാൽ പിറ്റേദിവസം ജനുവരി 1-ാം തീയതി കിട്ടുന്ന ശമ്പളം മുതൽ ആ ഡി. എ. കിട്ടി. രണ്ടാമത്തെ ഡി. എ. 1-4-1996 മുതൽ കൊടുക്കാൻ തീരുമാനിച്ചു. അതിന്റെയർത്ഥം ആ ഡി. എ. 1-5-1996-ൽ കിട്ടി. അന്നും ഞാൻ മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റാണ് ഉണ്ടായിരുന്നത്. ഡി. എ. കുടിശ്ശിക രണ്ടും കൊടുത്തത് ഞങ്ങളാണ്.

ശ്രീ. ടി. ശിവദാസമേനോൻ : അല്ല.

ശ്രീ. എ. കെ. ആന്റണി : ശിവദാസമേനോനെപ്പോലുള്ള ഒരാൾ വെറുതെ സത്യത്തിന് നേരെ കണ്ണടയ്ക്കരുത്.

ശ്രീ. ടി. ശിവദാസമേനോൻ : അത് കൊടുത്തത് ഞങ്ങൾ വന്നിട്ടാണ്. അത് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞാലും എനിക്ക് അംഗീകരിക്കാൻ കഴിയില്ല. അത് ഞാൻ നല്ലവണ്ണം വായിച്ചിട്ടാണ് പറയുന്നത്. ഇതിൽ യാതൊന്നും മറച്ചു വച്ചിട്ടില്ല. നിങ്ങൾ പാസ്സാക്കിപ്പോയ ഡി. എ. കളുടെ ബാദ്ധ്യത 400 കോടിയോളം രൂപ, ഈ ഗവൺമെന്റിന് കൊടുക്കേണ്ടിവന്നു എന്നുള്ളത് വസ്തുതയാണ്. ഇനി വേറൊരു കാര്യം. ബഡ്ജറ്റ് ഇൻ ബ്രീഫ് നോക്കിയാൽ, വേറൊരു കാര്യം ഡിസ്പ്യൂട്ട് ചെയ്തു പറയുന്നത് എന്തെന്നു വച്ചാൽ നാന്നൂറ്റി ചില്വാനം കോടി രൂപ 31-3-1996-ലെ ക്ലോസിംഗ് ബാലൻസാണ്. അത് ഞാൻ പിന്നീട് അവതരിപ്പിച്ച ആൾട്ടറേഷനിൽ വന്നതാണ്, ഓപ്പണിംഗ് ബാലൻസായി കാണിച്ചു എന്നുള്ളതാണ്. അപ്പോൾ അത് 4.62 കോടി രൂപയാണ് യഥാർത്ഥത്തിൽ എന്ന് പറയുന്നതിൽ അർത്ഥമില്ല. I quote from your alteration memorandum. പേജ് 23 (എ) ബഡ്ജറ്റ് ഇൻ ബ്രീഫ്, അതിൽ Trends in overall budgetary position - എന്ന ഒരു കോളം ഉണ്ട്. അതിൽ 1996-97 ഓപ്പണിംഗ് ക്യാഷ് ബാലൻസ് 4.62 കോടി രൂപ. അപ്പോൾ 1995-96-ലെ ക്ലോസിംഗ് ബാലൻസ് 4.62 കോടി രൂപ. അതിന്റെ ഓപ്പണിംഗ് ബാലൻസ് 1996-97-ൽ 4.62 കോടി രൂപയാണ് യഥാർത്ഥത്തിൽ ഉള്ളത്. ഇതാണ് എ. ജി. യുടെ ഫിഗർ. എന്റെ ഫിഗർ അല്ല. നിങ്ങൾ എഴുതിപ്പോയ ഫിഗർ അല്ലേ ? 4.62 കോടി രൂപയാണ് കറണ്ട് പൊസിഷൻ. I came out with an alteration memorandum നിങ്ങളുടെ ബഡ്ജറ്റിന്റെ alteration memorandum.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഓപ്പണിംഗ് ബാലൻസ് എടുത്തു എന്നേയുള്ളൂ. എ. ജി. യുടെ ഫിഗർ വന്നപ്പോൾ 4.62 കോടി രൂപയാണ്. അത് നിഷേധിക്കാൻ സാധിക്കുകയില്ല. എ. ജി. യുടെ കണക്കിനെ നിങ്ങൾക്ക് ചോദ്യം ചെയ്യാൻ കഴിയുകയില്ല. എ. ജി. യുടെ കണക്ക് 4.62 കോടി ആണ്. ഞാൻ അതിൽ ഉറച്ച് നിൽക്കുകയാണ്. പിന്നെ .....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്... പ്ലീസ്... അദ്ദേഹം മറുപടി പറയട്ടെ. അദ്ദേഹത്തെ മറുപടി പറയാൻ അനുവദിക്കുക.

ശ്രീ. ടി. ശിവദാസമേനോൻ : ഇതിന്റെ പ്രശ്നം അതല്ല. അവർക്ക് ഇഷ്ടമുള്ള മറുപടി ഞാൻ പറയണം എന്നാണ്. മറ്റൊരു കാര്യം പറയാൻ പോകുന്നത്. ഇവിടെ ഈ ഡിസ്ക്കഷനിൽ നമ്മുടെ ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കർ ഉന്നയിച്ച ഒരു പ്രശ്നമുണ്ട്. അതായത് auction സെന്ററുകളിലെ തേയിലയുടെ നികുതി 8 ശതമാനത്തിൽ നിന്ന് 4 ശതമാനമായി. തമിഴ്നാട്ടിലും auction സെന്ററുകളിലെ തേയിലയ്ക്കാണ് 8-ശതമാനത്തിൽ നിന്നും 4 ശതമാനമാക്കിയത്. ഇപ്പോൾ എസ്റ്റേറ്റിൽ നിന്നുതന്നെ കൊടുക്കുന്ന തേയിലയ്ക്ക്, അവിടേയും 8 ശതമാനം എന്നുള്ളത് 4 ശതമാനമാക്കണം എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 1996 ജൂലൈ 19-ലെ അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ കൊടുത്തത് 481 കോടി രൂപ ഓപ്പണിംഗ് ബാലൻസാണ്. അത് 1995-96 ലെ ക്ലോസിംഗ് ബാലൻസാണ്. അതിനുശേഷം സി. എ. ജി. റിപ്പോർട്ടിൽ 4.61 കോടി ആണ്. സി. എ. ജി. റിപ്പോർട്ടിന് ശേഷം 20-12-2000-ത്തിൽ ഈ ഗവൺമെന്റ് തന്ന മറുപടി, യു. ഡി. എഫ്. സർക്കാർ അധികാരം ഒഴിയുമ്പോൾ ഖജനാവിൽ എത്ര കോടി രൂപയുടെ മിച്ചം ഉണ്ടായിരുന്നു എന്ന ചോദ്യത്തിന് 192.50 കോടി രൂപ എന്നാണ് ഈ ബഡ്ജറ്റിൽ അദ്ദേഹത്തിന്റെ ഫിഗർ. സി. എ. ജി. യുടെ ഫിഗർ വേറൊന്ന്. സി. എ. ജി. ക്ക് ശേഷം വന്ന ഫിഗർ 192 കോടി. അങ്ങനെ പരസ്പര വിരുദ്ധമായി സഭയിൽ മന്ത്രി പറയുന്നത് ഓർഡറിലാണോ ?

ശ്രീ. ടി. ശിവദാസമേനോൻ : ഓർഡറിലാണോ അല്ലയോ എന്നുള്ളത് അങ്ങ് തന്നെ തീരുമാനിക്കുക. 31/3-ന്റേതാണ് 4.62 കോടി രൂപ. അങ്ങ് ശ്രദ്ധിച്ച് കേൾക്കുന്നുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. 4.62 കോടി രൂപയാണ് എ. ജി. യുടെ ഫിഗർ. അപ്പോൾ എ. ജി.യുടെ ഫിഗറാണ് ഫൈനൽ. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ക്ലാരിഫിക്കേഷൻ പ്രസക്തിയുള്ളത് തന്നെയാണ്. നിങ്ങൾ ചാർജെടുക്കുമ്പോൾ അതിൽ എത്ര പൈസയുണ്ടായിരുന്നു ? അത് മേയ് മാസത്തിലാണ്. ആ മേയ് മാസത്തിൽ ഞങ്ങൾ വന്നതിനുശേഷമുള്ള വരുമാനം ഉണ്ട്. ആ വരുമാനം 4.62 കോടി രൂപയോട് കൂടി കൂട്ടുമ്പോൾ ഇത് കിട്ടും. എ. ജി.യുടെ ഫിഗർ 31-3-1996-ലേതാണ്. അതിനു മേലാണ് ഈ 192 എന്ന്പറയുന്നത്. ഞങ്ങൾ വന്നതിനുശേഷം ഒരു ട്രാൻസാക്ഷനും ഖജനാവിൽ നടത്താതിരുന്നിട്ടില്ല. 1/4 മുതൽ ഇടപാടുണ്ട്. ആ ഇടപാടിൽ വന്നതാണ്. ക്യാഷ് ബാലൻസ് എത്രയാണെന്ന് ചോദിച്ചപ്പോൾ റിയൽ പറഞ്ഞു. അല്ലാതെ ശ്രീ. ആര്യാടൻ ചോദിച്ചത് 31/3 ന് എത്രയായിരുന്നു ക്ലോസിംഗ് ബാലൻസ് എന്നായിരുന്നു എങ്കിൽ 4.62 കോടി എന്ന് ഉത്തരം കിട്ടുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞങ്ങൾ അധികാരം ഒഴിയുമ്പോൾ എത്ര എന്നാണ് ചോദ്യം.

ശ്രീ. ടി. ശിവദാസമേനോൻ : അധികാരം ഒഴിഞ്ഞത് 31/3-ന് അല്ല. മേയ് ഇരുപതിനാണ്. മേയ് 20-ന് ഫിഗർ മാറും. ഏതായാലും നിങ്ങൾക്കിപ്പോൾ ക്ലിയറാവില്ല. കാരണം ഉറങ്ങുന്നവനെ അല്ലേ ഉണർത്താൻ പറ്റൂ ; ഉറക്കം നടിക്കുന്നവനെ ഉണർത്താൻ പറ്റുമോ ? അതുകൊണ്ട് ഏതായാലും ബാക്കിയുള്ള കുറച്ച് ആളുകൾ ഇത് മനസ്സിലാക്കണം. ഞാൻ ഇവിടെ ബഹുമാന്യനായ സി. എ. കുര്യൻ പറഞ്ഞ കാര്യമാണ് പറഞ്ഞത്. ടാക്സ് യൂണിഫിക്കേഷന്റെ കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റിന്റെ കമ്മേഴ്സ്യൽ ടാക്സ് കമ്മീഷണറുമായി ബന്ധപ്പെട്ടിട്ടുണ്ട്. അവിടെ auction സെന്ററുകളിൽ മാത്രമാണ് അന്ന് ഉണ്ടായിരുന്നത്, ഞങ്ങൾ രണ്ടുപേരും കൂടി സംസാരിച്ചശേഷം ഒരുപോലെയാക്കാം എന്നുള്ള തീരുമാനത്തിൽ എത്തി. അത് അവിടെ ഓപ്പൺ ആക്കുകയാണെങ്കിൽ ഇവിടെയും അങ്ങനെ ആക്കും. അവിടെ auction centre ആണെങ്കിൽ ഇവിടെയും auction centre -ൽ ആകണം എന്നുവച്ചിട്ടാണ് അന്ന് അങ്ങനെ ആക്കിയത്. നിശ്ചയമായും അത് ഗൗരവമുള്ള പ്രശ്നമാണ്. ഗൗരവത്തിൽത്തന്നെ കാണും. പക്ഷേ ഒരു ഡിസ്ക്കഷൻ അടുത്ത സ്റ്റേറ്റിൽ നിന്നായിരിക്കും തമിഴ്നാടുമായിട്ട് നടത്തുന്നത്. courtesy ആയിരിക്കും എന്നുള്ളതുകൊണ്ട് അത് ഡിസ്ക്കസ് ചെയ്തശേഷം തീരുമാനിക്കും. മുല്ലപ്പെരിയാർ ഡാമിനെപ്പറ്റി അദ്ദേഹം പറഞ്ഞു. അത് ഞാൻ പരാമർശിക്കാതെ പോകുന്നത് ശരിയല്ലാത്തതുകൊണ്ട് പറയുകയാണ്. ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതുകൊണ്ടാണ്, അല്ലെങ്കിൽ ഞാൻ ഇത്ര ഡീറ്റെയിൽസിലേയ്ക്കൊന്നും പോകുമായിരുന്നില്ല. മുല്ലപ്പെരിയാർ ഡാം പുതുക്കിപ്പണിയണം എന്നുള്ള പൊസിഷനിൽ തന്നെയാണ് ഗവൺമെന്റ് നിൽക്കുന്നത്. കേരളത്തിന്റെ താൽപര്യം സമ്പൂർണ്ണമായി സംരക്ഷിക്കാനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് എടുത്തിട്ടുണ്ട് ; എടുത്തു കൊണ്ടിരിക്കുകയുമാണ്. യാതൊരു സംശയവും അക്കാര്യത്തിൽ വേണ്ട. അതിൽ നമുക്ക് ആർക്കും വിട്ടുവീഴ്ചയില്ല. അതിൽ ഞങ്ങളും നിങ്ങളും ഇല്ല, നമ്മളാണ്. ആ ഒരു രീതിയായിരിക്കണം അതിൽ എന്നാണ് എന്റെ അഭിപ്രായം. ഇതിൽ ഏറ്റവും ഗൗരവമായി ഞാൻ കാണുന്ന ഒരു പ്രശ്നം പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവരൊക്കെ നിർദ്ദാക്ഷിണ്യം വിമർശിച്ചു എന്നതാണ്. വിമർശനം ആവശ്യമാണ്. അത് പ്രതിപക്ഷം ചെയ്യുകയും ചെയ്യും. പക്ഷേ ഈ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുള്ള ഒരു പ്രധാന പ്രശ്നമുണ്ട്. ഹിന്ദു പത്രത്തിന്റെ എഡിറ്റോറിയൽ ഒന്നു നോക്കിയാൽ അറിയാം. ഇത് കമ്മ്യൂണിസ്റ്റുകാരുടെ പത്രമൊന്നും അല്ലല്ലോ, അവർ ശരിക്ക് എഴുതിയിട്ടുണ്ട്. ചില പൊസിഷൻസ് ധനകാര്യമന്ത്രി എടുത്തിട്ടുള്ളത്, വളരെ ഗൗരവമായി എടുത്തിട്ടുണ്ട്. വളരെ സത്യസന്ധമായ കാര്യമാണ് എന്നുപറഞ്ഞത് വളരെ അപ്പീൽ ചെയ്ത് എഴുതിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട കാര്യം എന്താണെന്നുവച്ചാൽ നമ്മുടെ ഇക്കണോമിക് ഫെഡറലിസം envisaged in the Constituition - ഭരണഘടനയിൽ നമുക്ക് കിട്ടുന്ന ഇക്കണോമിക് ഫെഡറലിസം. ഇപ്പോൾ അതിനെതിരായി വലിയ ഒരു കടന്നാക്രമണം വന്നിരിക്കുന്നു. അത് നമുക്ക് ചെറുത്ത് തോൽപ്പിക്കേണ്ടതുണ്ട്. വളരെ

സീരിയസ്സായിട്ടുള്ള ഒരു ഇഷ്യൂ ഇതിനകത്ത് വന്നിട്ടുണ്ട്. ഈ ഇഷ്യൂ വച്ചുകൊണ്ടാണ് ശ്രീ. ദിഗ്‌വിജയ്‌സിംഗും, ശ്രീ. എസ്. എം. കൃഷ്ണയും, ശ്രീ. കരുണാനിധിയും, നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരും യോജിച്ചുചെന്ന് പ്രധാനമന്ത്രിയേയും, ശ്രീ. യശ്വന്ത് സിൻഹയേയും കണ്ടത്, - ഞാനും ഇന്റർ സ്റ്റേറ്റ് കൗൺസിൽ യോഗത്തിൽ മുഖ്യമന്ത്രിയുടെ കൂടെ പങ്കെടുത്തിരുന്നു.- ആ ഇന്റർ സ്റ്റേറ്റ് കൗൺസിലും, ഇന്റർ സ്റ്റേറ്റ് കൗൺസിലന്റെ സമ്മതം ഇല്ലാതെ നിങ്ങൾ ഇത് ചെയ്യരുത് എന്ന് പറഞ്ഞിരിക്കുന്നു. അത് യുനാനിമസ് ആയിരുന്നു. കോൺഗ്രസ്, ബി. ജെ. പി. അതുമാതിരി ഒരു പാർട്ടിയും അതിന് വ്യത്യസ്തമായിരുന്നില്ല. അതെന്താ കമ്മ്യൂൺ എന്നുചോദിച്ചാൽ ഫിനാൻസ് കമ്മിഷന്റെ ഗുണം ചില സംസ്ഥാനങ്ങൾക്ക് കിട്ടി. Yardstick കേരളത്തിൽ ശ്രദ്ധ കൊടുക്കാത്തതുകൊണ്ടൊന്നുമല്ല, ആ യാഡ്സ്റ്റിക് മാറ്റിയപ്പോൾ കേരളവും തമിഴ്നാടും കർണ്ണാടകവും ആന്ധ്രാപ്രദേശും are sailing in the same boat. ഒരേ തോണിയിലാണ് സഞ്ചരിക്കുന്നത്. 60 കോടി രൂപയോളം ഒരു മാസം കുറവുവരുന്ന രീതിയിലാണ് നമ്മുടെ devolution. അതുകൊണ്ട് ഈ മുഖ്യമന്ത്രിമാരും, ധനകാര്യ മന്ത്രിമാരും എല്ലാവരുംകൂടി ഡിസ്ക്കസ് ചെയ്ത് കക്ഷി രാഷ്ട്രീയം ഇല്ലാത്ത ഈ ഇക്കണോമിക് ഫെഡറലിസം വീണ്ടെടുക്കുന്നതിനുവേണ്ടി ഒരുമിച്ച് ഒരു യത്നം നടത്തണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ചില ഡിമാന്റുകൾ വച്ചു. ആ ഡിമാന്റുകൾ അംഗീകരിപ്പിക്കുന്നതിന് നമുക്ക് യോജിച്ചുനിൽക്കണമെന്നും അതിനുവേണ്ടി പൊരുതണമെന്നും, അതിനുവേണ്ടി ഒരു പൊളിറ്റിക്കൽ പൊസിഷൻ എടുക്കണമെന്നുമുള്ള രീതിയിൽ ഒറു ഡിസ്ക്കഷൻ വരേണ്ടതാണ്. ഈ സ്റ്റേറ്റിനെ രക്ഷിക്കണ്ടേ ? അതിൽ പ്രധാനമായിട്ടുള്ള കാര്യം devolution of funds ആണ്. എല്ലാ സ്റ്റേറ്റുകളും യോജിച്ച് ഏകശബ്ദത്തിൽ ആവശ്യപ്പെട്ടതാണ്. 29 ശതമാനം എന്നുള്ള devolution of excess ശരിയാകില്ല. 50 ശതമാനം devolution വേണമെന്ന് മുഖ്യമന്ത്രിമാർ കൊടുത്ത ജോയിന്റ് മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്. 50 percent of the central taxes മാത്രമല്ല, ഇപ്പോൾ പ്ലാൻ 70 ശതമാനം ലോണും, 30 ശതമാനം ഗ്രാന്റും ആണ്. സെൻട്രൽ പ്ലാൻ അലോക്കേഷൻ 50 ശതമാനം ലോണും 50 ശതമാനം ഗ്രാന്റും ആക്കണം. ഇത് രണ്ടാമത്തെ ഡിമാന്റാണ്. ഇതിൽ എല്ലാ മുഖ്യമന്ത്രിമാരും ഒപ്പിട്ടിട്ടുണ്ട്. മൂന്നാമത്തെ വാദം തെറ്റായി. Yardstick കൊണ്ടുവന്ന് നഷ്ടം വരുത്തിയ ഈ സ്റ്റേറ്റുകളെ രക്ഷിക്കാൻ ഒന്നുകിൽ ആ നഷ്ടം സ്പെഷ്യൽ ഗ്രാന്റായി സെൻട്രൽ ഗവൺമെന്റ് തരണം. അല്ലെങ്കിൽ എത്രയാണോ ഓരോ സ്റ്റേറ്റിനും നഷ്ടം, അത് സെൻട്രൽ ലോണിൽനിന്നും എഴുതിത്തള്ളണം. ഇതാണ് നമ്മൾ വച്ച ഡിമാന്റ്. അതിൽ അപകടം പിടിച്ച ഒരു കാര്യമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനും, ശ്രീ. ഉമ്മൻചാണ്ടി തുടങ്ങിയ എല്ലാവർക്കും ഇത് അറിയാവുന്നതാണ്. അതെന്താണെന്നുവച്ചാൽ 11-ാം ഫിനാൻസ് കമ്മീഷൻ, ആ ഫിനാൻസ് കമ്മീഷന്റെ terms of reference ഉണ്ട്. ഏപ്രിൽ 28-ാം തീയതി ഒരു presidential proclamation കൊണ്ട് ഒരു പതിയ terms of reference കൊടുത്തു. അത് സ്റ്റേറ്റുകളോട് ആലോചിച്ചിട്ടില്ല. സാധാരണ ടേംസ് ഓഫ് റഫറൻസ് സ്റ്റേറ്റുകളുമായിട്ട് ആലോചിക്കും. ഏകപക്ഷീയമായി കൊടുത്ത ടേംസ് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

റഫറൻസ് കേന്ദ്രം നടപ്പിലാക്കുന്ന ഫിസ്ക്കൽ പോളിസീസ്, അവർ നടപ്പിലാക്കുന്ന സാമ്പത്തിക നയം - എന്നുവച്ചാൽ പബ്ലിക് സെക്ടർ ഡിസ്ഇൻവെസ്റ്റു ചെയ്യുക. എല്ലാ സബ്സിഡികളും നിർത്തലാക്കുക, ജീവനക്കാരുടെ എണ്ണം കുറയ്ക്കുക ഇങ്ങനെ കുറേ കാര്യങ്ങൾ അവർ നയപരമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആ കാര്യങ്ങൾ സ്റ്റേറ്റുകൾ ചെയ്യുന്നുണ്ടോ എന്നുനോക്കാൻ ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കണമെന്നാണ് ഫിനാൻസ് കമ്മീഷനോട് ആവശ്യപ്പെട്ടത്. ഈ ശുപാർശ സ്റ്റേറ്റുകളെ ബാധിക്കുന്നതായതുകൊണ്ട്, സ്റ്റേറ്റ് ഫെഡറലിസത്തിന്റെ ക്വസ്റ്റ്യൻ ഉണ്ടാവും എന്നതുകൊണ്ട്, വളരെ സീരിയസ് ക്വസ്റ്റ്യനാണ് എന്നതുകൊണ്ട് കേന്ദ്രം ഏകപക്ഷീയമായ നിലപാട് സ്വീകരിക്കരുതെന്ന് മുഖ്യമന്ത്രിമാർ ഏകസ്വരത്തിൽ ആവശ്യപ്പെട്ടു. അതെല്ലാം അവഗണിച്ചുകൊണ്ട് അതിനെപ്പറ്റി റിപ്പോർട്ട് വന്നരിക്കുകയാണ്. അതിന്റെ അപകടം ആ ഫിസ്ക്കൽ പോളിസി ഇവിടെ നടപ്പിലാക്കിയില്ലെങ്കിൽ കേന്ദ്രത്തിന്റെ devolution of funds കിട്ടില്ല എന്നുള്ളതാണ്. വളരെ സീരിയസ്സാണ് പ്രശ്നം. നമ്മളെ സംബന്ധിച്ചിടത്തോളം ഇത് കൂടുതൽ അഫ്ക്ട് ചെയ്യാൻ പോകുന്നത് സ്റ്റാറ്റ്യൂട്ടറി റേഷനിംഗിനെയാണ് കേന്ദ്രം സഹായിച്ചില്ലെങ്കിൽ എന്തെങ്കിലും രീതിയിൽ ഇവിടെ ചെലവു ചുരുക്കിയിട്ടോ, മറ്റു വല്ല പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടിട്ടോ ARM കണ്ടു പിടിച്ചിട്ടോ ഇവിടത്തെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിർത്താൻ സബ്സിഡൈസ് ചെയ്തേ പറ്റൂ. ഇവിടെ എബൗ പോവർട്ടി ലൈനും ബിലോ പോവർട്ടി ലൈനും പ്രശ്നമല്ല. അരിയുടെ കാര്യത്തിൽ കേരളം ഒരു ഡെഫിസിറ്റ് സ്റ്റേറ്റാണ്. അതുകൊണ്ട് നമുക്ക് സബ്സിഡി അത്യന്താപേക്ഷിതമാണ്. അത് നമുക്ക് സ്വന്തമായിട്ട് ചെയ്യുവാനുള്ള അധികാരമില്ല. നമ്മൾ കൊടുക്കുകയാണ്. അത് നമ്മുടെ ഇക്കണോമിക് ഫെഡറിലിസത്തിന്മേലുള്ള ഒരു നഗ്നമായ കടന്നുകയറ്റമാണ്. അതാണ് പി. ഡി. എസ്. ൽ ഉള്ളതെങ്കിൽ, വ്യവസായം, പബ്ലിക് സെക്ടർ മുഴുവൻ ഡിസ്ഇൻവെസ്റ്റുമെന്റ് ചെയ്യുന്നു. സ്റ്റേറ്റ് ഗവൺമെന്റിന്റെ നയം അതല്ല. സ്റ്റേറ്റ് ഗവൺമെന്റിന്റെ നയം പബ്ലിക് സെക്ടർ റീസ്ട്രക്ചർ ചെയ്ത് ശരിയാക്കാൻ പറ്റുന്നതു ശരിയാക്കുക. അത് നിലനിർത്തിക്കൊണ്ട് പ്രൈവറ്റ് സെക്ടറും ജോയിന്റ് വെൻച്വറും സ്വീകരിക്കുക എന്നതാണ്. എല്ലാറ്റിന്റേയും കൂടി mix, industrialise in every sector or die. ഒന്നുകിൽ വ്യവസായവൽക്കരിക്കുക. അല്ലെങ്കിൽ മരിക്കുക. ഇത് ക്രൂഷ്യലായിട്ടുള്ള ഒരു ഇഷ്യൂ ആണ്. കേന്ദ്രത്തിൽ എൻ. ഡി. എ. ഗവൺമെന്റ് വന്നതിനുശേഷമാണ് ഷെയർ വിൽക്കാനായിട്ട് ഒരുമന്ത്രി കാര്യാലയം തുടങ്ങിയത്. അദ്ദേഹത്തിന്റെ പോർട്ട്ഫോളിയോ ഡിസ്ഇൻവെസ്റ്റ്മെന്റ് മാത്രമാണ്. ഷെയർ വാങ്ങുന്ന കച്ചവടമില്ല. ഷെയർ വിൽക്കലും വാങ്ങലുമാകാമായിരുന്നു. അങ്ങനെയില്ല. മന്ത്രി ഇവിടെയുള്ള ഫാക്ടറികളുടെ ഷെയർ വിറ്റ് കാശാക്കുന്നു. നമ്മുടെ ഇക്കണോമിക് ഫെഡറലിസത്തിനുനേരെയുള്ള കയ്യേറ്റത്തക്കുറിച്ച് ഇതിൽ രണ്ടു മൂന്ന് പരാഗ്രാഫ് പറഞ്ഞിട്ടുണ്ട്. എൽ. ഡി. എഫ്. വിരുദ്ധ തിമിരം ബാധിച്ച നിങ്ങളുടെ കണ്ണുകൾക്ക് നമ്മുടെ സ്റ്റേറ്റിൽ ഉണ്ടാകുവാൻ പോകുന്ന ഈ ആപത്ക്കരമായ അവസ്ഥാ വിശേഷത്തെ കാണാൻ കഴിയുന്നില്ല. അതാണ് ഞാൻ വളരെ ഖേദപൂർവ്വം പറയുന്നത്. ഇവിടെ പ്രധാനം നമ്മുടെ സ്റ്റേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഫെഡറലിസത്തിന്റെ പ്രശ്നമാണ്. മൾട്ടി നാഷണൽസ് താമസിക്കുന്ന രാജ്യമായതുകൊണ്ടു തന്നെയാണ് ഭാഷാ സംസ്ഥാനത്തിന്റെ കാര്യത്തിൽ നമ്മളെല്ലാം ഒരുമിച്ചു നിന്നത്. വ്യത്യസ്ത ഭാഷ സംസാരിക്കുന്ന ആളുകൾ ആ പ്രദേശത്തെ സ്ട്രോംഗ് ആട്ടോണമി എന്നു പറഞ്ഞ്, ശക്തമായ സംസ്ഥാനവും ശക്തമായ കേന്ദ്രവുമെന്ന ആശയത്തിന് എതിരല്ല. അത് നമ്മുടെ സർക്കാരിയാ കമ്മീഷൻ റിപ്പോർട്ടിൽ അറിയാം. ഇൻഡ്യൻ യൂണിയന്റെ തലവൻ ഇൻഡ്യൻ പ്രസിഡന്റാണല്ലോ. ഇൻഡ്യയുടേത് ഫെഡറൽ കോൺസ്റ്റിറ്റ്യൂഷൻ ആണല്ലോ. ആ കോൺസ്റ്റിറ്റ്യൂഷണൽ സിസ്റ്റത്തിന്റെ കരൾ പറിക്കുന്ന പണിയാണിത്. സാമ്പത്തിക രംഗത്തെക്കുറിച്ച് അവസാനം പറഞ്ഞത് ശ്രീ. ഉമ്മൻചാണ്ടിയാണ്. എന്തോ ആയിക്കൊള്ളട്ടേ ; നമുക്കൊന്നും പറയാൻ കഴിയുകയില്ല. പക്ഷേ അത് വളരെ പ്രധാനമാണ്. അതിനെ സംബന്ധിച്ച് ഒരു അഭിപ്രായം നിങ്ങളിൽ ആർക്കുമില്ല എന്നു പറഞ്ഞാൽ വളരെ സങ്കടമാണ്. അതിനെപ്പറ്റി നല്ല ഡിസ്ക്കഷൻ ഉണ്ടാകുമെന്നാണ് ഞാൻ വിചാരിച്ചത്. സീരിയസ്സായിട്ടുള്ള ഇഷ്യൂ അല്ലേ. ഇത്രയും ആപത്തുള്ള ഘട്ടത്തിൽ ആ ആപത്ത് നിങ്ങൾക്കൊരു പ്രശ്നമേയല്ല. നിങ്ങളുടെ കണ്ണുകൾക്ക് എൽ. ഡി. എഫ്. വിരുദ്ധ തിമിരം ബാധിച്ചിരിക്കുകയാണ്. ട്രഷറിയുടെ കാര്യം പറയാം. ട്രഷറി പേമെന്റിൽ നിയന്ത്രണം കൊണ്ടുവരാറുണ്ട്. ട്രഷറിയിലേയ്ക്കു വരുന്ന കാശു നോക്കാതെ, പോകുന്ന കാശ് നോക്കാതെ, യാതൊരു നിയന്ത്രണവുമില്ലാതെ തുറന്നു വച്ചാൽ നമ്മുടെ വീട്ടമ്മമാർക്ക് അറിയാം എങ്ങനെയാണ് വെയ്സ് ആന്റ് മീൻസ് കൊണ്ടുനടക്കേണ്ടതെന്ന്. ചിലപ്പോൾ ചെലവ് കൂടുതലാണെങ്കിൽ വരവും ചെലവും ബാലൻസ് ചെയ്താണത് കൊണ്ടുപോകുന്നത്. അല്ലെങ്കിൽ നമ്മുടെ വീട്ടുചെലവൊന്നും നടക്കുകയില്ല. ആ വെയ്സ് ആന്റ് മീൻസ് കൊണ്ടുനടക്കാൻ ചിലപ്പോൾ ചില റെഗുലേഷൻസ് വേണ്ടിവരും. അത് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പറഞ്ഞു. വേണ്ടിവരും. അത് കുറേധികം തവണ ഞങ്ങൾ വന്നപ്പോൾ വേണ്ടിവന്നു. ഞാൻ അത് നിഷേധിക്കുന്നില്ല. ട്രഷറി പൂട്ടാതിരിക്കണമെന്നുണ്ട്. ട്രഷറി പൂട്ടിപ്പോയാൽ 200 കോടി, അങ്ങേയറ്റത്തെ മിനിമത്തിലെത്തിയാൽ, ട്രഷറി പൂട്ടിയാൽ, പിന്നെ ഈ മിനിമം മുഴുവൻ ക്ലിയർ ചെയ്ത ശേഷമേ ഒരു രൂപപോലും ചെലവഴിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ട്രഷറി പൂട്ടാതെ അതിന്റെ മേലെ അങ്ങനെ കളിക്കുകയാണ്. അതൊന്നും അറിയാത്തവരല്ല പ്രതിപക്ഷം. അത് നിയന്ത്രിച്ചുകൊണ്ട് 27-02-2001-ൽ പ്രിൻസിപ്പൽ സെക്രട്ടറി ട്രഷറി ഡയറക്ടർക്കൊരു കത്തെഴുതി. എല്ലാ ട്രഷറി നിയന്ത്രണങ്ങളും ഇന്നലെ പോയിക്കഴിഞ്ഞു. 28-02-2001 തൊട്ട് 17-03-2001 വരെ ട്രഷറി പേമെന്റിനുള്ള എല്ലാ റെസ്ട്രിക്ഷനും നീക്കി.

ശ്രീ. എ. കെ. ആന്റണി : ഇന്നലെ മുതൽ ട്രഷറി നിയന്ത്രണം നീക്കിയെന്നു പറഞ്ഞു. മാർച്ച് 17 വരെയാണ് നിയന്ത്രണം നീക്കിയത്. അത് കേരളത്തിലെ ജനങ്ങളുടെയിടയിൽ ഏറ്റവുമധികം ആശങ്കയുള്ള ഒരു പ്രശ്നമാണ്. കേരളത്തിലെ എല്ലാ ട്രഷറിക്കകത്തും സംഘർഷമാണ്. 17-ാം തീയതി വരെ റെസ്ട്രിക്ഷൻസ് നീക്കിയെന്നു പറഞ്ഞാൽ സാലറി അല്ലാത്ത എല്ലാ ചെക്കുകളും 17-ാം തീയതി വരെ മാറുമെന്നാണോ അങ്ങ് പറഞ്ഞതിനർത്ഥം ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : ട്രഷറി, സാധാരണ 1-ാം തീയതി തൊട്ട് 9-ാം തീയതി വരെ സാലറി കൊടുക്കുന്ന സമയത്ത് എന്തൊക്കെ നിയമങ്ങൾ ബാധകമാണോ അതൊക്കെ ഉണ്ടാകും. അന്ന് ടി. എ. മാറും. എല്ലാ ചെലവും അന്ന് നടക്കും. അതെല്ലാം ഉണ്ടാകും. ഏതൊക്കെ ഐറ്റംസ് ഉണ്ടെന്നറിയാമോ ? 'എൻ' വരെയുണ്ട്. സാലറി, സറണ്ടർ ലീവ് പേമെന്റ്, payments under Western Ghat, Payments under C.M.'s ... expenditure release to census operation, telephone charges.... അങ്ങനെ എല്ലാം കൊടുത്തിട്ടുണ്ട്. എം. എൽ. എ. മാരുടെ ടി. എ. കിട്ടും.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : എം. എൽ. എ. മാരുടെ ടി. എ. തത്ക്കാലം ഇല്ലെങ്കിലും രണ്ടാഴ്ച വെയ്റ്റ് ചെയ്യാം. അതല്ല പ്രശ്നം. എം.എൽ.എ.മാരുടെയും മന്ത്രിമാരുടെയും ടി. എ. മാറാൻ താമസം വന്നാൽ ക്ഷമിക്കണം. ഇപ്പോൾ വലിയ പ്രശ്നം ജനങ്ങളെല്ലാം വെള്ളത്തിലാണെന്നുള്ളതാണ്. ഇവിടെ ആളുകൾ ചെക്ക് മാറാതെ ആത്മഹത്യ ചെയ്യുന്നു. മന്ത്രിമാരുടെ ടി.എ. മാറ്റിവയ്ക്കണം. ജനങ്ങളെല്ലാം സഫർ ചെയ്യുമ്പോൾ മന്ത്രിമാരും എം.എൽ.എ.മാരും സഫർ ചെയ്യണമെന്നാണെന്റെ അഭിപ്രായം. അതല്ല പ്രശ്നം. ഇന്നിപ്പോൾ ഈ രാജ്യത്ത് കഴിഞ്ഞ കുറേ ആഴ്ചകളായി, മാസങ്ങളായി, ഈ ട്രഷറി നിയന്ത്രണത്തിന്റെ ഫലമായി തുക കിട്ടാത്ത കാരണം കോൺട്രാക്ടറുടെ ആത്മഹത്യ മുതൽ ജനകീയാസൂത്രണത്തിന്റെ കക്കൂസ് നിർമ്മാണം, മൈത്രീ ഭവന നിർമ്മാണം വരെ എല്ലാം സ്തംഭനത്തിലാണ്. ഈ സ്തംഭനം മാറ്റാൻ വ്യക്തമായ ഗൈഡ് ലൈൻസ് ഉണ്ടോ ? അല്ലാതെ ഒളിച്ചുകളിക്കുന്ന രീതിയിൽ 28-ാം തീയതി മുതൽ 18-ാം തീയതി വരെ ട്രഷറി നിയന്ത്രണം മാറ്റുമെന്നു പറഞ്ഞാൽ കഴിഞ്ഞ കുറേ മാസങ്ങളായി ട്രഷറി ചെക്കും ബില്ലും കൊണ്ടുനടക്കുന്ന ഇവിടത്തെ സാധാരണക്കാരുടെ ചെക്കുകളും ബില്ലുകളും മാറാൻ ഈ ഡയറക്ഷൻ ബാധകമാണോ എന്നാണെന്നെനിക്ക് അറിയേണ്ടത്.

ശ്രീ. ടി. ശിവദാസമേനോൻ : അത് ബാധകമാണ്. ഇപ്പോൾ ബാധകമല്ലെങ്കിൽ ഞാൻ ഇത് ഇവിടെ വയ്ക്കുമോ ? ബാധകമാണ്. കാരണം Government has appraised the position.... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ ശരിയാണ്. ഇത് റെസ്ട്രിക്ട് ചെയ്യേണ്ടി വന്നതിൽ ദുഃഖമുണ്ട്. നിവൃത്തിയില്ല. പക്ഷേ, ഇപ്പോഴത് റിലീസ് ചെയ്തു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇവിടെ ചർച്ചയ്ക്കു വന്ന മറ്റൊരു കാര്യം പട്ടയത്തെ സംബന്ധിച്ചാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടു ലക്ഷത്തിമുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി അറുപത്തിനാലു പേർക്ക് പട്ടയം കൊടുത്തു. പതിനാലായിരത്തിനാനൂറ്റി മുപ്പതുപേർക്ക് 3056 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തു. പൊതു ആവശ്യങ്ങൾക്ക് നീക്കിവച്ച ഭൂമിയിൽ ആവശ്യമില്ലാത്തത് ഇപ്പോൾ എന്തുചെയ്തു എന്നറിയാമോ ? അത് ഭൂരഹിതർക്ക് കൊടുത്തു. അതുപോലെതന്നെ കോളേജ് എന്നൊക്കെ പറഞ്ഞില്ലേ ? സെന്റ് മേരീസ്, സെന്റ് തോമസ് തുടങ്ങിയ കോളേജുകൾക്ക് അവർക്കുള്ളതിലും നിൽക്കും. അതുപോലെതന്നെ ആദിവാസികൾക്ക്....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പോയിന്റ് ഓഫ് ഓർഡർ ഈ സംസ്ഥാനത്തെ കോൺട്രാക്ടർമാർ, ബാക്കിയുള്ള സാധാരണ ജനങ്ങൾ തുടങ്ങിയവരുടെ ബില്ലുകൾ, ചെക്കുകൾ മാത്രമല്ല ജനകീയാസൂത്രണത്തിന്റേയും കോൺട്രാക്ട് വർക്കിന്റേയുമൊക്കെ ബില്ലുകളും ചെക്കുകളും പാസ്സാക്കി കിട്ടുമോ എന്ന് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി കിട്ടുമെന്ന് പറഞ്ഞു. ഇവിടെ അദ്ദേഹം വായിച്ച ഓർഡറിൽ പറയുന്നത്... ആ ഓർഡറാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത്. ആ ഓർഡറിൽ അദ്ദേഹം പറഞ്ഞത് ശമ്പളം, റ്റി. എ., ഓഫീസിലെ ടെലിഫോൺ.... എന്നു പറഞ്ഞാൽ ഇതുവരെ ടെലിഫോണിന് പണം അടയ്ക്കരുതെന്ന് പറഞ്ഞ് ഡയറക്ഷൻ കൊടുത്തിരുന്നു എന്നാണ്. ഇതുപോലെയുള്ള കാര്യങ്ങൾക്ക് മാത്രമാണ് അനുവാദം കൊടുത്തത്. അല്ലാതെ നേരത്തെ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ എല്ലാറ്റിനും കിട്ടുമെന്ന ഓർഡർ അദ്ദേഹം കൊടുത്തത് ഇവിടെ മേശപ്പുറത്ത് വയ്ക്കുമോ ?

മി. സ്പീക്കർ : അദ്ദേഹം കിട്ടുമെന്നാണ് പറഞ്ഞത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അദ്ദേഹം വായിച്ചതിൽ ഇല്ല. പറഞ്ഞാൽ പോരല്ലോ. കൊടുക്കണ്ടേ ? അങ്ങ് ഇവിടെ ഉന്നയിച്ച ഓർഡറിൽ അതില്ല. അല്ലാത്ത ഒരു കാര്യം സഭയിൽ പറയാമോ ?

ശ്രീ. ടി. ശിവദാസമേനോൻ : അത് പരിശോധിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ഇവിടെ വായിച്ച ഓർഡറാണ്. ആ ഓർഡറിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കണം.

മി. സ്പീക്കർ : അദ്ദേഹം പറയട്ടെ, ഒരു ഓർഡറെന്നു പറഞ്ഞാൽ സ്വാഭാവികമായും മേശപ്പുറത്ത് വയ്ക്കുമല്ലോ.

ശ്രീ. ടി. ശിവദാസമേനോൻ : വയ്ക്കാം

മി. സ്പീക്കർ : അദ്ദേഹം ഓർഡർ കൊടുത്തു എന്നാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ കയ്യിൽ ഗവൺമെന്റ് ഓർഡർ ഇരിക്കുകയാണ്. അത് വയ്ക്കുമല്ലോ. അത് വയ്ക്കുന്നതിന് എന്താണ് കുഴപ്പം ?

ശ്രീ. ടി. ശിവദാസമേനോൻ : കൊടുത്ത ഓർഡർ ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. അതിൽ പോരായ്മകളുണ്ടെങ്കിൽ നമുക്ക് തിരുത്താമല്ലോ. ഞാൻ പറയുന്നത് ഏത് പോരായ്മകളുണ്ടെങ്കിലും തിരുത്താം. പക്ഷേ പോരായ്മ ഉണ്ടാകാൻ വഴിയില്ല. പ്രതിപക്ഷനേതാവ് ഉദ്ദേശിക്കുന്ന ചില കാര്യങ്ങളുണ്ടല്ലോ. അതായത് കുറെ ആളുകൾ ചെക്കുകൊണ്ട് നടക്കുന്നു. അവർക്ക് രക്ഷകിട്ടുമോ എന്നാണ് ചോദിച്ചത്. I understood your spirit ആ സ്പിരിട്ട് അനുസരിച്ചിട്ടുള്ളവർക്ക് അതിൽ കിട്ടും.

മി. സ്പീക്കർ : നമുക്ക് നാളെയും ചർച്ചയുണ്ടല്ലോ ?

ശ്രീ. എ. കെ. ആന്റണി : ഞാൻ ഈ പ്രശ്നമുന്നയിച്ചത്, ഞാൻ നയിച്ച മോചനയാത്രയെ എല്ലാവരും കളിയാക്കി. അതുപോകട്ടെ, അതിന് അവർക്ക് അവകാശമുണ്ട്. കേരളത്തിൽ ഞാൻ മഞ്ചേശ്വരം മുതൽ തിരുവനന്തപുരം വരെ പോയിട്ട് എനിക്ക് കിട്ടിയ ഏറ്റവും വലിയ നിവേദനം വണ്ടിച്ചെക്കിനെക്കുറിച്ചാണ്. അതിനൊരു പരിഹാരമുണ്ടാക്കാൻ പറ്റുമോ എന്ന് ആദ്യംതന്നെ ഞാൻ ചോദിച്ചതാണ്. ജനങ്ങൾക്ക് ഏറ്റവും വലിയ ആശങ്കയുള്ള ഒരു പ്രശ്നമാണ്. ഈ സഭ സമ്മേളിക്കുമ്പോൾ അതിനൊരു പരിഹാരമുണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ പ്രശ്നമുന്നയിക്കണമെന്ന് എന്നോട് എല്ലാ വിഭാഗം ആളുകളും ആവശ്യപ്പെട്ടു. അതുകൊണ്ട് ഞാൻ ഉന്നയിച്ചതാണ്. അതിനൊരു പരിഹാരം ആവശ്യപ്പെടുകയാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ആദിവാസികളുടെ നഷ്ടപ്പെട്ട ഭൂമി മാത്രമല്ല, ഭൂമി ഇല്ലാത്ത ആദിവാസികൾക്കും ഭൂമി കൊടുക്കുന്ന പരിപാടിയടക്കം വളരെ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അത് ഒന്നുകൂടി ആവർത്തിച്ചു പറയേണ്ടി വരുമെന്നുള്ളതുകൊണ്ട് ഞാൻ പറഞ്ഞതാണ്. പിന്നെ ഇവിടെ പ്ലാൻ കട്ടിനെ സംബന്ധിച്ച് ഒരു ജി. ഒ. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി വായിച്ചു. അതിൽ Government have now decided to restrict the plan expenditure to 75 percent of the budgeted outlays as part of the measures to tide over the present liquidity problems in the Treasuries. എന്നേ വായിച്ചുള്ളൂ. അതിന്റെ അടുത്ത സെന്റൻസ് The position will be reviewed in March, 2001. If there is an improvement in the revenue receipt side..." ആ വാചകം കൂടിയുണ്ട്. അത് എന്തിനാണ് ചെയ്തതെന്നുവച്ചാൽ, പ്രയോറിറ്റി സെക്ടറിൽ ആദ്യം പൈസ ചെലവാക്കിയിട്ടാണ്. ചിലപ്പോൾ വേണ്ടിവരുമെന്നുണ്ടെങ്കിൽ മാർച്ചിൽ ഈ സിറ്റ്യുവേഷൻ ഇമ്പ്രൂവ് ചെയ്യും. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്കറിയാം മാർച്ചിലാണ് നമ്മുടെ കളക്ഷൻ പരമാവധി വരിക. അത് ഇമ്പ്രൂവ് ചെയ്യുകയാണെങ്കിൽ നിശ്ചയമായും പരമാവധി കട്ടില്ലാതെ കൊണ്ടുപോകാൻവേണ്ടി ശ്രമിക്കുകയാണ് എന്നേ ഞാൻ പറഞ്ഞുള്ളൂ. പിന്നെ ബഡ്ജറ്റിലെ ഫിഗേഴ്സ്. എസ്.സി. പി. ടി./എസ്. പി. യുടെ പൂൾഡ് ഫണ്ട്സ് മാത്രമാണ് ബഡ്ജറ്റ് പ്രസംഗത്തിലുള്ളത്. അതിന് ബഡ്ജറ്റിൽ 400 കോടി രൂപയുണ്ട്. പൂൾഡ് ഫണ്ട്സിനു മാത്രം കൊടുത്തപ്പോൾ 60 കോടി രൂപയോ മറ്റോ ആയിപ്പോയി. ബഡ്ജറ്റ് പ്രസംഗത്തിൽ കൃത്യമായി ടി. എസ്. പി. ഫണ്ട് പറഞ്ഞിട്ടുണ്ട്. ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ കൂടി സൂചിപ്പിക്കുകയാണ്. ഇവിടെ നടത്തിയ പ്രസംഗങ്ങളിൽ ചില ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങളുണ്ട്. വാമനപുരം പദ്ധതി, ചവറ ദളവാപുരം പാലം, നിലത്തെഴുത്താശാന്മാരുടെ ക്ഷേമനിധി, കടുത്തുരുത്തി-ചുള്ളിക്കോട് പദ്ധതി, മുക്കണ്ണൻകടവു പാലം, ഇങ്ങനെ പണി തുടങ്ങിയതും പണി തുടരുന്നതുമായിട്ടുള്ളവർക്കുകളെപ്പറ്റി വിശദീകരണം വേണമെന്നു പറഞ്ഞിരുന്നു. ഇതെല്ലാംതന്നെ ഗവൺമെന്റ് സജീവമായി പരിഗണിച്ചു. മുഴുവൻ കൊടുത്തു തീർത്തിട്ട് നിങ്ങൾ അധികാരത്തിൽ കയറി എന്ന മട്ടിലാണ് പറയുന്നത്. 17 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാനുണ്ടായിരുന്നു. 17 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ 70 രൂപ വച്ചായിരുന്നു കൊടുക്കാനുണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അത് ഞങ്ങൾ 80 രൂപയാക്കി. മുഴുവൻ കൊടുത്തു. പിന്നെ 100 രൂപയാക്കി. അതും മുഴുവൻ കൊടുത്തു. പിന്നെ 120 രൂപയാക്കി. അത് ഏപ്രിൽ ഒന്നു മുതൽ ഡിസംബർ വരെയുള്ളത് കൊടുക്കാനുണ്ട്. ഡിസംബർ 31 വരെയുള്ളത് മാർച്ച് ഫസ്റ്റ് വീക്കോടുകൂടി പൂർണ്ണമായും കൊടുക്കും. കർഷകത്തൊഴിലാളി പെൻഷൻ മാത്രമല്ല എല്ലാ ഡെസ്റ്റിറ്റ്യൂട്ട് പെൻഷനും കൊടുക്കും. അതിനെപ്പറ്റി യാതൊരു സംശയവും വേണ്ട. കാരണം പെൻഷൻ കൊടുക്കാതെ 18 മാസത്തെ ബാക്കി വച്ചിട്ട് ഞങ്ങൾ സർപ്ലസ്സാണെന്നു പറഞ്ഞു പോകുന്ന ഇടപാട് വേണ്ട എന്നാണ് ഞാൻ തീരുമാനിച്ചിട്ടുള്ളത്. ഇത് കൊടുക്കും. വളരെയധികം ശോഭനമായ ഭാവിയോടുകൂടി ഖജനാവ് നിറഞ്ഞു കിടക്കുകയാണെന്നൊന്നും ഞാൻ പറഞ്ഞില്ല. വളരെ വിഷമമാണ്. It is tight rope walking വളരെ വിഷമിച്ചാണ്. പക്ഷെ അതിനൊരു ആൾ ഇൻഡ്യാ പശ്ചാത്തലമുണ്ട് എന്നു ഞാൻ പറഞ്ഞുപോയി എന്ന ഒറ്റ തെറ്റു മാത്രമേയുള്ളൂ. അതൊരു വസ്തുതയല്ലേ ? കേരളത്തിന്റെ പ്രത്യേക പ്രശ്നമുണ്ട്. ക്യാഷ് ക്രോപ്സിന്റെ വില ഇങ്ങനെ ആയാൽ എന്തു ചെയ്യും ?

ഈ പ്രശ്നങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടുവേണം ഈ ഫിസ്ക്കൽ മാനേജുമെന്റിനോടുള്ള സമീപനം. ഇരു ഭാഗത്തുനിന്നുള്ള
6 P.M.] മെമ്പർമാരുടെയും നേതാക്കന്മാരുടെയും അപ്രോച്ചും അവരുടെ നിർദ്ദേശങ്ങളും ഉപദേശങ്ങളും എനിക്ക് ഇടയ്ക്കിടയ്ക്ക് കിട്ടാറുണ്ട്. അതെല്ലാം കൊണ്ട് ഒരുവിധം ഒപ്പിച്ചു മാറുകയെന്നല്ലാതെ ഇതു മുഴുവൻ വളരെ അനസ്യൂതമായി കൈകാര്യം ചെയ്യാമെന്നുള്ള ധിക്കാരമൊന്നും ഞാൻ പറയുന്നില്ല. ആ വിഷമങ്ങൾ ഞാൻ ഒളിച്ചുവച്ചിട്ടുമില്ല. അതാണ് ഹിന്ദുപത്രം എഴുതിയിരിക്കുന്നത്, വളരെ ട്രാൻസ്പേരന്റാണ് budget എന്ന്. I have come out with all points. ഒന്നും ഈ സഭയിൽ നിന്നും മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നില്ല. ഈ സഭയെ സമ്പൂർണ്ണ വിശ്വസത്തിലെടുത്തുകൊണ്ട് മാത്രമേ ഫാക്ട്സ് ആന്റ് ഫിഗേഴ്സ് നിങ്ങളുടെ മുൻപാകെ വച്ചിട്ടുള്ളൂ. അല്ലാതെ വളരെ ക്രിട്ടിക്കലായിട്ടുള്ള സാമ്പത്തിക സ്ഥിതിയുള്ളപ്പോൾ അതിനെ റോസിയായി പെയിന്റ് ചെയ്ത് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കാൻ ഞാൻ ശ്രമിച്ചില്ല. സത്യസന്ധമായി പറഞ്ഞിരിക്കുകയാണ്. ആ കാര്യം മനസ്സിലാക്കിക്കൊണ്ട് അതിനിടയിൽ നിന്നുകൊണ്ടാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടു പോകുന്നത് എന്നുള്ളതുകൊണ്ട് എല്ലാപേരുടെയും സഹകരണം ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു. അതുകൊണ്ട് ബഡ്ജറ്റിന്റെ ചർച്ചയിൽ സജീവമായി പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ എല്ലാപേരോടും കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിറുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇവിടെ പറഞ്ഞ കണക്കുകൾക്കൊക്കെ നമ്മുടെ ധനകാര്യമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. പ്രതിപക്ഷ സുഹൃത്തുക്കളും നേതാക്കളും കേന്ദ്രത്തിന്റെ സാമ്പത്തിക തകർച്ചയെ സംബന്ധിച്ചും അതിനുള്ളിലാണ് കേരളം എന്നുള്ളതും മറച്ചുവയ്ക്കുകയാണ് ചെയ്തത്. കേരളം ഒരു സ്വതന്ത്ര രാഷ്ട്രമാണെന്നുള്ള നിലയിൽ നിന്നാണ് ചർച്ച മുഴുവൻ നടത്തിയത്. ഇന്ന് ഇന്ത്യാ രാജ്യം

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇക്കണോമിക് ക്രൈസിസ് കേരളവും അനുഭവിക്കുന്നു. അത് ഇന്ത്യാ ഗവൺമെന്റിന്റെ തകർച്ചയുടെ ഒരു ഭാഗമാണ്. ഈ രാജ്യത്തിലെ 60 ലക്ഷത്തോളം വരുന്ന പാവപ്പെട്ട ജനങ്ങൾക്ക് നൽകുന്ന ആശ്വാസ നടപടികളിലാണ് കർഷകത്തൊഴിലാളി പെൻഷനും മറ്റ് പെൻഷനുകളുമെല്ലാം വരുന്നത്. ഇതിന് മുൻപത്തെ ഗവൺമെന്റ് അത്തരം ആശ്വാസ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് ആ തരത്തിലുള്ള ആശ്വാസ നടപടികൾ ഇപ്പോഴും തുടരുകയാണ്. അത് മറ്റ് സ്റ്റേറ്റുകളിൽ ഇല്ല. കർഷകത്തൊഴിലാളി പെൻഷൻ ഇന്ത്യയിൽ 3 സ്റ്റേറ്റിലേയുള്ളൂ. മറ്റ് എവിടെയുമില്ല. ഇന്ത്യാ രാജ്യത്തുള്ള മൊത്തം 28 സ്റ്റേറ്റുകളിൽ 25 സ്റ്റേറ്റുകളിലും ഇല്ല. അതാണ് നമ്മുടെ അനുഭവം. ക്ഷേമ പദ്ധതിയല്ല പെൻഷൻ സിസ്റ്റം. അറുപത് ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് സാമ്പത്തികമായ ആശ്വാസം നല്കുന്ന നടപടി ഈ ഗവൺമെന്റ് ഇപ്പോഴും തുടരുകയാണ്. കടുത്ത സാമ്പത്തിക ഞെരുക്കത്തിനകത്തു നിന്നുകൊണ്ടാണ് സംസ്ഥാനം ഈ നടപടി സ്വീകരിക്കുന്നത്. 9-ാം പദ്ധതിക്കാലത്ത് മുഴുവൻ കേന്ദ്രത്തിന്റെ കട്ട് ഉണ്ട്. ശ്രീ. കെ. എം. മാണി എഴുതിയ പുസ്തകം ഇന്ന് രാവിലെ ഞാൻ കൊണ്ടു വന്ന് കാണിച്ചുകൊടുത്തു, പക്ഷേ ശ്രീ. മാണി ഓടിക്കളഞ്ഞു. കോൺഗ്രസ്സിന് എതിരായിട്ടാണ് എഴുതിയിരിക്കുന്നത്. 1990-ൽ അച്ചടിച്ച പുസ്തകമാണ്. ഇതിനിടയിൽ എനിക്ക് കിട്ടി. ശ്രീ. മാണിയെ കാണിക്കാൻ ശ്രീ മാണി ഇവിടെ ഇരിക്കണ്ടേ ? ഒരു വെടിക്കെട്ടിന് തീ കൊടുത്തിട്ട് ഇഷ്ടൻ പോയില്ലേ ? കേന്ദ്രം കാണിക്കുന്ന അവഗണനയുടെ ഡീറ്റെയിൽസ് ഇതിൽ കൊടുത്തിരിക്കുന്നു. കോൺഗ്രസ് ഗവൺമെന്റ് കേരളത്തോട് കാണിച്ചിട്ടുള്ള അവഗണനയുടെ ഡീറ്റെയിൽസ് ഇതിലുണ്ട്. തൊഴിലില്ലായ്മയും പിന്നോക്കാവസ്ഥയും പട്ടിണിയും ഈ 43 കൊല്ലംകൊണ്ട് വർദ്ധിച്ചിരിക്കുകയാണെന്ന് ശ്രീ. മാണിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. നിങ്ങളെപ്പറ്റി തന്നെയാണ് എഴുതിയിരിക്കുന്നത്.

<u>ശ്രീ. പി. പി. തങ്കച്ചൻ</u> : ഇപ്പോൾ അഭിപ്രായം മാറി.

<u>ശ്രീ. ഇ. കെ നായനാർ</u> : അഭിപ്രായം മാറും, അച്ചടിച്ചത് പോകുകയില്ല, 9-ാം പഞ്ചവത്സര പദ്ധതിക്ക് 16100 കോടി രൂപയുടെ അടങ്കലാണ് സംസ്ഥാനത്തിന് നിശ്ചയിച്ചത്. ഇത് 8-ാം പദ്ധതിയേക്കാൾ 195 ശതമാനം കൂടുതലാണ്. ഈ ചെലവുകൾ വെട്ടിക്കുറച്ചില്ലെന്ന് മാത്രമല്ല അഭൂതപൂർവ്വമായി വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പണം ചെലവഴിക്കുകയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തത്. 1996-1997 മുതൽ 2001 മാർച്ച് മാസം അവസാനിക്കുമ്പോൾ വരെ, ഈ അഞ്ച് വർഷക്കാലയളവിൽ 15000 കോടിയോളം രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ചിരിക്കും. 1996-97-ൽ 2180.18 കോടി രൂപ, 1997-98-ൽ 2867.63 കോടി രൂപ, 1998-1999-ൽ 3165.02 കോടി രൂപ, 1999-2000-ത്തിൽ 3094.95 കോടി രൂപ, 2000-2001-ൽ 3535 കോടി രൂപ അടുത്ത മാസവും കൂടിയാകുമ്പോൾ ആകെ 14,842.78 കോടി രൂപ ചെലവഴിക്കാൻ കഴിയും .....(ബഹളം)....., ...(ബഹളം)..... ശ്രീ. ആര്യാടൻ ഇരിക്ക്, ആര്യാടന് അവസാനം സമയം തരുന്നുണ്ട്, അന്നേരം പറഞ്ഞാൽ മതി. ഇപ്പോൾ 14,842.78 കോടി രൂപയാണ് പദ്ധതിയിനത്തിൽ അഞ്ചു

LIBRARY ARCHIVES Kerala Legislative Assembly

വർഷം കൊണ്ട് ഈ ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത്. ഇതിന് മുമ്പുള്ള അഞ്ച് വർഷം, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ചെലവാക്കിയത് 5815.94 കോടി രൂപയാണ്. ശ്രീ. എ. കെ. ആന്റണിയും ആര്യാടനുമൊക്കെ ഭരിച്ച കാലത്ത് ചെലവഴിച്ചതാണ്. എന്നാൽ ഈ ഗവൺമെന്റിന്റേത് 14,842.78 കോടി രൂപ. കണക്ക് തെറ്റാണെങ്കിൽ ആര്യാടൻ വേറെ അച്ചടിച്ചോ, ശ്രീ. കെ. എം. മാണിയെപ്പോലെ, ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ .....(ബഹളം)..... ആര്യാടനൊന്നും ഞാൻ കീഴടങ്ങാൻ പോകുന്നില്ല. .....(ബഹളം)..... എന്റെ കൂടെ പത്ത് മാസം ഇരുന്നിട്ട് എന്താണ് കളിച്ചതെന്ന് എനിക്കറിയില്ലേ.... ഈ ആര്യാടൻ എന്താണ് കളിച്ചതെന്നും നാട്ടിൽ നടത്തിയതെന്താണെന്നും എനിക്കറിയാമല്ലോ, എന്നെക്കൊണ്ട് അധികം പറയിപ്പിക്കരുത്. 1990-വരെ സംസ്ഥാനത്തെ പദ്ധതിയിനത്തിൽ ചെലവഴിച്ച തുക 6057.62 കോടി രൂപയാണ്. ആദ്യത്തെ 8 പദ്ധതികളുടെ ഇരട്ടിയിലധികം, നിങ്ങളുടെ അഞ്ച് വർഷത്തെ പദ്ധതിയേക്കാൾ 3 ഇരട്ടിയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ചെലവഴിച്ചത്. അവരുടേത് 5000-ആണ് ; നമ്മുടേത് 15,000-ആണ്. ഇത്രയും കോടി രൂപ വർദ്ധിച്ചിട്ടുണ്ട്. ഇതാണ് കേരള ഗവൺമെന്റ് ചെയ്തത്. ഇപ്പോൾ ശ്രീ. ശിവദാസമേനോൻ വച്ച കണക്ക് പ്രകാരം 3 ഇരട്ടി ചെലവഴിച്ചു. ശ്രീ. എ. കെ. ആന്റണിയും ആര്യാടനും ഭരിക്കുന്ന കാലത്ത് 5000 കോടി, ഇപ്പോൾ 15,000 കോടിയായി. ഇന്നത്തെ സാമ്പത്തിക വിഷമസ്ഥിതിയിൽ നിന്നു കൊണ്ട് ഈ മൂന്ന് ഇരട്ടി വർദ്ധിപ്പിച്ചതിൽ അസൂയയുണ്ടാകും. അതാണ് ഇടയ്ക്കിടയ്ക്ക് ഇങ്ങോട്ട് ബഹളം വയ്ക്കുന്നത്. 11-ാം ധനകാര്യ കമ്മീഷന്റെ കാര്യമെടുക്കാം. 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം ടാക്സും ഗ്രാന്റും ഇനങ്ങളിൽ സംസ്ഥാനത്തിനുണ്ടായിട്ടുള്ള നഷ്ടം 3664 കോടി രൂപയാണ്. ഇന്ത്യയിലെ 17 സംസ്ഥാനങ്ങൾക്ക് 11-ാം ധനകാര്യ കമ്മീഷൻ പദ്ധതി വിഹിതത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്..ഞങ്ങൾ ഡൽഹിയിൽ സമ്മേളനം കൂടി പ്രധാനമന്ത്രിക്ക് മെമ്മോറണ്ടം സമർപ്പിച്ചു. ആന്ധ്ര, അരുണാചൽ പ്രദേശ്, ആസാം, ഗോവ, ഗുജറാത്ത്, ഉൾപ്പെടെ 17 സംസ്ഥാനങ്ങൾക്ക് ഈ 11-ാം ധനകാര്യ കമ്മീഷൻ കോട്ടമുണ്ടാക്കിയിട്ടുണ്ട്. അതുപോലെ തകർച്ചയുമുണ്ടാക്കിയിട്ടുണ്ട്. കേരളത്തിന് 3078 കോടി രൂപ നഷ്ടപ്പെട്ടു. മഹാരാഷ്ട്രയ്ക്ക് 5000 കോടി രൂപയും തമിഴ്നാട്ടിന് നാലായിരത്തി എഴുന്നൂറിൽ ചിലാനം കോടി രൂപയും നഷ്ടപ്പെട്ടു. ഇങ്ങനെ നമ്മുടെ രാജ്യത്ത് 17 സംസ്ഥാനങ്ങൾക്ക് 11-ാം ധനകാര്യ കമ്മീഷൻ നഷ്ടം വരുത്തിയിട്ടുണ്ട്. അതിനാണ് ഞങ്ങൾ ജോയിന്റായിട്ട് പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം നൽകുകയുണ്ടായിട്ടുള്ളത്. 11-ാം ധനകാര്യ കമ്മീഷൻ അവാർഡ് കേരളത്തിന്റെ സാമ്പത്തിക വിഷമസ്ഥിതി കൂടുതൽ തകർച്ചയിലേയ്ക്ക് എത്തിക്കുന്നുണ്ട്. ഇത് നമ്മൾ മനസ്സിലാക്കണം. ഇതിനെ സംബന്ധിച്ച് ശ്രീമാൻ എ. കെ. ആന്റണിയുടെ പ്രസംഗത്തിൽ ഒരക്ഷരമുണ്ടായിട്ടില്ല. ഈ ഗവൺമെന്റിനെ അറബിക്കടലിൽ താഴ്ത്താൻ വേണ്ടിയാണ് ശ്രമിച്ചത്. ഞങ്ങൾ കടലിൽ വീണില്ല. അറബിക്കടൽ കടത്തിയ ആൾ ഇരിക്കുന്നുണ്ട്. ഈ ഗവൺമെന്റിനെ അറബിക്കടലിൽ താഴ്ത്തുമെന്നാണ്. നമ്മൾ ഇവിടെ ഇരിക്കുന്നു. കടലിൽ വീണവർ അവിടെ ഇരിക്കുന്നുണ്ട്. അതാണ് സ്ഥിതി. അവിടെ പോയിട്ട് ആന്റണി എന്ത് പ്രസംഗമാണ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയത് ? പ്രസംഗം നടത്താൻ ആന്റണിക്ക് കുറച്ച് ആരോഗ്യമെങ്കിലുമുണ്ട്. ആരോഗ്യമില്ലാത്തതുകൊണ്ടാണ് ഞാൻ പോകാത്തത്. ആരോഗ്യക്കുറവുകൊണ്ട് ഞാൻ പോയില്ല. ഈ സാഹചര്യത്തിൽ ധൂർത്തും പാഴ്ച്ചെലവുമില്ലാത്ത ഒരു ഗവൺമെന്റാണ് നമ്മുടെ ഗവൺമെന്റ്. നമ്മുടെ ആര്യാടന്റെ കാലത്തുള്ള അഞ്ച് പേരുടെ പേരിലുള്ള കേസ് കിടക്കുകയാണ്. ശ്രീ. കരുണാകരന്റെ പേരിൽ കേസ്സില്ലേ ? ശ്രീ. പത്മരാജന്റെ പേരിൽ കേസ്സില്ലേ. ശ്രീ. ടി. എം. ജേക്കബിന്റെ പേരിൽ കേസ്സില്ലേ, ഒരൊറ്റ കേസ് ഞങ്ങൾക്കെതിരായി ലോക് ആയുക്തയിൽ ഇല്ലല്ലോ. 3 ജഡ്ജിമാർ ഇല്ലേ, ഒരു കെസ്സെങ്കിലും കൊടുക്കരുതോ ? ഓരോരുത്തർ വന്ന് പ്രസംഗിക്കും. വൈകുന്നേരമാകുമ്പോൾ മൂത്രമൊഴിച്ചിട്ട് പോകും ഇതല്ലേ ? ഒരൊറ്റ കേസ് എങ്കിലും കൊടുക്കരുതോ ? അപ്പുറത്തിരിക്കുന്ന കുറെ മാന്യന്മാരുണ്ടല്ലോ. ഏതെങ്കിലും ഒരു ചെറിയ കേസ് കൊടുത്തുകൂടേ ? ഇവിടെ വന്ന് ഫൂ..... ഫൂ..... എന്ന് എന്തെങ്കിലും വിളിച്ചുപറയുക, വൈകുന്നേരമാകുമ്പോൾ മൂത്രവുമൊഴിച്ചിട്ടുപോകുക. ഇതല്ലേ ഇവിടെ നടക്കുന്നത് ? ഞാൻ ചോദിക്കുന്നു. ശ്രീ. കെ. കരുണാകരനെതിരായിട്ട് കേസില്ലേ ? ശ്രീ. ടി. എം. ജേക്കബിനെതിരായിട്ട് കേസില്ലേ ? ശ്രീ. പത്മരാജനെതിരെ ഞങ്ങൾ കേസ് കൊടുത്തിട്ടില്ലേ ? അതുപോലെതന്നെ ശ്രീ. ടി. എച്ച്. മുസ്തഫയ്ക്ക് എതിരായിട്ട് കേസില്ലേ ? ശ്രീ. എം. വി. രാഘവനെതിരെ ആരോപണമില്ലേ ? ഈ തരത്തിൽ കൊള്ളയും ആരോപണങ്ങളും നടത്തി, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അഴിമതി മുഴുവൻ നടത്തിയത് മാന്യന്മാർ ഇപ്പോൾ ഇവിടെവന്ന് പരിശുദ്ധ മാഹാത്മ്യം പ്രസംഗിക്കുകയാണ്. ബഹുമാനപ്പെട്ട ആര്യാടൻ ഒരു വിമർശനം നടത്തിയത് എന്താണെന്നറിയാമോ ? ഇ. എം. എസ്. ന്റെ പ്രതിമ സ്ഥാപിച്ചത് ഗവൺമെന്റാണെന്ന്. ഞാൻ ചോദിക്കുന്നു, ഡൽഹിയിൽ സ്ഥാപിച്ചത് ആരാണ് ? മാന്യന്മാർ പൈസ പിരിച്ചിട്ടാണോ ? കൃഷ്ണ മേനോന്റെ പ്രതിമ, ഞാനും കരുണാകരനും കൂടെയാണ് പോയത്. അതുപോലെ മഹാത്മാഗാന്ധിയുടെ പ്രതിമ, ആരാണ് സ്ഥാപിച്ചത്? കേന്ദ്ര ഗവൺമെന്റിന്റെ പൈസയാണ്. എ. കെ. ജി. യുടെ പ്രതിമ കേന്ദ്രത്തിന്റെ പൈസയാണ്. ഇവിടെ ആര്യാടന്റെയൊന്നും പ്രതിമ വയ്ക്കാൻ പോകുന്നില്ല. കേട്ടോ. ആര്യാടന്റെ പ്രതിമ ഒരു പൂച്ചക്കുട്ടി പോലും ഇവിടെ വയ്ക്കില്ല, കേട്ടോ. തൊഴിലാളി വർഗ്ഗത്തിന്റെ നേതാവായ ഇ. എം. എസ്. ന്റെ പ്രതിമ ഈ ഗവൺമെന്റ് തന്നെ സ്ഥാപിച്ചു. മുതലാളിവർഗ്ഗത്തിന്റെ നേതാവായ ആര്യാടന്റേത് വയ്ക്കില്ല. പ്രതിമ ഉത്ഘാടനത്തിന് ആര്യാടൻ വരാത്തത് നന്നായി. കാരണം എന്താണെന്നറിയാമോ ? ഇ. എം. എസ്. ഗവൺമെന്റിനെ അട്ടിമറിക്കാൻ അമേരിക്കൻ പണം വാങ്ങിയ നേതാവാണ്. അമേരിക്കൻ പണം. 10 കോടി രൂപ വാങ്ങിയത് മൊയ്നിഹാൻ എഴുതിവച്ചത് ഞാൻ ഇവിടെ വായിച്ചതാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് വരാത്തതുകൊണ്ട് അത് പരിശുദ്ധമാണ്. ഇ. എം. എസ്. ന്റെ പ്രതിമ വയ്ക്കുമ്പോൾ ശ്രീ. ആര്യാടൻ വന്നുകൂടാ. കാരണം അമേരിക്കൻ പണം വാങ്ങി വിമോചന സമരം നടത്തിയ ആളല്ലേ ? പിന്നെ എങ്ങനെയാണ് വരുന്നത് ? ആ പുസ്തകം ഞാൻ മിനിഞ്ഞാന്ന് വായിച്ചു. തീർച്ചയായിട്ടും ആ തരത്തിൽ ഇ. എം. എസ്. ന്റെ പ്രതിമയെ സംബന്ധിച്ച് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ഇ. കെ. നായനാർ : ഇതിന് എന്തൊരു പോയിന്റ് ? ഒരു പോയിന്റും ഇല്ല. അവിടെ ഇരിക്ക്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അമേരിക്കൻ സി. ഐ. എ. യോട് ഞാൻ പണം വാങ്ങി വിമോചന സമരം നടത്തി എന്ന് ബ്രിട്ടനിൽ നിന്നും സോവിയറ്റ് റഷ്യയിൽനിന്നും പണം വാങ്ങി പ്രവർത്തിച്ച നേതാവായ നായനാർ പറയുന്നത് ഓർഡറിലാണോ ?..... (ബഹളം)....

മി. സ്പീക്കർ : അതൊന്നും ക്രമപ്രശ്നമല്ല, അത് ഓർഡറിൽ അല്ല.

ശ്രീ. ഇ. കെ. നായനാർ : മൊയ്നിഹാൻ ആര്യാടന്റെ പാർട്ടിക്ക് പണം കൊടുത്തുവെന്ന് എഴുതിയിട്ടുണ്ട്. 10 കോടി രൂപ. ഇ. എം. എസ്. ന്റെ പ്രതിമ വയ്ക്കുന്നത് പാഴ്ച്ചെലവും ധൂർത്തും. ഇതൊന്നും യു. ഡി. എഫ്. നടത്തുന്നില്ല. ഞാൻ ചോദിക്കട്ടെ, നമ്മുടെ രാജ്യത്ത് ഇപ്പോൾ പവർക്കട്ടുണ്ടോ ? വൈദ്യുതി രംഗത്ത് മികച്ചനേട്ടം കൈവരിച്ചില്ലേ ? പാവപ്പെട്ടവന് ആശ്വാസം നൽകിയില്ലേ ? കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകിയില്ലേ ? യു. ഡി. എഫ്. ഭരണത്തിൽ എന്താണ് ചെയ്തത് ? പാഴ്ച്ചെലവും അഴിമതിയും നടത്തുക. കൈക്കൂലിക്കേസ് 5 എണ്ണം കോടതിയിൽ കിടക്കുകയാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ബോധംകെട്ടു വീണില്ലേ കോടതിയിൽ. ഈ തരത്തിൽ അഴിമതി നടത്തിയിട്ടുള്ള ഒരു ഗവൺമെന്റിനെതിരായിട്ട് ഈ രാജ്യത്ത് ജനങ്ങൾ നടത്തിയ പോരാട്ടം തീർച്ചയായിട്ടും ഈ ഗവൺമെന്റിനെ കൂടുതൽ ശക്തിമത്തായി മുന്നോട്ടു കൊണ്ടുപോകും ; ഈ ബഡ്ജറ്റിന് പൂർണ്ണമായി പിന്തുണ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ചോദ്യം ചോദിച്ചോട്ടെ, ഓരേയൊരു ചോദ്യം. എനിക്കറിയാനുള്ളത് അങ്ങയുടെ കീഴിലുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ ടെക്നോളജി ആന്റ് മാനേജുമെന്റിന്റെ ചെയർമാനായി ശ്രീ. കെ. പി. പി. നമ്പ്യാർ ഇപ്പോഴും തുടരുന്നുണ്ടോ ; അതോ അദ്ദേഹത്തെ നീക്കിയിട്ടുണ്ടോ എന്നാണ്.

ശ്രീ. ഇ. കെ. നായനാർ : നീക്കിയിട്ടില്ല.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ മറുപടിയോടുകൂടി ഇന്നത്തെ ചർച്ചയും മറുപടിയുമെല്ലാം അവസാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly